കരീപ്ര
ഗ്രാമപഞ്ചായത്ത്



വികസന റിപ്പോർട്ട് 1996

19-3

കരീപ്ര
ഗ്രാമ പഞ്ചായത്ത്

വികസന റിപ്പോർട്ട് '96



9-ാം പദ്ധതി ജനകീയ പദ്ധതി
അധികാരം ജനങ്ങളിലേക്ക്


കൊല്ലം ജില്ല

പഞ്ചായത്തുകൾ

Source : PRM Programme, CESS

ഓപ്പീ ഡിജിറ്റൽ

പഞ്ചായത്ത് ഭൂപടം


76° 42'
76° 44'
N
MTS
0 325 650 975 1300
8° 54'
8° 54'
ചിഹ്നങ്ങൾ.
PAN
VO
1
2
3
4
5
6
7
8
9
10
11

ഭരണസമിതി

ജി. ഡാനിയൽ
പ്രസിഡൻറ് (തൃപ്പിലഴികം)

ആർ.മോഹനൻ
വൈസ്പ്രസിഡൻറ് (കുടിക്കോട്)

ജി. നാഗപ്പൻ
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ (നെടുമൺകാവ്)

സുലേഖാ വിശ്വനാഥൻ
(കടക്കോട്)

ജി. ശിവദാസൻ
(ഇടയ്ക്കിടം)

ഉഷാ പ്രസാദ്
(പ്ലാക്കോട്)

എം. ഗിരിജാദേവി
(കുഴിമതിക്കാട്)

ആർ. രാജേന്ദ്രൻ
(കരീപ്ര)

വാക്കനാട് രാധാകൃഷ്ണൻ
(മടന്തകോട്)

ആർ. സത്യൻ
(വാക്കനാട്)

സി. ശാന്തകുമാരി
(തളവുക്കോണം)

വികസന റിപ്പോർട്ട് തയ്യാറാക്കിയവർ

സർവ്വശ്രീ.


എ. കെ. ശരത്ചന്ദ്രൻ സെസ്സ്
എൻ. ഗോപിനാഥൻ ഡി. ആർ. പി
എ. ശ്രീധരൻ
കെ. പി. സുലോചന പണിക്കർ
പി. കരുണാകരൻ പിള്ള
കെ. കുട്ടൻപിള്ള
എൻ. ബാലകൃഷ്ണ പിള്ള ഡി. ആർ. പി
പി. ജനാർദ്ദനൻ പിള്ള ഡി. ആർ. പി
കെ. രവീന്ദ്രൻ
ടി. വി. ബാലകൃഷ്ണപിള്ള
ജി. ശിവരാമൻ
വി. തുളസീധരൻ പോറ്റി വി. ഇ൯. ഒ
ലീലാമണി സദാശിവൻ
റ്റി. സരസ്വതി
ആർ. പി. സുഷമ (ബ്ലോക്ക് പഞ്ചായത്ത് മെമ്പർ)
പി. വിശ്വംഭരൻപിള്ള
ജോൺമാത്യു
പ്രൊഫ. പി. സി. സലീം
എൻ. ശശികുമാർ
ജി. ലൂക്കോസ്
എ. അജയഘോഷ്
കോട്ടവിള മോഹനൻ
ആർ. കൊച്ചു ചെറുക്കൻ
ആർ. രാജഗോപാൽ
ജി. ശിവരാമൻ
എസ്. അശോകൻ
ടി. ശ്രീജിത്ത്
എസ്. അജയകുമാർ ഡി. ആർ. പി
ആർ. രാധാകൃഷ്ണൻ ഡി. ആർ. പി
ജി. ഗോപിനാഥൻ
ജി. മോഹനൻ
എസ്. മണിമോഹനൻ നായർ
സി. സദാനന്ദൻ പിള്ള
അഡ്വ. എ. നജീബ്ദീൻ

കമ്പ്യൂട്ടർ ടൈപ്പ് സെറ്റിംഗ് & പ്രിൻറിംഗ്
ഇംപ്രഷൻസ്, കൊല്ലം.


പഞ്ചായത്ത് ജീവനക്കാർ

ജേക്കബ് ജോൺസൺ (സെക്രട്ടറി)
സി. സരോജിനി അമ്മ (ഹെഡ് ക്ലാർക്ക്)
കെ. ഓമന (യു. ഡി. സി) സി. ശ്രീകുമാരൻ നായർ (യു. ഡി. സി)
ജി. ഗിരിജാ ഭായി അമ്മ (എൽ. ഡി. സി) കെ. ആർ. ഇന്ദിരാദേവി (എൽ. ഡി. സി)
കെ. സദാനന്ദൻ (പ്യൂൺ) എസ്. തുളസി (എഫ്.ടി.എസ്)
എൽ. ചന്ദ്രബാബു (ഓണററി ലൈബ്രേറിയൻ,) ബി. സുനികുമാരി (പി.ടി.എസ്)

ഭൂരൂപങ്ങൾ.



നിമ്നോന്നതികൾ.



കഴിഞ്ഞകാല ഭരണസമിതി അംഗങ്ങൾ

1953-63

ശ്രീമാൻമാർ
കെ. എൻ. കുമാരൻപോറ്റി (കുഴിമതിക്കാട്)
ജി. നാരായണൻ (കുടിക്കോട്)
കെ. ഗീവർഗ്ഗീസ് (തൃപ്പിലഴികം)
എം. മുഹമ്മദ്കുഞ്ഞ് വൈദ്യൻ (തൃപ്പിലഴികം)
കെ. കുഞ്ഞുരാമൻപിള്ള (കരീപ്ര)
എം. കൃഷ്ണപിള്ള (വാക്കനാട്) രാജിവച്ചു
എം. ബാലകൃഷ്ണപിള്ള (വാക്കനാട്)
എം. കൃഷ്ണപിള്ള രാജി വച്ച ഒഴുവിൽ
എ. കൊച്ചുകുഞ്ഞ് (കടയ്ക്കോട്)

1963-79

ഡി. വാസുദേവര് (കുഴിമതിക്കാട്)
എൻ. ചെല്ലപ്പൻപിള്ള (മടന്തക്കോട്)
പി. ജനാർദ്ദനൻപിള്ള (പ്ലാക്കോട്)
എസ്. ഗോപാലപിള്ള (നെടുമൺകാവ്) രാജിവച്ചു
ജി. നാഗപ്പൻ (വാക്കനാട്)
ഐ. ചാക്കോ (തൃപ്പിലഴികം)
എൻ. കുമാരൻ (ഇടയ്ക്കിടം) രാജിവച്ചു
എൻ. സുരഭിക്കുട്ടി - നോമിനേറ്റഡ് മെമ്പർ രാജിവച്ചു
എം. കൃഷ്ണപിള്ള (നെടുമൺകാവ്)
ശ്രീ. എസ്. ഗോപാലപിള്ള രാജിവച്ച ഒഴുവിൽ
എൻ. ഭാർഗ്ഗവൻ (ഇടയ്ക്കിടം)
എൻ. കുമാരൻ രാജിവച്ച ഒഴുവിൽ
കെ. കുഞ്ഞുരാമൻപിള്ള (കരീപ്ര) രാജിവച്ചു
പി. എൻ. കരുണാകരൻ (കരീപ്ര)
ശ്രീ. കുഞ്ഞുരാമൻപിള്ള രാജിവച്ച ഒഴുവിൽ
എം. ചെല്ലമ്മ (സുരഭിക്കുട്ടി രാജിവച്ച ഒഴുവിൽ)
എ. കൊച്ചുകുഞ്ഞു (കടയ്ക്കോട്)

1979-84

ജി. ഡാനിയേൽ (കുഴിമതിക്കാട്)
ആർ. സത്യശീലൻ (ഇടയ്ക്കിടം)
റ്റി. സി. മത്തായി (തൃപ്പിലഴികം)
ജി. ഫിലിപ്പോസ് (പ്ലാക്കോട്)
ജെ. ലക്ഷ്ണിക്കുട്ടി അമ്മ (കരീപ്ര)
കെ. ഗോപിനാഥൻപിള്ള (മടന്തക്കോട്)
കെ. എൻ. ഭാസ്ക്കരൻ (കുടിക്കോട്)
വാക്കനാട് രാധാകൃഷ്ണൻ (വാക്കനാട്)
എസ്. ഓമനക്കുട്ടൻപിള്ള (നെടുമൺകാവ്)
കെ. അയ്യപ്പൻ (കടയ്ക്കോട്)

1988-95

ആർ. രാജേന്ദ്രൻ (കരീപ്ര)
ജി. ഡാനിയേൽ (കുഴിമതിക്കാട്)
ബി. രാജൻ (ഇടക്കിടം)
കെ. ഗോപിനാഥൻപിള്ള (മടന്തകോട്)
റ്റി. ഉമ്മച്ചൻ (പ്ലാക്കോട്)
ജി. ഗോപിനാഥൻപിള്ള (കടക്കോട്)
എൻ. സഹദേവൻ (നെടുമൺകാവ്)
കെ. കെ. സുഷമ (കുടിക്കോട്)
കെ. മരുളീധരൻ പിള്ള (തളവൂക്കോണം)
റെയ്സമ്മ വർഗ്ഗീസ് (തൃപ്പിലഴികം)
സി. ചെല്ലപ്പൻ (വാക്കനാട്)

ജനകീയാസൂത്രണം 1996

കൺവീനർ

എൻ. ഗോപിനാഥൻ

ദ്വിതീയ വിവര ശേഖരണം

സർവ്വശ്രീ.
എൻ. ശ്രീധരൻപിള്ള
വി. തുളസീധരൻപോറ്റി
കെ. രവീന്ദ്രൻ ഡി. ആർ. പി
ജി. ശിവദാസൻ പഞ്ചായത്ത് മെമ്പർ
എൻ. ഗോപിനാഥൻ ഡി. ആർ. പി
പി. ജനാർദ്ദനൻപിള്ള ഡി. ആർ. പി
പി. ജോർജ്ജ്കുട്ടി
ജോൺമാത്യു
ജി. വിശ്വനാഥപിള്ള
സി. ശ്രീകുമാരൻ നായർ പഞ്ചായത്ത് ക്ലാർക്ക്
അഡ്വ. ജോയിക്കുട്ടി
ജി. ശിവരാമൻ
കെ. ശിവാനന്ദൻ
സി. ഉദയകുമാർ
മുന്നൂർ ഗോപാലകൃഷ്ണൻ
ആർ. രാധാകൃഷ്ണൻ ഡി. ആർ. പി

നാന്ദിക്കുറിപ്പും നന്ദിവാക്കും

ഒൻപതാം പഞ്ചവത്സര പദ്ധതിക്ക് നാന്ദികുറിക്കാൻ രാജ്യം സജ്ജമായിക്കൊണ്ടിരിക്കുന്നു. പദ്ധതി വർഷങ്ങളുടെ പോയ കാലം നമ്മെ സംബന്ധിച്ചിടത്തോളം അർത്ഥപൂർണ്ണമായിരുന്നില്ല. ഇച്ഛാഭംഗം സംഭവിച്ച ഒരു ജനതയെ സൃഷ്ടിച്ചെടുത്തുവെന്നതു മാത്രമായിരിക്കുന്നു അതിന്റെ ബാക്കി പത്രം. ആസൂത്രിതവും ആശാപൂർണ്ണവുമായ വികസനമായിരുന്നു ശരിക്കും പഞ്ചവത്സര പദ്ധതികൾ ലക്ഷ്യമിട്ടിരുന്നത്. കൃഷി, വ്യവസായം, ജലസേചനം, ഊർജം തുടങ്ങിയ മേഖലകൾ ശക്തിപ്പെടുത്തുന്നതിനും, സമ്പദ്ഘടനയുടെ വികാസവും വളർച്ചയും, ദാരിദ്ര്യ നിർമ്മാർജ്ജനം, സാമൂഹ്യക്ഷേമം, വിദ്യാഭ്യാസ പുരോഗതി, ആരോഗ്യ പരിപാലനം എന്നിവ കാര്യക്ഷമമാക്കുന്നതിനും ആസൂത്രണം ചെയ്തവയായിരുന്നു ഇവ. എന്നാൽ അധികാര കേന്ദ്രീകരണവും, ഉദ്യോഗസ്ഥ മേധാവിത്വവും, വകുപ്പുകൾ തമ്മിലുള്ള പരസ്പര ബന്ധമില്ലായ്മയും, ഡിപ്പാർട്ട്മെൻറലിസവും, മോണിറ്ററിംഗ് വൈകല്യവുമൊക്കെ ഇതിന്റെ ലക്ഷ്യത്തെ തകർക്കുന്ന തരത്തിലുള്ളവയായിരുന്നു.

അധികാര വികേന്ദ്രീകരണത്തിന്റേയും ജനകീയ ആസൂത്രണത്തിന്റേയും പാതയിലൂടെ വികസനത്തിന് പുതിയ മാനം നൽകുവാനുള്ള യ്ഞജത്തിന് നാം തുടക്കമിടുകയാണ്. അഴിമതിയും, ചൂഷണവും, പക്ഷപാതവും, അമിതാധികാരവും വികലമാക്കിത്തീർത്ത നമ്മുടെ സാമൂഹ്യ ഘടനയെ വിമലീകരണത്തിന്റെ വിശുദ്ധപാതയിലൂടെ മുന്നോട്ടുകൊണ്ടുപോകുവാനിതിനു കഴിയുമെന്നത് നിസ്തർക്കമാണ്. അകലങ്ങളിൽ നിലകൊണ്ട അധികാരം അടുത്തെത്തുകയും ജനങ്ങൾ തന്നെ തങ്ങളുടെ സ്രഷ്ടാക്കളായി മാറുകയും ചെയ്യുന്ന നവ്യയഥാർത്ഥ്യം കൂടിയാണിത്. അങ്ങനെ ഭരണം ജനങ്ങളുടേതായിത്തീരുന്നു. നാടും ജനതയുമൊന്നാകുന്നു.

കേരളം ഇന്ന് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളാണ് ഉല്പാദനമേഖലയിലെ മാന്ദ്യവും, സേവന മേഖലയിലെ ഗുണമേന്മത്തകർച്ചയും. ഈ പ്രതിസന്ധിയുടെ സാമൂഹ്യ - രാഷ്ട്രീയ പ്രത്യാഘാതങ്ങൾ, അവയ്ക്കെതിരെ നാം കരുപ്പിടിപ്പിക്കേണ്ടുന്ന വികസന തന്ത്രങ്ങൾ എന്നിവയെപ്പറ്റി സംസ്ഥാന ആസൂത്രണ ബോർഡും, കേരള സർക്കാരും ഗൗരവമായ ചർച്ചകൾ നടത്തി. ചർച്ചയിലൂടെ ഉരുത്തിരിഞ്ഞു വന്ന പ്രധാന കാഴ്ചപ്പാട് വൈദ്യുതി തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിച്ച് സംസ്ഥാന തലത്തിൽ വൻകിട വ്യവസായങ്ങൾ ആരംഭിക്കണമെന്നതും ഗ്രാമതലത്തിൽ കൃഷി, ചെറുകിട വ്യവസായങ്ങൾ എന്നീ രംഗങ്ങളിൽ ബഹുജനപങ്കാളിത്തത്തോടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കണമെന്നതുമായിരുന്നു. അതിനുവേണ്ടി പഞ്ചായത്ത് തലത്തിൽ ജനകീയ പ്രസ്ഥാനത്തിന് രൂപം നല്കേണ്ടതായിട്ടുണ്ട്. പുതിയ പഞ്ചായത്തിരാജ് - നഗരപാലികാ നിയമങ്ങൾ ഇത്തരം പ്രവർത്തനങ്ങൾക്ക് കൂടുതൽ സാദ്ധ്യതകളും ഉണ്ടാക്കി.

പദ്ധതി അടങ്കലിന്റെ 35 മുതൽ 40 % വരെ പഞ്ചായത്തുകൾക്ക് നൽകാൻ തീരുമാനിച്ചുകഴിഞ്ഞിരിക്കുന്നു. ഈ പദ്ധതികാലയളവിൽ ഓരോ ഗ്രാമ പഞ്ചായത്തിനും ശരാശരി 5 കോടി രൂപയിൽ കുറയാത്ത സംഖ്യ വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാൻ കഴിയും. 40 % പദ്ധതികളും പഞ്ചായത്തുകളാണ് ആസൂത്രണം ചെയ്യേണ്ടത്. കൂടാതെ ഇന്ന് വിവിധ വകുപ്പുകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളും ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും നടപ്പാക്കുക. വികസനത്തോട് ജനങ്ങൾക്ക് ഇന്നുള്ള മനോഭാവം മാറ്റി അവർക്ക് ഇക്കാര്യത്തിൽ ആത്മവിശ്വാസം പ്രദാനം ചെയ്യാൻ ഇത് സഹായിക്കുകയും ചെയ്യും. ഗ്രാമതലത്തിൽ ഉപ.യോഗിക്കാതെ കിടക്കുന്ന സാമ്പത്തിക - ഭൗതിക - തോഴിൽ സ്രോതസ്സുകൾ പദ്ധതി നടത്തിപ്പിനായി ഉപയോഗിക്കുകയും, വികേന്ദ്രീകൃത ആസൂത്രണത്തിനനുകൂലമായി ജനങ്ങളെ സംഘടിപ്പിക്കുകയും ബോധവാനമാരാക്കുകയും ചെയ്യുകകൂടിയാകുമ്പോൾ ഈ പ്രസഥാനം സാഫല്യപൂർണ്ണമാകും. ജീവിതത്തിന പുതിയ താളവും പുതിയ വെളിച്ചവും പകർന്നു തരുവാൻ ഇതിനു തീർച്ചയായും കഴിയും. ഈ പുതിയ ആകാശത്തിനും പുതിയ ഭൂമിയ്ക്കുമിടയിൽ നമുക്ക് നന്മൈശ്വരങ്ങളുടെ ഉത്സവം ആഘോഷിക്കാം.

ആസൂത്രണത്തിന്റെറയും വികസനത്തിന്റെറയും പരീക്ഷണോന്മുഖമായ ഈ പുത്തൻ രീതികളോട് ആത്മാർത്ഥതയോടെ സഹകരിച്ച എല്ലാവരോടും ഞങ്ങൾ ഏറെ കടപ്പെട്ടിരിക്കുന്നു. കാരണവന്മാർ മുതൽ കൗമാരപ്രായക്കാർ വരെ ഇക്കാര്യത്തിൽ ഞങ്ങളെ സഹായിച്ചവരായുണ്ട്. ഈ ഗ്രാമാതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥന്മാർ, വിവിധ വകുപ്പ് മേധാവികൾ, ജില്ലാ സംസ്ഥാന റിസോർസ് പേഴ്സൺസ് എന്നിവരെ ഈ അവസരത്തിൽ പ്രത്യേകം സ്മരിക്കുന്നു. ഗ്രാമസഭകളെ ജീവിതത്തിന്റെ സത്യസന്ധമായ അവതരണ രംഗമാക്കി മാറ്റിയും നാടിന്റെ വികസനത്തിന് ആത്മാർത്ഥമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്ത ഈ ഗ്രാമത്തിലെ ജനങ്ങളെ ഔപചാരികതയുടെ പരിവേഷമുണ്ടെങ്കിൽപോലും നന്ദിയോടെ ഓർക്കുന്നു. ഈ വികസന രേഖ തയ്യാറാക്കുന്നതിന് സഹായിച്ച ബഹുമാന്യരായ വ്യക്തികളെക്കുറിച്ചുള്ള ഊഷ്മളചിന്തകൾ മനസ്സിൽ സൂക്ഷിച്ചുകൊണ്ട ഈ നാടിന്റെ സർവ്വവിധ ഐശ്വര്യങ്ങൾക്കും കാരണഭൂതരായിരുന്ന പൂർവ്വികരെ ആദരപൂർവ്വം സ്മരിച്ചുകൊണ്ടും ഈ വികസന രേഖ അവതരിപ്പിച്ചുകൊള്ളുന്നു.

സ്നേഹത്തോടെ

എൻ. ഗോപിനാഥൻ

കൺവീനർ

ജനകീയാസൂത്രണ വികസന സമിതി, കരീപ്ര.

വിഷയവിവരം

1 ആമുഖം

2 ഗ്രാമപഞ്ചായത്ത് പൊതുവിവരം

3 ഭൂപ്രകൃതിയും ജനപ്രകൃതിയും

4 കൃഷിയും ജലസേചനവും

5 മൃഗസംരക്ഷണവും മത്സ്യബന്ധനവും

6 വിദ്യാഭ്യാസം

7 കുടിവെള്ളവും പൊതുജനാരോഗ്യവും

8 വ്യവസായം

9 ഗതാഗതം

10 ഊർജ്ജം

11 പാർപ്പിടം

12 സാമൂഹ്യക്ഷേമം

13 സംസ്കാരം

14 വനിത

15 സഹകരണമേഖല

16 പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം

17 വിഭവ സമാഹരണം

ജനകീയാസൂത്രണവും വികസനവും
പഞ്ചായത്ത് തല പ്രവർത്തന റിപ്പോർട്ട്

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഭാഗമായി നടന്ന ഒന്നാം ഘട്ട ജില്ലാ തല പരിശീലനം 1996 സെപ്തംബർ 8, 9,10 തീയതികളിൽ കൊട്ടാരക്കര ഇ. ടി. സി. യിൽ നടന്നു., കരീപ്ര ഗ്രാമപഞ്ചായത്തിൽ നിന്നും ഏഴുപേർ ഡി. ആർ. പി. മാരായി പങ്കെടുത്തു. തുടർന്ന് ഈ പഞ്ചായത്തിൽ, പഞ്ചായത്തു തല പരിശീലനത്തിനായുള്ള ഏകദിന ശില്പശാല 1996 സെപ്റ്റംബർ 14 ന് കരീപ്ര ഗവഃഎൽ. പി. എസിൽ സംഘടിപ്പിച്ചു. പ്രസ്തുത ശില്പശാലയിൽ 80 പേർ പങ്കെടുത്തു.

വിശേഷാൽ ഗ്രാമസഭകൾ സംഘടിപ്പിക്കുന്നതിന്റെ മുന്നോടിയായി പഞ്ചായത്ത് പ്രസിഡൻറിന്റെ നേതൃത്വത്തിൽ പഞ്ചായത്ത് കമ്മിറ്റി അംഗങ്ങൾ കൂട്ടായി സഞ്ചരിച്ച് എല്ലാ വാർഡുകളിലും വിശദീകരണ യോഗങ്ങൾ സംഘടിപ്പിച്ച്, ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദീകരിച്ചു. തുടർന്ന് വാർഡുതലങ്ങളിൽ വാർഡുമെമ്പർമാർ കൺവീനർമാരായി വാർഡുതല പ്രചരണ പ്രവർത്തനങ്ങൾ നടത്തി. വിളംബര ജാഥകൾ ഉൾപ്പെടെ വിവിധതരം പ്രചരണമാർഗ്ഗങ്ങളാണ് ഉപയോഗിച്ചത്. 29-9-96 മുതൽ 2-10-96 വരെയാണ് വിശേഷാൽ ഗ്രാമസഭകൾ നടന്നത്. ഗ്രാമസഭകളിൽ എല്ലാം കൂടി 1400 പേർ പങ്കെടുത്തു. ശരാശരി 123 പേർ

ഗ്രാമസഭകളിൽ വിശദീകരണം നടത്തുന്നതിന് ഡി. ആർ. പി മാരായ ശ്രീ. എൻ. ഗോപിനാഥൻ, ശ്രീ. പി. ജനാർദ്ദനൻപിള്ള, ശ്രീ. എസ്. അജയകുമാർ, ശ്രീ. എൻ. രവീന്ദ്രൻ എന്നിവർ എത്തിയിരുന്നു. ഗ്രാമസഭകൾ ഒരു പുതിയ അനുഭവവും ആവേശവുമായിരുന്നു.

തുടർന്ന് 12-10-1996 വാർഡുകളിലെ ഗ്രൂപ്പുകൺവീനർമാരുടെ യോഗം പഞ്ചായത്ത് പ്രസിഡൻറിന്റെ അദ്ധ്യക്ഷതയിൽ കൂടി, ദ്വിതീയ വിവര ശേഖരണത്തിന് 12 കൺവീനർമാർ ഉൾക്കൊള്ളുന്ന കമ്മിറ്റിയെ ചുമത ലപ്പെടുത്തി.

രണ്ടാംഘട്ട ജില്ലാതല പരിശീലനം 1996 നവംബർ 7, 8, 9 തീയതികളിൽ കൊട്ടാരക്കര ഇ. ടി. സി. യിൽ നടന്നു. പഞ്ചായത്ത് അതിർത്തിയിലുള്ള വിവിധ ഓഫീസ് മേധാവികൾക്ക് പുറമേ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ, ഗ്രാമപഞ്ചായത്ത് പ്രസിഡൻറും സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ ഡി. ആർ. പി. മാരായി ആറുപേരും പങ്കെടുത്തു.

17-11-1996 ൽ രണ്ടാം ഘട്ട പഞ്ചായത്ത് തല പരിശീലനത്തിനായുള്ള ഏകദിന ശില്പശാല കരീപ്ര ഗവഃഎൽ. പി. എസിൽ രാവിലെ 9 മണിക്ക് ആരംഭിച്ചു. പ്രസ്തുത ശില്പശാലയിൽ 82 പേർ പങ്കെടുത്തു. പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. ജി. ഡാനിയലിന്റെ അദ്ധ്യക്ഷതയിൽ നടന്ന ശില്പശാലയിൽ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ അഡ്വ. ശ്രീ. ജി. നാഗപ്പൻ സ്വാഗതവും പഞ്ചായത്ത് സെക്രട്ടറി ശ്രീ. ജേക്കബ് ജോൺസൺ ആശംസയും താഴെപ്പറയുന്ന ഡി. ആർ. പി. മാർ ക്ലാസ്സെടുക്കുകയും ചെയ്തു.

ആമുഖം	
വീഡിയോവിശദീകരണം	ശ്രീ. എൻ. ഗോപിനാഥൻ
പ്രാഥമിക മേഖല	ശ്രീ. ആർ. രാധാകൃഷ്ണൻ
	ശ്രീ. പി. ജനാർദ്ദനൻപിള്ള
ദ്വിതീയമേഖല	ശ്രീ. വി. തുളസീധരൻപോറ്റി

തൃതീയമേഖല	ശ്രീ. എൻ. ബാലകൃഷ്ണപിള്ള
	ശ്രീ.എൻ. രവീന്ദ്രൻ

കെ. ആർ. പി. മാരായ ശ്രീ. എൻ. രാജേന്ദ്രൻ, ശ്രീ. പി. കെ. രവീന്ദ്രൻ ശ്രീ. ചന്ദ്രശേഖരപിള്ള, ബ്ലോക്ക് മെമ്പർമാരായ ശ്രീമതി. ജി. ഗീതാകുമാരി, കുമാരി ആർ. പി. സുഷമ എന്നിവർ പങ്കെടുത്തു.

21-11-96, 27-11-96 എന്നീ തീയതികളിൽ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോഡീകരണം നടന്നു. 24-11-96 ൽ പ്രസ്തുത ഹാളിൽ ഈ പഞ്ചായത്തിലുള്ള കാരണവർമാരുടെ സംഗമം നടക്കുകയും കിട്ടിയ വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു. 25-11-96 മുതൽ കരീപ്ര പഞ്ചായത്തിലെ വിവിധ മേഖലകൾ സന്ദർശിച്ച്, (പാറമട, കശുവണ്ടി ഫാക്ടറി, വിവിധ കുടിൽ വ്യവസായങ്ങൾ) വിവരങ്ങൾ ശേഖരിച്ചു. 28-11-96 മുതൽ വികസന റിപ്പോർട്ടുകൾ തയ്യാറാക്കാനുള്ള ജോലികൾ ആരംഭിക്കുകയും 18-12-96 ൽ അവ പൂർത്തിയാക്കി പഞ്ചായത്ത് പ്രസിഡൻറിനെ ഏല്പിക്കുകയും ചെയ്തു.

പൊതുവിവരങ്ങളും ഭരണ ചരിത്രവും

പഞ്ചായത്തിൻെറ പേര്	കരീപ്ര ഗ്രാമ പഞ്ചായത്ത്
പഞ്ചായത്ത് ഉൾപ്പെടുന്ന റവന്യൂവില്ലേജ്	കരീപ്ര വില്ലേജ്
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	കരീപ്ര, പുയപ്പള്ളി. ബി
ബ്ലോക്ക് പഞ്ചായത്ത്	കൊട്ടാരക്കര
താലൂക്ക്	കൊട്ടാരക്കര
ജില്ല	കൊല്ലം
അസംബ്ലി മണ്ഡലം	നെടുവത്തൂർ
വിസ്തീർണ്ണം	23.20 ച.കി.മി
വാർഡുകളുടെ എണ്ണം	പതിനൊന്ന്

1961 വരെ 6 വാർഡും 7 മെമ്പർമാരും ഉണ്ടായിരുന്ന, കരീപ്ര ഗ്രാമപഞ്ചായത്തിൻെറ പഴയ പേര് തൃപ്പിലഴികം പഞ്ചായത്ത് എന്നായിരുന്നു. 1961 ലെ വില്ലേജ് ഡിലിമിറ്റേഷൻ കാലത്ത് തൃപ്പിലഴികം പഞ്ചായത്തിലുള്ള ഇടയ്ക്കോട്, പുതുശേരിക്കോണം എന്നി കരകളും തൃപ്പിലഴികം കരയുടെ കുറെഭാഗവും എഴുകോൺ വില്ലേജിൽ ഉൾപ്പെടുത്തുകയും എഴുകോൺ വില്ലേജിൽ നിന്ന് കടയ്ക്കോട്, ചൊവ്വള്ളൂർ എന്നീ കരകളും ഇടയ്ക്കിടം കരയുടെ ഭൂരിഭാഗവും തൃപ്പിലഴികം വില്ലേജിൽ ഉൾപ്പെടുത്തുകയും ചെയ്തു. അന്നത്തെ തൃപ്പിലഴികം വില്ലേജിലെ ജനസംഖ്യ 17972 ആയിരുന്നു. അത് 17000 ത്തിന് മേൽ ആയതിനാൽ 8 വാർഡും 9 മെമ്പർമാരുമായി തീരുമാനിക്കപ്പെടുകയും ചെയ്തു. ഒരു വനിത അംഗത്തെ നാമനിർദ്ദേശം ചെയ്യപ്പെട്ടിരുന്നു. അതിന് ശേഷമാണ് തൃപ്പിലഴികം പഞ്ചായത്ത് കരീപ്ര പഞ്ചായത്തായി മാറ്റപ്പെട്ടത്. തൃപ്പിലഴികം വില്ലേജ് കരീപ്ര വില്ലേജായും മാറ്റപ്പെട്ടു.

കരീപ്ര ഗ്രാമപഞ്ചായത്തിലെ ആദ്യത്തെ പഞ്ചായത്ത് പ്രസിഡൻറു മുതൽ കഴിഞ്ഞ ഭരണസമിതിവരെയുള്ള പ്രസിഡൻറുമാരുടെ പേരുവിവരം ക്രമത്തിന് താഴെ ചേർക്കുന്നു.

1. ശ്രീ. കെ. എൻ. കുമാരൻപോറ്റി (കുഴിമതിക്കാട്)
2. ശ്രീ. കെ. കുഞ്ഞുരാമൻപിള്ള (കരീപ്ര)
3. ശ്രീ. കെ. ഗീവർഗ്ഗീസ് കല്ലുംമൂട്ടിൽ (തൃപ്പിലഴികം)
4. ശ്രീ. ജി. നാരായണൻ (കുടിക്കോട്)
5. ശ്രീ. അഡ്വ. ജി. നാഗപ്പൻ (വാക്കനാട്)
6. ശ്രീ. ജി. ഡാനിയൽ (കുഴിമതിക്കാട്)
7. ശ്രീ. ആർ. രാജേന്ദ്രൻ (കരീപ്ര)

തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ വനിതാ അംഗം	ശ്രീ. ജെ. ലക്ഷ്മിക്കുട്ടി അമ്മ
നാമനിർദ്ദേശം ചെയ്യപ്പെട്ട അദ്യ വനിതാ അംഗം	ശ്രീമതി സുരഭിക്കുട്ടി (കുടിക്കോട്)
സംവരണ മണ്ഡലത്തിൽ നിന്നും ആദ്യം വിജയിച്ച അംഗം	ശ്രീ. കെ. കൊച്ചുകുഞ്ഞ്

കരീപ്ര പഞ്ചായത്തിന്റെ അതിരുകൾ

വടക്ക് - എഴുകോൺ പഞ്ചായത്ത്

തെക്ക് - പൂയപ്പള്ളി പഞ്ചായത്ത്

കിഴക്ക് - വെളിയം, നെടുവത്തൂർ പഞ്ചായത്തുകൾ

പടിഞ്ഞാറ് - നെടുമ്പന, കൊറ്റങ്കര പഞ്ചായത്തുകൾ

ഇപ്പോൾ കരീപ്ര ഗ്രാമ പഞ്ചായത്തിൽ 11 വാർഡുകൾ ഉണ്ട്. നിലവിലുള്ള

ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് - ശ്രീ. ജി. ഡാനിയൽ (തൃപ്പിലഴികം)

വൈസ്പ്രസിഡൻറ് - ശ്രീ. ആർ. മോഹനൻ (കുടിക്കോട്)

സ്റ്റാൻറിംഗ് കമ്മിറ്റി

ചെയർമാൻ - അഡ്വ. ശ്രീ. ജി. നാഗപ്പൻ (നെടുമൺകാവ്)

കരീപ്ര ഗ്രാപഞ്ചായത്ത് അതിർത്തിയിലുള്ള ഡിപ്പാർട്ട്മെൻറ് സ്ഥാപനങ്ങൾ : വില്ലേജ് ആഫീസ്, കൃഷിഭവൻ മൃഗാശുപത്രി, വി. ഇ. ഓ. ആഫീസ്, എൽ. വി. ഓ. ആഫീസ്, പ്രൈമറി ഹെൽത്ത് സെൻറർ, ഇ. എസ്. ഐ. ആശുപത്രി

ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് എടുത്തുപറയത്തക്ക സംഭവങ്ങളൊന്നും ഈ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. സ്വാതന്ത്ര്യ സമരത്തിൽ പങ്കുകൊണ്ട അറിയപ്പെടുന്ന നേതാക്കളും ഇല്ല തന്നെ.

ജാതിവ്യവസ്ഥയും അനാചാരങ്ങളും ഈ നൂറ്റാണ്ടിന്റെ മദ്ധ്യകാലം വരെ ഈ പഞ്ചായത്തിൽ ശക്തിയായി നിലനിന്നിരുന്നു. ഇതിനെതിരായി നടന്ന പ്രതിഷേധങ്ങളിൽ എടുത്തുപറയാവുന്ന ഒരു സംഭവമുണ്ട്. ഈ പഞ്ചായത്തിലെ മഠത്തിവിളയിൽ ശ്രീ. സി. കേശവന്റെയും ശ്രീ. മന്നത്ത്പത്മനാഭന്റെയും നേതൃത്വത്തിൽ മിശ്രപന്തിഭോജനം നടത്തി പ്രതിഷേധം രേഖപ്പെടുത്തിയിട്ടുണ്ട്. കുഴിമതിക്കാട് വാർഡിലും ജാതിവ്യവസ്ഥയ്ക്കും അനാചാരങ്ങൾക്കുമെതിരെ പ്രചാരണപ്രവർത്തങ്ങൾ സംഘടിപ്പിച്ചിരുന്നു.

ട്രേഡുയൂണിയൻ പ്രസ്ഥാനം കരീപ്ര പഞ്ചായത്തിൽ ആരംഭിച്ചത് 1952ഓട് കൂടിയാണ്. കരീപ്ര, കുഴിമതിക്കാട്, കുടിക്കോട്, പാലനിരപ്പ് എന്നീ പ്രദേശങ്ങളിൽ കശുവണ്ടി വ്യവസായം ആരംഭിച്ചത് ആ കാലഘട്ടത്തിലാണ്. കശുവണ്ടി മേഖലയിലെ സ്റ്റാഫുകളെ സംഘടിപ്പിച്ച് കൊണ്ട് കോൺഗ്രസിന്റെ നേതൃത്വത്തിൽ ഐ. എൻ. ടി. യു. സിയും കശുവണ്ടി തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടിയും ട്രേഡുയൂണിയൻ പ്രസ്ഥാനത്തിന് ഈ പഞ്ചായത്തിൽ തുടക്കം കുറിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടി രൂപീകരിച്ച ട്രേഡുയൂണിയൻ പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്തത് ശ്രീ. കെ. ആർ. നാണു, ശ്രീ. കെ. പി. നാണു, ശ്രീ. കെ. എസ്. ആനന്ദൻ തുടങ്ങിയ നേതാക്കളാണ്. അതിനുശേഷം കരീപ്ര പഞ്ചായത്തിൽ ട്രേഡുയൂണിയൻ പ്രസ്ഥാനം ശക്തിപ്പെട്ടു. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇന്ന് ജീവിച്ചിരിക്കുന്നതിൽ അറിയപ്പെടുന്ന വ്യക്തിയാണ് ശ്രീ. എൻ. നാരായണനുണ്ണി.

ജന്മിത്തം അവസാനിച്ചശേഷം കർഷകർ പരസ്പരം സഹകരിച്ചാണ് കൃഷി നടത്തിയിരുന്നത്. നിലം കൃഷി ചെയ്യുന്നതിനാണ് പ്രധാനമായും അവർ സഹകരിച്ചിരുന്നത്. പാടങ്ങളിൽ വരമ്പു വെയ്ക്കുക, നിലം ഉഴുവുക, വിതയ്ക്കുക, ഉഴവുമാടുകളെ പരസ്പരം കൈമാറി സഹായിക്കുക ഇവയായിരുന്നു അവർ ചെയ്തു കൊണ്ടിരുന്നത്. പ്രകൃതി ക്ഷോഭത്തിലുണ്ടാകുന്ന കെടുതികൾ നീക്കാനും അവർ പരസ്പരം സഹകരിച്ചിരുന്നു. അങ്ങനെ സ്വയം സംഘടിച്ച കർഷകർ ഇന്ന് കർഷക പ്രസ്ഥാനങ്ങളുടെ നിയന്ത്രണത്തിലാണ്.

കാർഷിക മേഖലയായ കരീപ്ര പഞ്ചായത്തിൽ 7526 പേർ ചെറുകിട കർഷകരാണ്. പാടങ്ങളിൽ രണ്ടുപൂവ് കൃഷി ചെയ്തും പുരയിടങ്ങളിൽ തെങ്ങ്, മരച്ചീനി, ചേന, ചേമ്പ്, വാഴ, പയർ, കിഴങ്ങ്, കാച്ചിൽ തുടങ്ങിയവ കൃഷിചെയ്താണ് ഉപജീവനം നടത്തിയിരുന്നത്. കൂടാതെ കുരുമുളകും, പ്ലാവും, കശുമാവും, കമുകും ആദായമാർഗ്ഗങ്ങളിൽ പ്രധാനമായിരുന്നു.

കശുവണ്ടി ഫാക്ടറികൾ മാത്രമാണ് ഇന്ന് കരീപ്ര പഞ്ചായത്തിൽ വ്യവസായ മേഖലയിലുള്ളത്. ആറ് കശുവണ്ടി ഫാക്ടറികൾ ഉള്ളതിൽ ഒരെണ്ണം മാത്രമാണ് നേരെ ചൊവ്വേ പ്രവർത്തിക്കുന്നത്. മൂന്നെണ്ണം ആണ്ടിൽ പത്തോ ഇരുപത്തഞ്ചോ ദിവസം പ്രവർത്തിക്കും. 2400 തൊഴിലാളികളിൽ 70 പേർ ഒഴിച്ചാൽ ബാക്കി സ്ത്രീ തൊഴിലാളികളാണ്. അവർ ഇന്ന് ദുരിതത്തിലാണ്. ഇന്ന് നൂറിൽപരം സ്ത്രീതൊഴിലാളികൾ പഞ്ചായത്തിലെ വിവിധ പാറമടകളിൽ പണിയെടുക്കുന്നു. അപകടമേഖലയായ ഇവിടെ പണിയെടുത്ത ഒരു സ്ത്രീ

തൊളിലാളിയും 3 പുരുഷ തൊഴിലാളികളും അപകടത്തിൽപെട്ട് മരണം അടഞ്ഞു. 4 പേർ അപകടത്തിൽപെട്ട് കൈയും കാലും നഷ്ടപ്പെട്ട് ഇന്നും ജീവിച്ചിരിക്കുന്നു. യാതൊരു വിധ മുൻ കരുതലും സ്വീകരിക്കാതെയാണ് പാറമടകളിൽ പണി നടത്തുന്നത്.

പരമ്പരാഗത തൊഴിലുകളായ വട്ടി, കുട്ട, പായ്, പരമ്പ്, നെയ്ത്ത് എന്നിവ അപ്രത്യക്ഷമായിരിക്കുന്നു. ഈറയും മറ്റു സാധനങ്ങളുടെയും ലഭ്യതക്കുറവാണ് പ്രധാന കാരണം. അതുപോലെ പരമ്പരാഗത തൊഴിൽ മേഖലയിൽ മരപ്പണി, കൊല്ലപ്പണി എന്നിവയ്ക്ക് ആളുകൾ കുറഞ്ഞുവരുന്നു. കെട്ടിടനിർമ്മാണ രംഗത്ത് മറ്റു മേഖലകളിൽ നിന്നും ആളുകൾ എത്തുന്നു എന്നത് ആശ്വാസകരമാണ്.

ആഹാര രീതിയിൽ വന്ന മാറ്റം അത്ഭുതാവഹമാണ്. പഴയ മരച്ചീനിയും മത്സ്യവും, കഞ്ഞിയും ചോറും അപ്രത്യക്ഷമായി. പുട്ടും പയറും പപ്പടവും കൂട്ടിയുള്ള പ്രഭാത ഭക്ഷണത്തിന്റെ സ്ഥാനം ഇന്ന് ചപ്പാത്തിയും, പൊറോട്ടയും റൊട്ടിയും കൈയ്യടക്കിയിരിക്കുന്നു.

വസ്ത്രധാരണ രീതിയിലും വളരെ കൂടുതൽ മാറ്റങ്ങൾ സംഭവിച്ചു. ഈ അടുത്തകാലത്താണ് പെട്ടെന്നുള്ള മാറ്റങ്ങൾ സംഭവിച്ചത്. മുണ്ടും, നേരിയതും സാരിയും, പാവാടയും, ബ്ലൗസും ഇന്ന് അപൂർവ്വവസ്തുക്കളാണ്. അവയ്ക്കു പകരം മിഡിയും മാക്സിയും, നൈറ്റിയും, കുർത്തയും പൈജാമയും തുടങ്ങിയ ആധുനിക വസ്ത്രധാരണരീതികളാണ് നിലവിലുള്ളത്.

ഓടു മേഞ്ഞതും ഓലമേഞ്ഞതും ആയ കെട്ടിടങ്ങളുടെ സ്ഥാനത്ത് കോൺക്രീറ്റു കെട്ടിടങ്ങൾ ഉയർന്നു വന്നിരിക്കുന്നു. കെട്ടിടനിർമ്മാണത്തിനാണ് കരീപ്ര പഞ്ചായത്തിൽ ജനങ്ങൾ കൂടുതൽ പണവും ചെലവഴിക്കുന്നത്.

വായനശാലകളും ഗ്രന്ഥശാലകളും ഇന്നു വിജനമാണ്. അവിടെ പോകാൻ പോലും ആളുകൾക്ക് സമയമില്ല. കമ്പോളത്തിൽ സുലഭമായി ലഭിക്കുന്ന മറ്റു പ്രസിദ്ധീകരണങ്ങൾ വായിക്കാനാണ് താല്പര്യം.

ഈ ഗ്രാമപഞ്ചായത്തിൽ ഈ നൂറ്റാണ്ടിന്റെ ആരംഭകാലത്ത് ജനങ്ങൾ സഹകരിച്ച് നിർമ്മിച്ച നടപ്പാതകളാണ് ഇന്ന് ഏറ്റവും കൂടുതൽ ഗതാഗതയോഗ്യമായ റോഡുകൾ. ആ മാതൃക ഇന്നത്തെ തലമുറകളും തുടരേണ്ടതാണ്.

കേരളത്തിന്റെ വിശേഷിച്ച് കരീപ്ര ഗ്രാമപഞ്ചായത്തിന്റെ അപ്രത്യക്ഷമായ നന്മകളെ തിരിച്ചുകൊണ്ടു വരുവാനും ഇന്ന് നിലനില്ക്കുന്ന തിന്മകളെ ആട്ടിപ്പായിക്കാനും ഒരു പുത്തൻ വികസന സംസ്കാരം വളർത്തിയെടുക്കാൻ നമുക്ക് കൂട്ടായി ശ്രമിക്കാം.

"സ്വന്തം ശ്രമംകൊണ്ട് തങ്ങളുടെ സ്ഥിതിക്ക് മാറ്റം വരുത്താമെന്ന് എപ്പോൾ ജനസാമാന്യത്തിന് തോന്നുന്നുവോ അപ്പോൾ മാത്രമാണ് ഭാരതം പൂർണ്ണസ്വാതന്ത്ര്യം നേടുക"

ഗാന്ധിജി

ഭൂപ്രകൃതിയും വിഭവങ്ങളും

കൊല്ലം ജില്ലയിലെ 13 ബ്ലോക്ക് പഞ്ചായത്തുകളിൽ ഒന്നായ കൊട്ടാരക്കര ബ്ലോക്കു പഞ്ചായത്തിലാണ് കരീപ്ര ഗ്രാമ പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്. കൊട്ടരക്കര പട്ടണത്തിൽ നിന്നും ആറു കിലോമീറ്റർ തെക്കു പടിഞ്ഞാറാണ് ഈ പഞ്ചായത്തിന്റെ സ്ഥാനം.

ഭൂമിശാസ്ത്രപരമായ ഉത്തര അക്ഷാംശം 8° - 54° മുതൽ 8 °- 57° വരെയും പൂർവ്വരേഖാംശം 76° - 42° മുതൽ 76° - 44° വരെയും സ്ഥിതിചെയ്യുന്ന കരീപ്ര പഞ്ചായത്ത് കേരളത്തിലെ ഇടനാട് എന്ന ഭൂവിഭാഗത്തിൽ പെടുന്നു.

കേരളത്തിൽ പടിഞ്ഞാറോട്ടൊഴുകുന്ന 41 നദികളിൽ ഒന്നായ ഇത്തിക്കര നദിയുടെ ഒരു പോഷകന ദിയായ നെടുമൺകാവ് ആറിന്റെ തീരത്താണ് കരീപ്ര പഞ്ചായത്ത് സ്ഥിതിചെയ്യുന്നത്.

കരീപ്ര പഞ്ചായത്തിന്റെ വടക്കായി എഴുകോൺ പഞ്ചായത്തും 5.75 കി.മി. വടക്കുകിഴക്കായി നെടു വത്തൂർ പഞ്ചായത്തും 1.5 കി. മി. കിഴക്കായി വെളിയം പഞ്ചായത്തും 5 കി.മി. തെക്കുകിഴക്കായി പൂയപ്പള്ളി പഞ്ചായത്തും 2.5 കി.മി. തെക്ക് പടിഞ്ഞാറായി ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിലെ നെടുമ്പന ഗ്രാമപഞ്ചായത്തും 8 കി.മി. വടക്കു പടിഞ്ഞാറായി മുഖത്തല ബ്ലോക്ക് പഞ്ചായത്തിലെ കൊറ്റങ്കര ഗ്രാമപഞ്ചായത്തും 1 കി.മി. സ്ഥിതിചെയ്യുന്നു. ഈ ഗ്രാമപഞ്ചായത്തിന്റെ ആകെ വിസ്തൃതി 23-20 ചകി.മി.ആണ്.

ഉയർന്ന കുന്നിൻ പ്രദേശങ്ങളും ചരുവുകളും താഴ്വാരങ്ങളും ഉൾപ്പെടുന്ന ഈ പഞ്ചായത്തിനെ നിമ്നോന്നതി അനുസരിച്ച് വ്യത്യസ്ത ഭൂമേഖലകളായി തരം തിരിക്കാവുന്നതാണ്.

1. സമുദ്രനിരപ്പിൽനിന്നും 20 മീറ്ററിന് താഴെയുള്ള പ്രദേശം
2. 20 മീറ്ററിനും 40 മീറ്ററിനും ഇടയിൽ ഉയരമുള്ള പ്രദേശം
3. 40 മീറ്ററിനും 80 മീറ്ററിനും ഇടയിൽ ഉയരമുള്ള പ്രദേശം
4. 80 മീറ്ററിന് മുകളിൽ ഉയരമുള്ള പ്രദേശം

പട്ടിക - 1

ഭൂപടം 3. അവലംബം സി. ഇ. എസ്. എസ്. റിപ്പോർട്ട്

ഭൂവിഭാഗങ്ങൾ (നിമ്നോന്നത അടിസ്ഥാനത്തിൽ)	വിസ്തീർണ്ണം (ഹെക്ടറിൽ)	ശതമാനം
1. 20 മീറ്ററിന് താഴെ ഉയരം	693.0	28.85
2. 20 മീ. നും 40 മീ. നും മദ്ധ്യേ	620.00	26.72
3. 40 മീനും 80മീ.നും	800.00	34.40
4. 80 മീറ്ററിന് മുകളിൽ	228.00	10.04

സമുദ്ര നിരപ്പിൽ നിന്ന് 20 മീറ്ററിന് താഴെയുള്ള പ്രദേശങ്ങൾ പഞ്ചായത്തിലെ വയലുകൾ ഉൾപ്പെടുന്ന

താഴ്വാരങ്ങളിൽ നെടുമൺകാവ് ആറും അതിനോടു ചേർന്ന് വേറിട്ടുകിടക്കുന്ന വാക്കനാട് വാർഡിലെ പല്ലിക്കോട് ഏലായും തൊട്ടുതൊട്ടു കിടക്കുന്ന മറ്റു വിശാലമായ ഏലാകളും സ്ഥിതിചെയ്യുന്നു.

20 മീറ്റർ മുതൽ 80 മീറ്റർ വരെ ഉയരമുള്ള പ്രദേശങ്ങൾ വിവിധതരം ചരിവു പ്രദേശങ്ങളിലും 80 മീറ്ററിന് മുകളിലുള്ള ഭാഗങ്ങൾ ഉയർന്ന കുന്നിൻ പ്രദേശങ്ങളിലും ഉൾപ്പെടുത്താവുന്നതാണ്. കരീപ്ര പഞ്ചായത്തിലെ ഏറ്റഴും ഉയരം കൂടിയ ഭാഗം സമുദ്രനിരപ്പിൽ നിന്നും 102 മീറ്റർ ഉയരമുള്ള വാക്കനാട് വാർഡിലെ മാടൻമുകൾ കുന്നാണ്. മറ്റു പ്രധാന കുന്നുകൾ 80 മീറ്റർ ഉയരമുള്ള, കരീപ്ര പഞ്ചായത്തിലെ ജലസംഭരണി സ്ഥിതിചെയ്യുന്ന വാക്കനാട് വാർഡിലെ മുളങ്കുന്നും, 79 മീറ്റർ ഉയരമുള്ള ഈയക്കുന്നും ആണ്.

ഭൂപ്രകൃതി (അവലംബം CESS റിപ്പോർട്ട് ഭൂപടം - 4)

ഭൂപ്രകൃതി അനുസരിച്ച് കേരളത്തെ മലനാട് ഇടനാട്, തീരപ്രദേശം എന്നിങ്ങനെ വിഭജിക്കുന്നത് പോലെ കരീപ്ര ഗ്രാമപഞ്ചായയത്തിലെ ഭൂപ്രദേശങ്ങളെ ഉയർന്ന കുന്നിൻ പ്രദേശങ്ങൾ, ചരിവുകൾ, താഴ്വാരങ്ങൾ എന്നിങ്ങനെ വിഭജിക്കാവുന്നതാണ്.

. ഉയർന്ന കുന്നിൻ പ്രദേശം

സമുദ്രനിരപ്പിൽ നിന്നും 80 മീറ്ററിന് മുകളിലുള്ള പ്രദേശങ്ങൾ ഈ വിഭാഗത്തിൽപെടുന്നു. ഇവ പ്രധാനമായും 5 താഴെ ചരിവുള്ള ഉയർന്ന പ്രദേശങ്ങളാണ്. ഈ പ്രദേശത്ത് പ്രധാനമായി കറുത്ത ലാറ്ററൈറ്റ് മണ്ണ്, ഇടവിട്ട് പാറകളും കാണപ്പെടുന്നു. ഈ പ്രദേശത്തെ പ്രധാന കൃഷി തെങ്ങ്, കശുമാവ്, പ്ലാവ്, റബ്ബർ, കുരുമുളക് മുതലായവയാണ്. പഞ്ചായത്തിലെ കിഴക്കു ഭാഗത്തുള്ള വാക്കനാട്, കടയ്ക്കോട്, ഇടയ്ക്കടം വാർഡുകളിലായി കാണുന്ന മാടൻമുകൾ, ഈയക്കുന്ന്, മുളങ്കുന്ന് ആനൂർ ഗുരുനാഥൻ മുകൾ തുടങ്ങിയവയാണ്.

ഉയർന്ന കുന്നിൻ പ്രദേശങ്ങളെ വിശാലമായി ഓന്നോടൊന്നു തൊട്ടുകിടക്കുന്ന പ്രദേശങ്ങൾ എന്നും നിതിയും നീളവും കുറഞ്ഞ ഒറ്റപ്പെട്ട പ്രദേശങ്ങൾ എന്നും വേർതിരിക്കാവുന്നതാണ്. ഇവയുടെ ആകെ വിസ്തൃതി 552 ഹെക്ടർ ആണ്. ആകെ വിസ്തൃതിയുടെ 23.8 %.

പരിസ്ഥിതി അവലോകനം അനുസ്സരിച്ച് ഈ പ്രദേശത്തെ പ്രധാന പ്രശ്നങ്ങൾ കുടിവെള്ള ക്ഷാമം, മണ്ണാലിപ്പ്, തരിശ്ശിടൽ, ഉത്പാദനക്കുറവ്, പാറപൊട്ടിക്കൽ മുതലായവയാണ്. 'നീർമറിതട' വികസന പദ്ധതി പോലുള്ള പരിപാടികൾ മുഖേന ഈ പ്രദേശത്ത് സമഗ്രവികസനം നടപ്പിലാക്കാവുന്നതാണ്.

ചരിവുകൾ

ഉയർന്ന കുന്നിൻ പ്രദേശത്തെയും താഴ്വാരത്തേയും ബന്ധിപ്പിക്കുന്ന പ്രദേശങ്ങളാണ് താഴ്വാരങ്ങൾ. രിവു പ്രദേശങ്ങളെ ചരിവിന്റെ അടിസ്ഥാനത്തിൽ ചെറുചരിവ്, ഇടത്തരം ചരിവ്, കുത്തനെയുള്ള ചരിവ് നിങ്ങനെ തരം തിരിക്കാവുന്നതാണ്. കുത്തനെയുള്ള ചരിവുകൾ 18 മുതൽ 20 വരെ പഞ്ചായത്തിന്റെ ക്കൻ മേഖല ഉൾപ്പെടുന്ന വാക്കനാട് വാർഡിലുള്ള ഉളകോട് ഭാഗം, വാക്കനാട് പാരിപ്പള്ളി ഭാഗം, കടയ്ക്കോട്, ക്കോട് ഇടയ്ക്കിടം വാർഡുകളിലെ കിഴക്കൻ മേഖലകൾ എന്നിവ ഉൾപ്പെടുന്നു. ലാറ്ററൈറ്റ് മണ്ണും പാറ പ്പുകളും അടങ്ങിയ ഈ പ്രദേശത്ത് മണ്ണൊലിപ്പും കുടിവെള്ളക്ഷാമവും അനുഭവപ്പെടുന്നു.

ഇടത്തരം ചരിവ് 10° മുതൽ 18° വരെ ചെറുചരിവ് 5° മുതൽ 10° വരെ പഞ്ചായത്തിന്റെ എല്ലാ ങ്ങളിലും കാണാം. ഈ പ്രദേശങ്ങളിലാണ് ആളുകൾ തിങ്ങിപ്പാർക്കുന്നത്. ചരിവുകളുടെ ആകെ വിസ്തൃതി 1106 ഹെക്ടർ ആണ്. ഇത് മൊത്തം വിസ്തൃതിയുടെ 46.6 % വരും.

താഴ്വാരം

പഞ്ചായത്തിലെ താഴ്ന്ന പ്രദേശങ്ങളെയാണ് താഴ്വാരങ്ങൾ എന്ന് പറയുന്നത്. ഇവയുടെ ചരിവ് 5 കുറവാണ്. കരീപ്ര പഞ്ചായത്തിൽ 20 മീറ്ററിന് താഴെയുള്ള പ്രദേശങ്ങൾ ഈ ഭൂവിഭാഗത്തിൽപെടുന്നു. തീർണ്ണം 672 ഹെക്ടർ ഈ പ്രദേശം പഞ്ചായത്തിലെ ആകെ വിസ്തൃതിയുടെ 29 % ആണ്. പഞ്ചായിന്റെ തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെ വീതികൂടിയും കുറഞ്ഞും കാണുന്ന വയലുകളും യോട് ബന്ധപ്പെട്ട മേഖലകളും ഇതിൽ ഉൾപ്പെടുന്നു. നെടുമൺകാവ് ആറ്, വാക്കനാട് തോട്, പ്ലാക്കോട് , കരീപ്രതോട്, ഇടയ്ക്കടം തോട്, കടയ്ക്കോട് തോട്, ഉൾപ്പെടുന്ന ഏലാകളായ ഏറ്റുവായ്ക്കോട് ഏല,

കുടിക്കോട് ഏല, വാക്കനാട് ഏല, പല്ലിക്കോട് ഏല, വാക്കനാട് നിലമേൽ ഏല, ഇലയം ഏല, പ്ലാക്കോട് ഏല, മടന്തക്കോട് ഏല, തളവൂക്കോണം ഏല, കടയ്ക്കോട് ഏല, ഇടയ്ക്കിടം ഏല, കരീപ്ര ഏല, കുഴിമതിക്കാട് ഏല, തൃപ്പിലഴികം ഏല എന്നീ പാടശേഖരങ്ങൾ ഉൾപ്പെടുന്നു.

മഴവെള്ളം തങ്ങിനില്ക്കുന്ന ഭൂവിഭാഗം ആയതിനാൽ ഈ പ്രദേശത്ത് മണ്ണടിഞ്ഞ മണലും കളിമണ്ണും ചേർന്ന എക്കൽ മണ്ണ് കാണപ്പെടുന്നു. എക്കൽ മണ്ണുള്ള പ്രദേശം നെൽകൃഷിക്ക് അനുയോജ്യമാണ്. ജലം ലഭിക്കുന്നതിനാൽ രണ്ടു കൃഷിയും മൂന്നാം വിളയായി അങ്ങിങ്ങ് പയറും ഉഴുന്നും കൃഷിചെയ്യപ്പെടുന്നു. ചില പ്രദേശങ്ങൾ നികത്തി തെങ്ങ്, വാഴ, മരച്ചീനി, എന്നിവ കൃഷി ചെയ്തുവരുന്നു. വയൽനികത്തൽ, കളിമണ്ണെടുക്കൽ തുടങ്ങിയ പരിസ്ഥിതി പ്രശ്നങ്ങൾ നേരിടുന്നു. നെൽകൃഷിക്ക് പാടങ്ങളിൽ വെള്ളം ഒരു നിശ്ചിത അളവിൽ കെട്ടിനിൽക്കേണ്ടതാണ്. വയലുകളിൽ നിന്നും കളിമണ്ണെടുക്കുന്നതുമൂലം തൊട്ടടുത്ത് നെൽകൃഷിയുള്ള ഭാഗത്ത് ഉണക്ക് അനുഭവപ്പെടുന്നു. ഈ പഞ്ചായത്തിൽ ഏറ്റുവായ്ക്കോട് ഏലയിൽ നിന്നും മണ്ണെടുപ്പ് മൂലം പരിസ്ഥിതി പ്രശ്നമുണ്ട്. അതുപോലെ തന്നെ നെടുമൺകാവ് ആറിൽ നിന്നും നിത്യേന മണൽ വാരി കുഴിക്കുന്നതിനാൽ പരിസരങ്ങളിൽ ഉള്ള കിണർ ഉണക്കുകാലത്തുവറ്റുകയും നിലങ്ങളിൽ നിന്ന് ജലം വാർന്നുപോകുകയും ചെയ്യുന്നു.

ഈ ഭൂവിഭാഗങ്ങളുടെ വിസ്തൃതിയും ശതമാനവും താഴെ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക - 2 സെസ്സ് റിപ്പോർട്ട്

ഭൂപ്രകൃതിമേഖലകൾ	വിസ്തീർണ്ണം	ശതമാനം
ഉയർന്നകുന്നിൻ പ്രദേശം	553.0	23.8
ചരിവുകൾ	1106.0	46.9
താഴ്വാരം	672	29.3
ആകെ	2320.0	100

ജലവിഭവങ്ങൾ

മഴയെമാത്രം ആശ്രയിച്ച് കൃഷിചെയ്യുന്ന ഒരു ഗ്രാമപഞ്ചായത്താണ് കരീപ്ര. തെക്കു പടിഞ്ഞാറൻമൺസൂൺ മാസങ്ങളായ ജൂൺ മുതൽ സെപ്റ്റംബർ വരെ ആണ് കൂടുതൽ മഴ ലഭിക്കുന്നത്. മഴകുറവുള്ളത് ഡിസംബർ മുതൽ മാർച്ചുവരെയാണ്. ഡിസംബർ മാസം മുതൽ മഴ കുറവായതുകൊണ്ട് മാർച്ചു മുതൽ മേയ് വരെ ജല ദൗർലഭ്യം അനുഭവപ്പെടുന്നു.

ഓരോ മാസവും ഉള്ള മഴയുടെ ശരാശരി അളവ് താഴെക്കൊടുക്കുന്നു.

അവംലംബം സോഴ്സ് 1993

പട്ടിക - 3

മാസം	ജനു.	ഫെബ്രു.	മാർ	ഏപ്രി.	മേയ്	ജൂൺ	ജൂലൈ	ആഗ.	സെപ്ത	ഒക്	നവം..	ഡിസം	ശരാശരി
ശരാശരി വർഷപാതം മി. മീറ്റർ	0	50.3	49.1	158.6	179.8	571.0	587.3	204.47	162.7	477.3	368.0	91.1	243.6

പട്ടിക - 4 താപനില ഡിഗ്രി സെൽഷ്യസ്

മാസം	ജനു.	ഫെബ്രു.	മാർ	ഏപ്രി.	മേയ്	ജൂൺ	ജൂലൈ	ആഗ.	സെപ്ത	ഒക്	നവം..	ഡിസം
Maxi :	33.9	35.8	36.6	36.7	33.9	33.7	29.4	30.6	32.1	31.3	31.5	31.6
Mini :	19.6	20.4	22.0	23.7	23.7	23.4	22.3	23.1	22.9	22.8	22.5	21.6
Maxi :	34.0	35.9	37.1	35.4	31.6	30.7	30.3	30.6	32.7	31.9	32.4	34.2
Mini :	.....N.A....											

ഇത്തിക്കര ആറിന്റെ പോഷകനദിയായ നെടുമൺകാവ് ആറും അതിന്റെ തോടുകളും ഉൾപ്പെടെ 26 കി. മി. നീളമുണ്ട്. 36 കുളങ്ങളും 11 നീരുറവകളും ഈ ഗ്രാമപഞ്ചായത്തിൽ ഉണ്ട്. ഇവയാണ് ഈ പഞ്ചായത്തിലെ ഉപരിതല ജലസ്രോതസ്സുകൾ

ഇത്തിക്കര ആറിന്റെ കൈവഴിയായ നെടുമൺകാവ് ആറ് വെളിയം വില്ലേജിൽ നിന്നും കരീപ്ര വില്ലേജിൽ പ്രവേശിച്ച്, കൽച്ചിറ ഭാഗം, നെടുമൺകാവ്, കൊട്ടറ, വഴി നെടുമ്പന വില്ലേജിൽ പ്രവേശിക്കുന്നു. തൃപ്പുലഴികം ഭാഗത്തുനിന്ന് വരുന്ന ചെറുതോട്, എഴുകോണിലെ തയ്യാർകുന്നിൽ 106 മീ നിന്നും ഉത്ഭവിച്ച് കാരിക്കൽ ഭാഗത്ത് വന്ന് ചേർന്ന് ചിറക്കടവ് ക്ഷേത്രത്തിന് സമീപത്തുകൂടി തെക്കോട്ടൊഴുകി ചൂരപൊയ്ക തളവൂക്കോണം എന്നിവിടങ്ങളിൽ കൂടി ഒഴുകി വരുന്ന ചെറുതോടുകൾ കരീപ്ര, തലയ്ക്കൽ താഴോട്ട് ഒഴുകി പാട്ടുപുരയ്ക്കൽ ക്ഷേത്രത്തിന് മുൻവശത്ത് എത്തി. മുൻപറഞ്ഞ തോടുമായി ചേർന്ന്, അമ്പത്തുംകാല നിന്നു വരുന്ന തോടുമായി ചേർന്ന് അയർക്കാട്ടുകൂടി ഒഴുകി മടന്തക്കോട്, മുണ്ടാംമൂട് പാലത്തിന് സമീപമുള്ള തോടുമായി ചേരുന്നു.

എഴുകോൺ പഞ്ചായത്തിൽ തോട്ടുകാടു ഭാഗത്ത് നിന്നും വരുന്ന തോട്ടിൽ, ഗുരുനാഥൻ കുന്നിന്റെ കിഴക്കുവശത്തുള്ള ഇരപ്പൻ കുഴിയിൽ നിന്നും ഒഴുകിയെത്തുന്ന ജലം കടയ്ക്കോട് കണിയാരുംകോട് ഭാഗത്ത് തോടായി, പായ്ത്തലഭാഗത്തുനിന്നും, മാടൻനടഭാഗത്തുനിന്നും വരുന്ന ചെറുതോടുകളുമായി യോജിച്ച് ഇടയ്ക്കിടം വാർഡിൽ കൂടി വെട്ടുവലയ്ക്കൽ ഭാഗത്ത് ഒന്നിച്ച് ചൂരക്കാട് വഴി മുണ്ടാംമൂട് പാലത്തിന് സമീപം മേൽ പ്രസ്താവിച്ച തോടുമായി ചേർന്ന് നേരെ തെക്കോട്ട് ഒഴുകി വാക്കനാടുവഴി ഈയല്ലൂർ മുഴിയിൽ എത്തുകയും, ഇലയം ഭാഗത്ത് നിന്ന് വരുന്ന ചെറുതോട്, മാടൻമുകൾ കുന്നിന്റെ തെക്കുവശത്തു നിന്നും വരുന്ന ചെറുതോടുമായി ചേർന്ന് ഈയല്ലൂർ മുഴിയിൽ മേൽ പ്രസ്ഥാവിച്ച വലിയ തോടുമായി യോജിച്ച് ഏറ്റുവായ്ക്കോട് വഴി നെടുമൺകാവ് ആറിൽ എത്തുന്നു.

നെടുമൺകാവ് ആറും അതിൽ ചേരുന്ന വലിയ തോടുകളും ചെറുതോടുകളും ഉൾപ്പെടെ ഒരു നദീതടശൃംഖല പഞ്ചായത്തിൽ ഉണ്ടെങ്കിലും നെടുമൺകാവ് ആറ് ഒഴികെ എല്ലായിനം തോടുകളും ഏപ്രിൽ, മേയ് മാസങ്ങളിൽ വറ്റുന്നു. പഞ്ചായത്തിലെ നദിയും തോടുകളും എ. ബി. സി. ഡി. എന്നിങ്ങനെ ഭൂപടം മുന്നിൽ കാണാവുന്നതാണ്. ഓരോന്നിന്റെയും നീളവും ഒഴുകിപ്പോകുന്ന വാർഡുകളും താഴെ ചേർക്കുന്നു.

പട്ടിക - 5

തോടിന്റെ പേര്	തോടിന്റെ നീളം. കി. മി.	കടന്നുപോകുന്നവാർഡുകൾ
എ. നെടുമൺകാവ് ആറ്	3.75	10, 8
ബി. ഉളകോട് ഈയല്ലൂർ തോട് ആറിൽ എത്തുന്നതുവരെ	6.5	9, 10
സി. ഇടയ്ക്കിടം, മുണ്ടാംമൂട്	8.7	3, 4, 5, 7
ഡി. കാരിക്കൽ - മുണ്ടാംമൂട്	7.5	1, 5, 6.

നീർമറിതട വ്യവസ്ഥ അനുസരിച്ച് കരീപ്ര പഞ്ചായത്തിലെ നെടുമൺകാവ് ആറിനെ വലിയ നീർമറി എന്നും, ഉളകോട് - ഈയല്ലൂർതോട്, ഇടയ്ക്കിടം - മുണ്ടാംമൂട് തോട്, കാരിക്കൽ - മുണ്ടാംമൂട് തോട് എന്നിവയെ ചെറിയ നീർമറിതടം എന്നും രണ്ടായിതിരിക്കാം. നീർമറി പ്രദേശമെന്നാൽ ഒരു തോടിലേക്ക് ജലം വരുന്ന പ്രദേശമാണ്.

കരീപ്ര പഞ്ചായത്തിൽ ആകെ 36 കുളങ്ങൾ ഉണ്ട്. അവയിൽ 14 എണ്ണം വറ്റാത്തവയും 22 എണ്ണം വറ്റുന്നവയും ആണ്. തൃപ്പിലഴികം വാർഡിലെ ഇടയ്ക്കിടം, ചേർത്തലയ്ക്കൽ, മുണ്ടൂർക്കുളം, അയമിവേലിക്കുളം, പ്ലാക്കോട് വാർഡിൽ ചിറക്കടവ് കുളം, ക്ഷേത്രക്കുളം, കുഴിമതിക്കാട് അമ്പലക്കുളം, മടന്തക്കോട് കടപ്പാകോണം വലിയകുളം, ചേരിയിൽ കുളം, കുടിക്കോട് വാർഡിൽ കണ്ണമ്പള്ളിക്കുളം, വാക്കനാട് അമ്പലക്കുളം, ഉളങ്കോട് കുളം, തളവൂക്കോണത്തു പാട്ടുപുരയ്ക്കൽ ക്ഷേത്രക്കുളം, കൈയ്പ്പറമ്പിൽ ഇവയാണ് പഞ്ചായത്തിലെ വറ്റാത്ത കുളങ്ങൾ.

കരീപ്ര പഞ്ചായത്തിൽ 11 നീരുറവകൾ ഉണ്ട്. ഇതിൽ വറ്റാത്തവ, കടയ്ക്കോട് വാർഡിലെ ചൂഴതിൽ ഭാഗം, കടയ്ക്കോട് വാർഡിലെ തൊമ്മിക്കോണം ഭാഗം, വാക്കനാട് വാർഡിലെ കൊല്ലോണത്തു ഭാഗം എന്നിവയാണ്. മറ്റു നീരുറവൾ വേനൽക്കാലത്ത് വറ്റുന്നവയാണ്.

കരീപ്ര പഞ്ചായത്തിൽ 20 സർപ്പക്കാവുകൾ ഉണ്ട്. വാർഡു തലത്തിൽ വറ്റാത്ത കുളങ്ങൾ, നീരുറവകൾ, സർപ്പക്കാവുകൾ അതേ പടി പട്ടിക 5 ൽ കൊടുക്കുന്നു.

പട്ടിക - 6

അവംലംബം സി.എസ്.എസ്. റിപ്പോർട്ട്

വാർഡു നമ്പർ	കുളങ്ങൾ	നീരുറവകൾ	സർപ്പക്കാവുകൾ
1	1	-	-
2	4	1	2
3	-	2	1
4	4	2	5
5	4	1	4
6	1	-	-
7	7	1	5
8	3	1	5
9	4	3	5
10	1	-	-
11	7	-	2

മണ്ണും ജലവും തമ്മിലുള്ള ബന്ധം മനുഷ്യശരീരത്തിലെ മാംസവും രക്തവും പോലെയാണ്. ശരീരത്തിൽ രക്തം കുറഞ്ഞാൽ തൊലി ചുക്കിചുളുങ്ങി ശക്തി ക്ഷയിക്കുന്നതുപോലെ മണ്ണിലെ ജലം കുറഞ്ഞാൽ മണ്ണ് ഉണങ്ങി ഭൂമിയുടെ ശക്തികുറഞ്ഞ് ഉല്പാദനം കുറയുന്നു. അതുകൊണ്ടു പഞ്ചായത്തിലെ ഉപരിതല ജലസ്രോതസ്സുകളായ നദികളുടെയും തോടുകളുടെയും വശങ്ങളിൽ ബണ്ടുകൾ നിർമ്മിച്ച് ഇവയുടെ കുറുകെ ചെക്ക്ഡാമുകളും തടയണകളും ഉണ്ടാക്കി വെള്ളം സംഭരിക്കപ്പെടേണ്ടതുണ്ട്. കുളങ്ങളുടെ വശങ്ങളിൽ പാർശ്വ ഭിത്തികൾ നിർമ്മിച്ചും മണ്ണുമാറ്റിയും കുളങ്ങളെ സംരക്ഷിക്കണം. അതുപോലെ പ്രകൃതിയുടെ വരദാനങ്ങളായ നീരുറവകളും പ്രകൃതിദത്തക്കാവുകളും സംരക്ഷിക്കപ്പെടേണ്ടതാണ്.

ഭൂവിനിയോഗം

ഭൂവിനിയോഗം അവലംബം വില്ലേജാഫീസ് രജീസ്റ്റർ

കരിപ്ര ഗ്രാമപഞ്ചായത്തിൽ 2320 ഹെക്ടർ ഉള്ളതിൽ 1846 ഹെക്ടർ പുരയിടവും 83.4 %, 287 ഹെക്ടർ

നിലവുമാണ് 12.3 %. ഈ പഞ്ചായത്തിൽ 63 ഹെക്ടർ 2.7 % തരിശുഭൂമിരേഖയിൽ കാണുന്നു.

പട്ടിക - 7

ഭൂവിനിയോഗം സംബന്ധിച്ച പട്ടിക താഴെ കൊടുക്കുന്നു

ഭൂമിസംബന്ധിച്ച വിവരങ്ങൾ	ഉടമസ്ഥരുടെ എണ്ണം				വിസ്തീ.ആർ							
വിസ്തീർണ്ണം ഹെക്ടർ	പുരയിടം	നിലം	പുറമ്പോക്ക്	തരിശ്	ആകെ	4ആർവരെ	4-10	1-20	20-40	40-80	80-200	200 ആറിന്മേൽ
	18.46	28.7	124	63	2320	7325	3875	1650	1276	725	698	73

പട്ടിക 8

പുറമ്പോക്ക് സംബന്ധിച്ച വിവരം വില്ലേജ് പുറമ്പോക്ക് രജിസ്റ്റർ

വിസ്തീർണ്ണം ഹെക്ടർ	റോഡ്	തോട്	കുളം	പുഴ	റവന്യൂ	വനം	ആകെ
	11.0	13.0	0.99	6.00	91.01	ഇല്ല	122.00

കരിപ്ര ഗ്രാമപഞ്ചായത്തിലെ മനുഷ്യവിഭവം. ഒരു കുടുംബത്തിലെ ശരാശരി എണ്ണം 4.8 ആണ്. കരീപ്ര പഞ്ചായത്തിൽ സ്ത്രീകൾ, പുരുഷന്മാരെക്കാൾ 747 കൂടുതൽ ഉണ്ട്. സ്ത്രീ, പുരുഷ അനുപാതം 1058 ന് 1000 ആണ്.

സാക്ഷരരായ 21961 ആളുകളിൽ 10958 പുരുഷന്മാരും 11003 സ്ത്രീകളും ഉണ്ട്. പുരുഷന്മാരുടെ സാക്ഷരത 84.3 % വും സ്ത്രീകളുടേത് 80.1 ഉം ആണ്. പ്രായം ചെന്ന സ്ത്രീകളിലും പുരുഷന്മാരിലുമാണ് നിരക്ഷരർ കൂടുതൽ ഉള്ളത്. 5146 പുരുഷന്മാർ വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുമ്പോൾ 1174 സ്ത്രീകളാണ് വിവിധ മേഖലഖലിൽ പണി ചെയ്യുന്നത്. സ്ത്രീകളുടെ എണ്ണം കൂടുതലാണെങ്കിലും വിവിധ മേഖലഖലിലെ പങ്കാളിത്തം നന്നേ കുറവാണ്. 437 പുരുഷന്മാർക്ക് തൊഴിലവസരം ഉള്ളപ്പോൾ 100 സ്ത്രീകൾക്ക് മാത്രമാണ് തൊഴിലവസരം ലഭിച്ചിട്ടുള്ളത്.

കരീപ്ര പഞ്ചായത്തിലെ മനുഷ്യ വിഭവം പട്ടിക താഴെ കൊടുക്കുന്നു.
അവലംബം 1991 ലെ സെൻസസ്

പട്ടിക - 9

ആകെ വീടുകൾ	5599	പാറമടയിൽ പണിയുന്നവർ	78
ആകെ ജനസംഖ്യ	26717	പുരുഷൻ	57
പുരുഷന്മാർ	12985	സ്ത്രീ	21
സ്ത്രീകൾ	13732	കുടിൽ വ്യവസായങ്ങളിൽ	1873
ആറുവയസ്സിന്			
താഴെയുള്ള കുട്ടികൾ	3262	പുരുഷന്മാർ	456
ആൺ	1574	സ്ത്രീകൾ	417
പെൺ	1688	നിർമ്മാണ തൊഴിലാളികൾ	142
പട്ടികജാതി	3212	പുരുഷന്മാർ	138
പുരുഷന്മാർ	1524	സ്ത്രീകൾ	4
സ്ത്രീ	1688	കച്ചവടം, വ്യവസായം	614
പട്ടികവർഗ്ഗം	1	പുരുഷൻ	570
പുരുഷൻ	1	സ്ത്രീകൾ	44
സ്ത്രീ	0	വാഹനങ്ങളുമായി ബന്ധപ്പെട്ടു	
		പണിചെയ്യുന്നവർ	304
സാക്ഷരത	21961	പുരുഷന്മാർ	299
പുരുഷൻ	10958	സ്ത്രീകൾ	10
സ്ത്രീ	11003	മറ്റു സേവനമേഖലകളിൽ	1336
കൃഷിക്കാർ	1574	പുരുഷന്മാർ	840
പുരുഷൻ	1546	സ്ത്രീകൾ	496
സ്ത്രീകൾ	26	ഭാഗികമായി തൊഴിലുള്ളവർ	2837
കൃഷിതൊഴിലാളികൾ	1248	പുരുഷന്മാർ	1047
പുരുഷൻ	1101	സ്ത്രീകൾ	1790
സ്ത്രീകൾ	142	തൊഴിൽ ഇല്ലാത്തവർ	17510
കന്നുകാലിവളർത്തലും			
അനുബന്ധജോലികളും	158	പുരുഷൻമാർ	6764
പുരുഷൻ	144	സ്ത്രീകൾ	10746
സ്ത്രീകൾ	14		

കൃഷിയും ജലസേചനവും

കരീപ്ര പഞ്ചായത്ത് തികച്ചും ഒരു കാർഷികഗ്രാമമാണ്. ഉയർന്ന കുന്നിൻ പ്രദേശങ്ങളും ചരിവുകളും നെൽപ്പാടങ്ങൾ ഉൾപ്പെട്ട താഴ്വരകളും അടങ്ങിയതാണ് ഇവിടുത്തെ ഭൂപ്രദേശം : മുഖ്യകൃഷി : നെല്ല്, തെങ്ങ്, മരച്ചീനി എന്നിവയും ഇടവിളകളായി ചേന, കിഴങ്ങു വർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, ധാന്യങ്ങൾ. വാഴ മുതലായവയും കൃഷി ചെയ്തിരുന്നു. പഴയകാലത്ത് ജനങ്ങളുടെ പ്രധാന, ഉപജീവനമാർഗ്ഗം കൃഷിയും അതോടനുബന്ധിച്ച മറ്റു തൊഴിലുകളുമായിരുന്നു.

ഭൂപ്രദേശത്തിന്റെ നിമ്നോന്നതിയെ അടിസ്ഥാനപ്പെടുത്തി സമുദ്രനിരപ്പിൽ നിന്നും 20 മീറ്റർ, 20 മീറ്ററിനും 40 മീറ്ററിനും ഇടയിൽ, 40 മീറ്ററിനും 80 മീറ്ററിനും ഇടയ്ക്കുള്ള സ്ഥലം, 80 മീറ്ററുനും മുകളിലുള്ള സ്ഥലം എന്നിങ്ങനെ തരതിരിക്കാം. സമുദ്ര നിരപ്പിൽ നിന്നും ഏറ്റവും ഉയരം കൂടിയ സ്ഥലം 102 മീറ്റർ ഉയരമുള്ള വാക്കനാട് വാർഡിൽപ്പെട്ട മാടൻമുകൾ കുന്ന് ആണ്. അത് കഴിഞ്ഞാൽ വാക്കനാട് വാർഡിൽ തന്നെ ഈയ്യക്കുന്നം, മുളങ്കുന്നും കടയ്ക്കോട് വാർഡിലെ ഗുരുനാഥൻ മുകളുമാണ് ഏറ്റവും ഉയരമുള്ള കുന്നുകൾ. വാക്കനാട്, പ്ലാക്കോട്, കടയ്ക്കോട്, ഇടയ്ക്കിടം എന്നീ വാർഡുകളുടെ കിഴക്ക് ഭാഗങ്ങളാണ് ഏറ്റവം ഉയരം കൂടിയ പ്രദേശങ്ങൾ. 20 മീറ്റർവരെയുള്ള പ്രദേശം പഞ്ചായത്തിന്റെ തെക്കേ അറ്റം മുതൽ വടക്കേ അറ്റം വരെ വീതി കുറഞ്ഞും കൂടിയും കാണുന്ന വയലുകളും അതോടനുബന്ധപ്പെട്ട 672 ഹെക്ടർ വിസ്തീർണ്ണം വരുന്ന പ്രദേശമാണ്. പഞ്ചായത്തിന്റെ വടക്കുകിഴക്ക് നിന്ന് ഉത്ഭവിച്ച് തെക്കോട്ടൊഴുകുന്ന വലുതും ചെറുതുമായ പതിനൊന്ന് തോടുകൾ നെടുമൺകാവ് ആറ്റിൽ പതിക്കുന്നു. ഈ തോടുകളുമായി ബന്ധപ്പെട്ട് 15 പാടശേഖരങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഈ പാടശേഖരങ്ങളുടെ ആകെ വിസ്തീർണ്ണം 287 ഹെക്ടർ ആണ്. ഈ നിലങ്ങൾ മുഖ്യമായും നെൽകൃഷിക്കാണ് ഉപയോഗിച്ചുപോന്നത്. ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ കൂടുതൽ ശ്രദ്ധയും പരിചരണവും നല്കിയിരുന്നത് നെൽകൃഷിക്കായിരുന്നു. പൂർണ്ണമായും മഴയെമാത്രം ആശ്രയിച്ചായിരുന്നു കൃഷിചെയ്തിരുന്നത്. കൂടാതെ തോടുകൾ, കുളങ്ങൾ എന്നിവ പരസ്പര ധാരണയോടെ ചിറകെട്ടി സരക്ഷിച്ചും കൃഷിക്കുവേണ്ടി ഉപയോഗിച്ചിരുന്നു. വെള്ള തിരിച്ചുകയറ്റാനുള്ള സൗകര്യത്തിനു വേണ്ടി ഏലായുടെ മദ്ധ്യത്തുകൂടി ഇടത്തോടുകളും അരുവുതോടുകളും ഉണ്ടാക്കി സംരക്ഷിച്ചു പോന്നു. പഞ്ചായത്തിലെ കൃഷിഭൂമിയുടെ ഉടമസ്ഥർ പ്രധാനമായും ഇടത്തരം ഭൂഉടമകളായിരുന്നു. ആകെ കൃഷിഭൂമിയുടെ 20 ശതമാനത്തോളം വൻകിട ജന്മിമാരുടെ വകയായിരുന്നു. ഈ ഭൂമി ബ്രാഹ്മണ മഠങ്ങളും, ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടവയായിരുന്നു. ഇവ പ്രധാനമായും കുഴിമതിക്കാട് മഠം, വാക്കനാട് ക്ഷേത്രം, ഏറ്റുവായ്ക്കോട്, മുല്ലവേലി മഠം എന്നിവയായിരുന്നു. ഇതിൽപ്പെട്ട നിലങ്ങൾ ചെറുകിട കൃഷിക്കാർ പാട്ടവും വാരവും കൊടുത്ത് കൃഷി ചെയ്തു വന്നു.

കാളയും പോത്തും ഉപയോഗിച്ചാണ് നിലം ഉഴുതിരുന്നത്. മിക്കവാറും കൃഷിക്കാർക്ക് സ്വന്തമായി കാളയും, കലപ്പ, കുറുമരം തുടങ്ങിയ കാർഷികോപകരണങ്ങളും സ്വന്തമായി ഉണ്ടായിരുന്നു. നില ഉഴാനും വയലിലെ മറ്റുപണികൾക്കു കൃഷിക്കാർ പരസ്പരം സഹായിച്ചു പോന്നിരുന്നു. വരമ്പിടാനും, വരമ്പ് ഒരുക്കാനും, നില ഒരുക്കാനും മറ്റു പരിചയ സമ്പന്നരായ കർഷകത്തൊഴിലാളികൾ ധാരാളമുണ്ടായിരുന്നു. ഞാറുനടീൽ, കളപറിപ്പ്, കൊയ്ത്ത് തുടങ്ങിയ ജോലികൾ സ്ത്രീ തൊഴിലാളികളാണ് ചെയ്തു പോന്നത്. മിക്കവാറും കർഷക കുടുബങ്ങൾക്ക് സ്വന്തമായി സ്ഥിര കർഷകത്തൊഴിലാളികൾ തന്നെയുണ്ടായിരുന്നു. ഭൂ ഉടമകളുടെ സ്ഥലങ്ങളിൽ തന്നെയാണ് ഇവർ പാർത്തിരുന്നതും. പ്രധാനമായി വിരിപ്പ്, മുണ്ടകൻ എന്ന രണ്ടുവിളകളാണ്

കൃഷി ചെയ്തിരുന്നത്. ചേറാടി, അറാൻവെള്ള, ഞെവര, തവതുക്കണ്ണി, കുരീക്കണ്ണി തുടങ്ങിയ നാടൻ വിത്തിനങ്ങളാണ് കൃഷി ചെയ്തിരുന്നത്. ചാണകം, തോല്, ചാരം തുടങ്ങിയ ജൈവവളങ്ങൾ മാത്രമാണ് ഉപയോഗിച്ചിരുന്നത്. കർഷകത്തൊഴിലാളികൾക്ക് കൂലി, ആഹാരം കഴിഞ്ഞ് നെല്ലായിട്ടാണ് കൊടുത്തിരുന്നത്. കർഷകത്തൊഴിലാളികൾ ആത്മാർത്ഥമായി അവരുടെ സ്വന്തം കാര്യം പോലെയാണ് കൃഷിപ്പണി ചെയ്തിരുന്നത്. പുരയിടങ്ങളിലും പ്രത്യേകയിനം വിത്തുകൾ ഉപയോഗിച്ച നെൽകൃഷി ചെയ്തു പോന്നു. പുരയിടങ്ങളിൽ പ്രധാനമായും തെങ്ങും മരച്ചീനിയുമാണ് കൃഷി ചെയ്തിരുന്നത്. കശുമാവ്, കുരുമുളക് എന്നിവയും ധാരാളമായി കൃഷിചെയ്തിരുന്നു. തെങ്ങ്, മരച്ചീനി, കശുമാവ്, കുരുമുളക് എന്നിവയിൽ നിന്നും കിട്ടിയിരുന്ന ആദായമായിരുന്നു കൃഷിക്കാരുടെ പ്രധാന വരുമാന മാർഗ്ഗം.

കാർഷിക ബന്ധനനിയമം വന്നതിനുശേഷം അമ്പലങ്ങളുടെയും, മഠങ്ങളുടെയും ചുരുക്കം ജന്മി കുടുംബങ്ങളുടെയും വക പാട്ടമായി കൃഷി ചെയ്തിരുന്ന നിലങ്ങൾ കൃഷിക്കാർക്ക് സ്വന്തമായി കുറെ കർഷകത്തൊഴിലാളികൾക്കും കുടികിടപ്പവകാശവും കിട്ടി. ജന്മിമാരുടെ പീഢനങ്ങൾ ഇല്ലാതായി. ആധുനിക വിദ്യാഭ്യാസം സാർവ്വത്രികമായതോടുകൂടി കർഷകത്തൊഴിലാളികളുടെ പിൻതലമുറ ഇതര തൊഴിൽ മേഖലകളിലേക്ക് തിരിഞ്ഞു. നെൽകൃഷിയുമായി ബന്ധപ്പെട്ട ജോലികൾക്ക് തൊഴിലാളികളെ കിട്ടാത്ത അവസ്ഥയുണ്ടായി. നെൽകൃഷി ഉത്പാദനത്തിലും ഉത്പാദനക്ഷമതയിലു പിന്നിലായി. നെൽകൃഷി ആദായകരമല്ലാതാകുകയും കൃഷിക്കാർക്ക് സമൂഹത്തിൽ നിലനിന്നിരുന്ന മാന്യത കുറയുകയും ചെയ്തു. സർക്കാർ ജോലി, വിദേശ നാടുകളിലെ ജോലി സൗകര്യം, ഫാക്ടറികളിലെ ജോലി സാദ്ധ്യത, കാർഷികമേഖലയ്ക്ക് പുറത്ത് കൂടുതൽ കൂലി കിട്ടുന്ന മറ്റു തൊഴിലുകൾ എന്നിവയിലേക്ക് ആളുകൾ തിരിയാൻ തുടങ്ങി.

ചരിവു പ്രദേശങ്ങളും കുന്നുകളും ഉൾപ്പെട്ട കൃഷിക്കനുയോജ്യമായ 1855 ഹെക്ടർ ഭൂമി നമ്മുടെ പഞ്ചായത്തിലുണ്ട്. കൂടാതെ കൃഷിയോഗ്യമായ 44 ഹെക്ടർ തരിശു ഭൂമിയുമുണ്ട്. ഇവിടങ്ങളിൽ പ്രധാനമായി തെങ്ങ്, മരച്ചീനി, കശുമാവ്, കുരുമുളക്, ചേന, കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ എന്നിവ കൃഷി ചെയ്തു പോന്നു. വയലുകളോടു ചേർന്ന താണ പ്രദേശങ്ങളിൽ തെങ്ങ്, പച്ചക്കറികൾ, എന്നിവ സമൃദ്ധമായി പിടിച്ചിരുന്നു.

ഇപ്പോൾ കൃഷിഭൂമിയുടെ ആകെ വിസ്തൃതിയിൽ ഭൂരിഭാഗം പ്രദേശങ്ങളിലും തെങ്ങും റബ്ബറും കശുമാവുമാണ് കൃഷി ചെയ്യുന്നത്. തെങ്ങ് ഏതാണ്ട് 700 ഹെക്ടർ സ്ഥലത്തും റബ്ബർ 300 ഹെക്ടറിലും, കശുമാവ് 75 ഹെക്ടറിലും വാഴ, മരച്ചീനി, കുരുമുളക്, കൈതച്ചക്ക, വെറ്റില, ചേന, കമുക് തുടങ്ങിയവ 200 ഹെക്ടറിലും മിശ്രിത മരങ്ങൾ ഉദ്ദേശം 100 ഹെക്ടറിലും പച്ചക്കറി, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ 50 ഹെക്ടറിലും ഉണ്ട്.

നെല്ല് - നമ്മുടെ പഞ്ചായത്തിലെ പാടശേഖരങ്ങളുടെ ആകെ വിസ്തീർണ്ണം 287 ഹെക്ടർ ആണ്. എന്നാൽ ഇത് മുഴുവനായി നെൽകൃഷിക്ക് ഉപയോഗിക്കുന്നില്ല. വാക്കനാട്, കരീപ്ര, കുഴമതിക്കാട് തുടങ്ങിയ വാർഡുകളിലായി ഉദ്ദേശം 5 ഹെക്ടർ നിലം മറ്റാവശ്യങ്ങൾക്കായി നികത്തിയിട്ടുണ്ട്. ഏറ്റുവായ്ക്കോട്, മടന്തക്കോട് എന്നീ സ്ഥലങ്ങളിൽ നിലത്തിൽ നിന്നു ചെളി കുഴിച്ചെടുത്തതുമൂലം കൃഷിയോഗ്യമല്ലാതാകുകയും പരിസ്ഥിതി പ്രശ്നം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. പല ഭാഗങ്ങളിലും നിലങ്ങളിൽ പച്ചക്കറി, വാഴ, മരച്ചീനി, ഇഞ്ചി തുടങ്ങിയവ കൃഷിചെയ്തു വരുന്നു. ഇപ്പോൾ നെൽകൃഷിക്കു വേണ്ടി മാത്രം ഉപയോഗിക്കുന്നത്. ഉദ്ദേശ 250 ഹെക്ടർ നിലങ്ങളാണ്. ഇപ്പോഴത്തെ ശരാശരി ഉല്പാദനം ഒന്നാംവിളയിൽ നിന്ന് ഹെക്ടറിന് 2100 കി. ഗ്രാമും രണ്ടാംവിളയിൽ നിന്ന് 1850 കി. ഗ്രാമുമാണ്. മൊത്തം കണക്കാക്കിയാൽ നമ്മുടെ ആവശ്യത്തിന്റെ ഏതാണ്ട് 15 ശതമാനംപോലും ആകുന്നില്ല. ഇപ്പോൾ നമ്മുടെ ഭക്ഷ്യാവശ്യങ്ങളിൽ 85 ശതമാനത്തിനു മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുകയാണ്.

നമ്മുടെ ആവശ്യത്തിൽ കുറെയെങ്കിലും നേടുന്നതിന് ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും നെൽകൃഷി എങ്ങനെ അഭിവൃദ്ധിപ്പെടുത്താം എന്ന് ആലോചിക്കണം.

1. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം വ്യാപകവും ഫലപ്രദവുമാകണം. നിലവിലുള്ള ഏലാ സമിതികൾ പുനഃസംഘടിപ്പിച്ച് പ്രവർത്തനക്ഷമമാക്കുക.

കൃഷിഭവന്റെ പ്രവർത്തനം തുടങ്ങുന്നതിന് മുമ്പ് തന്നെ 1972 - ൽ നമ്മുടെ പഞ്ചായത്തിലെ കരീപ്ര നിലമേൽ ഏലായിൽ പഞ്ചായത്ത് സമിതിയുടെയും സഹകരണ ബാങ്കിന്റെയും നേതൃത്വത്തിൽ കൃഷിക്കാരെ കൂട്ടമായി യോജിപ്പിച്ച് പങ്കെടുപ്പിച്ചുകൊണ്ട് കൂട്ടുകൃഷി മാതൃകയിൽ നെൽകൃഷി നടത്തുകയുണ്ടായി. പൊതുഞാറ്റടി, ഒരുമിച്ചു നിലമൊരുക്കൽ, ഒരുമിച്ചുള്ള നടീൽ, ഒരുമിച്ചു മരുന്നുതളി എന്നിവ നടത്തുകയും

ഒരുമിച്ചു കൊയ്യുകയും ചെയ്തു. ഈ പരീക്ഷണം വളരെ വിജയപ്രദമായിരുന്നു. ഏലാ സമിതികളുടെയും കൃഷിഭവന്റെയും ചുമതലയിൽ ഇത് എല്ലാ ഏലകളിലും നടത്താവുന്നതാണ്. ഇതുമൂലം ഉല്പാദനം ഇന്നത്തേതിൽ നിന്ന് ഇരട്ടി ആക്കാൻ കഴിയും.

2. മണ്ണു പരിശോധന ഫലപ്രദമായി നടത്തുകയും, അതിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രാസവള പ്രയോഗം നടത്താൻ കൃഷിക്കാരെ പരിശീലിപ്പിക്കുകയും വേണം. ഇതുമൂലം രാസവളത്തിന്റെ ചെലവ് പകുതിയായി കുറയ്ക്കാൻ കഴിയു.

3. ജൈവവളങ്ങൾ പരമാവധി ഉല്പാദിപ്പിക്കാനുള്ള പ്രേരണയും സാമ്പത്തിക സഹായവും നല്കുക, എല്ലാ കൃഷിക്കാർക്കും കമ്പോസ്റ്റ് നിർമ്മാണത്തിന് ഗ്രാൻറ് നല്കുക. പച്ചിലവളച്ചെടികളുടെ വിത്തുകൾ കൃഷിഭവനിൽ നിന്നും സൗജന്യമായി നൽകുക. മണ്ണിരവളം ഉല്പാദിപ്പിക്കാൻ കൃഷിക്കാരെ പരിശീലിപ്പിക്കുക.

4. നെൽകൃഷിക്ക് നിലവിലുള്ള രാസ വള സബ്സിഡി ഹെക്ടറിന് കുറഞ്ഞത് 1500 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കുക രാസവളങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കുകയും വില കുറയ്ക്കുകയും ചെയ്യുക.

5. എല്ലാ ഏലാ സമിതികൾക്കും സ്വന്തമായി ട്രില്ലറും സ്പേയറുകളും കൊയ്ത്തു-മെതിയന്ത്രങ്ങളും ലഭ്യമാക്കുക. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ട്രാക്ടർ എങ്കിലും ഉണ്ടാകണം.

6. വാർഡടിസ്ഥാനത്തിൽ തൊഴിൽ രഹിതരായ ആരോഗ്യമുള്ള ചെറുപ്പക്കാരുടെ ഒരു സന്നദ്ധ സംഘടന രൂപീകരിക്കുകയും അവർക്ക് പരിശീലനം നല്കി കാർഷിക മേഖലയിൽ പണി ചെയ്യാനുള്ള അവസരം നല്കുക. ഇവർക്കുവേണ്ടി പ്രോവിഡൻറ്ഫണ്ട്, ക്ഷേമനിധി തുടങ്ങിയവ രൂപീകരിച്ച് പ്രോത്സാഹിപ്പിക്കണം. ഇവർക്ക് കൃഷിക്കാർ ന്യായമായി നല്കേണ്ട ശമ്പളം നിശ്ചയിക്കുകയും വേണം.

7. നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള 36 കുളങ്ങളിൽ ആഴം കൂട്ടേണ്ടവ ആഴം കൂട്ടിയും, സൈഡു കെട്ടേണ്ടവ കെട്ടിയും, പമ്പ് സെറ്റ് ആവശ്യമുള്ളിടത്ത് വച്ചു ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.

8. നിലവിലുള്ള ക്രോസ്സ്ബാറുകൾ, പലക വേണ്ടിടത്ത് പലക ഇട്ടു, പുതുക്കി പണിയേണ്ടവ പുതുക്കി പണിഞ്ഞും ഉപയോഗയോഗ്യമാക്കുക. ആവശ്യമുള്ള സ്ഥലങ്ങളിൽ ചെക്കുഡാമുകളും തട അണകളും നിർമ്മിക്കുക.

9. നമ്മുടെ പഞ്ചായത്തിൽ കിഴക്കും, പടിഞ്ഞാറു നിന്ന് തെക്കോട്ട് ഒഴുകുന്ന രണ്ടു പ്രധാന തോടുകളിലേക്ക്, കല്ലട ഇറിഗേഷന്റെ ഇടതു കനാലിൽ നിന്നും കൃഷിക്കാവശ്യമായ രീതിയിൽ വെള്ളം തിരിച്ചുവിടുക.

തെങ്ങ് - നമ്മുടെ പഞ്ചായത്തിലെ കൃഷിക്കാരുടെ ഏറ്റവു വലിയ വരുമാനമാർഗ്ഗം തെങ്ങുകൃഷി തന്നെയായിരുന്നു. നമ്മുടെ പഞ്ചായത്തിലെ തൃപ്പിലഴികം, കുഴമതിക്കാട്, കരീപ്ര, തളവൂർക്കോണം, മടന്തകോട്, കുട്ടിക്കോട്, ഇടയ്ക്കിടം എന്നീ വാർഡുകളിൽ തെങ്ങുകൃഷി വളരെ ആദായകരമായിരുന്നു. മറ്റു വാർഡുകളിലും തെങ്ങ് ധാരാളമായി ഉണ്ടായിരുന്നു. വയൽ വരമ്പുകളിലും താണ പ്രദേശങ്ങളിലുമുള്ള തെങ്ങുകളിൽ നിന്ന് നല്ല ആദായം കിട്ടിയിരുന്നു. എന്നാൽ ഇപ്പോൾ വ്യാപകമായി പിടിപെട്ടിരിക്കുന്ന കാറ്റു വീഴ്ച, മൺചീയൽ, മഞ്ഞളിപ്പ് തുടങ്ങിയ മാരകമായ രോഗങ്ങൾ തെങ്ങിൽ നിന്നുള്ള ആദായം കുറയാനും, തെങ്ങുകൾ നശിക്കാനും ഇടയാക്കി. തെങ്ങുകൃഷിയോടുള്ള ആഭിമുഖ്യക്കുറവ് കൃഷിക്കാരിൽ കണ്ടുവരുന്നു.

തെങ്ങുകൃഷി അഭിവൃദ്ധിപ്പെടുത്താനും ആദായകരമാക്കാനും ചില അടിയന്തിര നടപടികൾ സ്വീകരിക്കണം.

1. രോഗം ബാധിച്ച മൂഴുവൻ തെങ്ങുകളും നഷ്ടപരിഹാരം നല്കി വെട്ടിമാറ്റുകയും രോഗപ്രതിരോധ ശക്തിയുള്ള തൈകൾ സൗജന്യമായി ലഭ്യമാക്കുകയും ചെയ്യുക.

2. പഞ്ചായത്തിൽ പുതിയതായി രജിസ്റ്റർ ചെയ്തിട്ടുള്ള കേരകർഷ സമിതിയുടെ പൊതുയോഗം വിളിച്ചുകൂട്ടി ഭരണസമിതിയെ തെരഞ്ഞെടുക്കുകയും പ്രവർത്തനം ആരഭിക്കുകയും ചെയ്യുക.

3. തെങ്ങിനും ജലസേചനത്തിനും വേണ്ടി കൃഷിഭവന്റെ ചുമതലയിൽ ആരംഭിച്ച അയമിവേലിൽ, കടപ്പാക്കോണം, തൃപ്പിലഴികം, ചൊവ്വള്ളൂർ, കരീപ്ര എന്നീ കമ്മ്യൂണിറ്റി ജലസേചന പദ്ധതികൾ ഇതുവരെയും ഉപയോഗയോഗ്യമായിട്ടില്ല. ഈ പദ്ധതികൾക്ക് മൊത്തം 13, 34, 000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ നിന്നും അഡ്വാൻസായും അല്ലാതെയും 75 ശതമാനത്തിൽ കൂടുതൽ തുക മാറിയിട്ടുണ്ട്. കൃഷിഭവന്റെ പ്രവർത്തനവൈകല്യംമൂലമാണ് ഈ പദ്ധതികൾ പൂർത്തിയാകാഞ്ഞതെന്നാണ് അറിയുന്നത്. ഉടനടി പണി പൂർത്തിയാക്കി ജലസേചന സൗകര്യം ഉണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

4. കേരകർഷക സമിതിയുടെ ചുമതലയിൽ രോഗബാധയില്ലാത്ത നല്ലയിനം തെങ്ങുകൾ തെരഞ്ഞെടുത്ത് വിത്ത് തേങ്ങാ ശേഖരിച്ച് തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ച് ആവശ്യാനുസരണം വിതരണം ചെയ്യുക.

5. കെ. ഐ. പി. യുടെ ഇടതു കനാലിൽ നിന്നുള്ള ജല ലിഫ്റ്റ് ഇറിഗഷൻ മൂലം തെങ്ങിനും മറ്റു കരകൃഷികൾക്കും

ജലസേചനം നടത്താനുള്ള സൗകര്യം ഉണ്ടാക്കുക.
6. തെങ്ങിനാവശ്യമുള്ള മുഴുവൻ വളങ്ങളും സബ്സിഡി റേറ്റിൽ നല്കുക.
7. തുരശും ചുണ്ണാമ്പും മറ്റു കീടനാശിനികളും സൗജന്യമായി നല്കുക.
8. തെങ്ങിന് മരുന്നു തളിക്കാനുള്ള സ്പ്രേയറുകൾ എല്ലാ വാർഡുകളിലും ലഭ്യമാക്കുക.

വാഴ - വളരെ ആദായകരമായി നടത്താവുന്ന ഒന്നാണ് വാഴകൃഷി. കരയോടു ചേർന്നുള്ള വയലുകളിലും താണപുരയിടങ്ങളിലും നിരപ്പായ, കരപുരയിടങ്ങളിലും വ്യാപകമായി വാഴകൃഷി ചെയ്യാം. ഇടയ്ക്കിടം, കടയ്ക്കോട് വാർഡുകളിൽ വാഴ നില്ല രീതിയിൽ കൃഷിചെയ്യുന്നുണ്ട്. മറ്റു വാർഡുകളിലു ഇത് വ്യാപിപ്പിക്കാം. ഏത്തൻ, പൂവൻ, പാളയങ്കോടൻ തുടങ്ങിയ വിവിധ ഇന വാഴകൾക്കു യോജിച്ച മണ്ണാണ് നമ്മുടേത്. ആവശ്യമുള്ളത്ര വാഴക്കന്നുകൾ നമ്മുടെ കൃഷിക്കാരിൽ നിന്ന് ശേഖരിച്ചു പോരാത്തത് മറ്റു സ്ഥലങ്ങളിൽ നിന്ന് വരുത്തിയും കൃഷിഭവന്റെ ചുമതലയിൽ വിതരണം ചെയ്യണം. ജലസേചനത്തിനാവശ്യമായ പമ്പുസെറ്റുകൾക്ക് ലോണും സബ്സിഡിയും അനുവദിച്ച് കൊടുത്ത് ഈ കൃഷി അഭിവൃദ്ധിപ്പെടുത്തുവാൻ കഴിയും. ഉത്പാദിപ്പിക്കുന്ന വാഴക്കുലകൾ നെടുമൺകാവ്, ഇടയ്ക്കിടം., കടയ്ക്കോട് എന്നീ ചന്തകളിൽ വിൽക്കാവുന്നതാണ്.

പച്ചക്കറി - പച്ചക്കറികൃഷി ചെയ്യുന്നതിന് ഭൂപ്രകൃതിയും കാലാവസ്ഥയും ഏറ്റവു അനുകൂലമായ പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. നമ്മുടെ പഞ്ചായത്തിൽ നെടുമൺകാവ്, ഇടയ്ക്കിടം, കടയ്ക്കോട്, വാക്കനാട് എന്നീ വാർഡുകൾ പച്ചക്കറികൃഷിക്ക് ഏറ്റവും യോജിച്ച സ്ഥലങ്ങളാണ്. ഈ പ്രദേശങ്ങളിലെ വറ്റാത്ത നീരുറവകളും വളക്കൂറുള്ള മണ്ണും ഈ കൃഷിക്ക് യോജിച്ചതാണ്. വലിയ അധ്വാനം കൂടാതെ തന്നെ ഓരോ വീട്ടിലേക്കും ആവശ്യമുള്ള പച്ചക്കറികൾ ഉല്പാദിപ്പിക്കാവുന്നതാണ്. അടുക്കളയോട് ചേർന്ന ഭാഗങ്ങളിൽ മുളക്, വെണ്ട, ചീര, വഴുതന തുടങ്ങിയവ വീട്ടമ്മമാർക്ക് തന്നെ നട്ടുവളർത്താവുന്നതാണ്. നിലങ്ങളിൽ ഇടവിളയായി ഈ കൃഷി ആദായകരമായി ചെയ്യാൻ കഴിയും. ഓരോ വാർഡിലും 20 ആറിൽ കുറയാതെയുള്ള ഒന്നോ അതിലധികമോ സ്ഥലങ്ങൾ തിരഞ്ഞെടുത്ത് മാതൃകാ പച്ചക്കറിതോട്ടങ്ങൾ നിർമ്മിക്കാനുള്ള സഹായം കൃഷിഭവൻ ചെയ്യണം. ഇങ്ങനെയുണ്ടാക്കുന്ന മാതൃകാ പച്ചക്കറിതോട്ടങ്ങളിൽ നിന്നു നമ്മുടെ പഞ്ചായത്തിലേക്ക് ആവശ്യമുള്ള മുഴുവൻ പച്ചക്കറി വിത്തുകളു ശേഖരിക്കാൻ കഴിയണം.

മരച്ചീനി - നമ്മുടെ പഞ്ചായത്തിൽ വളരെ വ്യപകമായി കൃഷിചെയ്തു വരുന്ന ഒരു വിളയാണ് മരച്ചീനി. കരപുരയിടങ്ങളിൽ വൃക്ഷങ്ങളില്ലാത്ത സ്ഥലം മുഴുവനും ഈ കൃഷിക്ക് ഉപയോഗിച്ചിരുന്നതാണ്. കർഷകത്തൊഴിലാളികളുടെ കുറവും ഇടക്കാലത്ത് മാർക്കറ്റിംഗിൽ ഉണ്ടായ വിഷമവും മരച്ചീനിയുടെ വിലയിടിവും എലിശല്യവും മറ്റും ഈ കൃഷി നശിക്കാൻ കാരണമായി. ധാരാളമായി വിളവുകിട്ടുന്ന മേൽത്തരം മരച്ചീനിയിനങ്ങൾ ഇന്നുണ്ട്. ഒരു കാലത്ത് നമ്മുടെ ഭക്ഷ്യാവശ്യത്തിന്റെ പകുതിയും മരച്ചീനി കൊണ്ടാണ് നടന്നത്. പാവപ്പെട്ടവന്റെ ഏറ്റവും പ്രധാനമായ ആഹാരപദാർത്ഥമായിരുന്നു മരച്ചീനി. ഏതു രീതിയിലും ഈ കൃഷി അഭിവൃദ്ധിപ്പെടുത്തേണ്ടതാണ്. ഭക്ഷ്യാവശ്യത്തിനും വ്യാവസായികാവശ്യത്തിനും മരച്ചീനി ഉപയോഗിക്കാം. കുറഞ്ഞകാലം കൊണ്ട് വിളവെടുക്കാവുന്ന മരച്ചീനിയും ഇന്നുണ്ട്. അത വയലുകളിൽ ഇടവിളയായി കൃഷിചെയ്യുന്നതു ആദായകരമാണ്.

കുരുമുളക് - നല്ല ആദായം കിട്ടുന്ന ഒരു നാണ്യവിളയാണ്, കുരുമുളക്. ദ്രുതവാട്ടം തുടങ്ങിയ ചില രോഗങ്ങൾ കാരണം ധാരാളം കുരുമുളക് കൊടികൾ നശിച്ചുപോയിട്ടുണ്ട്. ഇത് കൃഷിക്കാരെ ഈ കൃഷിയിൽ നിന്നു പിന്മാറ്റാൻ കാരണമായി. ശാസ്ത്രീയമായി മേൽത്തരം കുരുമുളക് വള്ളികൾ കൃഷിചെയ്ത് തക്കസമയത്ത് രോഗപ്രതിരോധ നടപടികൾ സ്വീകരിച്ചും ഈ കൃഷി അഭിവൃദ്ധിപ്പെടുത്താവുന്നതാണ്. ആവശ്യത്തിനുള്ള കുരുമുളക് വള്ളികൾ കൃഷിഭവൻ മുഖേന തക്കസമയത്ത് വിതരണം ചെയ്യണം. വളവു കീടനാശിനികളും എല്ലാ കൃഷിക്കാർക്കും തക്കസമയത്ത് തന്നെ ലഭ്യമാക്കുകയും വേണം. കരയോട് ചേർന്നുള്ള വയലുകൾ കുരുമുളക് കൃഷിക്ക് ഉത്തമമാണ്.

കശുമാവ് - നമ്മുടെ പഞ്ചായത്തിൽ ഏകദേശം 75 ഹെക്ടർ സ്ഥലത്താണ് കശുമാവ് കൃഷിയുള്ളത്. ഇതിൽ കൂടുതലും കടയ്ക്കോട് വാർഡിലാണ്. വാക്കനാട്, പ്ലാക്കോട്, കരീപ്ര, ഇടയ്ക്കിടം എന്നീ വാർഡുകളിൽ

കശുമാവ് കൃഷി ഇന്നത്തേതിൽ നിന്ന് വർദ്ധിപ്പിക്കാവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ മുഴുവൻ വാർഡുകളിലും ഈ കൃഷി നല്ലതുപോലെ നടത്തുവാൻ കഴിയും. കശുവണ്ടി വ്യവസായമാണ് നമ്മുടെ പഞ്ചായത്തിലെ പ്രധാന തൊഴിൽ രംഗം. കശുവണ്ടിയുടെ ഉല്പാദനം വർദ്ധിപ്പിച്ചാൽ കൃഷിക്കാരുടെ വരുമാനം വർദ്ധിക്കുകയും തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ അവസരം ഉണ്ടാകുകയു ം ചെയ്യും. കശുമാവ് വെട്ടിമാറ്റി റബ്ബർ നടുന്ന ഒരു പ്രവണത കടയ്ക്കോട് പ്രദേശത്ത് കണ്ടുവരുന്നു. ഇത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. കൃഷി ഡിപ്പാർട്ട്മെൻറിൽ നിന്നുംവിതരണ ചെയ്യുന്ന കശുമാവിൻ തൈകൾക്ക് ഉത്പാദനക്ഷമത കുറഞ്ഞതായി കാണുന്നു. നമ്മുടെ നാട്ടിൽത്തന്നെയുള്ള കൂടുതൽ ഉത്പാദനം തരുന്ന കശുമാവുകളിൽ നിന്ന് കശുവണ്ടി ശേഖരിച്ച് വിത്തിനായി ഉപയോഗിക്കാം. കശുമാവ് കൃഷിക്ക് വളം സൗജന്യമായി നൽകണം. നമ്മുടെ പഞ്ചായത്തിലുള്ള തരിശുഭൂമികളും കെ. ഐ. പി. കനാലുകളുടെ കരയും കശുമാവ് കൃഷിക്കുപയോഗിക്കാം.

മറ്റു കാർഷിക വിളകൾ - ചേന, ചേമ്പ്, കാച്ചിൽ മറ്റു കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ പഴയ കാലങ്ങളിൽ നമ്മുടെ പ്രദേശത്ത് ധാരാളമായി കൃഷിചെയ്തുവന്നിരുന്നു. ധനുമാസങ്ങളിൽ കാച്ചിൽ, ചേമ്പ്, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയവ നടുന്നതു പതിവായിരുന്നു. അതുപോലെ തന്നെ ഇടവ മാസത്തിൽ പയറും ഉഴുന്നും വിതച്ചു വന്നിരുന്നു. കന്നിമാസത്തിൽ മുതിരയും കൃഷിചെയ്തു പോന്നു. ഇതെല്ലാം നമ്മുടെ കൃഷിക്കാർ കൃത്യമായി ചെയ്തു വന്നതാണ്. ഈ വിളകളൊക്കെ നമ്മുടെ ഭക്ഷണകാര്യത്തിൽ ഒരു പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ കാർഷിക വിളകളൊക്കെ വലിയ പ്രയാസം കൂടാതെ കൃഷി ചെയ്യാവുന്നതാണ്. ഇതിനെല്ലാം ജൈവവളങ്ങളാണ് പ്രധാനം. കാലാവസ്ഥയെ ആശ്രയിച്ചു ചെയ്യുന്ന കൃഷികളായതിനാൽ ജലസേചനത്തിൻെറ ആവശ്യവുമില്ല.

റബ്ബർ - കർഷകത്തൊഴിലാളികളുടെ അഭാവവും കൂലിക്കൂടുതലും ജലസേചന സൗകര്യങ്ങളുടെ കുറവും പ്രതികൂലമായ കാലാവസ്ഥയും, തേങ്ങായുടെ വിലയിലുള്ള അസ്ഥിരതയും വളത്തിൻെറ വില കൂടുതൽ എന്നിവയും തെങ്ങ് കൃഷിയെ പരാജയപ്പെടുത്തുന്നു. ഈ സാഹചര്യത്തിലാണ് കൃഷിക്കാരെ കൂടുതൽആദായകരമെന്ന് കരുതുന്ന റബ്ബർ കൃഷിയിലേക്ക് ആകർഷിച്ചത്. റബ്ബർ കൃഷിക്ക് അത്രകണ്ട് യോജിച്ച പ്രദേശമല്ലെങ്കിലും റബ്ബർ ബോർഡിൻെറയും മറ്റു സാമ്പത്തിക സ്ഥാപനങ്ങളുടെയും സഹായത്തോടു കൂടി റബ്ബർ കൃഷി അഭിവൃദ്ധിപ്പെടുത്താൻ കഴിയും. തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് ടാപ്പിംഗ് പരിശീലനം നല്കണം. ഇപ്പോൾ അരംഭിച്ചിട്ടുള്ള കൃഷിയുടെ തോത് വച്ചായാലും ഉദ്ദേശം 500 പേർക്ക് തൊഴിൽ നല്കുവാൻ കഴിയും.

വള വിതരണം - നമ്മുടെ പഞ്ചായത്തിലെ വളം വിതരണത്തിൻെറ മുഖ്യപങ്ക് കരീപ്ര സർവ്വീസ് സഹകരണബാങ്കാണ് നിർവ്വഹിക്കുന്നത്. കരീപ്രയിലെ ബാങ്കിൻെറ കേന്ദ്ര ഡിപ്പോയും നെടുമൺകാവിലെ സബ്ബ് ഡിപ്പോയുമാണ് ഈ പഞ്ചായത്തിലെ വള വിതരണത്തിൻെറ 75 ശതമാനവും നിർവ്വഹിക്കുന്നത്. നെടുമൺകാവ്, കുഴിമതിക്കാട്, പാലനിരപ്പ്, വാക്കനാട്, ഇടയ്ക്കിടം, കടയ്ക്കോട് എന്നിവിടങ്ങളിൽ സ്വകാര്യഡിപ്പോകളും പ്രവർത്തിക്കുന്നു.

കീടനാശിനികൾ - നെല്ല്, പച്ചക്കറികൾ, വാഴ എന്നീ വിളകൾക്കാണ് കീടനാശിനികൾ കൂടുതലായി ഉപയോഗിക്കുന്നത്. കൃഷിഭവൻ മുഖേന സബ്സിഡി റേറ്റിൽ ആവശ്യാനുസരണം കീടനാശിനി ലഭ്യമാക്കണം. ബാങ്കിൻെറ വള ഡിപ്പോകൾ വഴിയും ഇത് വിതരണം ചെയ്യണം. പച്ചക്കറികൾക്ക് വീര്യം കൂടിയ കീടനാശിനികൾ ഉപയോഗിക്കാതിരിക്കുന്നതാണ് നല്ലത്. പുകയിലകഷായം, ബോഡോമിക്ചർ, അടുപ്പുചാമ്പൽ എന്നിവ കീടനാശിനിയായി ഉപയോഗിക്കാവുന്നതാണ്.

കാർഷികോപയോഗങ്ങൾ - കൃഷിഭവൻെറ ചുമതലയിൽ നമ്മുടെ പഞ്ചായത്തിൽ നാല് ഡ്രില്ലറു, 4 റോക്ക് സ്പ്രെയറുകളും ഏതാനു ചെറിയ സ്പ്രെയറുകളും ഒരു മെതിയന്ത്രവും സ്ബസിഡി റേറ്റിൽ കൊടുത്തിട്ടുണ്ട്. എന്നാൽ ഇപ്പോൾ രണ്ട് ഡ്രില്ലറുകളാണ് പ്രവർത്തനക്ഷമമായി ഉള്ളത്. മെതിയന്ത്രവും പ്രവർത്തനക്ഷമമല്ല. ഈ പഞ്ചായത്തിൽ ആവശ്യനുസരണം ഏലാ സമിതികൾക്ക് ഡ്രില്ലറുകളും മറ്റു കാർഷികോപകരണങ്ങളും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

പാടശേഖര സമിതികൾ - കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂടി യോജിപ്പിച്ചു രൂപീകരിക്കപ്പെട്ട 12 പാടശേഖര സമിതികളാണ് ഇപ്പോഴുള്ളത്. ഇതിൽ പലതു വേണ്ട രീതിയിലല്ല പ്രവർത്തിക്കുന്നത്. ഏലാ അടിസ്ഥാനത്തിൽ കൃഷിക്കാരുടെ യോഗം വിളിച്ച് ഏലാ സമിതികൾ പുനഃസംഘടിപ്പിക്കണം. എല്ലാ പാടശേഖരങ്ങളിലും ഗ്രൂപ്പ് ഫാമിഗ് സമ്പ്രദായം നടപ്പിലാക്കി നെല്ലുത്പാദനം വർദ്ധിപ്പിക്കണം.

കൂലിനിരക്ക് - കാർഷിക മേഖലയിൽ തൊഴിലാളികളുടെ എണ്ണം ദിവസംപ്രതി കുറഞ്ഞുവരികയാണ്. വിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാറ്റങ്ങൾ, കൃഷിയോടുള്ള ആഭിമുഖ്യകുറവ് തുടങ്ങിയവ ഇതിന്റെ കാരണങ്ങളിൽപെടുന്നു. നമ്മുടെ പഞ്ചായത്തിൽ 6000ത്തോളം കുടുബങ്ങൾ ഉള്ളതിൽ ഏതാണ്ട് 2400 കുടുബങ്ങൾ മാത്രമേ കൃഷിയെ മുഖ്യ ഉപജീവനമാർഗ്ഗമായി ആശ്രയിക്കുന്നുള്ളൂ. കാർഷികത്തൊഴിലാളികൾ പഞ്ചായത്ത് ഒട്ടുക്ക് 120 പേർ മാത്രമേയുള്ളൂ. ഇവരുടെ ശരാശരി കൂലി നിരക്ക് പുരുഷന് 90 രൂപയും സ്ത്രീകൾക്ക് 65 രൂപയുമാണ്. ഒരു ഏകീകൃത നിരക്കില്ല.

കാർഷിക വായ്പ - നമ്മുടെ പഞ്ചായത്തിലെ കാർഷികാവശ്യങ്ങളുടെ ഏതാണ്ട് 75 ശതമാനവും കരീപ്ര സർവ്വീസ് സഹകരണബാങ്കാണ് വായ്പയായി നല്കുന്നത്. കൂടാതെ കൊല്ലം ജില്ലാ ഭൂപണയബാങ്ക് SBT യുടെ കൊട്ടാരക്കര കാർഷിക ശാഖ എന്നിവയും കാർഷിക വായ്പ നൽകുന്നുണ്ട്. കാർഷിക വായ്പ കൃഷിക്കു മാത്രമായി ഉപയോഗിക്കാനുള്ള പ്രേരണ കൃഷിക്കാർക്കു കൊടുക്കണം. കുറഞ്ഞ പലിശ നിരക്കിൽ കാർഷിക വായ്പ കിട്ടാനുള്ള സൗകര്യങ്ങൾ ഉണ്ടാകണം. കൊല്ലം ജില്ലാ സഹകരണബാങ്ക് അടുത്തകാലത്ത് വർദ്ധിപ്പിച്ച പലിശ നിരക്ക് കുറയ്ക്കണം.

ജലസേചനം - പ്രധാനമായും മഴയെ ആശ്രയിച്ചു കൃഷി നടത്തുന്ന പ്രദേശമാണ് ഇത്. രണ്ടു ഘട്ടങ്ങളിലായിട്ടാണ് ഇവിടെ കൂടുതൽ മഴ ലഭിക്കുന്നത്. ജൂൺ മുതൽ സെപ്തംബർ വരെ ലഭിക്കുന്ന കാലവർഷവും ഒക്ടോബർ, നവംബർ മാസങ്ങളിൽ കിട്ടുന്ന തുലാവർഷവുമാണ് പ്രധാനം. നമ്മുടെ പഞ്ചായത്തിന്റെ വടക്കു കിഴക്കു ഭാഗത്ത് നിന്ന് തെക്കോട്ടൊഴുകി നെടുമൺകാവ് ആറ്റിൽ ചേരുന്ന ചെറുതും വലുതുമായ 11 തോടുകളും നെടുമൺകാവ് ആറ് പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ സ്ഥിതി ചെയ്യുന്ന 36 കുളങ്ങളും ഉൾപ്പെട്ടതാണ് നമ്മുടെ ഉപരിതല ജല സ്രോതസ്സ്. ഫെബ്രുവരി, മാർച്ച് മാസങ്ങൾ ആകുമ്പോൾ നെടുമൺകാവ് ആറ്, വാക്കനാട് കൊല്ലോണത്തു ഭാഗം, കടയ്ക്കോട് പായ്ത്തല ഭാഗങ്ങൾ, തൊളിക്കോട് ഏല ഒഴിച്ചുള്ള മുഴുവൻ തോടുകളും വറ്റുന്നു. കുളങ്ങളിൽ ഉളങ്കോട്, ചിറക്കടവ്, കടപ്പാക്കോണം, തളവൂക്കോണം, കുഴിമതിക്കാട് തുടങ്ങിയ ഏതാനു കുളങ്ങളൊഴിച്ച് ബാക്കി കുളങ്ങൾ വറ്റിപ്പോകും. തോടുകളിൽ ആവശ്യത്തിനുള്ള ബണ്ടുകൾ ഉണ്ടാക്കിയും ക്രോസ് ബാറുകൾ നിർമ്മിച്ചു കിട്ടാവുന്നിടത്തോളം വെള്ളം ഉപയോഗിക്കണം. കെ. ഐ. പി. കനാലിൽ നിന്നു വാഴോട്ടു കുന്നിൽ മുകളിൽ ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ആരഭിച്ചാൽ കടയ്ക്കോട്, ഇടയ്ക്കിടം. പ്ലാക്കോട്, വാക്കനാട്, ഇലയം എന്നീ ഏലാകൾക്കു കെ. ഐ.പി. യുടെ തൃപ്പിലഴികം തോട്ടിൽ നിത്യവും വെള്ളം കിട്ടത്തക്കവിധം കനാലുമായി ബന്ധപ്പെടുത്തിയാൽ തൃപ്പിലഴികം, കാരിക്കൽ, ചിറക്കടവ്, കരീപ്ര, മടന്തക്കോട് എന്നീ ഏലാകൾക്ക് വെള്ളം കിട്ടുന്നതാണ്. ഇവിടെയുള്ള രണ്ടു പ്രധാന തോടുകൾ വഴിയും കെ. ഐ. പി. യുടെ കനാലിൽ നിന്ന് വെള്ളം തിരിച്ചു വിടാവുന്നതാണ്. ഇപ്പോഴുള്ള കുളങ്ങൾ സംരക്ഷിച്ച് ആവശ്യമുള്ളിടത്ത് പമ്പുസെറ്റുകൾ വച്ചു ജലസേചന സൗകര്യം വർദ്ധിപ്പിക്കാം. കൽച്ചിറഭാഗത്ത് ലിഫ്റ്റ് ഇറിഗേഷൻ നടത്തി ഉളങ്കോട് ഏലായിൽ വെള്ളമെത്തിക്കാം.

കൃഷിഭവൻ - നമ്മുടെ സംസ്ഥാനത്ത് ആദ്യമായി ആരംഭിച്ച കൃഷി ആഫീസ് കരീപ്രയാണ്. നമ്മുടെ പഞ്ചായത്തിൽ നടന്ന മാതൃകാ കാർഷിക പ്രവർത്തനങ്ങളുടെ ഫലമായിട്ടുകൂടിയാണ് ആദ്യത്തെ ലിസ്റ്റിൽതന്നെ ഇവിടെ കൃഷിഭവൻ ഉണ്ടായത്. കാർഷിക വികസനവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട പല പദ്ധതികളും കൃഷിക്കാർക്കുള്ള മുഴുവൻ സഹായങ്ങളും കൃഷിഭവനിൽ കൂടിയാണ് ലഭിക്കേണ്ടത്. എന്നാൽ കരീപ്ര കൃഷിഭവന്റെ കുറെക്കാലമായുള്ള പ്രവർത്തനം കൃഷിക്കാർക്ക് സഹായകമായ രീതിയിലല്ല നടക്കുന്നത്. കൃഷിഭവൻ മുഖേനയുള്ള സഹായങ്ങളെക്കുറിച്ച് യഥാസമയം കൃഷിക്കാരെ അറിയിക്കാറില്ല. കൃഷി ഡിപ്പാർട്ട്മെന്റിൽ നിന്ന് അനുവദിയ്ക്കാറുള്ള സഹായങ്ങൾ അർഹരായ എല്ലാവർക്കും ലഭിക്കാറില്ല. കൃഷിഭവന്റെ ചുമതലയിൽ ഏലാകളിൽ അനുവദിച്ച വികസന പ്രവർത്തനങ്ങൾ വേണ്ട രീതിയിൽ പൂർത്തിയാക്കിയിട്ടില്ല. കമ്മ്യൂണിറ്റി

ഇറിഗേഷൻ സ്കീമിൽ ഉൾപ്പെടുത്തി അനുവദിച്ച അയണിവേലിൽ, കടപ്പാക്കോണം, തൃപ്പിലഴികം, കരീപ്ര എന്നീ ജലസേചന പദ്ധതികളുടെ പണി കൃഷിഭവന്റെ വീഴ്ചമൂലം പൂർത്തിയായിട്ടില്ല. ഇപ്പോൾ കൃഷിഭവൻ പഞ്ചായത്തിന്റെ നിയന്ത്രണത്തിലാണ്. മേൽവിവരിച്ച പോരായ്മകൾ പരിഹരിച്ച് മുമ്പോട്ട് പോകണ്ടതാണ്.

പട്ടിക 1
ഭൂമിയുടെ തരം തിരിവ്

വിസ്തീർണ്ണം - ഹെക്ടറിൽ അവലബം - വില്ലേജ് രേഖ

പുരയിടം 1	നിലം 2	പുറംമ്പോക്ക് 3	തരിശ് 4	ആകെ 5	6
1847.00	287.00	124.00	62.00	2320.	

പട്ടിക 2
പുറമ്പോക്ക് ഭൂമി സംബന്ധിച്ച വിവരം
അവലബം വില്ലേജ് രേഖ

വിസ്തീർണ്ണം - ഹെക്ടറിൽ

റോഡ്	തോട്	കുളം	പുഴ	റവന്യൂ	വന	ആകെ
11.00	13.00	0.99	6.27	91.00	ഇല്ല	122.00

പട്ടിക - 3
പതിച്ചുകൊടുക്കാവുന്ന ഭൂമി
അവലബം വില്ലേജ് രജിസ്റ്റർ
കൃഷിയോഗ്യം വിസ്തീർണ്ണം ഹെക്ടറിൽ

പുരയിടം	നിലം	തരിശ്	മറ്റുള്ളത്	ആകെ
44.00	ഇല്ല	18.00	നിൽ	62.00

കൈവശഭൂമിയെ സബന്ധിച്ച വിവരം
പട്ടിക - 4
അവലബം വില്ലേജ് രജിസ്റ്റർ

4 ആർ വരെ യുള്ളവർ	4 മുതൽ 10 ആർ വരെ	10ആർമുതൽ 20 ആർ വരെ	20 ആർ മുതൽ 40 ആർ വരെ	40 ആർ മുതൽ 80 ആർ വരെ	80 ആറിന് മുകളിൽ
7325	3875	1650	1276	725	771

പട്ടിക 5

പൊതുവിതരണ സമ്പ്രദായത്തിലെ ഗുണഭോക്താക്കളുടെ വിവരം

അവലംബം റേഷൻകട രജി.

വർഷം	പ്രതിവർഷം വിതരണ ചെയ്ത ഭക്ഷ്യവസ്തുക്കൾ ക്വിൻറൽ					
	കാർഡുടമകളുടെഎണ്ണം	ഗുണഭോക്താക്കളുടെ എണ്ണം	അരി എല്ലാ ഇനവും കൂടി	ഗോതമ്പ്	റവ	മൈദ
1	2	3	4	5	6	7
1991-92	4674	20862	6042	590	41	1140
92-93	4910	22032	4104	820	32	1254
93-94	5053	24077	4617	2730	50	1415
94-95	5941	24198	3610	2876	62	1368
95-96	6166	25385	3287	4560	68	1596

കരീപ്ര പഞ്ചായത്തിലെ കാർഷിക മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

1. ഭക്ഷ്യവിളയുടെ കൃഷിയിൽ താല്പര്യം കുറയുന്നു. നാണ്യവിള കൃഷി ചെയ്യുന്നതിന് പ്രധാന്യംക്കൊടുക്കുന്നു.
2. ജലസേചനസൗകര്യങ്ങളുടെ കുറവ്
3. നിലവിലുള്ള ജലസ്രോതസ്സുകൾ വേണ്ട രീതിയിൽ ഉപയോഗിക്കാതിരിക്കുക.
4. കർഷകതൊഴിലാളികളെ കിട്ടാനുള്ള ബുദ്ധിമുട്ടും കൂലി കൂടുതലും
5. അത്യുല്പാദനവും പ്രതിരോധ ശേഷിയുള്ള വിത്തിനങ്ങളുടെ ലഭ്യതക്കുറവ്
6. ആവശ്യാനുസരണം കാർഷിക വായ്പ ലഭിക്കാനുള്ള കാലതാമസവും പലിശ കൂടുതലും
7. പാടങ്ങൾ മറ്റാവശ്യങ്ങൾക്ക് നികത്തുകയും കുഴിച്ച് മണ്ണെടുക്കുകയും ചെയ്യുന്ന പരിസ്ഥിതി പ്രശ്നം.
8. അശാസ്ത്രീയമായ വളപ്രയോഗം.
9. കാർഷിക യന്ത്രങ്ങളുടെ കുറവും ഉള്ളവ കൃഷിയിടങ്ങളിൽ എത്തിക്കാനുള്ള ഗതാഗത സൗകര്യമില്ലായ്മയും.
10. രാസവളങ്ങളുടെ ക്രമാതീതമായ വിലക്കയറ്റവും ജൈവ വളങ്ങളുടെ അഭാവവും
11. മണ്ണൊലിപ്പും മണ്ണിൻെറ ഫലപുഷ്ടി നഷ്ടപ്പെടലും
12. കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിനുള്ള സൗകര്യക്കുറവ്.

വാർഡുതല ആവശ്യങ്ങൾ

1. തൃപ്പിലഴികം - കോയിപ്പുറം, ഇലഞ്ഞിമൂട്, കാരിക്കൽ, ചൊവ്വള്ളൂർ, കോട്ടേക്കുന്ന് എന്നിവിടങ്ങളിൽ തലക്കുളങ്ങൾ കുഴിച്ച് പമ്പ് സെറ്റ് വയ്ക്കണം. മൽപ്പറഞ്ഞ പ്രദേശങ്ങളിൽ ട്രാക്ടർ പാസേജുകൾ പണിയണം. ഇലഞ്ഞിമൂട്,. പാലക്കോട് എന്നിവിടങ്ങളിൽ ക്രോസ്ബാർകൾ നിർമ്മിക്കണം. വളം വിതരണത്തിന കരീപ്ര സഹകരണബാങ്കിൻെറ ഒരു സബ്ഡിപ്പോ സ്ഥാപിക്കണം. തെങ്ങിന് മരുന്നുതളിക്കാനുള്ള സ്പ്രേയറുകൾ ലഭ്യമാക്കണം.

2. ഇടയ്ക്കിടം - മത്തൂർ, വയലിൽ കട ഭാഗം എന്നിവിടങ്ങളിൽ തലക്കുളം കുഴിച്ച് പമ്പുസെറ്റ് വയ്ക്കുക., പുമല തലക്കുളത്തിൽ പമ്പുസെറ്റ് വയ്ക്കുക. അയണിവേലിക്കുളത്തിലെ പമ്പുസെറ്റ് പ്രവർത്തനക്ഷമമാക്കുക. മുന്നൂർ ക്ഷേത്രകുളത്തിലും, തെറ്റികുന്നിൽ ക്ഷേത്രകുളത്തിലും ചേർത്തല കുളത്തിലും നിന്ന് ജലസേചന സൗകര്യങ്ങൾ ഉണ്ടാക്കുക. കണ്ണമ്പള്ളിൽ തെറ്റിക്കുന്നിൽ ഏല, പാറവിളക്കുഴിവിള ഏല, ബദാംമുക്ക് - ചൊവ്വള്ളൂർ

ഏല., പുന്നവിള തേവർ പൊയ്ക ഏല, കുന്നുവിള - മഞ്ഞൂർ ഏല, മാടൻചിറ - മുന്നൂർ ഏല, കളീലഴിക വയലിക്കട ഏല, എ. എ. ജഗ്ഷൻ - പ്ലാകാല ഏല, എ. എ. അംഗനവാടി - പുമല ഏല എന്നിവിടങ്ങളിൽ ട്രാക്ടർ പാസ്സേജുകൾ ഉണ്ടാക്കുക. വള വിതരണത്തിന് സഹകരണബാങ്കിന്റെ ഒരു സബ്ഡിപ്പോ തുറക്കുക. ഒരു കൃഷി അസിസ്റ്റന്റിന്റെ സേവനം ആഴ്ചയിൽ രണ്ടു ദിവസമെങ്കിലും ലഭിക്കാനുള്ള സൗകര്യം ഉണ്ടാക്കുക.

3. കടയ്ക്കോട് - വാഴോട്ടു കുന്നിൻമുകളിൽ അംബേദ്കർ കോളനി -വാഴോട്ടു ഏലായിൽ തെങ്ങുവിള ഭാഗത്ത് ടാങ്കുണ്ടാക്കി, പൈപ്പുലൈൻ വഴി ജലസേചന സൗകര്യം ഉണ്ടാക്കുക. പായ്ത്തല, വാഴോട്ട് എന്നിവിടങ്ങളിൽ ട്രാക്ടർ പാസേജ് നിർമ്മിക്കുക. കരകൃഷിക്ക് ജലം കിട്ടത്തക്കവിധം വിവിധ മേഖലകളിൽ ബോർവെൽ കുഴിച്ച് പമ്പുസെറ്റുകളും പൈപ്പ്ലൈനും ഇടണം വളം വിതരണത്തിനുള്ള ഒരു സബ്ഡിപ്പോ തുറക്കണം. കൃഷിഭവന്റെ സേവനം ലഭ്യമാക്കത്തക്കതരത്തിൽ ആഴ്ചയിൽ രണ്ടു ദിവസം ഒരു കൃഷി അസിസ്റ്റന്റിന്റെ സേവനം ലഭ്യമാക്കുക.

4. പ്ലാക്കോട് - കോണത്ത് ഏലായുടെ മുക്കാൽ ഭാഗത്ത് ഒരു കുളം കുഴിച്ച് പമ്പു സെറ്റ് സ്ഥാപിച്ച് ജല സേചന സൗകര്യം ഏർപ്പെടുത്തുക. പ്ലാക്കോട് ഏലായിലും മാടശേരി ഏലായുടെ തലയ്ക്കലും ട്രാക്ടർ പാസ്സേജുകൾ നിർമ്മിക്കുക. കരീപ്ര സഹകരണബാങ്കിന്റെ ഒരു സബ്ഡിപ്പോ സ്ഥാപിച്ച് വളം വിതരണസൗകര്യം ഉണ്ടാക്കുക. തെങ്ങിനും പാടത്തും മരുന്നു തളിക്കാനുള്ള സ്പേയറുകൾ ലഭ്യമാക്കുക.

5. കുഴിമതിക്കാട് - കുഴിമതിക്കാട് ക്ഷേത്രം മുതൽ താഴോട്ടുള്ള തോട് വീതികൂട്ടുകയും ആവശ്യമുള്ളിടത്ത് റോഡുകളും നിർമ്മിക്കുക. ചുരുള തലക്കുളത്തിൽ പമ്പു സെറ്റ് പ്രവർത്തിപ്പിക്കുക. ചിറക്കടവു കളത്തിലെ പമ്പ് സെറ്റ് പ്രവർത്തനക്ഷമമാക്കുക. കുഴിമതിക്കാട്, ചുരുള, ചിറക്കടവ് എന്നിവിടങ്ങളിൽ ട്രാക്ടർ പാസേജുകൾ നിർമ്മിക്കുക, കരീപ്ര സർവീസ് സഹകരമബാങ്കിന്റെ ഒരു വള സബ് ഡിപ്പോ കുഴിമതിക്കാട്ട് തുറക്കുക. -

6. കരീപ്ര - അയർക്കാട്ടുക്ഷേത്രക്കുളം ആഴം കൂട്ടി സൈഡുകെട്ടി പമ്പു സെറ്റ് സ്ഥാപിക്കുക. കരീപ്ര ഏലായിലേക്കും, തറയടി ഏലായിലേക്കും ട്രാക്ടർ പാസ്സേജുകൾ നിർമ്മിക്കുക, കളീക്കൽ ഭാഗത്ത് തോട്ടിൽ തറയടി ഏലായിലേക്ക് ചുമടുമായിപോകുന്നതിനും ഏലായിൽ നിന്ന് കറ്റകൊണ്ടുവരുന്നതിനും സൗകര്യമായ രീതിയൽ ഒരു നടപ്പാലം പണിയുക, പുതിയക്കൽ മുഴിഭാഗത്തുള്ള ക്രോസ് ബാറിൽ പലകയിട്ട് ഉപയോഗപ്രദമാക്കുകയും തറയടി ഏലായിലേക്കുള്ള ഓഴ് തെളിച്ച് വെള്ളം ഒഴുക്കാനുള്ള സൗകര്യം ഉണ്ടാക്കുകയും വേണം. പഞ്ചായത്താഫീസിന്റെ തെക്കുവശത്തുനിന്ന് തറയടി ഏലായിലേക്കുള്ളറോഡു കോൺക്രീറ്റ് ചെയ്യുക. കൃഷിക്ക് ഉപയുക്തമാകത്തക്കവിധം കുപ്പണ ജഗ്ഷനിൽ നിന്നും കരീപ്ര ഏല, മാടശ്ശേരി ഏല, മുളയറ ഏല എന്നിവിടങ്ങളിലേക്ക് വൈദ്യുതി ലൈൻ നീട്ടുക. കരീപ്ര അഗ്രോ സർവീസ് സെൻറർ വൈദ്യുതീകരിക്കുക.

7. മടന്തക്കോട് - കാരൂർക്കോണം ഏലായുടെ തലക്കുളം പുതുക്കിപണിയുക. കടപ്പാക്കോണം ഏലായുടെ തലക്കുളത്തിൽ സ്ഥാപിച്ചിരുന്ന പമ്പുസെറ്റിന് വൈദ്യുതി കണക്ഷൻ നൽകുക. ചേരിയിൽ കുളത്തിൽ പുതുതായി പമ്പുസെറ്റും പമ്പ് ഹൗസും സ്ഥാപിക്കണം. പാല നിരപ്പിൽ പണിയുന്ന ടാങ്കിന്റെ പണി പൂർത്തിയാക്കി വൈദ്യുതി കണക്ഷൻ നൽകണം. ചേരിയിൽ ഭാഗം, കോയിപ്പുറത്തു ഭാഗം, പ്ലാവിളകുറ്റ ഭാഗ.ം, കാരൂർക്കോണം, കനാൽഭാഗം എന്നിവിടങ്ങളിൽ ട്രാക്റ്റർ പാസ്സേജുകൾ നിർമ്മിക്കുക, പ്ലാവിള ചേരിയിൽ ഭാഗത്ത് ഫാറോഡ്, കോയിപ്പുറം - കിഴക്കേക്കര റോഡ്, സെനിത്തുമുക്ക് - തുണ്ടുവിള റോഡ്, കുന്നുവട്ടം - മുളവൂർക്കോണം റോഡ്, കുട്ടുങ്ങൽ - മൂലവിളറോഡ് എന്നിവ ഗതാഗതയോഗ്യമാക്കുക. പുതുവീട്ടിൽ കൈപ്പള്ളി വരമ്പ്, ആലുംമൂട് - കൈപ്പള്ളി വരമ്പ്, ആമ്പല്ലൂർ തോട്ടത്തിൽ ഭാഗം വരമ്പ്, കുന്നുവട്ടം ഏലായിൽ തണ്ടാൻറിറ - ഇളിച്ചോട്ടുവരമ്പ് എന്നിവകെട്ടുക. മടന്തോടുവാർഡിൽ കൃഷിഭവന്റെ വകയായി ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടം കൃഷി അസിസ്റ്റന്റിന്റെ ആഫീസായി തുറന്നു പ്രവർത്തിപ്പിച്ച് കൃഷിഭവനിൽ നിന്നുള്ള സഹായങ്ങൾ ലഭ്യമാക്കുക.

8. കുടിക്കോട് - പെരുവക്കോട്ട് ഏലായിൽ തലക്കുളം നിർമ്മിക്കുക. പെരുവക്കോട്, ഇയ്യല്ലൂർ ചപ്പാത്തി, ഏറ്റുവായ്ക്കോട് എന്നിവിടങ്ങളിൽ ട്രാക്റ്റർ പാസേജ് നിർമ്മിക്കുക. കൃഷിഭവനിലേക്ക് വിട്ടുകൊടുത്ത 5

സെൻറ് സ്ഥലത്ത് കണ്ണമ്പള്ളി കുളം നിർമ്മിച്ച് പമ്പുസെറ്റ് സ്ഥാപിക്കണം. 10 ഹെക്ടർ സ്ഥലത്ത് തെങ്ങിന് ജലസേചനം നടത്തക്കവിധം 50 സെൻറിന് ഒരു ടാപ്പ് എന്ന നിലയിൽ ടാപ്പ് ഫിറ്റ് ചെയ്ത് ജലസേചന സൗകര്യം ഏർപ്പെടുത്തുക. കുടിക്കോട് ഏലായിലെ നെൽക്കൃഷിക്കും ടി കുളത്തിലെ വെള്ളം ഉപയോഗിക്കാം.

9. വാക്കനാട് - ഇലയം, പാരിപ്പള്ളികുളങ്ങൾ ആഴം കൂട്ടി പമ്പ് സെറ്റ് വയ്ക്കണം. ഉളക്കോട് കുളത്തിലെ പമ്പ് പ്രവർത്തനക്ഷമമാക്കണം. ഉളക്കോട് നിലമേൽ ഏലായിൽ ജലസേചനം നടത്തക്കവിധം നെടുമൺകാവ് ആറ്റിൽ കൽച്ചിറ ഭാഗത്ത് വെള്ളം ലിഫ്റ്റ് ചെയ്ത് പൈപ്പുവഴി എത്തിക്കണം. കുട്ടുങ്ങൽ, കളീക്കൽ, ഇലയത്ത് പാലൂർ, പനമൂട്ടിൽ, പഴയമങ്ങാട്, തോണ്ടക്കോണം എന്നിവിടങ്ങളിൽ ട്രാക്ടർപാസ്സേജുകൾ നിർമ്മിക്കുക. നെല്ലിവിള മുക്കിൽ നിന്നും കളീലിൽ ഭാഗം വഴി മുളൂക്കോണം ഏലായിലേക്കും ഫാം റോഡു നിർമ്മിക്കുക. മംഗലത്തു ഭാഗത്തു നിന്നും ഇലയത്ത് പാലൂർ വാളക്കൽ വരെ റോഡുണ്ടാക്കുക.

10. നെടുമൺകാവ്, ചന്തയ്ക്ക് തെക്കുഭാഗത്തുള്ള ചിറ പുതുക്കിപ്പണിഞ്ഞ് ലിഫ്റ്റ് ഇറിഗേഷൻ വഴി ജലസേചന സൗകര്യം ഉണ്ടാക്കുക. ഈയല്ലൂർ ഏല, ഇല്ലിക്കുള ഭാഗം, പാലവിളമുക്ക് പേഴുക്കോണം, ഏറ്റവായ്ക്കോട്, തെറ്റിയകര ഏല എന്നിവിടങ്ങളിൽ ട്രാക്ടർ പാസേജുകൾ നിർമ്മിക്കുക.

11. തളവുക്കോണം - മാനങ്കരകുളം, പാട്ടുപുരയ്ക്കൽ ക്ഷേത്രക്കുളം, കുളമാടക്കുളം എന്നിവ പുതുക്കിപ്പണിഞ്ഞ് പമ്പു സെറ്റുകൾ വയ്ക്കുക. തളവുക്കോണം തലക്കുളത്തിൽ, പമ്പ് സെറ്റ് സ്ഥാപിക്കുക. ചൂരപൊയ്കകുളം ആഴം കൂട്ടി പമ്പ് സെറ്റ് സ്ഥാപിക്കുക. താമരശ്ശേരി ഭാഗത്ത് നടവരമ്പ് കെട്ടുക. പുല്ലാണിശ്ശേരി വാതുക്കൽ നിന്ന് കുളമട ഏലായിലേക്ക് നടവരമ്പ് കെട്ടുക.

സാദ്ധ്യതകൾ

1. എല്ല പാടശേഖരങ്ങളിലും ഏലാ വികസന സമിതികളുടെ ചുമതലയിൽ പൊതുഞാറ്റടികളും വിത്തുദ്പാദന സൗകര്യവും ഉണ്ടാകണം.
2. ജൈവവളങ്ങളുടെ കുറവു പരിഹരിക്കുവാൻ മുഴുവൻ കൃഷിക്കാർക്കും കമ്പോസ്റ്റ് തയ്യാറാക്കാനുള്ള സഹായം നല്കണം. പച്ചിലവള ചെടികളുടെ വിത്ത് യഥാസമയം സൗജന്യമായി നല്കുക,
3. മണ്ണ് പരിശോധനയ്ക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
4. ആധുനിക കാർഷികയന്ത്ര ഉപകരണങ്ങൾ ആവശ്യത്തിന് ലഭ്യമാക്കുക.
5. കാർഷിക വായ്പ ഇന്നുള്ളതിൽ നിന്ന് വർദ്ധിപ്പിച്ച് കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാക്കുക.
6. കശുമാവ്, വാഴ, കുരുമുളക്, മരച്ചീനി എന്നിവയുടെ കൃഷി വികസിപ്പിക്കുന്നതിന് മേൽത്തരം നടീൽ വിത്തുകൾ യഥാസമയം സൗജന്യമായി നല്കേണ്ടതാണ്.
7. കരീപ്ര പഞ്ചായത്ത് മുഴുവൻ തെങ്ങുരോഗബാധിത പ്രദേശമായി കണക്കാക്കി രോഗം ബാധിച്ച മുഴുവൻ തെങ്ങും വെട്ടി മാറ്റുകയും നഷ്ടപരിഹാരമായി തെങ്ങ് ഒന്നിന് 1000- രൂപാവീതം നല്കുകയും പകരം നടുന്നതിന് രോഗപ്രതിരോധശക്തിയുള്ള മേൽത്തരം തൈകളും അതിനുള്ള ചെലവുകൾ നല്കുകയും വേണം.
8. എല്ലാ വാർഡുകളിലും കൃഷി അസിസ്റ്റൻറുമാരുടെ സേവനം ലഭിക്കാനുള്ള ഏർപ്പാടുകൾ ചെയ്യുക. മടന്തകോട് കൃഷിഭവൻറെ കെട്ടിടം കൃഷി അസിസ്റ്റൻറിൻറെ ആഫീസായി തുറന്നു പ്രവർത്തിക്കുക.
9. എല്ലാ വാർഡുകളിലും കർഷകസെമിനാറുകളും അതോടൊനുബന്ധിച്ച് കാർഷികവിളകളുടെ പ്രദർശനവും വിളമത്സരവും ഏർപ്പെടുത്തി സമ്മാനങ്ങൾ നല്കി കൃഷിക്കാരെ പ്രോത്സാഹിപ്പിക്കണം.
10. പഞ്ചായത്തിലെ മുഴുവൻ കർഷക കുടുബങ്ങളിലും പച്ചക്കറി കൃഷി ചെയ്യുന്നതിനാവശ്യമായ വിത്ത്, വളം, കീടനാശിനികൾ, സ്പ്രേയറുകൾ എന്നിവ സൗജന്യമായി നല്കുക.,
11. കെ. ഐ. പി. കനാലിൽ നിന്നു കരകൃഷിക്ക് ഉൾപ്പെടെ വെള്ളം കിട്ടുന്നതിന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ആരംഭിക്കണം.
12. ഇടവിളകൾക്കായി യഥാസമയം പയർ, ഉഴുന്ന്, എള്ള്, പച്ചക്കറി വിത്തുകൾ എന്നിവ ലഭ്യമാക്കണം.
13. നമ്മുടെ പഞ്ചായത്തിൽ പുതുതായി അനുവദിച്ചിട്ടുള്ള വാട്ടർഷെഡിൻറെ പ്രവർത്തനം മണ്ണൊലിപ്പ് തടയുന്നതിനും കരകൃഷി അഭിവൃദ്ധിപ്പെടുത്താനും സഹായകമായ വിധം അതിൻറെ പ്രവർത്തനത്തിൽ പ്രത്യേകം ശ്രദ്ധിക്കണം.

14. നെടുമൺകാവ്, ആറ്, ഇടയ്ക്കടം, ഈയ്യല്ലൂർതോട്, ഇടയ്ക്കോട്., മുണ്ടാമൂട്തോട്, എന്നിവയുടെ വശങ്ങൾ കെട്ടി സരക്ഷിക്കുക.

15. നെടുമൺകാവ് ആറ്റിൽനിന്നു തോടുകളിൽ നിന്നുമുള്ള മണൽവാരൽ കർശനമായി നിരോധിക്കുക.

16. നിലത്തിൽ നിന്നുള്ള ചെളി എടുപ്പ്, നിലം നികത്തൽ എന്നിവ തടയുക.

17. പ്രകൃതിക്ഷോഭകെടുതികൾക്ക് യഥാർഥ നഷ്ടത്തിനു തുല്യമായ തുക ധനസഹായ.മായി എല്ലാ കൃഷിക്കാർക്കും ഇൻഷ്വറൻസ് പദ്ധതി നോക്കാതെ നല്കണം.

18. എലി നശീകരണം, മരുന്ന് തളി എന്നിവ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഗ്രൂപ്പായി നടപ്പിൽ വരുത്തുക.

19. തെങ്ങിനു മരുന്നു തളിക്കുന്നതിനാവശ്യമായ തുരിശും ചുണ്ണാമ്പും സ്പ്രേയറുകളും ഓരോ വാർഡിലും തെങ്ങിന്റെ എണ്ണം കണക്കാക്കി നല്കുക. മരുന്നു തളിക്കാൻ പരിശീലനം സിദ്ധിച്ച ആളുകളെ നിയോഗിക്കുകയും വേണം.

20. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കരകൃഷി നന്നാക്കുന്നതിന് മണ്ണൊലിപ്പു നിവാരണ നടപടികൾ സ്വീകരികുക. പതിനൊന്ന് വാർഡുകളിലു മുഴുവൻ കൃഷിക്കാർക്കും ബണ്ടുകൾ നിർമ്മിക്കാനുള്ള മുഴുവൻ തുകയും സബ്സിഡിയായി നല്കുക.

21. ആവശ്യമുള്ളയിടങ്ങളിൽ മുൻഗണനാ ക്രമമനുസരിച്ച് ട്രാക്ടർ പാസ്സേജ് നിർമ്മിക്കണം.

22. ജലസേചനത്തിന് ഇപ്പോൾ നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുകയും, പോരാത്തതിന് പുതിയവ നിർമ്മിക്കുകയും ചെയ്യുക.

23. കെ. ഐ. പി. കനാലിൽ കടയ്ക്കോട് കണിയാരംകോട് പ്ലഷ് എസ്കേപ്പിൽ നിന്നും നെടുമൺകാവിലേക്കുള്ള തോടിന്റെ സംരക്ഷണ പണികൾ നടത്തണം.

നമ്മുടെ പഞ്ചായത്തിലെ കാർഷിക മേഖലയുടെ വികസനത്തിനായി മേൽ വിവരിച്ച നിർദ്ദേശങ്ങളും വാർഡുതല നിർദ്ദേശങ്ങളും, ഗവൺമെൻറ് സഹായവും പഞ്ചായത്തു തലത്തിൽ സമാഹരിക്കാവുന്ന വിഭവങ്ങളും കൂട്ടായ മനുഷ്യപ്രയത്നവും ഉപയോഗിച്ച് നടപ്പിലാക്കാവുന്നതാണ്. പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും ആത്മാർത്ഥമായ പങ്കാളിത്തവും കൃഷിഭവൻ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥനമാരുടെയും യോജിച്ചുള്ള പ്രവർത്തനവും ഈ പഞ്ചായത്തിലെ സമഗ്രമായ കാർഷിക വികസനത്തിന്റെ വിജയത്തിന് ആവശ്യമാണ്. കാർഷിക വിളകളുടെ മൊത്തത്തിലുള്ള ഉല്പാദനവും ഉത്പാദനക്ഷമതയും വളർത്തി നമ്മുടെ ഗ്രാമം മഹാത്മജി വിഭാവനം ചെയ്ത രീതിയിൽ സ്വയം പര്യാപതതയിൽ എത്തിക്കാനുള്ള തീവ്രശ്രമത്തിൽ നമുക്കും പങ്കാളികളാകാം.

മൃഗസംരക്ഷണവും മത്സ്യബന്ധനവും

പ്രാചീനകാലത്ത് മനുഷ്യന് പ്രധാന ഉപജീവന മാർഗ്ഗം കൃഷിയും കാലിവളർത്തലും ആയിരുന്നു. പാലിനും വളത്തിനും പുറമേ കൃഷിഭൂമി ഉഴുതൊരുക്കുന്നതിനും വണ്ടി വലിക്കുന്നതിനും കാലികളെ ആശ്രയിച്ചുപോന്നു. അക്കാലത്ത് ജീവിച്ചിരുന്ന ജന്മിമാർക്ക് കാലിക്കൂട്ടങ്ങളും ആട്ടിൻപറ്റങ്ങളും ഉണ്ടായിരുന്നു. ഒരാളിന്റെ സ്വത്ത് നിർണയിക്കുമ്പോഴും ഓഹരിവയ്ക്കുമ്പോഴും കാലി സമ്പത്ത് കണക്കിലെടുത്ത് പോന്നു. ജന്മിമാരുടെ ശക്തിപ്രകടിപ്പിക്കുന്നതിനു വേണ്ടി കാളപ്പോര്, കോഴിപ്പോര്, മരമടി മത്സരം, കാള വണ്ടികളുടെ ഓട്ട മത്സരം എന്നിവ നടത്തിയിരുന്നു. അവയിൽ മരമടി മത്സരം മാത്രം നിലനിൽക്കുന്നുണ്ട്. കാളകളെ കെട്ടിഓടിച്ചിരുന്ന വില്ലു വണ്ടികളും അര വണ്ടികളും സ്മൃതി പഥത്തിൽ മാത്രം അവശേഷിക്കുന്നു. ജന്മിമാർക്കു മാത്രം സഞ്ചരിക്കുവാൻ ലഭ്യമായിരുന്ന ഈ വാഹനങ്ങൾ കലാവിരുതോടെ പണിതൊരുക്കിയവ ആയിരുന്നു. തങ്ങൾകുഞ്ഞു മുസലിയാരുടെ നൂറുകണക്കിന് കാളവണ്ടികൾ ഒന്നിനുപിറകേ ഒന്നായി ഈ ഗ്രാമത്തിലൂടെ കടന്നുപൊയ്ക്കൊണ്ടിരുന്ന കാലം അത്ര വിദൂരമല്ല. കൂറ്റൻ കാളകളെ കെട്ടി ആരവത്തോടെ കടന്നുപൊയ്ക്കൊണ്ടിരുന്ന കാഴ്ച വഴിയോരങ്ങളിൽ നിന്ന് ഗ്രാമീണർ കൗതുക പൂർവ്വം നോക്കിനിന്നിരുന്നു. ചില ജന്മികുടുംബങ്ങളിൽ ഇപ്പോഴും കാണപ്പെടുന്ന എരുത്തിലുകൾ - ഇന്നത്തെ തൊഴുത്താണ് - കാലിവളർത്തലിന്റെ വ്യാപ്തിയെ സൂചിപ്പിക്കുന്നു.

ആടുമാടുകളെ പറ്റം പറ്റമായിട്ടാണ് വളർത്തിയിരുന്നത്. മൈതാനങ്ങളും കുന്നിൻ പുറങ്ങളും തരിശുഭൂമികളും ഉണ്ടായിരുന്നതുകൊണ്ട് പച്ചപുല്ല് സുലഭമായിരുന്നു. കറവപശുക്കളെ വീടുകളിൽ നിർത്തിയിട്ട് മറ്റുള്ളവയെ ദൂരസ്ഥലങ്ങളിൽകൊണ്ടുപോയി തീറ്റുന്നതിന് കൂലിക്കാരെയും നിയോഗിച്ചിരുന്നു. ആട്ടിൻപറ്റങ്ങളെ മേയ്ക്കുന്നയാളിനെ ആട്ടിടയനെന്നാണ് അറിയപ്പെട്ടിരുന്നത്. ഈ പഞ്ചായത്തിൽ ജീവിച്ചിരുന്ന പടിഞ്ഞാറ്റിടത്തു വീട്ടിൽ മാർത്താണ്ഡപിള്ള കാരണവരുടെ ആട്ടിൻപറ്റം കേൾവികേട്ടതായിരുന്നു. വാഴവിളയിൽ കാളിരാമൻ ആയിരുന്നു ആട്ടിടയൻ. കോലാട്, പ്ലാട്, വേലിയാട്, ചെമ്മരിയാട്. എന്നിവ ആയിരുന്നു പ്രധാന ഇനം ആടുകൾ. വേലിയാടിന്റെ പാലും മാംസവും ഔഷധനിർമ്മാണത്തിന് ഇപ്പോഴും ഉപയോഗിച്ചുവരുന്നു. കുറ്റിക്കാടുകളും പുൽമേടുകളും സുലഭമായിരുന്നതിനാൽ കാലിവളർത്തലിനെ പോലെ തന്നെ ആടുവളർത്തലും ലാഭകരമായിരുന്നു. നാടൻ ഇനത്തിൽപ്പെട്ട ആടുമാടുകളെ വളർത്തിയിരുന്നതുകൊണ്ട് ഉല്പാദനം നന്നേകുറവായിരുന്നു. പോഷകപ്രധാനമായ പാലും മാംസവും സമൂഹത്തിലെ ഭൂരിഭാഗത്തിനും ഉപയോഗിക്കാൻ കിട്ടിയിരുന്നില്ല. അവയെല്ലാം സമ്പന്ന വിഭാഗത്തിന് വിൽക്കുകയുയോ കാഴ്ചവയ്ക്കുകയോ ചെയ്യേണ്ട സാഹചര്യം നിലനിന്നിരുന്നു.

കാർഷിക ബന്ധബിൽ നടപ്പായതോടെ ജന്മിത്തം അവസാനിക്കുകയും കൃഷിഭൂമികർഷകന് എന്ന വ്യവസ്ഥ നിലവിൽ വരുകയും ചെയ്തു. ഭൂമിയിൽ ഉടമസ്ഥാരുടെ എണ്ണം വർദ്ധിച്ചു. തരിശുഭൂമികൾ കൃഷിഭൂമികളായി മാറി. മേച്ചിൽ സ്ഥലങ്ങളുടെ വിസ്തൃതി കുറയുകയും ക്രമേണ ഇല്ലാതാവുകയും ചെയ്തു. കാലിവളർത്തൽകാർക്ക് പുല്ലും വയ്ക്കോലും സംഭരിക്കേണ്ടിവന്നു. കൃഷിയിടങ്ങളിലെ യന്ത്രവൽക്കരണം ഉഴവുമാടുകളുടെ എണ്ണം കുറച്ചു. കാളവണ്ടികളുടെ സ്ഥാനത്ത് മോട്ടോർ വാഹനങ്ങൾ ഉപയോഗിക്കാൻ തുടങ്ങി. ഇത്തരം സാഹചര്യങ്ങൾ മൂലം കാലികളുടെ ഉപയോഗം കുറയുകയും കൂട്ടംകൂട്ടമായി വളർത്തുന്ന രീതി ഉപേക്ഷിച്ച് ഒറ്റയായി വളർത്താനും തുടങ്ങി നാടൻ പശുക്കളെ വളർത്തുന്നതിനും ലാഭകരമല്ലാതായിത്തീർന്നതോടെ അത്യുല്പാദനശേഷിയുള്ള സങ്കരയിനം പശുക്കളെ വളർത്താൻ തുടങ്ങി. പുല്ലിന്റെ ദൗർലഭ്യ.വും വയ്ക്കോ

ലിന്റെ ഉല്പാദനത്തിൽ വന്ന കുറവും നിമിത്തം വിലകൂടിയ മറ്റു തീറ്റകൾ വാങ്ങി കാലികളെ വളർത്തേണ്ട സാഹചര്യം എത്തിച്ചേർന്നു. ആടുമാടുകളിൽ നിന്നും ലഭിക്കുന്ന ഉല്പന്നങ്ങളുടെ വില കൊണ്ട് അവയെ വളർത്താൻ കഴിയാതെവന്നു. ഇതോടെ ഉപജീവനമാർഗ്ഗമായിരുന്ന കാലിവളർത്തൽ ലാഭകരമല്ലാതായിത്തീരുകയും ക്രമേണ ഈ ഭാഗത്ത് മാന്ദ്യത അനുഭവപ്പെടുകയും ചെയ്തു. തന്മൂലം പാലിന്റെയും മാംസത്തിന്റെയും ഉല്പാദനത്തിൽ കുറവുണ്ടാവുകയും ഇത് ക്രമേണ മനുഷ്യന്റെ ആരോഗ്യത്തെ സാരമായി ബാധിക്കാനിടയാകുകയും ചെയ്തിട്ടുണ്ട്. വളർത്തു മൃഗങ്ങളുടെ എണ്ണത്തിൽ സാരമായ കുറവു സംഭവിച്ചത് പട്ടിക പരിശോധിച്ചാൽ ബോധ്യമാകും.

വളർത്തു മൃഗങ്ങളുടെ എണ്ണം

1987 ലെ സെൻസസ് പ്രകാരം				1992 ലെ മൃഗാശുപത്രി കണക്ക്			
ഇനം	നാടൻ	സങ്കരം	ആകെ	നാടൻ	സങ്കരം	ആകെ	എണ്ണത്തിൽ ഉള്ള വ്യത്യാസം
	പശുക്കൾ			പശുക്കൾ			
പശു	2666	2042	408	20	1804	1824	60 %
കാള	277	254	531	55	-	55	90%
എരുമ	-	-	25	-	-	4	35 %
ആട്	-	-	2320	-	-	1686	35 %
പോത്ത്	-	-	85	-	-	43	50 %
പട്ടി	-	-	2391	-	4888	100 %	
പന്നി	-	-	1	-	-	-	-
കോഴി	-	-	18289	-	-	22215	25 %
താറാവ്	-	-	89	-	-	75	15 %
ആന	-	-	1	-	-	1	-

കോഴിവളർത്തൽ

മുട്ടക്കും മാംസത്തിനും വേണ്ടി മിക്കവീടുകളിലും കോഴികളെ വളർത്തുന്നുണ്ടെങ്കിലും ഉപഭോഗത്തിന് അനുസൃതമായി മുട്ടയുല്പാദനം നടക്കുന്നില്ല. ഇടക്കിടെ ഉണ്ടാകാറുള്ള കോഴിവസന്തരോഗം മൂലം, കൂട്ടമായി ചത്തൊടുങ്ങുന്ന രീതി പലപ്പോഴും ഉണ്ടാകുന്നുണ്ട്. വളർത്തു കോഴികളുടെ എണ്ണം വർദ്ധിക്കാതിരിക്കുന്നതിന്റെ പ്രധാന കാരണവും ഇതുതന്നെ. നമ്മുടെ ആവശ്യത്തിന് വേണ്ടി വരുന്ന മുട്ടയുടെ ഏറിയ പങ്കും അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നവയാണ്.

ഈ പഞ്ചായത്തിൽ അറുപതോളം കുടുംബങ്ങൾ ഇറച്ചിക്കോഴികളെ വളർത്തി ഉപജീവനം നടത്തുന്നു. ചെറിയ തോതിൽ ലാഭകരമായിരുന്ന കോഴിവളർത്തൽ ഇപ്പോൾ കടുത്ത പ്രതിസന്ധിയിലാണ്. കോഴിക്കുഞ്ഞിന്റേയും തീറ്റയുടെയും വിലവർദ്ധനവാണ് ഒരു കാരണം. മറ്റൊന്ന് ഇറച്ചിയുടെ വിലയിടിവാണ്. ഉല്പാദനച്ചിലവ് കുറവുള്ള തമിഴ്നാട്ടിൽ നിന്നും ഇറക്കുമതി ചെയ്യുന്നതാണ് വിലയിടിവിനുള്ള കാരണം. നികുതിപോലും അടക്കാതെ പ്രതിദിനം 75000 ഇറച്ചിക്കോഴികളെ കേരളത്തിലെ മാർക്കറ്റുകളിൽ എത്തിക്കുന്നുണ്ട്. ഒരു കിലോഇറച്ചി ഉല്പാദിപ്പിക്കുന്നതിന് കേരളത്തിൽ 35 രൂപ ചില വാകുമ്പോൾ 25 രൂപക്ക് പോലും വിൽക്കാൻ കഴിയാത്ത സാഹചര്യം ഇപ്പോൾ നിലനില്ക്കുന്നു. 500 കോഴികളെ വളർത്തി 1000 കിലോ ഇറച്ചി ഉല്പാദിപ്പിക്കുന്ന ഒരു കർഷകന് 10, 000 രൂപയുടെ മുതൽ നഷ്ടം ഇതിനും പുറമേയാണ്. ഇക്കാരണത്താൽ പല യൂണിറ്റുകളും അടച്ചു പൂട്ടുന്ന സ്ഥിതിയിലാണ്.

അവലംബം പഠന പര്യടനം

ഈ പഞ്ചായത്തിലെ കറവപശുക്കളുടെ എണ്ണം 1646 ഉം കുടുംബങ്ങളുടെ എണ്ണം 5599-ഉം ആണ്. അതായത് 70 % കുടുംബങ്ങളിലും കറവപശുക്കളില്ല. അതുപോലെ പാലിന്റെ പ്രതിദിന ഉല്പാദനം 5000 ലിറ്ററായി 1646 3 ലിറ്റർ കണക്കാക്കപ്പെടുന്നു. ജനസംഖ്യ 26716 ആയിരിക്കെ പാലിന്റെ ഉല്പാദനം 100 മടങ്ങ്

വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. കുഴുമതിക്കാട്, കടയ്ക്കോട്, കരീപ്ര, വാക്കനാട്, മടന്തക്കോട് എന്നീ അഞ്ചു വാർഡുകളിൽ ക്ഷീര വ്യവസായ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

ഇവിടെ 10 ഗോബർഗ്യാസ് പ്ലാൻറുകൾ സ്ഥിപിച്ചിട്ടുണ്ടെങ്കിലും പലതും പ്രവർത്തനക്ഷമമല്ല. ഒരു വീട്ടിലെ പാചകത്തിനും വെളിച്ചത്തിനും വേണ്ട ഇന്ധനം പ്ലാൻറുകൾ വഴി ഉല്പാദിപ്പിക്കാൻ കഴിയും. എന്നാൽ ഇതിനുവേണ്ടി ഇപ്പോൾ നൽകിവരുന്ന സബ്സിഡിയുടെ അപര്യപ്തതയും കാലിവളർത്തലിൽ ഉണ്ടായ മാന്ദ്യതയും കൂടാതെ ഇതിനെപറ്റി കർഷകരിൽ നിലനില്ക്കുന്ന അഞ്ജതയും പ്രധാന തടസ്സങ്ങളാണ്.

പൊതുപ്രശ്നങ്ങൾ

1. ഗുണ മേന്മയുള്ള സങ്കരയിനം പശുക്കളുടെ ദൗർലഭ്യവും അവയുടെ വിലവർദ്ധനയും കർഷകർക്ക് അനുഭവപ്പെടുന്നു.

2. മൃഗചികിത്സാ കേന്ദ്രങ്ങളുടെ അപര്യാപ്തത ഈ പഞ്ചായത്തിൽ അനുഭവപ്പെടുന്നുണ്ട്. ഒരു മൃഗാശുപത്രിയും രണ്ട് ഐ.സി.ഡി.പി സെൻററുകളും മാത്രമാണ് ഇവിടെ പ്രവർത്തിക്കുന്നത്. ചികിൽസാ കേന്ദ്രങ്ങളിൽ നിന്നുള്ള അകലം മൂലം രോഗം ബാധിച്ച കാലികളെ യഥാസമയം ചികിൽസിക്കാൻ പറ്റുന്നില്ല.

അകിടുവീക്കം, ഉദരരോഗം, അടപ്പൻ, കുളമ്പുരോഗം, മുടന്തൻ പനി തുടങ്ങിയവയാണ് കാലികൾക്കുണ്ടാകുന്ന പ്രധാന രോഗങ്ങൾ. പട്ടികളുടെ പേവിഷബാധ, കോഴികൾക്കുണ്ടാകുന്ന കോഴിവസന്ത എന്നീ രോഗങ്ങൾ മുൻകൂട്ടി മനസ്സിലാക്കാനും ചികിൽസിക്കാനും മാർഗ്ഗങ്ങളില്ല.

പേവിഷബാധ പ്രതിരോഗവും ചികിത്സയും

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധ കുത്തിവയ്പു നടത്തിയവയുടെ എണ്ണം	-	-	-	250	-	-
കടിയേറ്റശേഷം കുത്തിവയ്പു നടത്തിയത്	35	-	25	-	-	-

രോഗങ്ങളുടെ പേരുവിവരം

രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	ആന	മറ്റുള്ളവ
1. ദഹനസംബന്ധമായ	660	-	228	-	-	96				
2. ശ്വാസകോശസംബന്ധമായ	96	-	72	-	-	120				
3. മെറ്റാബോളിംഗ്	50	-	300	-	-	-				
4. ത്വക്രോഗം	288	-	12							
5. ധാതുലവണക്കുറവ്	120	-	24							
6. പരാദരോഗം	420	-	48	-		48	120			
7. പ്രത്യുല്പാദന വ്യവസ്ഥസംബ	288	-	18							
8. വന്ധ്യത	132	-	24							
9. അകിടുവീക്കം	36	-	-							
10. മുടന്തൻപനി	250	-	-							
11. പകർച്ചവ്യാധി	36	-	180							

3. വിപണന കേന്ദ്രങ്ങളുടെ പരിമിതി

ജലം മുട്ട, പാൽ, ഇറച്ചി എന്നിവയ്ക്ക് തൃപ്തികരമായ വില ലഭിക്കുന്നില്ല. പഞ്ചായത്തിൽ ഒട്ടാകെ 5 മാർക്കറ്റുകളാണ് പ്രവർത്തിക്കുന്നത്. അതിനാൽ മുട്ട, ഇറച്ചി എന്നിവ വാങ്ങുന്നതിന് വളരെ ദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. അതുപോലെ 5 പാൽ സഹകരണ സംഘങ്ങൾ മാത്രമാണ് ഇവിടെ ഉള്ളത്. തന്മൂലം വീട്ടാവശ്യത്തിനുള്ള പാലിനുപോലും ബഹുദൂരം സഞ്ചരിക്കേണ്ട സാഹചര്യം നിലനിൽക്കുന്നു.

4. കന്നുകാലികളുടെ ഇൻഷ്വറൻസിന്റെ അപര്യാപ്തത

കന്നുകാലുകളുടെ ഇൻഷ്വറൻസ് പദ്ധതിയെക്കുറിച്ച് ബോധവൽക്കരണമില്ലാത്തതിനാലും പ്രത്യേക ഏജൻറ് ഈ രംഗത്ത് പ്രവർത്തിക്കാത്തതുകൊണ്ടും എല്ലാ കന്നുകാലികളേയും ഇൻഷർ ചെയ്യാൻ കഴിയുന്നില്ല.

5. കാലിത്തീറ്റയുടെയും വയ്ക്കോലിന്റെയും വില വർദ്ധനവും തീറ്റപ്പുല്ലിന്റെ ദൗർലഭ്യതയും അനുഭവപ്പെടുന്നു. നൂതന വിത്തിനിങ്ങളുടെ ഉപയോഗവും നെൽപ്പാടങ്ങളുടെ വിസ്തൃതിയിലുണ്ടായ കുറവും വയ്ക്കോലിന്റെ ഉല്പാദനം കുറച്ചു. അതിനാൽ വില വർദ്ധിക്കാൻ തുടങ്ങി. അസംസ്കൃത സാധനങ്ങളുടെ വില വർദ്ധിപ്പിച്ചതും കൂലി വർദ്ധനവും കാലിതീറ്റകളുടെ നിർമ്മാണചിലവ് ഉയർത്തി. തനതു ഭൂമികളുടെയും മൈതാനങ്ങളുടെയും വിസ്തൃതിയിൽ വന്ന കുറവ്, തീറ്റപുല്ലിന്റെയും ദൗർലഭ്യത്തിനു കാരണമായിത്തീർന്നു.

5. കാലി വളർത്തലിലുള്ള താല്പര്യക്കുറവ്

കർഷകർക്ക് ആവശ്യമായ ജൈവ വളത്തിന്റെ നല്ലൊരു പങ്ക് കാലിവളർത്തലിലൂടെ നേടാൻ കഴിയുമെങ്കിലും പൊതുവിൽ കൃഷി - പ്രത്യേകിച്ചും നെൽകൃഷി ലാഭകരമാല്ലാതായി തീർന്നിരിക്കുന്ന സാഹചര്യത്തിൽ കാലിവളർത്തലിൽ കർഷകർ താല്പര്യക്കുറവ് പ്രകടമാകുന്നു. പാലിനു പരകരമായി ഉപയോഗിക്കാൻ പറ്റുന്ന പല ഉല്പ്പന്നങ്ങളും മാർക്കറ്റിൽ ലഭ്യമായതും പശു വളർത്തലിനെ നിരുൽസാഹപ്പെടുത്തുന്ന മറ്റൊരു ഘടകമാണ്.

കടയ്ക്കോട്, വാക്കനാട് വാർഡുകളിലുള്ള സെൻററുകൾ മൃഗാശുപത്രികളാക്കി ഉയർത്തുന്നതോടൊപ്പം ഇടയ്ക്കിടം വാർഡിൽ ഒരു മൃഗാശുപത്രി കൂടി സ്ഥാപിക്കണം.

മടന്തക്കോട്, തൃപ്പിലഴികം, പ്ലാക്കോട്, ഏറ്റുവായക്കോട് എന്നിവിടങ്ങളിൽ പുതിയ സെൻററുകൾ ഫ്രീസർ ഉൾപ്പെടെ അനുവദിക്കുകയും നെടുമൺകാവിൽ കാലിചന്ത ആരംഭിക്കുകയും വേണം. നെടുമൺകാവ്, മടന്തക്കോട് എന്നിവിടങ്ങളിൽ മുയൽ - പന്നി വളർത്തൽ കേന്ദ്രങ്ങളും ഇടയ്ക്കിടം വാർഡിൽ ആടു വളർത്തൽ കേന്ദ്രം, മുട്ടക്കോഴി വളർത്തൽ കേന്ദ്രം (15 യൂണിറ്റ് വീതം) എന്നിവ ആരംഭിക്കണം. ഇടക്കിടം, കുടിക്കോട് വാർഡുകളിൽ ക്ഷീരസഹകരണസംഘങ്ങൾ സ്ഥാപിക്കുന്നതോടൊപ്പം മടന്തകോട് വാർഡിൽ ഒരു പാൽസംഭരണ കേന്ദ്രവും തുടങ്ങണം. ഇറിഗേഷൻ കുളങ്ങളിൽ കന്നുകാലികളെ കുളിപ്പിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം.

സാദ്ധ്യതകൾ

തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിനു വേണ്ടി എല്ലാ വാർഡിലും 50 യൂണിറ്റുകൾ വീതം മതിയായ സബ്സിഡി നൽകി ആരംഭിക്കണം.

അത്യുൽപ്പാദന ശേഷിയുള്ള പശുക്കളെ 50 % സബ്സിഡിയോടെ കർഷകർക്ക് നൽകണം. പശുക്കളില്ലാത്ത ഓരോ കുടുംബത്തിനും ഒരു പശുവിനെ വീതം ലോൺ വ്യവസ്ഥയിൽ നൽകാവുന്നതാണ്.

2 പശുക്കൾ, തൊഴുത്ത്, പമ്പുസെറ്റ് എന്നിവ അടങ്ങിയ മിനി ഡയറി യൂണിറ്റുകൾ തൊഴിൽ രഹിതരായ യുവതിയുവാക്കൾക്ക് ആവശ്യാനുസരണം ഒരു വാർഡിൽ 15 യൂണിറ്റ് വീതം ലഭ്യമാക്കണം.

3. ബീജ സങ്കലനത്തിന് പുതിയ ജനുസ്സുകൾ, ഉപയോഗിക്കണം. ഇതിനായി ഈടാക്കുന്ന ഫീസ് 10 രൂപയാക്കി കുറവു ചെയ്യണം.

4. രോഗനിവാരണത്തിനു വേണ്ട എല്ലാ മരുന്നുകളും മൃഗാശുപത്രിയിൽ ലഭ്യമാക്കണം. പുറമെനിന്നും വാങ്ങേണ്ടിവരുന്ന മരുന്നുകളുടെ മുഴുവൻ വിലയും കർഷകനു നൽകണം.

5. കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയെകുറിച്ച് ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിക്കുകയും ഇൻഷ്വർചെയ്യിക്കുന്നതിന് പഞ്ചായത്തു തലത്തിൽ ഒരു പ്രത്യേക ഏജൻറിനെ നിശ്ചയിക്കുകയും വേണം.

6. മേൽത്തരം കന്നുകുട്ടികളുടെ പരിപോഷണത്തിനു വേണ്ടിയുള്ള കന്നുകുട്ടി പരിപാലന പദ്ധതി ഈ പഞ്ചായത്തിൽ നടപ്പിലാക്കണം.

7. അടുത്തകാലത്ത് രൂപം കൊടുത്തിട്ടുള്ള കന്നുകാലി വികസന ബോർഡിനെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ബോർഡിൽ നിന്നുള്ള ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കുകയും വേണം.

8. നിലവിലുള്ള മൃഗാശുപത്രിയിൽ വേണ്ടത്ര സ്റ്റാഫിനെ നിയമിക്കണം.

9. തളവുക്കോണം മൃഗാശുപത്രിയോടു ചേർന്ന് പണി തീർന്നു കിടക്കുന്ന എസ്.എൽ.ബി.പി. കെട്ടിടം ഏറ്റെടുത്ത് പ്രവർത്തനക്ഷമമാക്കണം.

10. മൃഗാശുപത്രി കോമ്പൗണ്ടിൽ കിണർ കുഴിക്കണം.

11. മൃഗാശുപത്രിയിൽ കാലികളെ കെട്ടുന്നതിനുള്ള ഷെഡ് നിർമ്മിക്കുന്നതോടൊപ്പം നിലവിലുള്ള കന്നുകാലികൂടിന്റെ ട്രവീസ് അറ്റുകുറ്റപണികൾ തീർക്കേണ്ടതാണ്.

12. മൃഗാശുപത്രിയിൽ ഒരു ഫ്രീസറും ഫ്രിഡ്ജും ലഭ്യമാക്കണം.

13. അത്യാവശ്യമായും മൃഗാശുപത്രിക്ക് ഫോൺ കണക്ഷൻ നൽകേണ്ടതാണ്.

14. മൃഗാശുപത്രിക്ക് അനുബന്ധിച്ച് അടിയന്തിരമായും ഒരു മൊബൈൽ യൂണിറ്റ് പ്രവർത്തിപ്പിക്കുകയും ലാബറട്ടറി സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും വേണം.

15. തളവുക്കോണം വാർഡിലെ അമ്മാച്ചൻമുക്ക് മൃഗാശുപത്രി റോഡ് ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കണം.

16. പഞ്ചായത്തു തലത്തിൽ ഒരു കാലിത്തീറ്റ - കോഴിത്തീറ്റ നിർമ്മാണ ഫാക്ടറി സഹകരണ മേഖലയിൽ ആരംഭിക്കണം.

17. മൃഗാശുപത്രി കേന്ദ്രമാക്കി ഒരു ഉപദേശക സമിതിക്ക് രൂപം കൊടുക്കണം. അടിയന്തിര സന്ദർഭങ്ങളിൽ ഈ സമിതി വിളിച്ചു കൂട്ടി പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കാണാവുന്നതാണ്.

18. ഗോബർഗ്യാസ് പ്ലാൻറുകളുടെ എണ്ണം വർദ്ധിപ്പിക്കണം. ഇപ്പോൾ നൽകുന്ന സബ്സിഡി ഉയർത്തുന്നതൊടൊപ്പം ഇവയുടെ പ്രയോജനം കർഷകരെ ബോധ്യപ്പെടുത്തുന്നതിനുവേണ്ടി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം.

19. പേപ്പട്ടി വിഷ ബാധക്കെതിരെ സൗജന്യമായി കുത്തിവയ്പ് നടത്തണം.

20. വളർത്തു നായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുന്നതോടൊപ്പം അലഞ്ഞുനടക്കുന്ന പട്ടികളെ കൊല്ലുന്നതിനുള്ള നടപടികളും സ്വീകരിക്കണം.

21. നെടുമൺകാവ്, കരീപ്ര, കുഴിമതിക്കാട്, ഇടയ്ക്കിടം, കടയ്ക്കോട് എന്നീ വാർഡുകളിലുള്ള മാർക്കറ്റുകൾ വിപുലീകരിക്കണം. മടന്തകോട് വാർഡിൽ ഉണ്ടായിരുന്ന ആലുംമൂട് മാർക്കറ്റ് പുനഃസ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചാൽ തളവുക്കോണം - മടന്തകോട് നിവാസികൾക്ക് പ്രയോജനപ്രദമായിരിക്കും.

22. മുട്ടയുല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി എല്ലാ കുടുംബങ്ങൾക്കും 5 മുട്ടക്കോഴി കുഞ്ഞുങ്ങളെ വീതം സൗജന്യനിരക്കിൽ വിതരണം നടത്തണം.

23. ഇറച്ചിക്കോഴികളെ അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നത് പൂർണ്ണമായും നിരോധിക്കണം. ഇപ്പോൾ നടക്കുന്ന ഇറക്കുമതി. നിയമാനുസൃതമാണോയെന്ന് ഉറപ്പുവരുത്തുകയും വേണം.

24. ഇറച്ചികോഴിയുടെ വില്പനയ്ക്കായി പഞ്ചായത്തു തലത്തിൽ ഒരു വില്പന കേന്ദ്രം ആരംഭിക്കണം.

25. എല്ലാ വാർഡുകളിലും താറാവു വളർത്തൽ പ്രോൽസാഹിപ്പിക്കണം.

26. കോഴിതീറ്റയുടെയും കാലിത്തീറ്റയുടെയും വിപണനം കരീപ്ര സർവ്വീസ് സഹകരണ ബാങ്കിൽ ആരംഭിക്കണം.

മത്സ്യംവളർത്തൽ

നമ്മുടെ പഞ്ചായത്തിൽ മത്സ്യം വളർത്തൽ കേന്ദ്രങ്ങളില്ല. ഉൾനാടൻ ജലാശയങ്ങളുടെ അഭാവമാണ് കാരണം. എന്നാൽ ചില കുളങ്ങളിൽ മാത്രം നാടൻ മത്സ്യങ്ങൾ വളരുന്നുണ്ട് വരാൽ, ഇരൾ, കാരി, കുറുവ, പരൽ, നെടുമീൻ മുതലായവയാണ് സാധാരണ കാണാറുള്ളത്. നെൽകൃഷി നടത്തുന്ന പാടശേഖരങ്ങളിൽ മത്സ്യങ്ങൾ വളർന്നിരുന്നു. അമിതമായ രാസവള - കീടനാശിനി പ്രയോഗം നിമിത്തം ചെറുമത്സ്യങ്ങൾപോലും ഇപ്പോൾ കാണ്മാനില്ല. ഈ പഞ്ചായത്തിൽ 5 മത്സ്യമാർക്കറ്റുകളുണ്ട്. നമുക്ക് ആവശ്യമുള്ള മുഴുവൻ മത്സ്യങ്ങളും അന്യസ്ഥലങ്ങളിൽ നിന്നും കൊണ്ടുവരുന്നു. കായൽ മത്സ്യങ്ങളായ കരിമീൻ, മാല, പൂമീൻ, തേട്,

ചെമ്മീൻ തുടങ്ങിയവയും കടൽമത്സ്യങ്ങളായ ചാള, മത്തി, അയില, കണവ, ചെമ്മീൻ, വെള്ളാക്കണ്ണി, പരവ മുതലായവയും നമ്മുടെ മാർക്കറ്റുകളിൽ കിട്ടുന്നുണ്ട്.

കരീപ്ര പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും മത്സ്യകൃഷി ആരംഭിക്കണം. സാദ്ധ്യത - നിലവിലുള്ള എല്ലാ ഇറിഗേഷൻ കുളങ്ങളുടെയും ആഴവും വിസ്തൃതിയും വർദ്ധിപ്പിച്ച് മത്സ്യകൃഷി നടത്തണം. എല്ലാ വാർഡുകളിലുമുള്ള സ്വകാര്യകുളങ്ങളിൽ മത്സ്യകൃഷി അരംഭിക്കുന്നതിനു വേണ്ടി സബ്സിഡി നിരക്കിൽ മൽസ്യക്കുഞ്ഞുങ്ങളെ നൽകുന്നതോടൊപ്പം കുറഞ്ഞ പലിശക്ക് സാമ്പത്തിക സഹായം നൽകുകയും വേണം.

പതിനൊന്ന് ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ട ആവശ്യങ്ങളും അഭിപ്രായങ്ങളും ഉൾപ്പെടുത്തി തയാറാക്കിയതാണ് ഈ റിപ്പോർട്ട്. ഇതിൽ രേഖപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പാക്കുന്ന പക്ഷം നമ്മുടെ കാലിവളർത്തൽ മേഖലയിൽ മാത്രമല്ല അനുബന്ധ മേഖലകളിലും ആശാവഹമായ പുരോഗതി പ്രതീക്ഷിക്കാം. അങ്ങനെ നമ്മുടെ പ്രഖ്യാപിത ലക്ഷ്യമായ ഹരിത വിപ്ലവം ധവള വിപ്ലവത്തിലൂടെ നേടാൻ കഴിയും.

"സമൂഹത്തിന്റെ ഒട്ടാകെയുള്ള നന്മയ്ക്ക് വേണ്ടി സാമൂഹ്യ നിയന്ത്രണങ്ങൾക്ക് വഴങ്ങുന്നത് വ്യക്തിയേയും അവൻ അംഗമായ സമൂഹത്തേയും സമ്പന്നമാക്കുന്നു."

ഗാന്ധിജി

വിദ്യാഭ്യാസം

ദേശിങ്ങനാടിന്റെ തലസ്ഥാനമായ കൊല്ലം നഗരത്തിൽ നിന്നും 20 കിലോമീറ്റർ കിഴക്കും, കഥകളിയുടെ കേളികൊട്ടുയർന്ന കൊട്ടാരക്കരയിൽ നിന്നും 12 കിലോമീറ്റർ പടിഞ്ഞാറും, ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ ധീരമായി പോരാടിയ വേലുത്തമ്പിയുടെ വിളംബരം കൊണ്ട് വിഖ്യാതമായ കുണ്ടറയിൽ നിന്നും 6 കിലോമീറ്റർ തെക്കു കിഴക്കുമായി സ്ഥിതിചെയ്യുന്ന ഒരു ഉൾനാടൻ ഗ്രാമമാണ് കരീപ്ര. ഉർവ്വരയായ ഭൂമിയും ഉത്സാഹശീലരായ ജനങ്ങളും ഈ ഗ്രാമത്തിന്റെ സമ്പത്താണ്. കാർഷിക വൃത്തിയെ ആശ്രയിക്കുന്ന ജീവിതത്തിന്റെ ഗതിവേഗങ്ങൾക്കിടയിലും വിദ്യാഭ്യാസത്തിന്റെ മാർഗ്ഗത്തിലൂടെ മുന്നേറുവാൻ കൊതിക്കുന്ന ഒരു സമൂഹമനസ്സിന്റെ പ്രത്യക്ഷസാന്നിദ്ധ്യം ഈ ഗ്രാമത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ അലിഞ്ഞു ചേർന്നിട്ടുണ്ടെന്ന് ആമുഖമായി കുറിക്കട്ടെ. അക്ഷരങ്ങളുടെ നിറവിലൂടെ ദേശത്തിന്റെ സാംസ്കാരിക മണ്ഡലത്തിൽ പ്രത്യാശ പരത്തുന്ന നിരവധി വ്യക്തിത്വങ്ങൾ ഈ ഗ്രാമത്തിന്റെ ഈടുവയ്പുകളാണ്. വിദ്യാഭ്യാസ സൗകര്യങ്ങളുടെ പരിമിതികളെ മറികടക്കുന്ന നിശ്ചയദാർഢ്യത്തിന്റെ സാഫല്യമായി മാത്രമേ ഈ നേട്ടങ്ങളെ ഞങ്ങൾ കാണുന്നുള്ളൂ. അനുഗ്രഹവർഷം ചൊരിയാതെ കാലാകാലങ്ങളിൽ കടന്നുപോയ പദ്ധതികൾ ഈ ഗ്രാമത്തിലെ വിദ്യാഭ്യാസ സൗകര്യങ്ങളെ ഇന്നും ഊഷരമാക്കിത്തന്നെ നിലനിർത്തുകയാണ്. ഈ അപര്യാപ്തതകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നതോടൊപ്പം ഗ്രാമത്തിന്റെ സമഗ്രവികസനത്തിന് പാതയൊരുക്കേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ക്രിയാത്മകമായൊരു മാർഗ്ഗരേഖ നിർദ്ദേശിക്കുകയാണിവിടെ ചെയ്യുന്നത്.

പൈതൃകം

ഈ ഗ്രാമത്തിന്റെ വിദ്യാഭ്യാസ പാരമ്പര്യത്തിന് ഒരു നൂറ്റാണ്ടിന്റെ പഴമ അവകാശപ്പെടാൻ കഴിയും. എഴുത്താണികൊണ്ട് ഓലയിലെഴുതി ആശാൻ സമ്മാനിച്ച വിദ്യയുടെ ആദ്യാക്ഷരങ്ങൾ പൂഴിമണ്ണിലെഴുതി പഠിച്ചിരുന്ന നിലത്തെഴുത്ത് പള്ളിക്കൂടങ്ങളുടെയും കുടിപ്പള്ളിക്കൂടങ്ങളുടേയും സമ്പന്നമായ ഒരു ഭൂതകാലം എല്ലാ ഗ്രാമങ്ങളെപ്പോലെയും ഇവിടെയും ഉണ്ടായിരുന്നു. ഔപചാരികതയുടെ പരിവേഷമില്ലാതിരുന്ന ഈ പ്രാഥമിക വിദ്യാകേന്ദ്രങ്ങളായിരുന്നു ഈ നാടിന്റെ സാംസ്കാരിക പ്രതീക്ഷകൾക്ക് നാന്ദി കുറിച്ചത്. അറിവിന്റെ ആദ്യാക്ഷരങ്ങൾ ഇവിടുത്തെ ജനങ്ങൾക്ക് പറഞ്ഞുകൊടുത്ത പൂർവ്വികരായ ഗുരുനാഥന്മാരെ ഈ സന്ദർഭത്തിൽ ആദരവോടെ സ്മരിക്കുന്നു. അവരുടെ സരസ്വതിപൂജ സാഫല്യം പ്രാപിച്ചതിന്റെ സൂചനയായി 19-ാം നൂറ്റാണ്ടിന്റെ അന്ത്യദശകത്തിൽ ഈ ഗ്രാമത്തിലെ വാക്കനാട് എന്ന സ്ഥലത്ത് ഒരു പ്രാഥമിക വിദ്യാലയം സർക്കാർ ആരംഭിച്ചു. ഇതായിരുന്നു ഇവിടുത്തെ ആദ്യത്തെ ഔപചാരിക വിദ്യാലയം. തുടർന്ന് ചൂരപൊയ്ക, നെടുമൺകാവ് തുടങ്ങിയ സ്ഥലങ്ങളിൽ രണ്ടാംക്ലാസ്സുവരെ മാത്രം വിദ്യാഭ്യാസം നൽകുന്ന പള്ളിക്കൂടങ്ങൾ സ്ഥാപിതമായി. ഈ കാലയളവിൽ വിദ്യാതല്പരരായ ഇവിടുത്തെ ജനങ്ങൾ ഇരുമ്പനങ്ങാട്, എഴുകോൺ, കുണ്ടറ, അദിച്ചനല്ലൂർ തുടങ്ങിയ വിദൂരസ്ഥലങ്ങളിലായിരുന്നു തുടർവിദ്യാഭ്യാസം നടത്തിക്കൊണ്ടിരുന്നത്. അനവധി പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ടുതന്നെ അറിവിനു വേണ്ടിയുള്ള പോരാട്ടം അനസ്യൂതം തുടർന്നുകൊണ്ടുപോയതു തന്നെയാണ് പിന്നീട് ഈ ഗ്രാമം നേടിയെടുത്ത വിദ്യാഭ്യാസ ഔന്നത്യങ്ങൾക്കെല്ലാം പ്രചോദനമായിത്തീർന്നത്. ഒരു കാർഷികഗ്രാമത്തിന്റെ സ്വാഭാവികമായ ഇല്ലായ്മകളേയും പരിമിതികളേയും അതിജീവിച്ചു സാഹസികമായിത്തന്നെ വിദ്യ അഭ്യസിച്ച ഈ വിഞ്ജാന ദാഹികളിലാണ് ഈ ഗ്രാമത്തിന്റെ വിദ്യാഭ്യാസ പൈതൃകം കുടികൊള്ളുന്നത്.

തുടർന്ന് ഈ ഗ്രാമത്തിലെ പലയിടങ്ങളിലും പ്രൈമറി സ്കൂളുകൾ സ്ഥാപിക്കപ്പെട്ടു. കുഴിമതിക്കാട്,

തൃപ്പിലഴികം, കരീപ്ര, ഇടയ്ക്കിടം, കടയ്ക്കോട് എന്നിവിടങ്ങളിലാണ് ഈ സ്കൂളുകൾ തുടങ്ങിയത്. ഇവയുടെ സ്ഥാപിക്കലിനു പിന്നിൽ ഊർജ്ജസ്വലവും ത്യാഗോജ്ജ്വലവുമായ സേവനങ്ങളനുഷ്ഠിച്ച വിശിഷ്ഠ വ്യക്തികളെ ഈ സന്ദർഭത്തിൽ സ്മരിക്കുന്നത് ഉചിതം തന്നെയെന്നു കരുതുന്നു. ദേവർ ശങ്കരർ, പടിഞ്ഞാറ്റിടത്ത് മാർത്താണ്ഡപിള്ള, പൊയ്കയിൽ ആശാൻ, വൈരമൺ മാത്തുണ്ണി, പാലക്കുന്നിൽ രാമൻ, മണ്ണൂർ നാരായണൻ, പുത്തൻ വീട്ടിൽ ചാക്കോ, പുളിമൂട്ടിൽ കുറുപ്പ്, മരുതിക്കോട്ട് കുഞ്ഞൻപിള്ള, വടക്കതിൽ നാരായണപിള്ള തുടങ്ങിയവർ ഇക്കൂട്ടത്തിൽ എടുത്തുപറയേണ്ടുന്നവർ തന്നെ. ഒരു ഹൈസ്കൂൾ എന്ന സ്വപ്നം അപ്പോഴും ഗ്രാമനിവാസികൾക്ക് ഒരു മരീചികയായിത്തന്നെ നിലകൊണ്ടു. ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനുവേണ്ടി സംഘടിതരായി നിന്ന് ധാരാളം നിവേദനങ്ങളും ഹർജികളും അധികാരസ്ഥാനങ്ങളിൽ സമർപ്പിച്ചു. അനുകൂലമായ തീരുമാനങ്ങൾ പെട്ടെന്ന് ഉണ്ടാകാഞ്ഞതുകൊണ്ട് ജനങ്ങളുടെ ഉന്നതവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ദുരിതങ്ങൾ തുടർന്നുപോന്നു.

ആദ്യത്തെ ഹൈസ്കൂൾ

നമ്മുടെ രാജ്യം സ്വാതന്ത്ര്യം നേടി മൂന്ന് സംവത്സരങ്ങൾ കൂടി പിന്നിട്ടതിനുശേഷം മാത്രമാണ് ഈ ഗ്രാമനിവാസികളുടെ ഹൈസ്കൂൾ സ്വപ്നം സാക്ഷാത്ക്കരിക്കപ്പെട്ടത്. 1950 ൽ കുഴിമതിക്കാട് എന്ന സ്ഥലത്ത് ഈ സ്കൂൾ സ്ഥാപിക്കപ്പെട്ടു. ഉദാരമതിയായിരുന്ന കടുത്താനത്ത് വലിയ മഠത്തിൽ ശ്രീ. ദേവർ വാസുദേവരുടെ വിലപ്പെട്ട സംഭാവനകൾ ഈ സാക്ഷാത്ക്കാരത്തിനു പിന്നിൽ ഉണ്ടായിരുന്നുവെന്നുള്ള വസ്തുത ഈ ഗ്രാമം കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. ഉപരിവിദ്യാഭ്യാസത്തിന്റെ വാതിലുകൾ തുറന്നു കിട്ടിയപ്പോഴേക്കും ഗ്രാമീണർ ഉത്സാഹപൂർവ്വം ഈ വിദ്യാലയത്തിലൂടെ തങ്ങളുടെ ഭാവിയെത്തന്നെ കരുപിടിപ്പിച്ചു തുടങ്ങി. സമീപ ഗ്രാമങ്ങളിൽ നിന്നുപോലും വിദ്യാർത്ഥികൾ ഇവിടെയെത്തി പഠിച്ചു. അങ്ങനെ ഈ ഗ്രാമത്തിന്റെ സാംസ്കാരിക തലസ്ഥാനമെന്ന ഖ്യാതിയും കുഴിമതിക്കാടിന് ലഭിച്ചു. വിദ്യാഭ്യാസം ചെയ്യുന്നവരുടെ എണ്ണം ഇവിടെ ഗണ്യമായി വർദ്ധിച്ചു. ജീവിതത്തിന്റെ നാനാതുറകളിലേക്കും ഈ കലാലയം ഉജ്വല വ്യക്തിത്വങ്ങളെ സംഭാവന ചെയ്യുകയും ചെയ്തു. സർക്കാർ വിദ്യാലയങ്ങളുടെ കൂട്ടത്തിൽ ഈ സ്കൂൾ ഇന്നും ഒരു യശഃസ്തംഭമായി നിലകൊള്ളുന്നു. ഈ മികവിന്റെ അംഗീകാരമായിട്ടാണല്ലോ ഇതൊരു ഹയർസെക്കൻററി സ്കൂളായി ഉയർത്തപ്പെട്ടത്.

പട്ടിക . എ

സ്കൂളുകൾ - അദ്ധ്യാപകർ - വിദ്യാർത്ഥികൾ

ക്രമനമ്പർ സ്കൂളിന്റെ പേര്	മാനേജ്മെന്റ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
		ആൺ	പെൺ	ആകെ	പുരു.	സ്ത്രീ	ആകെ
1. സെന്റ്തോമസ് എൽ.പി.എസ്, തൃപ്പിലഴികം	ഗവഃ	57	50	107	2	2	4
2. ഗവഃ എൽ.പി.എസ് തൃപ്പിലഴികം	-	22	43	65	1	2	3
3. ഗവഃഎൽ.പി.എസ്. ഇടയ്ക്കിടം	-	123	104	227	4	4	8
4. ഗവ. എൽ.പി.എസ് കടയ്ക്കോട്	-	55	36	91	2	2	4
5. ഗവ. എൽ.പി.എസ് കുഴിമതിക്കാട്	-	115	123	238	3	6	9
6. ഗവ,എൽ.പി.എസ്. കരീപ്ര	-	83	88	171	1	5	6
7. ലിറ്റിൽഫ്ലവർ യു.പി.എസ് തൃപ്പിലഴികം	അൺ എയ്ഡഡ്	415	531	946	-	22	22
8. എസ്.എസ്.എസ്. യു.പി.എസ് ഇടയ്ക്കിടം	എയ്ഡഡ്	59	59	117	-	7	7
9. ഇ.വി.യുപി.എസ്, മടന്തക്കോട്	-	180	157	337	1	14	15
10.ഗവഃയു.പി.എസ് നെടുമൺകാവ്	ഗവഃ	311	278	589	6	12	18
11.എസ്.എൻ.ജി. എച്ച്.എസ് കടയ്ക്കോട്	എയ്ഡഡ്	144	166	310	7	13	20
12. സെന്റ്ഗ്രിഗോറിയസ്. വി. എച്ച്. എസ്. എസ് ചൊവ്വള്ളൂർ	-	324	258	582	6	18	24
13. ഗവഃഎച്ച്.എസ്.എസ് വാക്കനാട്	ഗവഃ	505	467	972	8	27	35
14. ഗവഃഎച്ച്. എസ് കുഴിമതിക്കാട്	-	660	554	1214	22	34	56
15. ടി.ടി.ഐ ചൊവ്വള്ളൂർ	എയ്ഡഡ്	5	34	39	1	3	4
16. ബി.ടി.ബി. എൽ.പി.എസ് പ്ലാക്കോട്	-	86	56	142	1	4	5

തുടർന്ന് മൂന്ന് ഹൈസ്കൂളുകൾ കൂടി ഈ ഗ്രാമത്തിൽ സ്ഥാപിതമായി. 1976 - ൽ ചൊവ്വല്ലൂരും 1975 ൽ കടയ്ക്കോടും മാനേജമെൻറ് മേഖലയിൽ രണ്ട് ഹൈസ്കൂളുകൾ സ്ഥാപിക്കപ്പെട്ടു. 1982 - ൽ വാക്കനാട് ഗവഃമേഖലയിൽ ഒരു ഹൈസ്കൂളും നിലവിൽ വന്നു. ഇന്ന് ഈ ഗ്രാമത്തിൽ മൊത്തം 16 അംഗീകൃത സ്കൂളുകളുണ്ട്. എൽ.പി., യു. പി, ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, ടി. ടി.,ഐ എന്നീ വിവിധ വിഭാഗങ്ങളിലായി 6205 വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തുന്നു. ഇതിൽ 3588 പേർ ഗവഃസ്കൂളുകളിലും 2617 പേർ സ്വകാര്യ സ്കൂളുകളിലും പഠിക്കുന്നു. ഇവയിലെല്ലാംകൂടി 249 അദ്ധ്യപകർ ജോലി നോക്കുന്നു. (146 പേർ സർക്കാർ സ്കൂളുകളിലും 103 പേർ സ്വകാര്യസ്കൂളുകളിലും) സ്കൂളുകളെക്കുറിച്ച് വിദ്യാർത്ഥി - അദ്ധ്യപക വിഭാഗങ്ങളെക്കുറിച്ചുള്ള വിശദസൂചന പട്ടിക-എ നൽകുന്നു.

സ്ത്രീവിദ്യാഭ്യാസം

ആൺകുട്ടികളോടൊപ്പം തന്നെ പെൺകുട്ടികളും വിദ്യാഭ്യാസം ചെയ്യുന്നതിൽ തല്പരരാണ്. മാത്രവുമല്ല ഉന്നതവിദ്യാഭ്യാസ രംഗത്തെത്തുമ്പോഴേക്കും അവർ ആൺകുട്ടികളേക്കാൾ മുന്നിൽ എത്തുകയും ചെയ്യുന്നുണ്ട്. ഗ്രാമത്തിലെ ധാരാളം വരുന്ന അഭ്യസ്ഥവിദ്യരും ഉദ്യോഗസ്ഥകളുമായ സ്ത്രീകൾ ഈയൊരു പ്രവണതയുടെ സാക്ഷ്യപത്രങ്ങളാണ്. പെൺകുട്ടികൾക്ക് കഴിയുന്നത്ര വിദ്യാഭ്യാസം നൽകി അവരുടെ ഭാവി സുരക്ഷിതമാക്കുന്നതിൽ രക്ഷിതാക്കൾ പൊതുവേ ഉത്സാഹം പ്രകടിപ്പിക്കുന്നുണ്ട്. മാനസികവും കായികവുമായി ആരോഗ്യമുള്ള പുതിയ തലമുറയുടെ പിറവിക്ക് വിദ്യാഭ്യാസമുള്ള സ്ത്രിക്കുള്ള പങ്ക് നിസ്തുലമാണല്ലോ.

പട്ടിക - ബി

പെൺകുട്ടികളുടെ വിദ്യാഭ്യാസം

	LPS			UPS			HS			HSS & VHS		
ആകെ വിദ്യാർത്ഥികൾ	ആൺ	പെൺ	%	ആൺ	പെൺ	%	ആൺ	പെൺ	%	ആൺ	പെൺ	%
6205	1404	1348	49	916	936	50.5	880	721	45.3	148	236	63

പട്ടിക ജാതി - പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസം

പട്ടിക ജാതി പട്ടികവർഗ്ഗവിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ താല്പര്യം താരതമ്യേന കൂടുതലാണെന്ന് പറയാം. വിവിധ തലങ്ങളിലായി 847 വിദ്യാർത്ഥികൾ ഈ വിഭാഗത്തിൽപ്പെട്ടവരായിട്ടുണ്ട്. പ്രൈമറി - അപ്പർ പ്രൈമറി തലത്തിൽ 447 പേരും, ഹൈസ്കൂളിൽ 376 പേരും, ഹയർ സെക്കണ്ടറി തലത്തിൽ 14 പേരും വിദ്യാഭ്യാസം നടത്തുന്നു. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരാണെങ്കിൽ പോലും തങ്ങളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകി ജീവിത സാഹചര്യങ്ങൾക്ക് മാറ്റമുണ്ടാക്കി എടുക്കണമെന്നാഗ്രഹിക്കുന്നവരാണ് ഈ ഗ്രാമത്തിലെ പട്ടിക ജാതി വിഭാഗങ്ങൾ. രാഷ്ട്രീയ വിശ്വാസങ്ങൾ സമ്മാനിച്ച ആശയ പ്രബുദ്ധതയുടേയും, സാക്ഷരതയിലൂടെ നേടിയ നവബോധങ്ങളുടെയും പുതിയ സൂര്യോദയം അവരുടെ മനസ്സുകളിൽ ചൈതന്യം പരത്തിക്കഴിഞ്ഞിരിക്കുന്നുവെന്നതിൻെറ സൂചനകളാണ് ഈ താല്പര്യത്തിലൂടെ പ്രകടമാകുന്നത്. ഗ്രാമത്തിലെ സാമൂഹ്യ സംഘടനകൾ, സാംസ്കാരിക സമിതികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവ ഈ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികളെ സാമ്പത്തികമായി സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ പരിപാടികൾ നടപ്പാക്കിയിട്ടുണ്ട്. ഇവരുടെ വിദ്യാഭ്യാസ അഭിരുചിയെ ബഹുദൂരം മുന്നോട്ടു നയിക്കുവാൻ ഇതിനൊക്കെ ഏറെ കഴിഞ്ഞിരിക്കുന്നു.

പട്ടിക - സി

പട്ടിക ജാതി - പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ

LP			UP			HS			HSS&VHS		
ആകെ	SC/SCT	%	ആകെ	SC/SCT	%	ആകെ	SC/SCT	%	ആകെ	SC/SCT	%
2752	218	8.7	1852	239	13	1601	376	23.4	374	14	4

കൊഴിഞ്ഞുപോകൽ

സാമ്പത്തിക പരാധീനതകൊണ്ടും മറ്റ് കാരണങ്ങൾ കൊണ്ടും ഇടയ്ക്കുവച്ച് പഠനമുപേക്ഷിക്കേണ്ടതായി വരുന്ന വിദ്യാർത്ഥികളുടെ എണ്ണം ഇവിടെ വളരെ കുറവാണ്. ഇങ്ങനെ കൊഴിഞ്ഞുപോകുന്നവരിൽ കൂടുതലും പട്ടികജാതി -പട്ടികവർഗ്ഗത്തിൽപ്പെടുന്നവരുമാണ്.

പട്ടിക - ഡി

ഇടയ്ക്ക് പഠനം നിർത്തിയവർ

SC/			മറ്റുള്ളവർ			ആകെ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
10	11	21	43	25	68	53	36	89

എങ്കിലും ഈ പ്രവണത വർദ്ധിക്കാതിരിക്കാൻ വേണ്ടുന്ന ആശയബോധനം നിർവഹിക്കുവാൻ ഇവിടുത്തെ യുവജനസംഘടനകളും സാക്ഷരതാ പ്രവർത്തകരും സന്നദ്ധ സംഘടനകളും വ്രതനിഷ്ഠയോടെ രംഗത്തുണ്ട്. കൊഴിഞ്ഞുപോകലിനെക്കുറിച്ചുള്ള വിവരം പട്ടിക - ഡി നൽകുന്നു.

നഴ്സറി - പ്രി - പ്രൈമറി വിദ്യാഭ്യാസം

അംഗീകാരമുള്ളതും അംഗീകാരമില്ലാത്തതുമായ അനവധി നഴ്സറി സ്കൂളുകൾ ഈ ഗ്രാമത്തിൽ പ്രവർത്തിക്കുന്നുണ്ട്. നഴ്സറി വിദ്യാഭ്യാസം കൊടുക്കുക എന്നത് ഒരു ഒബ്സഷനായിക്കാണുന്ന ഒരു വിഭാഗമാളുകൾ ഇവിടെയുണ്ട്. പൊതുവിദ്യാലയങ്ങളിൽ ചേർത്ത് കുട്ടികളെ പഠിപ്പിക്കുന്നതിന് താല്പര്യമുള്ളവരാണ് ഇവിടുത്തെ ബഹുഭൂരിപക്ഷം ആളുകളെങ്കിലും നഴ്സറി വിദ്യാഭ്യാസം പൊതുമേഖലയിൽ സാർവ്വത്രികമാകാതിരിക്കുന്നത് ഇതിനു വിഘാതമായി നിൽക്കുന്നു. ഇതിനെതിരെയുള്ള ചെറുത്തുനില്പ് വിദ്യാഭ്യാസത്തിന്റെ സാമൂഹ്യപരതയുമായി ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ അനിവാര്യമായിത്തീരുന്നു. ഈ ചെറുത്തുനില്പിന്റെ പ്രാഥമിക രൂപങ്ങളാണ് സർക്കാർ സ്കൂളുകളിൽ നാമമാത്രമായി പ്രവർത്തിച്ചുതുടങ്ങിയിട്ടുള്ള പ്രീ-പ്രൈമറി സ്കൂളുകൾ. ഇവിടെ നാലിടങ്ങളിൽ പ്രീ-പ്രൈമറി ക്ലാസ്സുകൾ നടത്തുന്നു. അതിന്റെ ചുമതല അതാത് സ്കൂളുകളിലെ പി. ടി. എ. കമ്മിറ്റികൾക്കാണ്. ഈ പ്രീ - പ്രൈമറി സ്കൂളുകളുടെ ചിട്ടയായ പ്രവർത്തനങ്ങളിലൂടെ മാത്രമേ നഴ്സറി സ്കൂളുകളുടെ കൊയ്ത്തിൽ നിന്നും സാധാരണക്കാരെ മോചിപ്പിക്കാൻ കഴിയൂ. വരേണ്യവർഗ്ഗത്തിന്റെ വിദ്യാഭ്യാസകസർത്തിൽ നിന്നും പിഞ്ചുകുട്ടികളെ രക്ഷിക്കുവാൻ വേണ്ടുന്ന പരിശ്രമങ്ങൾ ഈ ഗ്രാമപഞ്ചായത്തിലും ആരംഭിച്ചിട്ടുണ്ടെന്ന് അഭിമാനപൂർവ്വം പ്രസ്താവിക്കട്ടെ. എല്ലാ സ്കൂളുകളിലും പ്രീ-പ്രൈമറി ക്ലാസ്സുകൾ ആരംഭിച്ച് വിദ്യാഭ്യാസത്തെ ജനകീയമാക്കിത്തീർത്താൽ മാത്രമേ ഇവിടെ ഉപരിവർഗ്ഗത്തിലെങ്കിലും നിലനിൽക്കുന്ന നഴ്സറി ആഭിമുഖ്യവും, ഇംഗ്ലീഷ് കോംപ്ലക്സും അവസാനപ്പിക്കാൻ കഴിയൂ. സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകർ തന്നെ തങ്ങളുടെ കുട്ടികളെ റെഡിമെയ്ഡ് വിദ്യാഭ്യാസം

നൽകി കൂടുൽ മിടുക്കന്മാരാക്കാൻ വേണ്ടി അൺ-എയ്ഡഡ് സ്കൂളുകളിലേക്കയയ്ക്കുന്നുവെന്നത് അത്യന്തം ഖേദകരമാണ്. സർക്കാരിന്റെ എല്ലാ ആനുകൂല്യങ്ങളും പറ്റി സൗഭാഗ്യങ്ങൾ കെട്ടിപ്പടുത്തിട്ട് നമ്മുടെ പൊതു വിദ്യാഭ്യാസത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന ഇവർ നമ്മുടെ വിദ്യാഭ്യാസ മണ്ഡലത്തിന്റെ പൊതു ശത്രുക്കൾ തന്നെയാണ്. അദ്ധ്യാപകരുടെ സ്വകാര്യ ട്യൂഷൻ വാസനയും അപകടകരം തന്നെ. ഇവയ്ക്കെല്ലാമെതിരായി ആശയപരമായ പ്രതിരോധം സൃഷ്ടിക്കുവാൻ വേണ്ടുന്ന പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് തലത്തിൽ തന്നെ നിർവഹിക്കേണ്ടതുണ്ട്. ജനപ്രതിനികളേയും, വിദ്യാഭ്യാസ വിചക്ഷണന്മാരെയും സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ പ്രവർത്തകരേയും ഒത്തൊരുമിപ്പിച്ചുകൊണ്ടുള്ള ഒരു പ്രവർത്തനത്തിലൂടെ ഈ അനാരോഗ്യപ്രവണതയ്ക്കെതിരെയുള്ള പോരാട്ടം ശക്തിമത്താക്കേണ്ടത് വിദ്യാഭ്യാസത്തിന്റെ പൊതുതാല്പര്യത്തിന് അത്യന്താപേക്ഷിതമാണ്. അദ്ധ്യാപനത്തിൽ മികവ് പ്രകടിപ്പിക്കുവാൻ അദ്ധ്യാപകരും ശ്രദ്ധിക്കണം.

സാങ്കേതിക വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഈ ഗ്രാമം വളരെ പിറകിലാണ്. ഒരു . ഐ.ടി.ഐ. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നതൊഴിച്ചാൽ കാര്യമായ സാങ്കേതിക പഠനകേന്ദ്രങ്ങളൊന്നും ഇവിടെയില്ല. ഭാരിച്ച കോഴ നൽകി ഇത്തരം സ്ഥാപനങ്ങളിൽ കുട്ടികളെ പഠിപ്പിക്കുവാൻ സാധാരണക്കാരായ രക്ഷിതാക്കൾക്ക് കഴിയുന്നില്ല. കുഴിമതിക്കാട് ഹയർ സെക്കണ്ടറി സ്കൂളിൽ പ്രവർത്തിക്കുന്ന കമ്പ്യൂട്ടർ പഠനകേന്ദ്രം പരിമിതികൾക്ക് വിധേയമാണ്. സാങ്കേതിക പഠനത്തിന്റെ ആവശ്യകത അതിപ്രധാനമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇവിടുത്തെ വിദ്യാർത്ഥികൾക്ക് സാങ്കേതിക പഠനത്തിനു വേണ്ടി ദൂരസ്ഥലങ്ങളിൽ പോകേണ്ട സ്ഥിതിയാണുള്ളത്. ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടുകൾ 5 എണ്ണം ഉണ്ടെങ്കിലും കമ്പ്യൂട്ടർ, സിറോക്സ് കടന്നുകയറ്റത്തിനിടയിൽ പ്രസക്തി നഷ്ടപ്പെട്ട ഇത്തരം സ്ഥാപനങ്ങൾ വെറും നോക്കുകുത്തികൾ മാത്രമായിരിക്കുന്നു.

സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ

കേന്ദ്ര സർക്കാരിന്റെ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന ഒരു സംസ്കൃത വിദ്യാപീഠം ഇടയ്ക്കിടത്തുണ്ട്. പ്രാക്ശാസ്ത്രി, ശാസ്ത്രി, ആചാര്യ എന്നീ ക്ളാസ്സുകൾ നടത്തുന്ന ഈ സ്ഥാപനം പഞ്ചായത്തിലെ ധാരാളം ആളുകൾക്ക് തൊഴിലുണ്ടാക്കികൊടുത്തിട്ടുണ്ട്. വടക്കൻ കേരളത്തിൽ സംസ്കൃതാദ്ധ്യാപകരായി ജോലിനോക്കുന്നവരിൽ നല്ലൊരു ശതമാനം ഇവിടുത്തെ ഡിഗ്രികരസ്ഥമാക്കിയവരാണ്. സമീപ പ്രദേശങ്ങളിൽ നിന്നെല്ലാം വിദ്യാർത്ഥികൾ ഇവിടെയെത്തി പഠിക്കുന്നുണ്ട്. ഇതൊരു സംസ്കൃത കോളേജാക്കി മാറ്റാൻ ഒത്തൊരിമിച്ചുള്ള പ്രവർത്തനങ്ങൾ ഗുണകരമാകുമെന്ന് ഞങ്ങൾക്ക് പ്രതീക്ഷയുണ്ട്. പിഞ്ചുകുഞ്ഞുങ്ങൾക്ക് വേണ്ടിയുള്ള 4 അംഗൻവാടികൾ, 9 പാരലൽ കോളേജുകൾ എന്നിവ കൂടി ആകുമ്പോൾ ഇവിടുത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടിക അവസാനിക്കുന്നു. വ്യവസ്ഥാപിത രീതിയിലുള്ള വിദ്യാഭ്യാസ രീതികളൊന്നും അവംലംബിക്കാത്ത അംഗൻവാടികളിൽ പരിശീലനം നേടിയ അദ്ധ്യാപകരോ കാര്യശേഷിയുള്ള നിയന്ത്രണസമിതികളോ ഒന്നുമില്ല. അഭ്യസ്ഥവിദ്യരായ തൊഴിലില്ലാത്ത ചെറുപ്പക്കാർ നടത്തുന്ന സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനവും തൃപ്തികരമല്ല. ലാഭേച്ഛയിൽ ഊന്നി പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ നമ്മുടെ വിദ്യാഭ്യാസ രംഗത്ത് അനാരോഗ്യ പ്രവണതകളാണ് സൃഷിടിച്ചുകൊണ്ടിരിക്കുന്നത്. പരീക്ഷയെമാത്രം മുന്നിൽകണ്ട് വിദ്യാർത്ഥികളെ ചിട്ടപ്പെടുത്തുന്ന ഗുളിക രൂപത്തിലുള്ള ശിക്ഷണം നമ്മുടെ വിദ്യാഭ്യാസ രീതിയെത്തന്നെ പിറകോട്ട് തള്ളിനീക്കുന്ന തരത്തിലുള്ളതാണ്. ഇങ്ങനെ ചില വിമർശനങ്ങൾ രേഖപ്പെടുത്തുമ്പോഴും അവർ നടത്തുന്ന അക്ഷരപ്രവർത്തനങ്ങളെ അംഗീകരിക്കുന്നു. ഈ ഗ്രാമത്തിന്റെ സാംസ്കാരിക മുന്നേറ്റങ്ങൾക്ക് അവരുടെ സംഭാവനകൾ അവഗണിക്കാവുന്നതുമല്ല.

പാഠ്യേതര പ്രവർത്തനങ്ങൾ - മികവുകൾ

കലാ - കായിക രംഗങ്ങളിൽ മികച്ച പ്രതിഭകളെ സൃഷ്ടിക്കാൻ ഈ ഗ്രാമത്തിലെ കലാലയങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ അറബനമുട്ടിന് തുടർച്ചയായി രണ്ടു പ്രാവശ്യം ഒന്നാം സമ്മാനം നേടാൻ കുഴിമതിക്കാട് ഹയർ സെക്കൻററി സ്കൂളിന് കഴിഞ്ഞുവെന്ന കാര്യം പ്രത്യേകം എടുത്തു പറഞ്ഞുകൊള്ളട്ടെ. മാത്രമല്ല ഇവിടുത്തെ സ്കൂളുകളിൽ പഠിച്ച ധാരാളം പ്രതിഭകൾക്ക് ജില്ലാ - സംസ്ഥാന യുവജനോത്സവങ്ങളിലും, കായിക മേളകളിലും സമ്മാനം ലഭിച്ചിട്ടുണ്ട്. കുട്ടികളുടെ വായനാശീലം

ഉയർന്നതാണെങ്കിലും വിദ്യാലയങ്ങളിലെ ലൈബ്രറി സൗകര്യങ്ങൾ താഴ്ന്ന നിലവാരത്തിലുള്ളതാണ്. കേരളാ ശാസ്ത്ര സാഹിത്യ പരിഷത്ത് നടത്തുന്ന വിജ്ഞാനോത്സവങ്ങളിൽ ഉജ്ജ്വല വിജയം കരസ്ഥമാക്കുവാനും ഇവിടുത്തെ വിദ്യാലയങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. എൻ. സി. സി. സ്കൗട്ട്, റെഡ്ക്രോസ് എന്നീ സംഘടനകൾ മിക്ക കലാലയങ്ങളിലുമുണ്ട്. ഇവയിലൂടെ അച്ചടക്കവും, ദേശസ്നേഹവും, മനുഷ്യസ്നേഹ തത്പരതയും വിദ്യാർത്ഥികളിൽ രൂപപ്പെടുത്തി എടുക്കുവാനും പുതിയൊരു നാളയെക്കുറിച്ചുള്ള പ്രതീക്ഷാ നിർഭരമായ ബോധം ജനിപ്പിക്കാനും വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കുന്നു. അനാവശ്യമായ സമരങ്ങൾ ഒഴിവാക്കി അദ്ധ്യയനം സുഗമമാക്കാൻ സ്കൂളുകളിലെ പി. റ്റി. എ. കമ്മറ്റികൾ ശുഷ്കാന്തിയായി പ്രവർത്തിക്കുന്നുണ്ട്. വിദ്യാർത്ഥികളുടെ ആരോഗ്യകാര്യങ്ങളിൽ ശ്രദ്ധിക്കുന്നതിനും, അതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനും ആരോഗ്യവകുപ്പ് ഉൾപ്പെടെയുള്ള വിഭാഗങ്ങളുമായി സഹകരിച്ച് സമ്പർക്കപരിപാടികളും സർവ്വെകളും നടത്തി ആരോഗ്യമുള്ള ഒരു പുതിയ തലമുറയെ സൃഷ്ടിക്കാനുള്ള പദ്ധതികൾക്ക് പി. റ്റി. എ. സമിതികൾ നേതൃത്വം കൊടുക്കുന്നുണ്ട്. കുഴിമതിക്കാട് സ്കൂളിലെ നാഷണൽ സർവ്വീസ് സ്കീം വിഭാഗം വിവിധ സാമൂഹ്യ സേവന പരിപാടികൾ നടത്തിയിട്ടുണ്ട്. ഈ ഗ്രാമത്തിലെ പല പുതിയ റോഡുകളും അവരുടെ നേതൃത്വത്തിൽ നിർമ്മിക്കപ്പെടുകയോ പുനരുദ്ധാരണം ചെയ്യപ്പെടുകയോ ചെയ്തിട്ടുണ്ട്. ശുചീകരണപ്രവർത്തനങ്ങളിലും അവർ സജീവമായി രംഗത്തുണ്ട്.

വിജയശതമാനം

വിജയശതമാനത്തിന്റെ കാര്യത്തിൽ സ്വകാര്യസ്കൂളുകളെയും അതിശയിപ്പിക്കുന്ന വിജയ ശതമാനം കരസ്ഥമാക്കുവാൻ ഇവിടുത്തെ സർക്കാർ സ്കൂളുകൾക്ക് കഴിയുന്നുണ്ടെന്ന കാര്യം പ്രത്യേക പരാമർശിക്കേണ്ടതായിട്ടുണ്ട്. സ്വാകര്യ വിദ്യാലയങ്ങളിലെ വിജയശതമാനവും മെച്ചപ്പെട്ടതുതന്നെ. കഴിഞ്ഞ അഞ്ചുവർഷങ്ങളിലെ എസ്. എസ്. എൽ. സി വിജയശതമാനം ഇവിടെ ചേർക്കുന്നു.

പട്ടിക. ഇ

എസ്. എസ്. എൽ. സി. വിജയശതമാനം

വിദ്യാലയത്തിന്റെ പേര്	91-92	92-93	93-94	94-95	95-96
എസ്.എൻ. ജി. എച്ച്. എസ്. കടയ്ക്കോട്	95.6	72	55	35	62
സെൻറ്,ജോർജ്ജ്. വി. എച്ച്.എസ്. ചൊവ്വള്ളൂർ	66	59	72	70	72
ജി. എച്ച്. എസ്. എസ് കുഴിമതിക്കാട്	67	71	69	78	76
ജി. എച്ച്. എസ്. വാക്കനാട്	58	70	70	70	68

ഈ ഗ്രാമത്തിലെ വിദ്യാഭ്യാസ മണ്ഡലത്തിന്റെ ചരിത്രവും യാഥാർത്ഥ്യവുമാണ് ഇതുവരെ ഇവിടെ വിവരിച്ചു കാട്ടിയത്. പുരോഗതിയുടെയും നേട്ടങ്ങളുടെയും ഏടുകൾ പലതും ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിലും ഇവിടുത്തെ വിദ്യാഭ്യാസ സ്വപ്നങ്ങൾ ഇനിയും പലതും സാക്ഷാത്ക്കരിക്കാനായുണ്ട്. കഠിനാദ്ധ്വാനവും അർപ്പണബുദ്ധിയും കുറെ നല്ല മനുഷ്യരുടെ ഔദാര്യവുമൊക്കെകൊണ്ടുമാത്രമാണ് ഈ പരിമിതമായ നേട്ടങ്ങളെങ്കിലും കരസ്ഥമാക്കുവാൻ കഴിഞ്ഞത്. വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളമുണ്ടാകേണ്ടുന്ന അവശ്യസൗകര്യങ്ങൾ മുതൽ വികാസത്തിന്റെയും നവീകരണത്തിന്റെയും ഭാഗമായുണ്ടാകേണ്ടുന്ന ശാസ്ത്ര സാങ്കേതിക സൗകര്യങ്ങൾവരെ ഇനിയും നേടേണ്ടതായിരിക്കുന്നു. ഈ അസൗകര്യങ്ങളും പരിമിതികളും പരിഹരിക്കുന്നതി

ലൂടെ മാത്രമേ സർക്കാർ വിഭാവനം ചെയ്യുന്ന തരത്തിലുള്ളൊരു സമ്പൂർണ്ണ വിദ്യാഭ്യാസ വിപ്ലവം സാദ്ധ്യമായിത്തീരൂ.

ദേശീയ കാഴ്ചപ്പാട്

ഔപചാരികമായ ഒരു വിദ്യാഭ്യാസ രീതി അവലംബിച്ചതുകൊണ്ടു മാത്രം ഒരു ജനതയുടെ വിദ്യാഭ്യാസ സങ്കല്പം സാക്ഷാത്ക്കരിച്ചുവെന്നു പറയാൻ കഴിയില്ല. ആനൗപചാരിക വിദ്യാഭ്യാസത്തിനും കാര്യമായ പങ്കു വഹിക്കുവാൻ കഴിയുമെന്ന സങ്കല്പമാണ് നമുക്കുള്ളത്. വർത്തമാനപത്രങ്ങളിലൂടെ നേടാൻ കഴിയുന്ന സാമാന്യ വിജ്ഞാനം സർക്കാരിന്റെ മാദ്ധ്യമങ്ങളായ റേഡിയോ, ടെലിവിഷൻ തുടങ്ങിയവയിലൂടെ ആർജിക്കുന്ന അറിവുകൾ, വായനശാലകളിലൂടെ നേടിയെടുക്കാൻ കഴിയുന്ന വിജ്ഞാനങ്ങൾ, ദൃശ്യ -ശ്രാവ്യ കലകളിലൂടെ രൂപപ്പെടുത്തിയെടുക്കാവുന്ന സാംസ്കാരിക ബോധങ്ങൾ, കലാസമിതികളുടെ പ്രവർത്തനങ്ങളിലൂടെ നേടിയെടുക്കാവുന്ന സാമൂഹ്യാവബോധവുമൊക്കെ ആനൗപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗങ്ങളാണ്. ദേശത്തിന്റെ ഐക്യം, അഖണ്ഡത, മതേതരത്വം, സാമൂഹ്യസമത്വം എന്നിവയിലൂന്നിക്കൊണ്ടുള്ള ഒരു സമൂഹമനസ്സിനെ സൃഷ്ടിക്കാനുള്ള എളിയതും എന്നാൽ ശക്തവുമായ ചിന്തകൾക്ക് ആനൗപചാരിക വിദ്യാഭ്യാസം പ്രേരണ നൽകുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. അക്കാഡമിക് ശിക്ഷണം മാത്രമുൾക്കൊള്ളുന്ന ഒരു തലമുറയ്ക്ക് ഈ വിധ കാര്യങ്ങൾ നേടിയെടുക്കാൻ കഴിയുമെന്ന് തോന്നുന്നില്ല. ചുരുക്കത്തിൽ ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസത്തിലൂടെ മാത്രമേ നമുക്കു ഉത്തമ പൗരനാകാൻ കഴിയുകയുള്ളൂ.

ഇത്തരത്തിലുള്ള നമ്മുടെ ദേശീയ വിദ്യാഭ്യാസ വീക്ഷണവുമായി ബന്ധപ്പെടുത്തിക്കൊണ്ടുതന്നെയുള്ള ഒരു വിദ്യാഭ്യാസ സമ്പ്രദായമാവിഷ്ക്കരിക്കുവാൻ വേണ്ടുന്ന തരത്തിലുള്ള ക്രിയാത്മക നിർദ്ദേശങ്ങളാണ് വിവിധ വാർഡുകളിലായി കൂടിയ ഗ്രാമസഭകളിൽ നിന്നും ഉരുത്തിരിഞ്ഞു വന്നിട്ടുള്ളത്. അക്കാഡമിയിൽ സൗകര്യങ്ങൾ തൊട്ട് വിജ്ഞാനവുമായി ബന്ധപ്പെട്ടു കിടക്കുന്ന അക്കാഡമികേതര കാര്യങ്ങൾ വരെ പരമാർശിക്കപ്പെടുന്ന ഗൗരവമേറിയ പ്രശ്നങ്ങളാണ് ജനങ്ങൾ മുന്നോട്ട് വച്ചത്. അക്കാഡമിക് സൗകര്യങ്ങൾ വിദ്യാഭ്യാസത്തിന്റെ ആവശ്യഘടകമാണ്. പഠന സാമഗ്രികൾ, ലൈബ്രറി, ലബോറട്ടറി, ഫർണിച്ചറുകൾ, ഇതര പാഠ്യോപകരണങ്ങൾ എന്നിവയുടെ അഭാവം ഇവിടുത്തെ മിക്ക സ്കൂളുകളിലുമുണ്ട്. സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളൊക്കെ പരിതാപകരമാണ്, മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ ഭൗതികസാഹചര്യങ്ങൾ ഈ ഗ്രാമത്തിലെ മിക്ക സ്കൂളുകളിലും ഇല്ലെന്നു തന്നെ പറയാം. ഭദ്രവും സുരക്ഷിതവുമായ ക്ലാസ്സുമുറികളുടെ അഭാവം, ഉല്ലാസത്തിനും കായികാഭ്യാസത്തിനും വേണ്ടുന്ന സൗകര്യങ്ങളുടെ കുറവ് എന്നിവയും ഈ പോരായ്മകളിൽപ്പെടുന്നു. ഈ പ്രശ്നങ്ങളുടെ നേർക്കുള്ള ജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വിലയിരുത്തി പഠിച്ച് അതിൽ നിന്നും ക്രോഡീകരിച്ച കാര്യങ്ങളാണ് ഈ റിപ്പോർട്ടിൽ സജീവ പരിഗണനയ്ക്കും അംഗീകാരത്തിനുമായി പരാമർശിക്കുന്നത്.

സാദ്ധ്യതകൾ

1. എല്ലാ വിദ്യാലയങ്ങളിലും സ്കൂൾ കോംപ്ലക്സുകൾ സ്ഥാപിക്കുക വഴി വിദ്യാഭ്യാസത്തിന്റെ ഗുണ നിലവാരം മെച്ചപ്പെടുത്തുവാൻ കഴിയും.
2. പി. ടി. എ. പ്രവർത്തനം ശക്തിപ്പെടുത്തുകയും രക്ഷിതാക്കളല്ലാത്ത അഭ്യുദയകാംക്ഷികളെക്കൂടി ഉൾപ്പെടുത്തി സ്കൂൾ വികസന സമിതികൾ രൂപീകരിക്കുകയും ചെയ്താൽ സ്കൂളുകളിലെ അനാവശ്യസമരങ്ങളും, അദ്ധ്യാപകരുടെ നിരുത്തരവാദിത്ത്വവും ഒരു പരിധിവരെ നിയന്ത്രിക്കാം.
3. അനധികൃത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിയന്ത്രണം വഴി പൊതുവിദ്യാഭ്യാസത്തിന്റെ ആശയങ്ങൾക്ക് ശക്തി പകരാനും, വരേണ്യവൽക്കരണത്തെ തടയാനും കഴിയും.
4. അദ്ധ്യാപകർക്ക് കാലാകാലങ്ങളിൽ റിഫ്രഷർകോഴ്സുകൾ നൽകിയാൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കാര്യമായി മെച്ചപ്പെടുത്താൻ കഴിയും.
5. അദ്ധ്യാപക-രക്ഷാകർത്തൃ ബന്ധം സുദൃഢമാക്കുന്നതിലൂടെ ഒരു പുതിയ വിദ്യാഭ്യാസ സമ്പ്രദായത്തിനു തന്നെ ജന്മം കൊടുക്കുവാൻ സാധിക്കും.
6. കൂടുതൽ സ്ഥലസൗകര്യങ്ങളേർപ്പെടുത്തി സ്കൂളുകൾ പുനഃസംവിധാനം നിർവ്വഹിച്ചാൽ ഷിഫ്റ്റ് തുടങ്ങിയവ അവസാനിപ്പിച്ച് വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ബുദ്ധിമുട്ടുകൾ അവസാനിപ്പിക്കാമെന്നു തോന്നുന്നു.

7. സാക്ഷരതാ പരിപാടിയും തുടർ വിദ്യാഭ്യാസവും വീണ്ടും നടത്തുന്നതിലൂടെ അവശേഷിക്കുന്ന നിരക്ഷരകർക്കുകൂടി അറിവുപകർന്നു കൊടുക്കുവാൻ സാധിക്കും.

8. എല്ലാ വിദ്യാലയങ്ങളിലും കൺസ്യൂമർ സൊസൈറ്റികളുണ്ടാക്കിയാൽ വ്യാപാരികളുടെ കൊള്ള ലാഭമെടുക്കലിൽ നിന്നും വിദ്യാർത്ഥികളെ രക്ഷിക്കുവാൻ കഴിയും

9. ഉച്ചക്കഞ്ഞി വിതരണം ശുചിത്വത്തോടെയും കാര്യക്ഷമമായും നിർവഹിച്ചാൽ താഴെത്തട്ടിലുള്ള വിദ്യാർത്ഥികളുടെ ആരോഗ്യകാര്യങ്ങളും ആഹാര ദൗർലഭ്യങ്ങളും ഒരു പരിധി വരെ പരിഹരിക്കാമെന്ന് വിശ്വസിക്കുന്നു.

10. സ്കൂളുകൾ തുറക്കുന്ന സമയത്ത്തന്നെ പാഠപുസ്തകങ്ങളെത്തിക്കാൻ കഴിഞ്ഞാൽ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും പാഠ്യസംബന്ധമായ ബുദ്ധിമുട്ടുകൾ പരിഹരിക്കപ്പെടാൻ കഴിയും.

11. കൂടുതൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാക്കുക വഴി ആധുനിക വിദ്യാഭ്യാസ സങ്കല്പങ്ങളോട് അടുത്തെത്താൻ സാധിക്കും.

12. അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം കുറയ്ക്കുക വഴി വിദ്യാഭ്യാസത്തിന്റെയും, അദ്ധ്യാപക - വിദ്യാർത്ഥി ബന്ധത്തിന്റെയും കാര്യക്ഷമമായ പുരോഗതി പ്രതീക്ഷിക്കാം.

13. മാതൃസംഗമം പ്രൈമറി സ്കൂളുകളിൽ സാർവ്വത്രികമാക്കുക വഴി കുട്ടികളുടെ പ്രശ്നങ്ങൾ അദ്ധ്യപകർക്കും അമ്മമാർക്കും പരസ്പരം കൈമാറുവാനുള്ള അവസരങ്ങളുണ്ടാകും.

14. സുശക്തമായ ബന്തവസ്സും, രാത്രികാലങ്ങളിൽ ഏർപ്പെടുത്തുന്ന നിരീക്ഷണങ്ങളും വഴി സ്കൂളുകളിൽ ഇന്നു മിക്ക സ്ഥലത്തും വ്യാപകമായിക്കൊണ്ടിരിക്കുന്ന സാമൂഹ്യവിരുദ്ധ ശല്യങ്ങൾ അവസാനിപ്പിക്കാം.

പതിനൊന്നു വാർഡുകളിലായി കൂടിയ ഗ്രാമസഭകൾ ഇക്കാര്യത്തിൽ മുന്നോട്ടുവച്ച ഗൗരവമേറിയ ചില പ്രശ്നങ്ങൾ നിർദ്ദേശങ്ങളായി ഇവിടെ അവതരിപ്പിക്കുകയാണ്.

ഗ്രാമസഭകളിലെ നിർദ്ദേശങ്ങൾ

1. തൃപ്പിലഴികം സെൻറ് തോമസ് എൽ. പി. എസി ന് ചുറ്റുമതിൽ നിർമ്മിക്കണം. അന്യാധീനമായ്ക്കൊണ്ടിരിക്കുന്നസ്കൂൾ പുരയിടം സർവ്വേ നടത്തി വീണ്ടെടുക്കാനുള്ള നടപടികളുണ്ടാകണം. തൃപ്പിലഴികം ഗവ. എൽ. പി. എസിന് കക്കൂസ്, മൂത്രപ്പുര എന്നിവ ഉടൻ നിർമ്മിക്കണം.

2. ഇടയ്ക്കിടം എൽ. പി. എസ്സിൽ ജെ. ആർ. വൈ സ്കീമിൽ ഭാഗികമായി പണി തീർത്ത കെട്ടിടത്തിന്റെ ശേഷിക്കുന്ന പണി ഉടൻ തീർക്കണം. ജീർണ്ണിച്ചു തുടങ്ങിയ പ്രധാന കെട്ടിടത്തിന്റെ സ്ഥാനത്ത് പുതിയ ഒരെണ്ണം നിർമ്മിക്കണം. പ്രീ - പ്രൈമറി ആരംഭിക്കണം. കക്കൂസ്, മൂത്രപ്പുര, കഞ്ഞിപ്പുര എന്നിവയും നിർമ്മിക്കണം.

3. കടയ്ക്കോട് - ഗവ. എൽ. പി. എസ്സിൽ വാഹനമെത്തില്ല. ഈ കുറവ് പരിഹരിക്കാൻ സ്കൂളിനു പടിഞ്ഞാറുള്ള ജയന്തികോളനിയിൽ നിന്നും മാർക്കറ്റിലേക്ക് ഒരു റോഡുണ്ടാക്കണം. പ്രീ - പ്രൈമറി ആരംഭിക്കണം. സ്കൂളിനു ചുറ്റുമതിലുണ്ടാക്കണം. കടയ്ക്കോട് ആരംഭിക്കുവാൻ ശ്രമം നടത്തികൊണ്ടിരിക്കുന്ന ആർട്സ് ആൻറ് സയൻസ് കോളജ് നേടിയെക്കുന്നതിനുള്ള എല്ലാ സഹായങ്ങളും ചെയ്യണം.

എസ്. എസ്. എസ്. ബി. യു. പി. എസിനും മൂത്രപ്പുര, കക്കൂസ് എന്നിവ നിർമ്മിക്കണം. വൈദ്യുതി, കുടിവെള്ളം എന്നിവ എത്തിക്കാനുള്ള നടപടി സ്വീകരിക്കണം.

4. പ്ലാക്കോട് എൽ. പി. എസിനോടനുബന്ധിച്ച് പ്രീ - പ്രൈമറി സ്കൂൾ ആരംഭിക്കണം. കക്കൂസ്, മൂത്രപ്പുര എന്നിവ നിർമ്മിക്കണം.

5. കുഴിമതിക്കാട് - ഹയർ സെക്കണ്ടറി സ്കൂൾ പ്രവർത്തിക്കുന്നതിനുവേണ്ട കെട്ടിടമില്ല. ഒരു കെട്ടിടം നിർമ്മിച്ചുകൊടുക്കാൻ ജില്ലാ പഞ്ചായത്തിനോട് ശുപാർശ ചെയ്യണം. ഈ സ്കൂളിലെ തന്നെ പഴയ എച്ച് ഷേപ്പ് കെട്ടിടത്തിന്റെ ജീർണ്ണിച്ച മേൽക്കൂര മാറ്റി ബലപ്പെടുത്തണം. വിശാലമായ കളിസ്ഥലമാണെങ്കിലും ഉപയോഗയോഗ്യമല്ല. ഇതൊരു സ്റ്റേഡിയമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തണം. ഹയർസെക്കണ്ടറി സ്കൂളിന്റെ ലബോറട്ടറി സൗകര്യങ്ങൾ വിപുലപ്പെടുത്തണം. കമ്പ്യൂട്ടറുകൾ സൂക്ഷിക്കുവാൻ ഒരു മുറി എ. സി. ആക്കണം. പ്രീ - പ്രൈമറി ക്ലാസ്സിനാവശ്യമായ ഫർണിച്ചറുകൾ, കളിപ്പാട്ടങ്ങൾ എന്നിവ നേടിയെടുക്കണം. ഗവ. എൽ. പി.

എസിന് ചുറ്റുമതിൽ നിർമ്മിക്കണം.

6. കരീപ്ര - എൽ. പി. എസിന് ചുറ്റുമതിൽ നിർമ്മിക്കണം. പഞ്ചായത്ത് തല സമ്മേളനങ്ങൾക്കും കോൺഫറൻസുകൾക്കും ഈ സ്കൂൾ ഉപയോഗിക്കുന്നതുകൊണ്ട് ആവശ്യമായ ഫർണിച്ചറുകൾ ലഭിക്കുന്നതിന് മുൻഗണന നൽകണം. നിരക്ഷരരുള്ളത് കൊണ്ട് സാക്ഷരതാ പരിപാടിയും തുടർവിദ്യാഭ്യാസ പരിപാടിയും തുടർന്നും ആവശ്യമായിരിക്കുന്നു.

7. മടന്തക്കോട് - യു. പി. എസിലെ നിർദ്ധനരായ വിദ്യാർത്ഥികൾക്ക് സ്കൂൾ യുണിഫോം സൗജന്യമായി വിതരണം ചെയ്യണം.

8. കുടിക്കോട് വാർഡിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നുമില്ല. പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്ത് ഒരു കമ്മ്യൂണിറ്റി ഹാളും സ്റ്റേഡിയവും നിർമ്മിക്കണം.

9. വാക്കനാട് എച്ച്. എസിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എൽ. പി. വിഭാഗത്തിന്റെ ഷിഫ്ട് ആവശ്യത്തിനുള്ള സ്ഥലസൗകര്യമേർപ്പെടുത്തി നിർത്തലാക്കണം. സ്കൂൾകെട്ടിട നിർമ്മാണം, കളിസ്ഥലം നിർമ്മിക്കൽ, സർവ്വേ നടത്തി ചുറ്റുമതിൽ നിർമ്മാണം എന്നിവയ്ക്ക് ജില്ലാ പഞ്ചായത്തിനോട് ശുപാർശ ചെയ്യണം. സ്കൂളിൽ ഒരു കഞ്ഞിപ്പുര നിർമ്മിച്ച് നൽകണം. വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളാക്കി ഉയർത്തുന്നതിന് മുൻകൈ എടുക്കണം.

10. നെടുമൺകാവ് യി. പി. എസ്. കോമ്പൗണ്ട് സർവ്വേ നടത്തി അന്യാധീനമായിക്കിടക്കുന്ന സ്ഥലം വീണ്ടെടുത്ത് ചുറ്റുമതിൽ നിർമ്മിക്കണം. ഭാഗികമായി പണി തീർന്നു കിടക്കുന്ന കെട്ടിടത്തിന്റെ പണി പൂർത്തിയാക്കണം.

11. തളവൂക്കോണം വാർഡിൽ പ്രവർത്തിക്കുന്ന സർക്കാർ അംഗനവാടിക്ക് ചുറ്റുമതിൽ കെട്ടണം. അംഗനവാടിയോട് ചേർന്ന് ഒരു പ്രീ - പ്രൈമറി സ്കൂൾ സ്ഥാപിക്കണം. സ്വാതന്ത്ര്യസമര സ്മാരക വായനശാലയിൽ ഒരു കമ്പ്യൂട്ടർ പഠന കേന്ദ്രം തുടങ്ങണം.

ഇവിടെ നിർദ്ദശിക്കപ്പെട്ടിരിക്കുന്ന അഭിപ്രായങ്ങൾക്കും ആവശ്യങ്ങൾക്കും അർഹിക്കുന്ന വിധത്തിലുള്ള മുൻഗണനാ ക്രമത്തിൽ പരിഗണനയും അംഗീകാരവും നൽകി ഈ ഗ്രാമത്തിന്റെ വിദ്യാഭ്യാസ മേഖലയ്ക്ക് പുതിയ ചൈതന്യം പകർന്നു നൽകണമെന്നുള്ള അഭ്യർത്ഥനയോടും വിദ്യാപ്രബുദ്ധതകൊണ്ട് സാമൂഹ്യരംഗത്ത് പുത്തൻ അദ്ധ്യയങ്ങൾ വിരചിക്കാമെന്ന പ്രതീക്ഷയോടും അചഞ്ചലമായി ഒരേ ചരടിൽ കോർത്ത മുത്തുമണികൾ പോലെ നവകേരള സൃഷ്ടിക്കുവേണ്ടി ഒരുമയോടെ മുന്നേറുമെന്ന പ്രതിജ്ഞയോടും കൂടി ഈ വിദ്യാഭ്യാസരേഖ അവതരിപ്പിക്കുന്നു.

കുടിവെള്ളവും പൊതുജനാരോഗ്യവും

കേരളം ആരോഗ്യരംഗത്തു കൈവരിച്ച നേട്ടങ്ങൾ സാർവ്വദേശീയമായിത്തന്നെ ചർച്ചചെയ്യപ്പെട്ടു വരികയാണ്. ആരോഗ്യ കാര്യങ്ങളിൽ കേരളം മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ മുൻപന്തിയിലാണ്. എങ്കിലും നാം ഒട്ടനവധി ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നുണ്ട്. നമ്മുടെ ആരോഗ്യ പരിപാലന സംവിധാനത്തിലും നിരവധി പ്രതിസന്ധികളുണ്ട്. ശുദ്ധവായു, ശുദ്ധജലം, ശുചിത്വമുള്ള പാർപ്പിടം ഇവ ഒരു ജനതയുടെ ആരോഗ്യ കാര്യത്തിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണ്.

കരീപ്ര ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. വേനൽക്കാലം ആരംഭിച്ചുകഴിഞ്ഞാൽ കുടിവെള്ള ക്ഷാമം രൂക്ഷമായി മാസങ്ങളോളം നിലനിൽക്കുന്ന പ്രദേശങ്ങൾ ഉണ്ട്. കുടിവെള്ളത്തിനായി പഞ്ചായത്തിലെ 79 % ജനങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. ആകെയുള്ള 4449 കിണറുകളിൽ 1435 കിണറുകൾ വേനൽക്കാലത്ത് മാസങ്ങളോളം കുടിവെള്ളം ലഭ്യമല്ലാത്തവയാണ്. കേരളാ വാട്ടർ അതോറിറ്റിയുടെ കരീപ്ര ജലവിതരണ പദ്ധതി പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിൽനിന്നും വിവിധ വാർഡുകളിലായി 188 പൊതു ടാപ്പുകൾ വഴി കുടിവെള്ളം വിതരണം നടത്തുന്നുണ്ട്. കൂടാതെ 38 വീടുകളിലും ജലവിതരണ കണക്ഷൻ ഉണ്ട്. വേനൽ കാലങ്ങളിൽ ഇവയിലൂടെ ലഭിക്കുന്ന കുടിവെള്ളത്തിന്റെ അളവ് വളരെ കുറവാണ്. ഇതുമൂലം ജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. ഈ കാലയളവിൽ കുടിവെള്ളം ശേഖരിക്കുന്നതിനായി ജനങ്ങൾ പല വാർഡുകളിലും 2 മുതൽ 3 വരെ കി. മീ. സഞ്ചരിക്കേണ്ടിവരുന്നു.

പഞ്ചായത്ത് അതൃത്തിക്കുള്ളിൽ 6 കുഴൽക്കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. കാലപ്പഴക്കം, ദുരുപയോഗം എന്നിവ മൂലം ഇവ വേണ്ടവിധം പ്രയോജനപ്പെടുന്നില്ല. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 11 നീരുറവകൾ ഉണ്ടെങ്കിലും ഇതിൽ 4 എണ്ണം മാത്രമേ വേനൽകാലങ്ങളിൽ വറ്റാതുള്ളൂ. കടയ്ക്കോട് വാർഡിലെ ചുഴതിൽ, പായിത്തല, പ്ലാക്കോട് വാർഡിലെ തൊമ്മിക്കോണം, വാക്കനാട് വാർഡിലെ കൊല്ലോണം എന്നിവയാണിവ.

ശുദ്ധജലസ്രോതസ്സുകൾ

പട്ടിക 1

കിണറുകൾ				കുഴൽകിണർ	മൊത്തം കിണറുകൾ
പൊതു		സ്വകാര്യ			
വരൾച്ച അനുഭവപ്പെടുന്നു	ജലം എപ്പോഴും ലഭിക്കുന്നവ	വരൾച്ച അനുഭവപ്പെടുന്നവ	ജലം എപ്പോഴും ലഭിക്കുന്നവ		
20	15	1435	2963	6	4449
35		4398		6	4449

മറ്റു ജല സ്രോതസ്സുകൾ

കുളം				തോട്				ആറ് നീരുറവകൾ	
പൊതു	സ്വകാര്യ	അമ്പലം	ആകെ	വലുത്	ഇടത്തരം	ചെറുത്	ആകെ		
10	16	10	36	3	6	18	27	1	11

8, 9, 10 വാർഡുകളിലൂടെ 3.75 കി. മീ. ദൂരത്തിൽ 6.27 ഹെക്ടർ വിസ്തൃതിയിൽ ഒഴുകുന്നു.

നെടുമൺകാവ് ആറ് 3.75 കി. മീ. ദൂരം വാക്കനാട്, നെടുമൺകാവ് വാർഡുകളിലൂടെ ഒഴുകുന്നു. 26 കി. മി. ദൂരത്തിൽ 13.36 ഹെക്ടർ വിസ്തൃതി 3 വലിയ തോടുകൾ ഉണ്ട്. ഇവ വേനൽകാലങ്ങളിൽ വറ്റുന്ന വയാണ്. ഉളകോട്- ഈയല്ലൂർ (6.5 കി.മി) 5.38 M ഹെക്ടർ വിസ്തൃതി 9. 10 വാർഡുകൾ ഇടക്കിടം-മുണ്ടാംമൂട് തോട് (8.7കി.മി, 4.17 ഹെക്ടർ വിസ്തൃതി 3, 4, 5, 6 വാർഡുകളിലൂടെ, കാരിക്കൽ-മുണ്ടാംമൂട് (7.5 കി.മി., 3.81 ഹെക്ടർ വിസ്തൃതി 1, 5, 6, 7 വാർഡുകളിലൂടെ) എന്നിവയാണ്.
പഞ്ചായത്തിലാകെ 36 കുളങ്ങളാണുള്ളത്.

1995 - 96 വർഷങ്ങളിൽ പഞ്ചായത്തിലെ വിവിധ ആശുപത്രികളിൽ നിന്നു മാത്രം 4255 ജല ജന്യരോഗങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവ സൂചിപ്പിക്കുന്നത് ശുദ്ധജല വിതരണത്തിലെ അപാകതയാണ്.

കുടിവെള്ള ക്ഷാമ ബാധിത പ്രദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും

ഗ്രാമസഭകളിലൂടെ

1. തൃപ്പിലഴികം

വാർഡിൽ പല ഭാഗങ്ങളിലും കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നുണ്ട്. പ്രധാനമായും ആൽത്തറമുക്ക്, മുസ്ലീംപള്ളി ജംഗ്ഷൻ എന്നിവിടങ്ങളിലാണ്. ഈ ഭാഗങ്ങളിൽ കുഴൽക്കിണർ, പൈപ്പ് ലൈൻ, പഞ്ചായത്ത് കിണർ തുടങ്ങിയവയുണ്ടെങ്കിലും ഏകദേശം 5 മാസത്തോളം ഇവിടെ കുടിവെള്ളം ലഭ്യമല്ല. വാർഡിന്റെ സമീപ പ്രദേശമായ കുണ്ടറയിൽ നിന്നും എഴുകോൺ വഴി പോകുന്ന വാട്ടർ ലയിനുമായി ഇവിടുത്തെ പൈപ്പ് ലൈൻ ബന്ധിപ്പിച്ചാൽ കുടിവെള്ളക്ഷാമം ഒരു പരിധി വരെ പരിഹരിക്കാം. വാർഡിൽ ആകെ 5 കി. മി. പൈപ്പ് ലൈൻ കൂടി സ്ഥാപിക്കേണ്ടതായുണ്ട്.

2. ഇടയ്ക്കിടം

എ. എം. ജംഗ്ഷൻ, മാടൻചിറ, പുല്ലിച്ചാട്, പാണൻ കുട്ടത്തിൽ എന്നീ ഭാഗങ്ങളിൽ പാറക്കെട്ടായതിനാൽ പൈപ്പ് ലൈൻ സ്ഥാപിച്ചു മാത്രമേ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിയൂ. നടമേലതിൽ മുതൽ പുന്നവിള ഭാഗം വരെ കുഴൽ കിണറുകളിൽ നിന്നുപോലും ജലം ലഭിക്കുന്നില്ല. ഇവിടങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കണം. വാർഡിൽ 4 കി. മി. ദൂരം പൈപ്പ് ലൈൻ ആവശ്യമുണ്ട്.

3. കടയ്ക്കോട്

കടയ്ക്കോട് വാർഡിൽ ആകെ 5 കി.മി. പൈപ്പ് ലൈൻ കൂടി സ്ഥാപിക്കണം. അംബേദ്ക്കർ കോളനി, ഇലയം വേങ്കുഴിഭാഗം, വാസുപിള്ള മുക്ക് - ചൂഴതിൽ കോളനി ശംഖുമുഖം - പായിത്തല ഭാഗം, ജയന്തികോളനി - പാറക്കട എന്നീ ഭാഗങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. ചൂഴതിൽ - പായിത്തല തുടങ്ങിയ വറ്റാത്ത നീരുറവകൾ സംരക്ഷിക്കേണ്ടതാണ്. കുളങ്ങൾ ഒന്നുപോലും ഇല്ലാത്ത ഈ വാർഡിൽ നീരുറവകളോട് ചേർന്ന് കുളം നിർമ്മിക്കാവുന്നതാണ്. വേങ്കുഴി ഭാഗത്തും പോത്തൻ പാറ ഭാഗത്തും കുഴൽകിണർ വേണം.

4. പ്ലാക്കോട്

ആറാട്ടുമുകൾ, കല്ലാറിൽ തെക്കുഭാഗം, കുപ്പണ ഭാഗം എന്നിവിടങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. കരീപ്ര ചന്തമുക്ക് മുതൽ ചിറക്കടവ് ക്ഷേത്രം വരെയും പ്ലാക്കോട് സ്കൂളിന്റെ കിഴക്കുഭാഗത്ത് നിന്നും മാടശ്ശേരി ഏലാ ഭാഗം വരെയും, കാരിക്കൽ - ചിറക്കടവ്, ബി. റ്റി. വി. - എൽ. പി. എസ് - കുപ്പണ ഭാഗം എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കണം. വാർഡിൽ ആകെ 4.5 കി. മി പൈപ്പ് ലൈൻ കൂടി സ്ഥാപിച്ചാൽ ഒരു പരിധി വരെ കുടിവെള്ള ക്ഷാമം പരിഹരിക്കാം. പുതുതായി നിർമ്മിച്ച ചൊവ്വള്ളൂർ കുളത്തിന്റെ പണി പൂർത്തിയാക്കി ഉപയോഗയോഗ്യമാക്കണം.

5. കുഴിമതിക്കാട്

ചെക്കാലമുക്ക് ചുരുള ഭാഗത്തുള്ള കുളം പുനരുദ്ധരിക്കണം. ചുരുള, കോഴിക്കാലൻവിള, സ്കൂൾ ജംഗ്ഷൻ തുടങ്ങിയ ഭാഗങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. സായിപ്പ് മുക്കു മുതൽ കുഴിമതിക്കാട് ക്ഷേത്രം വരെ പൈപ്പ് ലൈൻ സ്ഥാപിക്കണം. അലിമുക്കിൽ നിന്നും പി. കെ. പി. കവലയിൽ ഭാഗത്തേക്കുള്ള പൈപ്പ് ലൈനിൽകൂടിയുള്ള ജലവിതരണം മുടങ്ങി കിടക്കുകയാണ്. റോഡിന്റെ അറ്റകുറ്റപ്പണി നടന്നതു മൂലമാണ് ഇതു സംഭവിച്ചത്. ഇത് അടിയന്തിരമായി പരിഹരിക്കുകയും വാർഡിൽ ആകെ 3 കി.മി. ദൂരം പൈപ്പ് ലൈൻ സ്ഥാപിക്കുകയും വേണം.

6. കരീപ്ര

ഭരണിക്കാവ് മുതൽ ആഗ്രോസെൻറർ വരെ പൈപ്പ് ലൈൻ സ്ഥാപിക്കണം. കുപ്പണ, ഇലയം, ചേലക്കാട് ഈ പ്രദേശങ്ങളിൽ പൊതുകിണർ സ്ഥാപിക്കേണ്ടതാണ്. ഫാക്ടറിക്ക് വടക്കേമുക്കിൽ നിന്നും അയർക്കാട് ക്ഷേത്രം വഴി പുതുതായി സ്ഥാപിച്ചിരിക്കുന്ന ലൈനിൽ രണ്ടിടങ്ങളിലായി ടാപ്പ് സ്ഥാപിക്കുകയും വേണം. വാർഡിൽ 3 കി. മി. ദൂരം കൂടി പൈപ്പ്ലൈൻ സ്ഥാപിക്കണം.

7. മടന്തകോട്

പല ഭാഗങ്ങളിലും വേനൽക്കാലങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. സെനിത്ത്മുക്ക്, പുന്നലം കോളനി (വടക്കുഭാഗം) ആൽമാവ് മുക്ക് - എന്നിവിടങ്ങളിലാണ് കൂടുതൽ ക്ഷാമം. പുന്നലം കോളനിയിൽ കുഴൽകിണർ സ്ഥാപിക്കേണ്ടതാണ്. പുന്നലം വടക്കേഭാഗം, സെനിത്ത് മുക്ക് ആൽമാവ് മുക്ക് എന്നീ ഭാഗങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കണം. പൊതുകുളങ്ങൾക്ക് വേണ്ട സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്യേണ്ടതുണ്ട്. വാർഡിൽ 7 കി. മി. ദൂരം പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതുണ്ട്.

8. കുടിയ്ക്കോട്

ഏറ്റുവായ്ക്കോട്, മുല്ലശ്ശേരിൽ മുക്കുമുതൽ എം. എൽ. എ. പാലം വരെയുള്ള സ്ഥലത്ത് കുടിവെള്ള ക്ഷാമത്തിന് കൂടുതൽ രൂക്ഷത അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. ഇവിടങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കണം. 6 കി. മി. ദൂരത്തിൽ വാർഡിലാകെ പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതുണ്ട്.

9. വാക്കനാട്

മാടൻ മുകളിൽ, ഈയക്കുന്ന് ഭാഗങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. വാർഡിൽ 5 കി. മി. ദൂരം പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതുണ്ട്. പഞ്ചായത്തിലെ പ്രധാനപ്പെട്ട നീരുറവകളിലൊന്നും ഒരിക്കലും വറ്റാത്ത നീരുറവയുമായ കൊല്ലാണം നീരുറവക്കുവേണ്ട സംരക്ഷണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ഇതിനായി നാട്ടുകാരുടെ സേവനം ലഭ്യമാണ്. മാടൻ മുകളിൽ കുഴൽകിണർ സ്ഥാപിച്ചാൽ മാത്രമേ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയൂ. പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശമാണ് മാടൻ മുകൾ. നിലവിലുള്ള ടാങ്കിനേക്കാൾ ഉയർന്ന പ്രദേശമായതിനാൽ പൈപ്പ് ലൈൻ സ്ഥാപനം അസാധ്യമാണ്. ഇലയം, ഈയക്കുന്ന്, തോണ്ടക്കോണം കോളനികൾക്ക് സമീപം കുഴൽക്കിണർസ്ഥാപിക്കണം.

10. നെടുമൺകാവ്

3 കി. മി. ദൂരം പൈപ്പ് ലൈൻ സ്ഥാപിക്കണം. ആലുവിള - തെറ്റിമൺകര, കൊമ്പൻമുക്ക് - ഹരിജൻ കോളനി പി. എച്ച്. സി കരിക്കത്തിൽ കടവ്, പരമ്പര ക്ഷേത്രം - കടുവാകുടി, നെടുമൺകാവ് - ശാസ്താംകടവ്, പാലവിള - ഇല്ലിക്കുളം, തെങ്ങുവിള - പുലിപ്ര എന്നീ ഭാഗങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. ഇവിടങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കണം. നെടുമൺകാവ് സ്കൂളിലെ നിലവിലുള്ള കിണർ വൃത്തിയാക്കി ഉപയോഗിക്കാവുന്നതാണ്.

11. തളവൂക്കോണം

പഞ്ചായത്തിലെ ഏറ്റവും കൂടുതൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശമാണ് തളവൂക്കോണം സി. എം. എ. ഭാഗം, നെല്ലിമുക്ക്, ഒറ്റപ്ലാവിള ഭാഗം എന്നിവിടങ്ങളിലാണ് കുടിവെള്ള ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നത്. ഇവിടങ്ങളിൽ ജനങ്ങൾ 5 മാസക്കാലം 2 കി. മി. വരെ യാത്രചെയ്താണ് കുടിവെള്ളം കൊണ്ടുവരുന്നത്. നെല്ലിമുക്ക് - എൻ. എസ്. എസ്. കരയോഗം, എൻ. എസ്. എസ്. കരയോഗം അയർക്കാട്, തെയിൽ - കൈപ്പറമ്പ്, തടവിള - പാട്ടുപുരയ്ക്കൽ ക്ഷേത്രം ലൈൻ, ഭരണിക്കാവ്, ഐക്കിലഴികം, ഭരണിക്കാവ് - കിളന്നുംമൂട്ടിൽഭാഗം, ചൂരപൊയ്ക - തുണ്ടിൽ ഭാഗം, സി.എം. എ. മൃഗാശുപത്രി മാനങ്കര ലൈൻ, പാണൻ പറമ്പ്, ആൽമാവ്മുക്ക്, ആറെക്കോണം എന്നിവിടങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. ഈ ഭാഗങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിച്ചു മാത്രമേ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിയു.

വാർഡിൽ ഒറ്റപ്ലാവിള, പാണൻ പറമ്പ്, ആറേക്കോണം എന്നീ ഭാഗങ്ങളിൽ കുഴൽകിണർ സ്ഥാപിച്ചും, മൃഗാശുപത്രിക്ക് സമീപം പഞ്ചായത്ത് കിണർ സ്ഥാപിച്ചും കുടിവെള്ള ക്ഷാമം പരിഹരിക്കാം. പറങ്കിമാംവിളകുളം, കുളമാടകുളം, മാനങ്കരകുളം, ചൂരപൊയ്കകുളം, എന്നിവ ആഴം കൂട്ടി സംരക്ഷിക്കണം. വാർഡിൽ 6കി.മി. പൈപ്പ് ലൈൻ കൂടി സ്ഥാപിക്കണം.

പ്രശ്നങ്ങൾ

പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിലാണ് പ്രധാനമായും ജല രൂക്ഷത അനുഭവപ്പെടുന്നത്. കിണർ, കുഴൽകിണർ എന്നിവയിൽ നിന്നും വേനൽക്കാലങ്ങളിൽ ഇവിടെ ജലം ലഭ്യമല്ല.

പാറക്കെട്ടുകൾ പോലെ കാണപ്പെടുന്ന ചില സ്ഥലങ്ങളിൽ കുഴൽകിണർ കുഴിച്ചാൽ പോലും ജലം ലഭ്യമല്ല.

പൈപ്പ് ലൈൻ സ്ഥാപനത്തിലെ അപാകതയാകാം പലപ്പോഴും പൈപ്പ് പൊട്ടി ധാരാളം ജലം നഷ്ടമാകുന്നു.

സംരക്ഷണകുറവുമൂലം സ്രോതസ്സുകൾ നഷ്ടപ്പെട്ടുകൊണ്ടേയിരിക്കുന്നു.

കുടിവെള്ളത്തിന്റെ ദുരുപയോഗം മറ്റൊരു പ്രധാന പ്രശ്നമാണ്. പലയിടങ്ങളിലും പൈപ്പ് ജലം ഉപയോഗിച്ച് കന്നുകാലികളെ കുളിപ്പിക്കുക, പുല്ല് കഴുകുക, കെട്ടിടം പണി തുടങ്ങിയ പ്രവൃത്തികൾ ചെയ്യുന്നുണ്ട്. ഇവ തടയേണ്ടതാണ്.

വിശേഷാൽ ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നതായ പ്രശ്നപരിഹാരങ്ങളും പഞ്ചായത്തു തലത്തിൽ മൊത്തത്തിൽ ബാധിക്കുന്നതും ചർച്ചകളിലൂടെ രൂപപ്പെട്ടു വന്നിട്ടുള്ളതുമായ നിർദ്ദേശങ്ങളുടെ സംക്ഷിപ്തരൂപം താഴെ ചേർക്കുന്നു.

കുടിവെള്ള ക്ഷാമ പ്രശ്നത്തിന് പരിഹാരമായി എല്ലാ ഗ്രാമസഭകളിൽ നിന്നുമുയർന്ന് വന്നിട്ടുള്ള നിർദ്ദേശങ്ങൾ - പൈപ്പ് ലൈൻ സ്ഥാപിക്കുക, കിണർ, കുഴൽകിണർ എന്നിവ കുഴിക്കുക എന്നിവയാണ്. എന്നാൽ മുഖ്യമായ പ്രശ്നം നമ്മുടെ പഞ്ചായത്തിന്റെ ഭൂപ്രകൃതി കണക്കിലെടുക്കുമ്പോൾ ഏറിയ പ്രദേശങ്ങളും ചരിഞ്ഞാണ് കാണപ്പെടുന്നത്. ഇതുമൂലം ലഭ്യമാകുന്ന മഴവെള്ളം ഭൂമിയിലേക്ക് ഊർന്നിറങ്ങുന്നില്ല. ഇത് നമ്മുടെ ജലസ്രോതസ്സുകൾ വറ്റിവരളുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്നാണ്.

ഈ പ്രശ്നം ശാസ്ത്രീയമായി പരിഹരിക്കേണ്ടതുണ്ട്. കാർഷിക ഗ്രാമം കുടിയായ നമ്മുടെ പഞ്ചായത്തിലെ ചരിഞ്ഞ പ്രദേശങ്ങളെ ചെറിയ ചെറിയ നീർമെറി പ്രദേശങ്ങളാക്കി മാറ്റി വേണ്ട സംരക്ഷണ

പ്രവർത്തനങ്ങൾ ചെയ്യേണ്ടതാണ്.

നീർക്കുഴികൾ കുഴിച്ചും തടയണകൾ നിർമ്മിച്ചും മഴവെള്ള സംഭരണം വർദ്ധിപ്പിക്കണം.

നിലവിലുള്ള തോടുകളിൽ ചെറിയ ബണ്ടുകളിടണം. ഇതിനുവേണ്ട ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തണം.

പ്രാവർത്തികമാക്കാവുന്ന മറ്റ് നിർദ്ദേശങ്ങൾ

പ്രശ്ന പരിഹാരത്തിനായി പഞ്ചായത്ത് പ്രദേശത്തെ രണ്ടു പദ്ധതികളായി തിരിക്കാം.

1. മുളങ്കുന്ന് ഇടത്തരം ശുദ്ധജല പദ്ധതി
2. ഗുരുനാഥൻ മുകൾ ചെറുകിട ശുദ്ധ ജല പദ്ധതി

1. മുളങ്കുന്ന് ഇടത്തരം ശുദ്ധജലപദ്ധതി

വാക്കനാട് വാർഡിൽ ഉളകോടിന് സമീപം നിലവിലുള്ള വാട്ടർടാങ്ക് പില്ലർ കെട്ടി ഉയർത്തി കപ്പാസിറ്റി വർദ്ധിപ്പിച്ചാൽ വാക്കനാട്, നെടുമൺകാവ്, കുടിക്കോട്, മടന്തക്കോട്, തളവുക്കോണം, കരീപ്ര എന്നീ വാർഡുകളിലേക്ക് ഇവിടെ നിന്നും പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കാം. നിലവിൽ പമ്പ് ചെയ്ത് എടുക്കുന്ന ഒരിക്കലും വറ്റാത്ത ജല സ്രോതസ്സിൽ നിന്ന് തന്നെ വേണ്ടുവോളം ജലം ലഭ്യമാണ്.

2. ഗുരുനാഥൻ മുകൾ ചെറുകിട ശുദ്ധ ജല പദ്ധതി

നമ്മുടെ പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിലൊന്നായ കടയ്ക്കോട് വാർഡിലെ ഗുരുനാഥൻ മുകളിൽ വാട്ടർടാങ്ക് സ്ഥാപിക്കുകയും അതിന് താഴെയുള്ള ഏലായിൽ കിണർ കുഴിച്ച് പമ്പ് സെറ്റ് സ്ഥാപിക്കുകയും ചെയ്താൽ കടയ്ക്കോട്, ഇടക്കിടം, പ്ലാക്കോട്, തൃപ്പലഴികം, കുഴിമതിക്കാട് എന്നീ വാർഡുകളിലേക്ക് ഇവിടെ നിന്നും ലൈൻ സ്ഥാപിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കാവുന്നതാണ്. അനുഗ്രഹീതമായ വറ്റാത്ത രണ്ട്നീരുറവയും പദ്ധതിയുമായി ബന്ധിപ്പിച്ച് ഉപയോഗിക്കാവുന്നതാണ്.

ഇടതുകര കനാൽ

പഞ്ചായത്തിലെ 3 ¼ കി. മി (ഇടതുകരകനാൽ പഞ്ചായത്തിൽ പണിപൂർത്തിയാക്കിയ ഭാഗത്തെ ദൂരം മാത്രം) ദൂരത്തിൽ കല്ലട ജനസേചന പദ്ധതിയുടെ ഇടുതകര കനാൽ കടന്നു പോകുന്നുണ്ട്. വരൾച്ച രൂക്ഷമാക്കുന്നതിന് മുൻപ് തന്നെ ഈ കനാൽ തുറന്നു വിട്ടാൽ സമീപ പ്രദേശങ്ങളിലെ കിണറുകളിൽ കുടിവെള്ളം ലഭ്യമാകും.

പൈപ്പ് ലൈനിൽ കൂടി പലപ്പോഴും കുടിവെള്ളം ലഭ്യമല്ല. പഞ്ചായത്തിലെ വാട്ടർ സപ്ലൈ സ്കീം കാര്യക്ഷമമാക്കേണ്ടതുണ്ട്. ശുദ്ധജലം കൂടുതൽ പ്രാധാന്യം നൽകി വിതരണം ചെയ്യുന്നതിനായി നെടുമൺകാവ് പി. എച്ച്. സി.ക്ക് വേണ്ടി പമ്പ ഹൗസിന് സമീപം സ്ഥാപിച്ചിട്ടുള്ളതും പി. എച്ച്. സിയിലെ ജീവനക്കാർ ഉപയോഗിക്കാത്തതുമായ ക്വാർട്ടേഴ്സ് വാട്ടർ അതോറിറ്റിക്ക് കൈമാറി പമ്പ് ഹൗസിലെ ജീവനക്കാർക്ക് നൽകണം.

പൊട്ടിക്കിടക്കുന്ന പൈപ്പ് ലൈനുകളുടെ മെയിൻറനൻസ് ചുമതല പഞ്ചായത്തിന് നൽകണം. നിലവിലുള്ള പൈപ്പ് ലൈനുകളിൽ പഴകി ദ്രവിച്ച ജി. ഐ. പൈപ്പുകൾ മാറ്റി. പി. വി. സി. പൈപ്പുകൾ സ്ഥാപിക്കുക. നിലവാരം കുറഞ്ഞ പൈപ്പുകൾ ഉപയോഗിക്കാതിരിക്കുക.

1995 - 96 വർഷത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ജലജന്യരോഗങ്ങൾ കണക്കിലെടുത്ത് പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനായി പമ്പ് ഹൗസിൽ നിന്നും വിതരണം ചെയ്യുന്ന ജലത്തിന്റെ സാമ്പിളുകൾ കൃത്യമായെടുത്ത് പരിശോധിക്കുകയും ആവശ്യമായ ക്ലോറിനേഷനും മറ്റും നടത്തി ശുദ്ധമാണെന്ന് ഉറപ്പുവരുത്തുകയും വേണം.

വാട്ടർ അതോറിട്ടി ജീവനക്കാർ ടി പ്രവർത്തനങ്ങൾ ചെയ്യുന്നുണ്ടോ എന്നുറപ്പുവരുത്തുവാൻ പഞ്ചായത്ത് തലത്തിൽ ഒരു ശുദ്ധ ജല സംരക്ഷണ സമിതി രൂപീകരിക്കുകയും മാസത്തിൽ ഒരു തവണ അവിടം

പരിശോധിക്കേണ്ടതുമാണ്.

കിണറില്ലാത്ത മുഴുവൻ വീടുകൾക്കും കിണർ നിർമ്മിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകേണ്ടതാണ്.

പഞ്ചായത്തിലെ എല്ലാ ജല സ്രോതസ്സുകളും സംരക്ഷിക്കേണ്ടതാണ്. ഇതിനായി സന്നദ്ധ പ്രവർത്തനങ്ങളും അറ്റകുറ്റ നിർമ്മാണ പ്രവർത്തനങ്ങളും ചെയ്യണം.

നിലവിലുള്ള കരീപ്ര ജലവിതരണ പദ്ധതിയുടെ അപാകതകൾ പരിഹരിക്കേണ്ടതുണ്ട്. മുളങ്കുന്നു വാട്ടർ ടാങ്കിന്റെ ഉയരം കുറവായതിനാൽ, ഇവിടെ നിന്നും കൂടുതൽ സ്ഥലങ്ങളിൽ പൈപ്പ് ലൈനിൽ കൂടി ജലം ലഭിക്കുന്നില്ല. ഇതിനായി ടാങ്ക്, പില്ലർ കെട്ടി ഉയർത്തേണ്ടതുണ്ട്.

ജലം സംരക്ഷിക്കൂ ജീവൻ രക്ഷിക്കൂ

ഇതാവട്ടെ നടപ്പുപദ്ധതികാലത്തെ നമ്മുടെ മുദ്രാവാക്യം

പഞ്ചായത്തിലാകെ 36 കുളങ്ങളാണുള്ളത്.

കുളങ്ങൾ

പട്ടിക III

വാർഡ്	കുളത്തിന്റെ പേര്	എണ്ണം	വറ്റുന്നവ	വറ്റാത്തവ
I	ചീയാൻ കുളം	1	x	
II	പുമലക്കോണം കുളം	6		x
	അമ്പലക്കുളം (തെറ്റിക്കുന്ന്)		x	
	ഇളവുക്കോട് കുളം			x
	അയണി വേലി കുളം			x
	ചെങ്കിരേലി കുളം			x
	മുന്നൂർ അമ്പലക്കുളം			x
III	ഇല്ല.	0		
IV	അമ്പലക്കുളം	3	x	
	ചിറക്കടവു കുളം			x
	ചൊവ്വള്ളൂർ കുളം			x
V	അമ്പലക്കുളം	4		x
	ചുരുള കുളം			x
	വലിയ മഠം വക കുളം			x
	കിഴക്കേ മഠം വക കുളം		x	
VI	ഇല്ല	0		
VII	കടപ്പാക്കോണം വലിയ കുളം	7		x
	ചേരിയിൽ കുളം			x
	കുറ്റ കുളം			x
	കുളഞ്ഞിയിൽ കുളം		x	
	തടത്തിൽ കുളം			x
	ആലുംമൂട്ടിൽ കുളം		x	
	പൊയ്കയിൽ കുളം		x	
VIII	വാക്കനാട് അമ്പലകുളം	3		x
	മല്ലവേലി മഠം കുളം		x	
	കണ്ണമ്പള്ളി കുളം		x	
IX	ഉളകോട് കുളം	4		x
	ഇലയത്ത് കുളം		x	
	കളീക്കൽ കുളം			x
	കൂട്ടുങ്ങൽ കുളം			x
X	ചിറക്കുഴി കുളം	1	x	
XI	പറങ്കിമാം വിള കുളം	7	x	
	ചൂരപൊയ്ക കുളം		x	
	പ്ലാട്ടുപുരക്കൽ ക്ഷേത്ര കുളം			x
	ആയക്കാട് അമ്പല കുളം			x
	കൈപറമ്പിൽ കുളം			x
	മാനങ്കര കുളം		x	
	കുളമാട കുളം		x	

പൊതുജനാരോഗ്യം

ആരോഗ്യം എന്നത് രോഗം ഇല്ലാത്ത അവസ്ഥയാണല്ലോ. ഈ വിവക്ഷക്ക് പുറമേ ശാരീരികവും മാനസികവുമായ വിവിധ പ്രവർത്തനങ്ങൾ വഴി സുഖ സംതൃപ്തമായ പൂർണ്ണ ജീവിതം നേടൽ എന്ന അർത്ഥം വ്യാപ്തികൂടി ഇതിന് കൈവന്നിട്ടുണ്ട്. ഈ കാലഘട്ടത്തിൽ എല്ലാ വ്യക്തികൾക്കും ആരോഗ്യ വിദ്യാഭ്യാസം ലഭിക്കുക എന്നത് അനിവാര്യമായിത്തീർന്നിരിക്കുന്നു.

ഇന്ന് നിലവിലുള്ള ആരോഗ്യ സൂചകങ്ങൾ വച്ച് നോക്കുമ്പോൾ കേരളത്തിലെ ആരോഗ്യസ്ഥിതി വളരെ മെച്ചമാണെന്ന് കാണാം. ആരോഗ്യരംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾക്ക് പ്രധാന കാരണങ്ങൾ കേരളത്തിലെ ഉയർന്ന സാക്ഷരത, പ്രത്യേകിച്ചും ഉയർന്ന സ്ത്രീ സാക്ഷരത, നീതി പൂർണ്ണമായ സമ്പത്തിന്റെ വിതരണം, കാർഷിക പരിഷ്ക്കാരങ്ങൾ, സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾ തുടങ്ങിയവയാണ്. നമ്മുടെ പഞ്ചായത്ത് ആരോഗ്യപരിപാലന രംഗത്തും ആതുരസേവനരംഗത്തും വളരെ പിന്നിലാണ്. പഞ്ചായത്തിലെ പൊതുജനാരോഗ്യ സംവിധാനം കുറ്റമറ്റതാക്കേണ്ടതുണ്ട് സർക്കാർ ആശുപത്രിക്കളുടെ പ്രവർത്തനം മെച്ചപ്പെടുത്തി അവയിൽ ജനങ്ങൾക്കുള്ള വിശ്വാസം പുനഃസ്ഥാപിക്കാൻ കഴിയണം. 1958 വരെ പഞ്ചായത്തിലെ ആരോഗ്യരംഗം ഏതാനും പാരമ്പര്യവൈദ്യ കുടുംബങ്ങളെയാണ് ആശ്രയിച്ചിരുന്നത്. കാവുകളിലേക്ക് വഴിപാട് നേരുക, മന്ത്രം ചെയ്യുക, ചരട് ജപിച്ചു കൊടുക്കുക തുടങ്ങിയ അന്ധവിശ്വാസ ജഡിലമായ ചികിത്സാ സമ്പ്രദായങ്ങൾ ആയിരുന്നു നിലനിന്നിരുന്നത്. ആധുനിക ചികിത്സാ സമ്പ്രദായങ്ങൾ പുരോഗമിച്ച ഈ കാലഘട്ടത്തിലും ചുരുക്കം ചിലരെങ്കിലും ഇത്തരം പ്രാകൃത രീതികൾ തുടരുന്നുണ്ട്.

1960 ൽ നെടുമൺകാവിൽ സ്ഥാപിതമായ പ്രാഥമിക ആരോഗ്യകേന്ദ്രമാണ് പഞ്ചായത്തിലെ ആധുനിക ചികിത്സാരംഗത്തെ ആദ്യസ്ഥാപനം. ഈ ആരോഗ്യ കേന്ദ്രത്തോടനുബന്ധിച്ച് 5 ഉപസെൻറുകൾ പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യമേഖലയിൽ 5 ആയുർവേദ ആശുപത്രികളും, ഒരു ഹോമിയോ ആശുപത്രിയും, രണ്ട് അലോപ്പതി ആശുപത്രിയും, സർക്കാർ ഗ്രാൻറോടുകൂടിയ ഒരു വിഷ ചികിത്സാ കേന്ദ്രവും തൊഴിലാളികളുടെ ആരോഗ്യപരിപാലനത്തിനായി ഒരു ഇ. എസ്. ഐ. ഡിസ്പൻസറിയും പ്രവർത്തിക്കുന്നു. ഇവയിൽ പലതിന്റെയും ചികിത്സാ നിലവാരം വളരെ പരിതാപകരവുമാണ്. 18 പാരമ്പര്യ വൈദ്യൻമാരും ഈ രംഗത്ത് പ്രവർത്തിക്കുന്നു. ഇത്രയേറെ സ്ഥാപനങ്ങൾ ഈ രംഗത്ത് പ്രവർത്തിക്കുന്നെങ്കിലും പഞ്ചായത്തിലെ പൊതു ആരോഗ്യ വ്യവസ്ഥയിൽ ഇതിനനുസൃതമായി ഗുണപരമായ വ്യതിയാനം കാണുന്നില്ല. രോഗാതുരരുടെ എണ്ണം വർദ്ധിച്ചുവരുകയാണ്.

പട്ടിക 1

പഞ്ചായത്തിലെ ആരോഗ്യം സംരക്ഷണകേന്ദ്രങ്ങൾ

സ്ഥാപനം	വാർഡ്	ചികിത്സാ രീതി	കെട്ടിടം വാടക സ്വന്തം	സ്ഥാപിതം
പി. എച്ച്. സി നെടുമൺകാവ്	10	അലോപ്പതി	സ്വന്തം	1958
ഇ.എസ്.ഐ തൃപ്പലഴികം	4	-	-	1966
സബ്സെൻറർ, മടന്തകോട്	7	-	-	
സബ്സെൻറർ, തൃപ്പിലഴികം	1	-	-	
സബ്സെൻറർ, ഇടയ്ക്കിടം	2	-	-	
സബ്സെൻറർ - എ	10	-	-	
സബ്സെൻറർ - ബി നെടുമൺകാവ്	10	-	-	
പാർവ്വതിക്ലിനിക്, നെടുമൺകാവ്	10	-	വാടക	1995
സിംലഹോസ്പിറ്റൽ നെടുമൺകാവ്	10	ആയുർവേദം	സ്വന്തം	1980
ശാന്തിമാതാ ആശുപത്രി കുഴിമതിക്കാട്	5	അലോപ്പതി	വാടക	1990
ലക്ഷ്മിട്രസ്റ്റ് ഹോസ്പിറ്റൽ കുഴമതിക്കാട്	5	അലോപ്പതി	സ്വന്തം	1988
എസ്.എം.എ. ആശുപത്രി, നെല്ലിമുക്ക്	11	ആയുർവേദം	സ്വന്തം	1979
പി. എൻ. ആശുപത്രി, നാലാംമൈൽ	8	ആയുർവേദം	സ്വന്തം	1974
മെഡിക്കൽ സെൻറർ, കടയ്ക്കോട്	3	ഹോമിയോ	വാടക	1996
ആയുർവേദ വിഷചികിത്സാലയം പാലനിരപ്പ്	7	വിഷചികിത്സ	സ്വന്തം	1976
കാരാളി ഹോസ്പിറ്റൽ, ഇടക്കിടം	2	ആയുർവേദം	വാടക	1987
എസ്.എൻ.വി.സ്മാരക ആശുപത്രി കരീപ്ര	6	ആയുർവേദം	സ്വന്തം	

1995 - 96 വർഷത്തിൽ ജലജന്യരോഗം ബാധിച്ച 4425 പേരും വായുജന്യരോഗം ബാധിച്ച 1498 പേരും, 88, 777 മറ്റു രോഗങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ പഞ്ചായത്തിലെ പാറമടകളിലെ തൊഴിലാളികൾക്ക് സിലിക്കോസിസ് എന്ന തൊഴിൽ ജന്യരോഗം ബാധിക്കുന്നതായി കാണപ്പെടുന്നു.

പട്ടിക 2

പകർച്ചവ്യാധിവിവരങ്ങൾ

സ്ഥാപനത്തിന്റെ പേര്	ജലജന്യരോഗം	വായുജന്യരോഗം	പ്രാണിജന്യരോഗം	മറ്റുള്ളവ
പി.എച്ച്.സി.നെടുമൺകാവ്	1739	1143	10	38, 499
പാർവതിക്ലിനിക്, നെടുമൺകാവ്	288	216	-	6, 696
സിംലാഹോസ്പിറ്റൽ,നെടുമൺകാവ്	120	100	10	900
ശാന്തിമാതാഹോസ്പിറ്റൽ,കുഴിമതിക്കാട്	780	585	30	13,985
ലക്ഷ്മിട്രസ്റ്റ്ഹോസ്പിറ്റൽ	700	547	36	16,967
എസ്.എം.എ. ആശുപത്രി, നെല്ലിമുക്ക്	40	30	20	880
പി.എൻ.ഹോസ്പിറ്റൽ,കുടിക്കോട്	280	210	14	880
വിഷചികിത്സാലയം,പാലനിരപ്പ്	-	-	1200	-
മെഡിക്കൽസെൻറർ,കടയ്ക്കോട്	160	120	80	3640
കാരാളിഹോസ്പിറ്റൽ,ഇടക്കിടം	148	212	14	7210

അടിസ്ഥാനം - പഞ്ചായത്ത് ആരോഗ്യസ്ഥാപന സർവ്വേ

പഞ്ചായത്തിലെ ആരോഗ്യരംഗത്തെ സ്ഥിതിവിവരകണക്കുകൾ പരിശോധിക്കുകയാണെങ്കിൽ ഒരുഭാഗത്ത് ദരിദ്രരോഗങ്ങൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന പകർച്ചവ്യാധികളും, മറുഭാഗത്ത് സമൃദ്ധിയുടേത് എന്ന് വിശേഷിപ്പിക്കപ്പെടുന്ന രോഗങ്ങളും വർദ്ധിച്ചുവരുന്നു. കുഷ്ടം, ക്ഷയം, പ്രാണിജന്യരോഗങ്ങൾ, വയറിളക്കം എന്നീ രോഗങ്ങൾ പഞ്ചായത്തിൽ വർദ്ധിച്ചുവരുന്നു. ക്യാൻസർ, ഹൃദ്രോഗം, ശ്വാസകോശരോഗങ്ങൾ, രക്ത സമ്മർദ്ദം, പ്രമേഹം എന്നിവയും ധാരാളം കണ്ടുവരുന്നുണ്ട്.

പട്ടിക 3

സ്ഥായിരോഗങ്ങൾ	എണ്ണം
രക്തസമ്മർദ്ദം	74
പ്രമേഹം	49
ക്യാൻസർ	04
കുഷ്ഠം	05
ക്ഷയം	17
ഹൃദ്രോഗം	13

പഞ്ചായത്തിലെ വിവിധ ആശുപത്രികളിൽ നിന്ന് മാത്രം ലഭ്യമായ കണക്കുകൾ

അംഗവൈകല്യമുള്ളവർ	എണ്ണം
അന്ധർ	7
ബധിരർ	12
മൂകർ	5
ബധിരമൂകർ	11
ചലനവൈകല്യം	27

അടിസ്ഥാനം -പഞ്ചായത്ത്
പി.എച്ച്.സി അംഗവൈകല്യ രജിസ്റ്റർ

ഒരു സമൂഹത്തിന്റെയോ, സംസ്ഥാനത്തിന്റെയോ രാജ്യത്തിന്റെയോ ആരോഗ്യസ്ഥിതി സാധാരണയായി അളക്കാറുള്ളത് അവിടുത്തെ മരണസൂചികകളുമായി ബന്ധപ്പെടുത്തിയാണ്. ഈ മാനദണ്ഡം കൊണ്ടുമാത്രം ആരോഗ്യസ്ഥിതിയെ കൃത്യമായി അളക്കാൻ കഴിയില്ല എന്നത് ഒരു വസ്തുതയാണ്. രോഗാതുരതയും, പ്രവർത്തിച്ചെയ്യാനുള്ള കഴിവുകേടും, സാമൂഹിക സാമ്പത്തിക അവസ്ഥയുമാണ് മറ്റ് സൂചകങ്ങൾ. റിപ്പോർട്ട് ചെയ്യപ്പെട്ട ജനനമരണകണക്കുകൾ കണക്കാക്കുമ്പോൾ ജനനനിരക്ക് 18.0 ഉം, മരണനിരക്ക് 4.26 ഉം ആണ്.

പട്ടിക 4

	ജനനം			മരണം			ആത്മഹത്യ		
വർഷം	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
93-94	162	176	338	61	33	94	5	3	8
94-95	176	194	370	67	47	114	20	5	25

സംസ്ഥാന ജനന മരണ സൂചികകളുമായി ബന്ധപ്പെടുമ്പോൾ നമ്മുടെ പഞ്ചായത്ത് ആരോഗ്യരംഗത്ത് മുന്നിലാണെന്ന് ഇവുടെത്തെ ജനന മരണനിരക്കുകളുടെ അന്തരം സൂചിപ്പിക്കുന്നു.

ചികിത്സാ രംഗത്ത് നമ്മുടെ പഞ്ചായത്തിൽ ആധുനിക സൗകര്യങ്ങളുള്ള മെച്ചപ്പെട്ട ഒരാശുപത്രി നിലവിലില്ല.

പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ മുഴുവൻ സമയ സേവനം ലഭിക്കുന്നില്ല.

സർക്കാർ ആശുപത്രികളുടെ പ്രവർത്തനത്തിൽ ജനങ്ങൾക്കുള്ള വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. സ്വകാര്യ മേഖല ദിനംപ്രതി ശക്തിപ്പെട്ടുകൊണ്ടിരിക്കെ സർക്കാർ ആശുപത്രികൾ ഒരു തരത്തിലുള്ള ആന്തരിക സ്വകാര്യവൽക്കരണത്തിന് വിധേയമാക്കപ്പെട്ടുവരികയാണ്.

സർക്കാർ ആശുപത്രികളിൽ അവശ്യമരുന്നുകളുടെ കുറവ്

ആരോഗ്യസംരക്ഷണത്തിന്റെ കാര്യത്തിൽ മരുന്നുകളോ ഒരുവേള അതിലധികമോ പ്രധാന്യം ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുണ്ട്. എന്നാൽ ഫീൽഡ് വർക്കർമാരിൽ ഭൂരിപക്ഷത്തിലും കാണുന്ന നിഷ്ക്രിയത ഈ രംഗത്തെ പ്രവർത്തനങ്ങളെ ബാധിക്കുന്നു.

വിദഗ്ദ്ധചികിത്സക്കായി ജനങ്ങൾക്ക് കൂടുതൽ ദൂരം അതായത് 25 കി.മി മുതൽ 30 കി. മി. വരെ സഞ്ചരിക്കേണ്ടതുണ്ട്.

ഉപസെൻററുകൾ ശരിയായി പ്രവർത്തിക്കുന്നില്ല.

ഗ്രാമസഭകളിൽ നിന്നുമുയർന്നുവന്ന നിർദ്ദേശങ്ങളുടെയും, സാധ്യതകളുടെയും അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒരുസമഗ്ര ആരോഗ്യപരിപാടി നടപ്പിലാക്കുക വഴി രോഗരഹിതവും ആരോഗ്യപരിപൂർണ്ണവുമായ മാതൃകാ പഞ്ചായത്ത് എന്നതാണ് നമ്മുടെ ലക്ഷ്യം

1. കമ്മ്യൂണിറ്റി ആരോഗ്യ കേന്ദ്രം

ചികിത്സാ രംഗത്ത് പഞ്ചായത്തിൽ മെച്ചപ്പെട്ട ഒരാശുപത്രിപോലും നിലവില്ല. ഇക്കാര്യത്തിൽ പഞ്ചായത്തിലെ ഏക പി. എച്ച്. സെൻറർ ആയ നെടുമൺകാവ് പി. എച്ച്. സെൻററിനെ അപ്ഗ്രേഡ് ചെയ്ത് കമ്മ്യൂണിറ്റി ആരോഗ്യകേന്ദ്രമാക്കണം. ഇവിടെ ആധുനിക സൗകര്യങ്ങളോട് കൂടിയ ഓപ്പറേഷൻ തീയേറ്ററും, എക്സ് - റേ യൂണിറ്റും, ബ്ലഡ്ബാങ്കും സ്ഥാപിക്കണം. കൂടാതെ മെഡിസിൻ, സ്ത്രീരോഗ വിഭാഗം, ശിശുരോഗവിഭാഗം തുടങ്ങിയ ചികിത്സാ സൗകര്യങ്ങൾ ഇവിടെ ഉണ്ടാക്കണം. ഈ ആശുപത്രിയ്ക്ക് 100 കിടക്കകളോട് കൂടിയ ഒരു ബഹുനില കെട്ടിടവും ഉണ്ടാക്കണം. ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിന് വരുമാന പരിധിക്കനുസൃതമായി ആവശ്യമായാൽ ഫീസ് ഈടാക്കാവുന്നതാണ്. ജീവനക്കാർ രോഗികളോടുള്ള സമീപനത്തിൽ മാറ്റം വരുത്തേണ്ടതും അത്യാവശ്യമാണ്. പി.എച്ച്.സിയ്ക്ക് ചുറ്റുമതിൽ കെട്ടുകയും, ജീവനക്കാരുടെ ക്വാർട്ടേഴ്സിനാവശ്യമായ സ്ഥലം ആശുപത്രിയ്ക്ക് സമീപം തന്നെ കണ്ടെത്തുകയും വേണം.
വൈദ്യസഹായത്തിന് പഞ്ചായത്ത് ജനതയുടെ ഏക ആശാകേന്ദ്രമായ നെടുമൺകാവ് പി. എച്ച്. സി. യിൽ

ഇപ്പോൾ 3 ഡോക്ടർമാർ ആണ് ഡ്യൂട്ടിക്കുള്ളത്. 12 മണിയാകുമ്പോൾ മൂന്നുപേരും പിരിയുകയാണ് പതിവ്. ഈ അവസ്ഥമാറ്റി 24 മണിക്കൂറും ഡോക്ടർമാരുടെ സേവനം ഉറപ്പാക്കണം.

2. ഉപസെൻററുകൾ

നമ്മുടെ പഞ്ചായത്തിലെ ആരോഗ്യ സംവിധാനത്തിൻെറ അടിസ്ഥാനഘടകം പ്രാഥമികാരോഗ്യകേന്ദ്രങ്ങളും, അവയ്ക്ക് കീഴിലുള്ള ഉപസെൻററുകളും ആണ്. 5, 000 ജനങ്ങൾക്ക് ഒരു സ്ത്രീപുരുഷ പ്രവർത്തകർ എന്ന നിലമാറ്റി 3, 000 ജനങ്ങൾക്ക് എന്ന നിരക്കിലാക്കണം. ഇവർ മാസത്തിലൊരിക്കൽ തങ്ങളുടെ പ്രവർത്തന പരിധിയിൽ വരുന്ന എല്ലാ വീടുകളും സന്ദർശിച്ചിരിക്കണം മരുന്നുകളുടേയും, ഉപകരണങ്ങളുടേയും മറ്റും കുറവു കാരണം മിക്കവാറും ചെറിയ അസുഖങ്ങൾക്കും പ്രതിരോധ നടപടികൾ സജ്ജമാക്കിയിരിക്കേണ്ട ഉപസെൻററുകൾ ശരിയായി പ്രവർത്തിക്കുന്നില്ല. ഉപസെൻററുകളുടെ ചികിത്സാ സംവിധാനം കൂടി മെച്ചപ്പെടുത്തി ജനങ്ങളുടെ ഇടയിൽ അവയുടെ വിശ്വാസ്യത വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണ്. അതുകൊണ്ട് ഗ്രാമീണ ആരോഗ്യസംവിധാനത്തിൽ ഉപസെൻററുകളുടെ സ്ഥാനം ഉയർത്തണം. നെടുമൺകാവ് പി. എച്ച്.സിയൽ തന്നെ പ്രവർത്തിക്കുന്ന എ-ബി ഉപസെൻററുകൾ, ഉപസെൻററുകൾ ഇല്ലാത്ത വാർഡുകളിലേക്ക് മാറ്റി സ്ഥാപിച്ച് പ്രവർത്തിപ്പിക്കണം. ഉപസെൻററുകളില്ലാത്ത കരീപ്ര, തളവൂക്കോണം, കുടിക്കോട്, കുഴിമതിക്കാട്, പ്ലാക്കോട്, വാക്കനാട്, കടയ്ക്കോട് എന്നീ വാർഡുകളിൽ സബ്സെൻററുകൾ സ്ഥാപിക്കണം. നിലവിലുള്ള സബ്സെൻററുകളായ ഇടയ്ക്കടം, തൃപ്പിലഴികം, മടന്തക്കോട്, എന്നിവിടങ്ങളിൽ ഡോക്ടർമാരുടെ സേവനം എല്ലാ ദിവസവും ഉറപ്പുവരുത്തണം.

ആരോഗ്യവകുപ്പിൻെറ കീഴിലല്ല എങ്കിലും ഈ രംഗത്ത് പ്രവർത്തനം നടത്തുന്ന ഒരു സ്ഥാപനമാണ് ഇ. എസ്. ഐ. കോർപ്പറേഷൻെറ കീഴിലുള്ള തൃപ്പിലഴികം ഇ. എസ്. ഐ. ആശുപത്രി. ഫാക്ടറി തൊഴിലാളികൾക്കും, മറ്റു ജീവനക്കാർക്കും വേണ്ടി മാത്രം സേവനം നടത്തുന്ന ഒരു ആരോഗ്യ സംവിധാനമാണിത്. ഇവിടെയും രോഗപ്രതിരോധത്തിന് ഒരു പ്രധാന പങ്കുണ്ട്. തൊഴിൽ ജന്യരോഗങ്ങളിൽ നിന്നും തൊഴിലാളികളെ രക്ഷിക്കുന്നതിനുള്ള സംവിധാനം ഇന്ന് വേണ്ടത്രയില്ല. പാറ തൊഴിലാളികളിൽ കണ്ടുവരുന്ന സിലിക്കോസിസ് എന്ന രോഗത്തിന് ഫലപ്രദമായ പ്രതിരോധ നടപടികൾ സ്വീകരിക്കണം. ഇ. എസ്. ഐ. രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർക്ക് പ്രത്യേകം പരിശീലനം നൽകേണ്ടതുണ്ട്.

ആയുർവേദ ഹോമിയോ രംഗം

ആയുർവേദ, ഹോമിയോ ചികിത്സകളെ ധാരാളം പേർ ആശ്രയിക്കുന്നുണ്ട്. എന്നാൽ നമ്മുടെ പഞ്ചായത്തിൽ ചില സ്വകാര്യസ്ഥാപനങ്ങൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ പ്രവർത്തനം തൃപ്തികരമല്ല. അതിനാൽ എല്ലാ സംവിധാനത്തോടും കൂടിയ ആയുർവേദ ആശുപത്രികളും, ഹോമിയോ ആശുപത്രികളും ഈ രംഗത്ത് പ്രവർത്തിക്കേണ്ടതുണ്ട്.

എല്ലാ വാർഡുകളിലും ഇവ പ്രവർത്തിക്കണമെന്ന് ഗ്രാമസഭകളിൽ നിന്ന് നിർദ്ദേശങ്ങൾ ഉയർന്ന് വന്നിട്ടുണ്ട്. ഇതിൽ കുടിക്കോട് വാർഡിൽ 49 സെൻറ് പഞ്ചായത്ത് വക ഭൂമിയും, തളവൂക്കോണം വാർഡിൽ 25 സെൻറ് ഭൂമിയും, കടയ്ക്കോട് വാർഡിൽ അംബേദ്ക്കർ കോളനിയിൽ 50 സെൻറ് ഭൂമിയും ആ ഗ്രാമസഭകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സൗകര്യം കണക്കിലെടുത്ത് ഇവിടെ ആയുർവ്വേദ, ഹോമിയോ ആശുപത്രികൾ സ്ഥാപിക്കണം. ആശുപത്രി സ്ഥാപിക്കാൻ കഴിയാത്ത മറ്റു വാർഡുകളിൽ ഇവയുടെ ഡിസ്പെൻസറികൾ തുടങ്ങേണ്ടതാണ്.

ആയുർവേദ രംഗത്ത് ക്രമമായി വരുന്ന ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി സഹകരണ അടിസ്ഥാനത്തിൽ പഞ്ചായത്ത് തല ഔഷധ സൊസൈറ്റികൾ രൂപീകരിക്കേണ്ടതാണ്. തരിശു ഭൂമികളും, പുറമ്പോക്ക് വസ്തുക്കളും ഔഷധച്ചെടികൾ വളർത്തി ഇതിനായി ഉപയോഗപ്പെടുത്താം.

3. വീടോരോന്നിലും ഓരോ നല്ലൊരു കക്കൂസ്.

കുടിവെള്ളം കഴിഞ്ഞാൽ പൊതുജനാരോഗ്യ രംഗത്ത് പ്രധാന്യം അർഹിക്കുന്ന ഒന്നാണ് ശുചിത്വം. ഇതിൽ പരിസര ശുചിത്വം പാലിക്കാൻ പ്രധാനമായും വേണ്ട ഒന്നാണ് വീടോരൊന്നിലും നല്ലൊരു കക്കൂസ്. ആകെയുള്ള 5599 കുടുംബങ്ങളിൽ 1453 വീടുകൾക്ക് നിലവിൽ കക്കൂസില്ല. ഉള്ളവയിൽ തന്നെ 836 വീടുകൾക്ക്

മാത്രമേ സെപ്റ്റിടാങ്ക് മാറ്റി സ്ഥാപിച്ചിതയാള്ളൂ. ഇതിനാൽ വിരശല്യം, വയറിളക്ക രോഗങ്ങൾ എന്നിവ താര തമ്യേന കൂടുതൽ കണ്ടുവരുന്നുണ്ട്. ഇതിൽ കക്കൂസില്ലാത്ത അർഹരായ മുഴുവൻ വീടുകൾക്കും കക്കൂസ് നിർമ്മിക്കാനുള്ള സഹായം നൽകേണ്ടതാണ്. സാമ്പത്തിക പരാധീനതയും, സ്ഥലപരിമിതിയും ആണ് കക്കൂസ് നിർമ്മാണത്തിന് പ്രധാന തടസ്സം. ഇതിനായി സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സംഘട നകൾ തുടങ്ങിയവയുടെ സഹായത്താൽ പഞ്ചായത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ സാമ്പത്തിക സമാഹരണം നടത്താവുന്നതാണ്. സ്ഥല പരിമിതികളുള്ള കോളനികളിലും മറ്റും ഒരു പൊതുസെപ്റ്റിക് ടാങ്ക് നിർമ്മിച്ച് ഇതിന് പരിഹാരം കാണാവുന്നതാണ്.

4. കംഫർട്ട് സ്റ്റേഷൻ

പഞ്ചായത്തിൽ നെടുമൺകാവ് മാർക്കറ്റിന് സമീപവും, കുഴിമതിക്കാട് എച്ച്.എസ്.എസ്. ന് സമീപവും പഞ്ചായത്ത് മുൻകൈയെടുത്ത് ഓരോ കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കണം. ഇവ ശുചിത്വമുള്ളതാക്കി മാറ്റുവാൻ വർഷാവർഷം കോൺട്രാക്ട് അടിസ്ഥാനത്തിൽ നൽകുകയും, ഉപഭോക്താക്കളിൽ നിന്ന് ഒരു ചെറിയ സംഖ്യ ഈടാക്കുകയും ചെയ്യണം.

പരിസരശുചിത്വം

പരിസര ശുചിത്വത്തിന് ആരോഗ്യരംഗത്ത് ഒരു പ്രധാന പങ്കാണുള്ളത്. കശുവണ്ടി ഫാക്ടറികളും, ചുടുകട്ട ഫാക്ടറികളും നിരവധിയുള്ള നമ്മുടെ പഞ്ചായത്തിൽ പരിസരം മലിനമാക്കുന്നുണ്ട്. ഇവയ്ക്കുള്ള ലൈസൻസ് നൽകുമ്പോൾ പുകക്കുഴലുകൾ വളരെ ഉയരത്തിൽ സ്ഥാപിക്കുവാൻ കർശന നിയമം നടപ്പിലാക്കണം. പഞ്ചായത്ത് പ്രദേശങ്ങളായ നെടുമൺകാവ്, കുഴിമതിക്കാട്, ഇടയ്ക്കിടം, കരീപ്ര എന്നിവിടങ്ങളിലും, പൊതു വിൽ ജനങ്ങൾ തിങ്ങിക്കൂടുന്ന മറ്റു പ്രദേശങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾക്കായി പഞ്ചായത്തിൽ ജീവനക്കാരുടെ നിയമനം സ്ഥിരമാക്കണം.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചെറുഹോട്ടലുകൾ, ശീതളപാനീയശാലകൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വിൽപന ആരോഗ്യനിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കേണ്ടതും, അവ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ചെറുഹോട്ടലുകളിൽ നിന്നും, കടകളിൽ നിന്നും റോഡുകളിലേക്കൊഴുകുന്ന മലിനജലം തടയേണ്ടതാണ്. കച്ചവട കേന്ദ്രങ്ങൾക്ക് ചുറ്റും ശുചിയാക്കുന്നിതൽ കച്ചവടക്കാരെ ബോധവത്ക്ക രിക്കുകയും, ഇവ പാലിക്കാത്തവരിൽ നിന്ന് പിഴ ഈടാക്കുവാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. പൊതുസ്ഥലങ്ങളിലേയും, ചന്തകളിലേയും ചപ്പുചവഹറുകളും, മറ്റ് അവശിഷ്ടങ്ങളും ഒരു പൊതുകമ്പോസ്റ്റ് കുഴി നിർമ്മിച്ച് അതിൽ നിക്ഷേപിക്കണം.

വർഷക്കാലത്തും, വരൾച്ചകാലത്തും പകർച്ച വ്യാധികൾ പടർന്ന് പിടിക്കുക സാധാരണമാണ്. ഇതിനെ തിരെ കിണറുകളിലെ ക്ലോറിനേഷൻ, ഈച്ചനശീകരണം, കൊതുകുനശീകരണം എന്നിവ ഫലപ്രദമായി നിർ വ്വഹിക്കേണ്ടതാണ്. ആരോഗ്യശീലങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണവും വളരെ ഗുണം ചെയ്യും.

അടുക്കളയിലെ അവശിഷ്ടങ്ങളും, ചപ്പുചവറുകളും കമ്പോസ്റ്റാക്കി മാറ്റിയാൽ അടുക്കള തോട്ടത്തിൽ വളമായി ഉപയോഗിക്കാം. ഒപ്പം ഗൃഹപരിസ്സരം ശുചിയായി സൂക്ഷിക്കാനുമാകും. വീടിനടുത്ത് മലിനജലം കെട്ടിനിൽക്കുന്നത് തടയുക, കൂത്താടികളുള്ള സ്ഥലങ്ങളിൽ മണ്ണെണ്ണ ഒഴിച്ച് അവയെ നശിപ്പിക്കുക, കക്കൂസുക ളിലെ സെപ്റ്റിക് ടാങ്കുകളിൽ സ്ഥാപിച്ചിട്ടുള്ള എയർപൈപ്പിന്റെ അഗ്രം ചെറിയ സുഷിരങ്ങളുള്ള വലകളു പയോഗിച്ച് കെട്ടുക തുടങ്ങിയ മാർഗ്ഗങ്ങളാൽ കൊതുകുനശീകരണം ഫലപ്രധമാക്കണം. ആരോഗ്യ വകുപ്പ് ജീവനക്കാർക്കൊപ്പം സന്നദ്ധപ്രവർത്തനകരേയും ഈ പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്താവുന്നതാണ്. കരീപ്ര ഗ്രാമപഞ്ചായത്ത് ശുചിത്വ ഗ്രാമം - ആരോഗ്യഗ്രാമം എന്നൊരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുക, ഇതിനാകട്ടെ നമ്മുടെ മുഴുവൻ ശ്രമവും.

ചന്തകളുടെ ശോച്യാവസ്ഥ

നെടുമൺകാവ്, ഇടയ്ക്കിടം മാർക്കറ്റുകളുടെ ശോച്യാവസ്ഥ പരിഹരിക്കേണ്ടതുണ്ട്. നെടുമൺകാവ് മാർക്കറ്റിനെ വിപുലീകരിക്കുന്നതിനുവേണ്ടി പഞ്ചായത്ത് ഏറ്റെടുത്ത സ്ഥലത്ത് നിർമ്മിച്ച ഷെഡ് ഉപയോ ഗമില്ലാതെ കിടക്കുകയാണ്. പ്രസ്തുത പ്രദേശം പില്ലർ കെട്ടി താഴെയുള്ള സ്ഥലം ചന്തയ്ക്ക് ഉപയോ ഗിക്കുകയും, അതിന് മുകളിലായി വ്യാപാരം നടത്തുന്നതിനുള്ള സ്റ്റാളുകളും, അനുബന്ധിച്ചുള്ള പ്രാഥമിക

സൗകര്യങ്ങളും ഏർപ്പെടുത്താവുന്നതുമാണ്. ഇടയ്ക്കിടം ചന്ത ശുചിയാക്കി വിപുലീകരിക്കേണ്ടതുമാണ്. കടയ്ക്കോട് അംബേദ്ക്കർ കോളനിയിലെ പൊതുസ്ഥലത്ത് കാർഷിക ചന്ത തുടങ്ങണം. മടന്തകോട് ആലും മുട്ടിൽ പണ്ട് ഉണ്ടായിരുന്ന ചന്ത പുനഃസ്ഥാപിക്കണം. ഇടയ്ക്കിടം ചന്തയ്ക്ക് കുറച്ച് സ്ഥലം കൂടി വാങ്ങിച്ച് വിപുലപ്പെടുത്തണം.

പഞ്ചായത്ത് പ്രദേശത്ത് മൊത്തമായി ഒരു അറവു ശാല സ്ഥാപിച്ച് പരിശോധനാവിധേയമാക്കിയ മൃഗങ്ങളെ മാത്രം അറക്കുന്നതിനുള്ള സംവിധാനം നടപ്പാക്കേണ്ടതാണ്.

മാതൃശിശുസംരക്ഷണ കേന്ദ്രങ്ങൾ

ഇവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം. ഇവയില്ലാത്ത മുഴുവൻ വാർഡുകളിലും മാതൃശിശു കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കണം. പ്രതിരോധ കുത്തിവയ്പുകൾ കാലാകാലങ്ങളിൽ ഫലപ്രദമായി നടത്തേണ്ടതുണ്ട്. എല്ലാ കുട്ടികൾക്കും പ്രതിരോധ കുത്തിവയ്പുകൾ നടത്തണം. ഗർഭിണികളുടെ പരിരക്ഷ, ശിശുസംരക്ഷണം, പരിസര ശുചിത്വം, പോഷകാഹാരങ്ങളുടെ ഉപയോഗം എന്നിവയെക്കുറിച്ച് സ്ത്രീകളെ ബോധവതികളാക്കാൻ ഈ കേന്ദ്രങ്ങൾ വഴി ചർച്ചാ ക്ലാസ്സുകളും, സെമിനാറുകളും സംഘടിപ്പിക്കണം. കടയ്ക്കോട് വാർഡിൽ പണിയാരംഭിച്ച ശിശുമന്ദിരത്തിന്റെ പണി മുഴുവൻ ഉടൻ പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കണം.

പോഷണ പ്രശ്നം പരിഹരിക്കുവാൻ പാലുല്പാദനം ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്. ഒരു സമീകൃതാഹാരം എന്നി നിലയ്ക്ക് ഇതിന്റെ ഉല്പാദനും, ഉപയോഗവും വർദ്ധിപ്പിക്കുക വഴി പോഷണ പ്രശ്നം പരിഹരിക്കുവാൻ എളുപ്പമാണ്.

പ്രാവർത്തികമാക്കാവുന്ന മറ്റ് നിർദ്ദേശങ്ങൾ

പൊതുശ്മശാനം

സ്ഥല പരമിതികൾ ഉള്ള നിരവധികുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇത് കണക്കിലെടുത്ത് പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം സ്ഥാപിക്കണം.

ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി

പഞ്ചായത്തിലെ മുഴുവൻ ജനങ്ങളെയും ഉൾപ്പെടുത്തി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കണം. സ്ഥായീരോഗങ്ങൾ ഉണ്ടകുമ്പോൾ ചികിത്സക്കായി ഇത് ഫലപ്രദമാകുമല്ലോ. ഇൻഷ്വറൻസ് തുകയുടെ ഒരു വിഹിതം പഞ്ചായത്തും മറ്റൊരു വിഹിതം ഓരോ വ്യക്തിയും വഹിക്കേണ്ടതാണ്.

വയോജനാരോഗ്യകേന്ദ്രം

സമൂഹത്തിൽ ഒരു മുഖ്യ ആശ്രിത വിഭാഗമായ വൃദ്ധജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ ലഭിക്കുന്നതിനായി ഒരു വയോജനാരോഗ്യകേന്ദ്രം സ്ഥാപിക്കേണ്ടതാണ്. പ്രായമായവരുടെ മാനസികവും, ശാരീരകവുമായ പ്രശ്നങ്ങൾ പ്രത്യേകം കൈകാര്യം ചെയ്യപ്പെടുവാൻ പഠിശീലനം നേടിയവരെ ഉപയോഗിച്ച് അവരുടെ ആരോഗ്യവും മാനസികവുമായ ഉയർച്ചയ്ക്ക് ആവശ്യമായ പദ്ധതികൾ രൂപപ്പെടുത്തേണ്ടതാണ്.

ഹെൽത്ത്കാർഡ്

ചികിത്സാ രംഗത്ത് വളരെ പ്രയോജനം ചെയ്യുന്ന ഒരു സംവിധാനമാണ് ഹെൽത്ത് കാർഡ്. ചികിത്സക്കെത്തുന്ന വ്യക്തികളുടെ മുൻകാല ആരോഗ്യനിലയെക്കുറിച്ചുള്ള വ്യക്തമായ വിവരങ്ങൾ രോഗനിർണ്ണയം വേഗത്തിലും, കുറ്റമറ്റതാക്കാനും കഴിയുന്നു. രക്തഗ്രൂപ്പ് തുടങ്ങിയ അടിസ്ഥാന വിഷയങ്ങൾ എല്ലാം കാർഡിൽ രേഖപ്പെടുത്തുകയും ഇതിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തേണ്ടതുമാണ്.

അലഞ്ഞുതിരിയുന്ന നായ്ക്കൾ

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന ധാരാളം നായ്ക്കളെ കണ്ടുവരുന്നുണ്ട്. മിക്കഗ്രാമസഭകളിൽ നിന്നും ഇവയെപ്പറ്റി പരാതി ഉയർന്നു വന്നിട്ടുണ്ട്. നമ്മുടെ ആരോഗ്യ രംഗത്തെ ബാധിക്കുന്ന ഇത്തരം അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുന്നതിനാവശ്യമായ പദ്ധതി പഞ്ചായത്തിൽ തയ്യാറാക്കേണ്ടതുമാണ്.

പാരമ്പര്യ വൈദ്യമേഖല

വാമൊഴിയും വരമൊഴിയായും തലമുറകളിലൂടെ പകർന്നുകിട്ടുന്ന അറിവുകളുടെ സംഗ്രഹമാണ് പാരമ്പര്യ വൈദ്യം. 18 വൈദ്യ കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്നുണ്ട്. ഇവരുടെ കൂടിച്ചേരൽ സംഘടിപ്പിക്കുക വഴി പലതായി ചിതറിക്കിടക്കുന്ന വൈദ്യവിജ്ഞാനം ഏകോപിപ്പിക്കുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യപ്പെടേണ്ടതാണ്. കൂടാതെ ജനങ്ങൾ ധാരാളമായി ആശ്രയിക്കുന്ന യുനാനി, സിദ്ധവൈദ്യം, പ്രകൃതി ചികിത്സ തുടങ്ങിയവയെല്ലാം ജനങ്ങളുടെ ഏതെങ്കിലും ആരോഗ്യാവശ്യങ്ങൾ നിറവേറ്റുന്നുണ്ട്. അതുകൊണ്ട് ഈ രീതികൾ പ്രോത്സാഹിപ്പിക്കപ്പെടണം. മടന്തകോട് വാർഡിൽ നിലവിൽ സർക്കാർ ഗ്രാന്റോടുകൂടി പ്രവർത്തിക്കുന്ന വിഷചികിത്സാലയത്തിന്റെ പ്രവർത്തനം തീർത്തും തൃപ്തികരമല്ല.

നിരോധിച്ച മരുന്നുകൾ, അവശ്യമരുന്നുകൾ

സർക്കാർ തലത്തിൽ നിരോധിച്ച മരുന്നുകളുടെയും, അവശ്യമരുന്നുകളുടെയും പട്ടിക തയ്യാറാക്കി എല്ലാ ആശുപത്രികളിലും, ആരോഗ്യ പ്രവർത്തകരിലും എത്തിക്കുകയും, ആശുപത്രികളിൽ ഇവ പ്രദർശിപ്പിക്കേണ്ടതുമാണ്. അവശ്യമരുന്നുകളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി പൈകമ്മിറ്റി, ഔഷധുല്പാദനവും, വിതരണവും സംബന്ധിച്ച് മുന്നോട്ട് വച്ചിട്ടുള്ള ശുപാർശകൾ നടപ്പിലാക്കേണ്ടതാണ്. കേരളത്തിലെ പൊതുമേഖലയിലെ ഔഷധകമ്പനിയെ വികസിപ്പിച്ച് സംസ്ഥാന ആരോഗ്യ വകുപ്പിനാവശ്യമായ മരുന്നുകൾ ലഭ്യമാക്കാൻ അതിനെ സുസജ്ജമാക്കേണ്ടതാണ്.

പഞ്ചായത്ത് നിവാസികളുടെ പൊതുആരോഗ്യ സ്ഥിതി മെച്ചപ്പെടുത്തുവാൻ പുകയില കൂട്ടിയുള്ള മുറുക്കൽ, പുകവലി, പൊടിവലി എന്നിവ മൂലമുണ്ടാകുന്ന രോഗങ്ങളെക്കുറിച്ച് ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തി നിയന്ത്രണ വിധേയമാക്കേണ്ടതുണ്ട്.

രക്തദാനത്തെക്കുറിച്ച് ജനങ്ങളിൽ നിലവിലുള്ള ഭയാശങ്കകൾ ദുരീകരിക്കുക, നേത്രദാനത്തിന്റെ മഹത്വം ബോദ്ധ്യപ്പെടുത്തുക, നേത്ര ദാതാക്കളുടെ രജിസ്ട്രേഷൻ വ്യാപകമാക്കുകയും ജില്ലാ നേത്രബാങ്കുമായി ബന്ധപ്പെട്ട് പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. പഞ്ചായത്ത് തലത്തിൽ രക്തനിർണ്ണയ ക്യാമ്പ് നടത്തി രക്തദാതാക്കളുടെ രജിസ്റ്റർ ഉണ്ടാക്കേണ്ടതാണ്.

മദ്യനിരോധനം

ചാരായ നിരോധനം നിലവിൽ വന്ന ശേഷവും നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാജചാരായം സുലഭമായി വിതരണം നടത്തുന്നുണ്ട്. ഇതിന്റെ അമിത ഉപയോഗം മൂലം ചിലരെ അബോധാവസ്ഥയിൽ ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കപ്പെട്ട കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവ ഫലപ്രദമായി നിർത്തലാക്കണമെന്ന് എല്ലാ ഗ്രാമസഭകളിൽ നിന്നും അഭിപ്രായങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. നമ്മുടെ പഞ്ചായത്ത് അതിർത്തിക്കുള്ളിലെ വ്യാജചാരായത്തിന്റെ ഉല്പാദന വിതരണക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനെതിരെ പഞ്ചായത്ത് സമിതിയുടെ നേതൃത്വത്തിൽ ജനകീയ സമിതികൾ രൂപീകരിച്ച് ഇതിനെ തടയേണ്ടതാണ്.

ആരോഗ്യ വിഷയങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവാൻമാരാക്കേണ്ടതിന് വേണ്ടി സെമിനാറുകൾ, ചർച്ചാക്ലാസ്സുകൾ എന്നിവ നടത്തേണ്ടതാണ്.

എയ്ഡ്സ് എന്ന മഹാവിപത്തിനെതിരെ നമ്മുടെ പഞ്ചായത്തിലെ എല്ലാ ജനങ്ങളെയും ബോധവാൻമാരാക്കേണ്ടതിനു വേണ്ടി വാർഡുകൾ തോറും ബോധവത്ക്കരണ ക്യാമ്പുകൾ നടത്തേണ്ടതാണ്.

ആരോഗ്യരംഗത്ത് ഗവൺമെൻറിൽ നിന്നും വ്യത്യസ്ഥമായി ഒരു ജനകീയ ആരോഗ്യ പ്രസ്ഥാനം ഉണ്ടാക്കേണ്ടതുണ്ട്. ഇവന്ക്ക് ചില പ്രധാന കാര്യങ്ങൾ ചെയ്യുവാൻ കഴിയും. ആരോഗ്യ വിദ്യാഭ്യാസം നല്കുക, ജനങ്ങളെ പ്രയോജനകരങ്ങളായ ആരോഗ്യ.പദ്ധതികളിലേക്ക് ആകർഷിപ്പിക്കുക, ജനവിരുദ്ധ ആരോഗ്യനയങ്ങൾക്കെതിരെ ജനങ്ങളെ അണിനിരത്തുക, വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധമാണോ എന്ന് പരിശോധിക്കുക തുടങ്ങിയ കാര്യങ്ങൾ ഈ സമിതിക്ക് ചെയ്യാൻ കഴിയും. ശാസ്ത്രീയമായ പഠനവും, പിരശീലനവും ലഭിച്ച് ആരോഗ്യപ്രവർത്തകരും, ജനപ്രതിനിധികളും ഉണ്ടായിരിക്കണം. ശുചിത്വഗ്രാമം ആരോഗ്യ ഗ്രാമം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കലായിരിക്കട്ടെ നടപ്പുപദ്ധതിക്കാലത്തെ നമ്മുടെ ലക്ഷ്യം.

വാർഡിലെ ആരോഗ്യരംഗവും വാർഡ് തിരിച്ച സ്ഥിതിവിശേഷവും

പട്ടിക. V

വാർഡ്	സ്ഥാപനങ്ങൾ		കാണപ്പെടുന്ന പ്രധാന പകർച്ച വ്യാധികൾ	പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ	ഗ്രാമങ്ങളിൽ ഉയർന്നു വന്നിട്ടുള്ള നിർദ്ദേശങ്ങൾ/പരിഹാരങ്ങൾ
	പൊതു	സ്വകാര്യ			
തൃപ്പലഴികം I	P.H.C ഉപസെൻറർ	ഇല്ല	പനി, വയറിളക്കം ചെങ്കണ്ണ്, ന്യൂമോണിയ ടൈഫോയിഡ്	പ്രവർത്തനം തൃപ്തികരമല്ല.	ഡോക്ടർമാരുടെ സേവനം പൂർണ്ണമായും ഉറപ്പുവരുത്തണം, ഉപസെൻററിൽ ആവശ്യം വരുന്ന മരുന്നുകൾ ലഭ്യമാക്കണം. പ്രവർത്തനം ശ്രദ്ധിക്കുവാൻ വികസനസമിതി രൂപീകരിക്കണം
ഇടക്കിടം II	P.H.C ഉപസെൻറർ	കാരാളി ഹോസ്പിറ്റൽ ഇടക്കിടം (ആയുർവേദം)	പനി, വയറിളക്കം ചെങ്കണ്ണ്, ന്യൂമോണിയ ടൈഫോയിഡ്	പ്രവർത്തനം തൃപ്തികരമല്ല.	സബ് സെൻററിൽ പൂർണ്ണസമയ ഡോക്ടർമാരെ നിയോഗിക്കണം. ഉപസെൻററിൽ ആവശ്യമരുന്നുകൾ എത്തിക്കണം. ഹോമിയോ, ആയുർവ്വേദ ആശുപത്രികൾ സ്ഥാപിക്കണം.
കടയ്ക്കോട് III	ഇല്ല	മെഡിക്കൽ	പനി, വയറിളക്കം, ചെങ്കണ്ണ് ദന്തരോഗങ്ങൾ	തൃപ്തികരമല്ല.	ഉപസെൻറർ സ്ഥാപിക്കണം. ആയുർവേദ, ഹോമിയോ ആശുപത്രിയോ ഡിസ്പെൻസറിയോ അനുവദിക്കണം. ശിശുമന്ദിരിത്തിന്റെ പണി പൂർത്തിയാക്കണം. അംബേദ്കർ കോളനിയിൽ കാർഷിക ചന്ത ആരംഭിക്കണം.
പ്ലാക്കോട് IV	E.S.I ഡിസ്പെൻസറി സ്ഥിതി ചെയ്യുന്നു.	ഇല്ല	പനി, വയറിളക്കരോഗങ്ങൾ ന്യൂമോണിയ, മഞ്ഞപ്പിത്തം ചെങ്കണ്ണ്, ചിക്കൻപോക്സ്	സർക്കാരാശുപത്രികളോ, സ്വകാര്യ സ്ഥാപനങ്ങളോ ഇല്ല. പ്രവർത്തനം തൃപ്തികരമല്ല.	ആരോഗ്യകേന്ദ്രങ്ങളൊന്നും തന്നെയില്ലാത്ത ഇവിടെ ഉപസെൻറർ അനുവദിക്കണം ഹോമിയോ /ആയുർവേദ ആശുപത്രി സ്ഥാപിക്കണം
കരിപ്ര V	ഇല്ല	S.N.V സ്മാരക ആശുപത്രി.	പനി, ദന്തരോഗങ്ങൾ ചെങ്കണ്ണ്	സർക്കാരാശുപത്രികളോ, സ്വകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.	പഞ്ചായത്ത് കേന്ദ്രമായ ഇവിടെ ആയുർവേദ ആശുപത്രി സ്ഥാപിക്കണം
മടന്തകോട് VI	P.H.C ഉപസെൻറർ	സ്വകാര്യ വിഷചികിത്സ കേന്ദ്രം (സർക്കാർ ഗ്രാന്റോടുകൂടി.)	പനി, ന്യൂമോണിയ, ചെങ്കണ്ണ്, വയറിളക്കം	തൃപ്തികരമായ പ്രവർത്തനം. (P.H.C ഉപകേന്ദ്രം) ആയുർവ്വേദ വിഷചികിത്സാലയത്തിന്റെ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല.	P.H.C ഉപകേന്ദ്രം വൈദ്യുതികരിക്കണം പകൽസമയം മുഴുവൻ ഡോക്ടറുടെ സേവനം ഉറപ്പുവരുത്തണം, ആയുർവ്വേദ ആശുപത്രി സ്ഥാപിക്കണം.
കുഴിമതിക്കാട് VII	ഇല്ല	ലക്ഷ്യട്രസ്റ്റ് ആശുപത്രി, ശാന്തിമാതാ ആശുപത്രി.	ടൈഫോയ്ഡ്, പനി, വയറിളക്കം, ചെങ്കണ്ണ്, ക്ഷയം	സർക്കാരാശുപത്രികൾ ഒന്നുപോലുമില്ല. സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം ഏറെക്കുറെ തൃപ്തികരം	പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിലൊന്നായ ഇവിടെ ആയുർവ്വേദ ആശുപത്രി സ്ഥാപിക്കണം.
കുടിക്കോട് VIII	ഇല്ല	P.N ഹോസ്പിറ്റൽ നാലാം വയൽ	ചിക്കൻപോക്സ് ചെങ്കണ്ണ്, ടൈഫോയിഡ്, പനി	സർക്കാർ മേഖലയിൽ ആശുപത്രികളില്ല സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം തൃപ്തികരമല്ല.	യാതൊരുവിധ പൊതുസ്ഥാപനങ്ങളും ഇല്ലാത്ത ഈ വർഡിൽ ഒരു ആയുർവ്വേദ ആശുപത്രിയോ, ഹോമിയോ ആശുപത്രിയോ സ്ഥാപിക്കണം. 49 സെൻറ് പഞ്ചായത്ത് സ്ഥലം ലഭ്യമാണ്.
വാക്കനാട് IX	ഇല്ല	ഇല്ല	പനി, ചെങ്കണ്ണ്, ന്യൂമോണിയ ടൈഫോയിഡ്, കുഷ്ഠം, ക്ഷയം, വയറിളക്കം.	സ്ഥാപനങ്ങൾ ഇല്ല.	P.H.C പ്രവർത്തിക്കുന്ന A/B കേന്ദ്രങ്ങളിൽ ഒന്ന് ഇവിടെ സ്ഥാപിക്കുക. ആയുർവ്വേദ/ ഹോമിയോ ഡിസ്പെൻസറികൾ ആവശ്യമാണ്.
നെടുമൺകാവ്. X	P.H.C P.H.C-A/B ഉപസെൻററുകൾ	സിംലഹോസ്പിറ്റൽ (ആയുർവ്വേദം) പാർവ്വതി ക്ലിനിക്ക് (അലോപ്പതി)	പനി, ചെങ്കണ്ണ്, വയറിളക്കം. ടൈഫോയിഡ്, മഞ്ഞപ്പിത്തം.	തൃപ്തികരമല്ല.	P.H.Cഉയർത്തി ആധുനിക സൗകര്യത്തോടുകൂടിയ ആശുപത്രിയാക്കി മാറ്റുക. ചന്തയോടനുബന്ധിച്ച് കംഫോർട്ട്സ്റ്റേഷൻ സ്ഥാപിക്കുക. ആരോഗ്യ ക്ലാസ്സുകൾ നടക്കാറില്ല. മരുന്നിന്റെ ലഭ്യതകുറവാണ്. കടകളിൽ നിന്നും റോഡിലേക്കൊഴുകുന്ന മലിനജലം തടയേണ്ടതാണ്.
തളവുക്കോണം XI	ഇല്ല	ആശുപത്രി (ആയുർവ്വേദം)	പനി, ചെങ്കണ്ണ്, വയറിളക്കം. ടൈഫോയിഡ്, ചിക്കൻപോക്സ്	സർക്കാരാശുപത്രി ഒന്നുപോലുമില്ല സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം തൃപ്തികരമല്ല.	നെടുമൺകാവിൽ പ്രവർത്തിക്കുന്ന ആരോഗ്യ കേന്ദ്രത്തിന്റെ ഉപകേന്ദ്രങ്ങളിലൊന്ന് ഇവിടെ സ്ഥാപിക്കുക. ഒരു ഹോമിയോ ആശുപത്രിയും, ഒരു ആയുർവ്വേദ ഡിസ്പെൻസറിയും സ്ഥാപിക്കുക. സ്ഥലം വാർഡിൽ ലഭ്യമാണ്.

വ്യവസായം

കൊല്ലം ജില്ലയിലെ പ്രധാന വ്യവസായ കേന്ദ്രമായ കുണ്ടറയിൽ നിന്നും 6 കിലോമീറ്റർ തെക്കുകിഴക്കായി സ്ഥിതിചെയ്യുന്ന കരീപ്ര എന്ന ഗ്രാമം കരിമ്പനകൾക്ക് കേൾവി കേട്ട സ്ഥലമാണ്. കരിമ്പനപറമ്പ് ലോപിച്ച് കരീപ്രയായിത്തീർന്നതായി 1969 ലും 1970 ലും തുടർച്ചയായി കേരളത്തിലെ ഏറ്റവും നല്ല ഗ്രാമം എന്ന ബഹുമതി കരീപ്ര പഞ്ചായത്തിനായിരുന്നു. 85 ശതമാനത്തോളം വരുന്ന കർഷകരും കർഷകത്തൊഴിലാളികളും കശുവണ്ടി തൊഴിലാളികളും അധിവസിക്കുന്ന ഈ ഗ്രാമം വ്യാവസായികമായി വളരെയധികം പിന്നിലാണ് എന്നത് ഒരു ദുഖസത്യമാണ്. 1953 ൽ എ. തങ്ങൾ കുഞ്ഞ് മുസലിയാർ (എ. ടി. കെ. എം. എന്ന വ്യവസായി) കരീപ്ര, കുഴിമതിക്കാട്, കുടിക്കോട്, പാലനിരപ്പ് എന്നിവിടങ്ങളിൽ ആരംഭിച്ച കശുവണ്ടിഫാക്ടറികളായിരുന്നു ഈ ഗ്രാമത്തിലെ ആദ്യത്തെ വ്യവസായ സ്ഥാപനങ്ങൾ. ഇതിൽ കുഴിമതിക്കാട് ഫാക്ടറി ഇപ്പോൾ ഇല്ല. മറ്റുള്ളവ മറ്റു പേരുകളിൽ നാമമാത്രമായി ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്. ശ്രീ. റ്റി. വി. തോമസ് വ്യവസായ വകുപ്പ് മന്ത്രിയായിരുന്ന 1972 ൽ പ്ളാക്കോട് വാർഡിൽ (ഇപ്പോൾ കരീപ്ര വാർഡ്) ഒരു മിനി വ്യവസായ എസ്റ്റേറ്റ് പ്രവർത്തനം ആരഭിച്ചെങ്കിലും വിവിധ കാരണങ്ങളാൽ അതു പ്രവർത്തന രഹിതമാണെന്നു തന്നെ പറയാം. കരിമ്പനയുടെ നാടായ കരീപ്രയിലെ ഒരു കുടിൽ വ്യവസായമായിരുന്ന പനയോല കൊണ്ടുള്ള തടുക്ക്, പായ് എന്നിവയുടെ നെയ്ത്ത്. അതും ഏതാണ്ട് അപ്രത്യക്ഷമായിരിക്കുകയാണ്. ഉല്പാദകനെ സഹായിക്കാനായി 1955 ൽ പ്രവർത്തനം ആരംഭിച്ച തൃപ്പിലഴികം പഞ്ചായത്ത് വിവിധോദ്ദേശ സഹകരണസംഘം ക്ലിപ്തം നം. 3827 ന്റെ മേൽ നോട്ടത്തിൽ പനങ്കുള്ളിൽ നിന്നും കരുപ്പട്ടി ഉണ്ടാക്കുന്ന ഒരു പദ്ധതി നടപ്പാക്കിയെങ്കിലും വിവിധ കാരണങ്ങളാൽ അതു കൂടുതൽ നാൾ തുടർന്നില്ല. പരമ്പരാഗത വ്യവസായമായ മൺപാത്ര നിർമ്മാണം നെടുമൺകാവ് വാർഡിൽ നിലവിലുണ്ടായിരുന്നവെങ്കിലും അതു നാമാവശേഷമായി എന്നുതന്നെ പറയാം. ചുരുക്കത്തിൽ കരീപ്ര ഗ്രാമപഞ്ചായത്തിന്റെ കാലാവസ്ഥക്കും, ഭൂപ്രകൃതിക്കും അനുയോജ്യമായതോ അല്ലാത്തതോ ആയ ചെറുകിട വ്യവസായങ്ങളോ, വൻകിട വ്യവസായങ്ങളോ, പരമ്പരാഗത വ്യവസായങ്ങളോ ഒന്നും തന്നെ കാര്യമായി നിലവിലില്ല എന്ന വസ്തുത ആദ്യമേ എടുത്തു പറയേണ്ടിയിരിക്കുന്നു. 23.20 ച. കി. മീ. വിസ്തീർണ്ണവും 26717 വരുന്ന ജനസംഖ്യയും ഉള്ള ഈ പഞ്ചായത്ത് നിത്യോപയോഗ സാധനങ്ങളുടെ നല്ലൊരു വിപണിയായിട്ടും പ്രസ്തുത ഉല്പന്നങ്ങൾ ഉണ്ടാക്കി വില്ക്കുന്ന ഒരു വ്യവസായ യൂണിറ്റുപോലും വളർന്നു വരാത്തത് ഗൗരവമായി പരിശോധിക്കപ്പെടേണ്ടതാണ്. അഭ്യസ്ഥവിദ്യരായ യുവതീയുവാക്കൾ ധാരാളമുണ്ടെങ്കിലും നിത്യോപയോഗ സാധനങ്ങളുടെ ഉല്പാദകരായി മുന്നോട്ടുവരാത്ത ഇവരിൽ പുതിയൊരു വ്യവസായ വികസന ബോധം വളർത്തിക്കൊണ്ട് വരേണ്ടിയിരിക്കുന്നു. ഉയർന്ന തോതിലുള്ള സാക്ഷരത കൈവരിച്ചിട്ടുള്ള ഈ ഗ്രാമത്തിൽ നിന്നും 400 പേർ ഗൾഫ് രാജ്യങ്ങളിലും 26 പേർ പാശ്ചാത്യരാജ്യങ്ങളിലും തൊഴിലെടുക്കുന്നുണ്ട്. ഉയർന്ന ആരോഗ്യപരിരക്ഷ, വാർത്താവിനിമയ സൗകര്യങ്ങൾ, ഗതാഗതസൗകര്യങ്ങൾ, ജനക്ഷേമ പ്രവർത്തനങ്ങൾ, ഉയർന്ന ഉപഭോഗനിലവാരം, സുഖസൗകര്യങ്ങളോടെ ജീവിക്കാനുള്ള തല്പരത, സാംസ്കാരിക നിലവാരം എന്നിവയെല്ലാം ഏറെക്കുറെ ഉണ്ടെങ്കിലും വേണ്ട തോതിൽ വ്യവസായ വളർച്ച കൈവരിക്കാൻ ഈ ഗ്രാമത്തിന് കഴിഞ്ഞിട്ടില്ല.

കാരണങ്ങൾ

1. ധനസഹായം കിട്ടാനുള്ള സാങ്കേതിക ബുദ്ധിമുട്ട് 2. സാങ്കേതിക പരിജ്ഞാനക്കുറവ് 3. വിപണന സാദ്ധ്യതക്കുറവ് 5. വ്യവസായ വികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ ബോധവല്ക്കരണക്കുറവ് 6. വ്യവസായ സംരഭകനെ

മാനസികമായി ശക്തമാക്കാനുള്ള പ്രേരണക്കുറവ് 7. സാങ്കേതിക പരിശീലനം ലഭിച്ച തൊഴിൽരഹിതരുടെ അഭാവം 8. പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികൾക്കും കൈത്തൊഴിലുകാർക്കും പരിശീലന ലഭിയ്ക്കായ്ക. 9. ഉല്പാദനച്ചെലവ് കൂടുതൽ 10. കുറഞ്ഞ കൂലി നിരക്ക്, (വിശേഷിച്ച് സ്ത്രീ തൊഴിലാളികൾക്ക്) 11. വനിതകൾക്ക് തൊഴിലവസരം കുറവ് 12. വൈദ്യുതി ലഭിക്കുന്നതിനുള്ള കാലതാമസവും ലഭിച്ചാൽതന്നെ വൈദ്യുതിയുടെ നിയന്ത്രണവും 13. സഹകരണ മേഖല വ്യവസായത്തിന് പ്രധാന്യം കൊടുക്കാത്തത് 14. മരവ്യവസായത്തിനാവശ്യമായ തടിയുടെ വിലവർദ്ധനവും അത് ലഭിക്കാനുള്ള പ്രയാസവും 15. കശുവണ്ടി സംഭരിച്ച് എല്ലാ കാലയളവിലും വിതരണം ചെയ്യുന്നില്ല. 16. വിദേശ പണം വ്യവസായികാവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കാൻ താല്പര്യം കാണിക്കുന്നില്ല. 17. ദേശസാൽകൃത ബാങ്കുകളുടെ അഭാവം.

പട്ടിക. 1

ചെറുകിട വ്യവസായ യൂണിറ്റുകൾ - നിലവിലുള്ളത്

ക്രമനമ്പർ ഇനം	ആകെ വ്യവസായങ്ങൾ	തൊഴിലാളികളുടെ എണ്ണം		
		പു.	സ്ത്രീ.	ആകെ
1. ക്രഷർയൂണിറ്റ്	1	5	-	5
2. ഹോളോബ്രിക്സ്	2	10	-	10
3. തീപ്പെട്ടിക്കൊള്ളി	4	16	32	48
4. തീപ്പെട്ടി	1	2	6	8
5. ചുടുകട്ടനിർമ്മാണം	2	8	20	28
6. തടിമിൽ	4	16	-	16
7. സോപ്പ്നിർമ്മാണം	2	4	-	4
8. വെൽഡിംഗ്	4	8	-	8
9. മിൽമാ യൂണിറ്റ്	4	8	-	8

പട്ടിക - 2

പരമ്പരാഗത കുടിൽ വ്യവസായങ്ങൾ - നിലവിലുള്ളത്

ക്രമനമ്പർ ഇനം	ആകെ വ്യവസായങ്ങൾ	തൊഴിലാളികളുടെ എണ്ണം		
		പു.	സ്ത്രീ	ആകെ
1. മൺപാത്രനിർമ്മാണം	5	10	20	30
2. പപ്പട നിർമ്മാണം	4	8	16	24
3. പനയോല നെയ്ത്ത്	10	10	20	30
4. പടക്ക നിർമ്മാണം	4	8	8	16

പട്ടിക - 3

വിവിധമേഖലകളിലെ കൂലിനിരക്ക്

ക്രമനമ്പർ ഇനം	കൂലിനിരക്ക് രൂപ		റിമാർക്ക്
	പുരു.	സ്ത്രീ.	
1. ക്രഷർയൂണിറ്റ്	75	-	
2. ഹോളോബ്രിക്സ്	60	-	
3. തീപ്പെട്ടികൊള്ളി	50	20	
4. തീപ്പെട്ടി	50	15	
5. ചുടുകട്ട നിർമ്മാണം	60	35	
6. തടിമിൽ	75	-	
7. വെൽഡിഗ്	75	-	
8. മൺപാത്രനിർമ്മാണം	50	25	
9. പപ്പട നിർമ്മാണം	50	25	
10. പനയോലനെയ്ത്ത്	-	20	
11. പടക്ക നിർമ്മാണം	50	30	
12. കാർഷികോപകരണനിർമ്മാണം	60	-	
13. മരാമത്തുപണികൾ	120	70	
14. കർഷകതൊഴിലാളികൾ	100	-	
15. മറ്റ് നിർമ്മാണ തൊഴിലാളികൾ	100	-	
16. മിൽമാ ബൂത്തുകൾ	30	-	

A to E ഗ്രാമസഭാ നിർദ്ദേശങ്ങൾ സംഗ്രഹിച്ചത്

കുറഞ്ഞ മുതൽ മുടക്കിൽ കമ്പോളം ലഭിക്കാൻ സാദ്ധ്യതയുള്ള ചെറുകിട വ്യവസായങ്ങൾ

എ. ജനറൽ

1. ശാസ്ത്രീയമായ കോഴിവളർത്തൽ 2. കാലിവളർത്തൽ 3. ആടുവളർത്തൽ 4. മരം ഫർണിച്ചർ 5. അലുമിനിയം പാത്രങ്ങൾ 6. ആധുനിക രീതിയിലുള്ള ആയുർവേദ മരുന്നു നിർമ്മാണം 7. ഫാൻസി ലതർ ഗുഡ്സ് 8. സ്കൂൾ ബാഗുകളും കുട്ടികളുടെ കളിക്കോപ്പുകളും 9. ക്ലീനിംഗ് പൗഡർ 10. ലിക്വിഡ് ഡിറ്റർജൻറ് 11. ഇനാമൽ പെയിൻറ് 12. ജനറൽ എൻജിനിയറിംഗ് 13. ഇരുചക്രവാഹനങ്ങളുടെ വർക്ക്ഷോപ്പ് 14. ഇലക്ട്രോണിക് ചോക്ക് 15. എമർജൻസി ലാംമ്പ് 16. സ്വിച്ച് ബോർഡ് 17. ചെരുപ്പുകൾ, ഷൂസുകൾ 18. റബ്ബർ ഉൽപ്പന്നങ്ങൾ 19. പ്ലാസ്റ്റിക് ഉപകരണങ്ങളും പോളിത്തീൻ കവറുകളും 20. മിഠായി, ചോക്കലേറ്റ് 21. പാൽസംഭരണവും, വിതരണവും, പാലുല്പന്നങ്ങളും

ബി. ജനറൽ - സഹകരണ മേഖല, പൊതുമേഖല

1. നാളികേര സംസ്കരണ യൂണിറ്റ് 2. സ്റ്റീൽ ഫർണിച്ചർ 3. പവ്വർലൂം തുണി നിർമ്മാണം (കോട്ടൺ, പോളിസ്റ്റർ) 4. ഇഷ്ടിക നിർമ്മാണവും ഹോളോബ്രിക്സും 5. പഠന സഹായ സാമഗ്രികളും ലാബറട്ടി ഉപകരണങ്ങളും 6. സിമൻറ്കൊണ്ടുള്ള കട്ടള, ജന്നൽ തുടങ്ങിയവ 7. കാലിത്തീറ്റയും, കോഴിത്തീറ്റയും ഉല്പാദനം 8. ആട്ട, റവ, അരിപ്പൊടി തുടങ്ങിയവയുടെ ഉല്പാദനം 9. കളിമൺ പാത്ര നിർമ്മാണം 10. ബേക്കറി ഉല്പന്നങ്ങൾ 11. ക്രഷർ യൂണിറ്റ് 12. ഭക്ഷ്യ സസ്കരണം 13. കൈത്തറി വ്യവസായം

സി. വനിതകൾക്ക്

1. തയ്യൽ പരിശീലന കേന്ദ്രങ്ങൾ 2. ഉന്നതനിലവാരമുള്ള റെഡിമെയ് വസ്ത്രങ്ങൾ 3. അലക്കുസോപ്പ്, സോപ്പുപൊടി നിർമ്മാണം 4. പേപ്പർ കവർ നിർമ്മാണം 5. കറിപൗഡറുകൾ, അച്ചാറുകൾ 6. ചിപ്പ്സ് നിർമ്മാണം (ഏത്തക്കായ്, ഉരുളക്കിഴങ്ങ്, മരച്ചീനി) 7. പപ്പട നിർമ്മാണം

ഡി. സഹകരണമേഖല

വനിതകൾക്ക് 1. കുട നിർമ്മാണം (അസംബ്ലിംഗ്) 2. നോട്ടു ബുക്ക് നിർമ്മാണം 3. കോൾഡ് സ്റ്റോറേജ് 4. ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ അസംബ്ലിംഗ്

ഇ. സഹകരണമേഖല

1. കുൺകൃഷി 2. റെഡിമെയ്ഡ് വസ്ത്രങ്ങൾ 3. ഇഷ്ടിക നിർമ്മാണം 4. പായ്നെയ്ത്ത് 5. ഈറ, മുള, ചൂരൽ, പനയോല ഇവകൊണ്ടുള്ള കുട്ട, വട്ടി തുടങ്ങിയവയുടെ നിർമ്മാണം.

സാദ്ധ്യതകൾ

കശുവണ്ടി വ്യവസായത്തെയാണ് പ്രധാനമായും ഗ്രാമീണർ ആശ്രയിക്കുന്നത്. വാക്കനാട്, ഇടക്കിടം, പാലനിരപ്പ്, കരീപ്ര, കുടിക്കോട്, കടയ്ക്കോട് എന്നീ ഫാക്ടറികളിലായി 3000 സ്ത്രീകളും 70 പുരുഷന്മാരും പണിയെടുക്കുന്നു. തൊഴിൽ നിയമമനുസരിച്ചുള്ള സേവന വേതന വ്യവസ്ഥകൾ പൂർണ്ണമായി ഈ മേഖലയിലെ തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. തൊഴിൽ ദിനങ്ങളുടെ എണ്ണവും 10 % ത്തിൽ താഴെയാണ്. കശുവണ്ടി സഭരണവും വിതരണവും കാര്യക്ഷമമാക്കിയാൽ ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ കഴിയും. തെങ്ങുരോഗം വ്യാപകമാണെങ്കിലും ഈ പഞ്ചായത്തിലെ പ്രധാന ഉല്പന്നം നാളികേരമാണ്. എന്നാൽ അതുപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായങ്ങൾ ഒന്നും തന്നെയില്ല. തെങ്ങ്, തേങ്ങ, ചിരട്ട, ചകിരി., തേങ്ങാവെള്ളം എന്നിവ ഉപയോഗിച്ച് വിവിധയിനം വ്യവസായങ്ങളെക്കുറിച്ച് ബോധവല്ക്കരണം നടത്തിയാൽ ഈ മേഖലയിലേക്ക് കൂടുതൽ വ്യവസായസംരഭകരെ ആകർഷിക്കുവാനും ഒരു നാളികേര കോംപ്ലക്സ് തന്നെ സ്ഥാപിക്കാനുള്ള സാദ്ധ്യതയും ഉണ്ട്.

നാളീകേര കോംപ്ലക്സിൽ നടത്താവുന്ന യൂണിറ്റുകൾ

1 നവീന രീതിയിലുള്ള തൊണ്ടഴുക്കൽ 2. യന്ത്രമുപയോഗിച്ച് പച്ച ചകിരി നാര് നിർമ്മാണം. 3. യന്ത്രവൽകൃത ചൂടി നിർമ്മാണം. 4. ചകിരിനാരിന്റെ കിടക്ക, തലയ്ണ 5. ചകിരി ചവറുപയോഗിച്ചുള്ള വളം 6. തെങ്ങുകൊണ്ട് കെട്ടിടനിർമ്മാണ സാമഗ്രികളും ഫർണിച്ചറുകളും 7. ചിരട്ടപ്പൊടി 8. ചിരട്ടകൊണ്ടുള്ള കൗതകു വസ്തുക്കൾ 9. തേങ്ങാ പൗഡർ 10. ക്രീം (പേസ്റ്റ് രൂപത്തിലുള്ള തേങ്ങാപാൽ) 11. വെളിച്ചെണ്ണ 12. കന്നുകാലിത്തീറ്റ 13. തേങ്ങാവെള്ളം ഉപയോഗിച്ചുള്ള ശീതളപാനിയങ്ങൾ

നിർദ്ദേശങ്ങൾ

പഞ്ചായത്തിൽ വ്യപകമായി റബ്ബർകൃഷി ആരംഭിച്ചിട്ടുള്ളതിനാൽ സമീപ ഭാവിയിൽ റബ്ബറിന്റെ ഉല്പാദനം വർദ്ധിക്കാനിടയുണ്ട്. അതിനാൽ ഈ മേഖലയുമായി ബന്ധപ്പെട്ട് ധാരാളം തൊഴിലവസരങ്ങൾ ഉണ്ടാക്കാൻ കഴിയും. റബ്ബർ സസ്കരണവും അതുകൊണ്ടുള്ള ഉല്പന്നങ്ങളും ഉണ്ടാക്കാൻ കഴിയുന്ന തരത്തിൽ ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള സാദ്ധ്യത സജീവമായി പരിഗണിക്കേണ്ടതാണ്.

ജല വൈദ്യുത പദ്ധതിക്കുള്ള സാദ്ധ്യതയില്ലെങ്കിലും പുതിയൊരു വൈദ്യുത സബ്സ്റ്റേഷൻ സ്ഥാപിച്ചും കൂടുതൽ ശക്തിയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും വ്യവസായപുരോഗതിക്കാവശ്യമായ വൈദ്യുതിയുടെ അപര്യാപ്തത പരിഹരിക്കപ്പെടാവുന്നതാണ്. കെ. എസ്. ഇ. ബി, അനർട്ട്, ഗവൺമെൻറ് എന്നിവയുടെ സഹകരണത്തോടെ വീടുകളിൽ സോളാർ സെല്ലുകൾ സ്ഥാപിച്ച് (ഓരോ വാർഡിലും പരീക്ഷണാർത്ഥം 25 വീടുകളെങ്കിലും) വൈദ്യുതിയുടെ അമിത ഉപഭോഗം കുറക്കുവാൻ കഴിയും. കാറ്റിൽനിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനെപ്പറ്റിയും ആലോചിക്കാം. വ്യവസായം തുടങ്ങുന്നതിനു താല്പര്യമുള്ളവരുടെ ഒരു പട്ടിക ശേഖരിക്കുന്നതിനുവേണ്ടിയുള്ള പരസ്യം നൽകുകയും, ഒരു ലിസ്റ്റ് ഉണ്ടാക്കുകയും അവർക്ക് വിദഗ്ദ്ധ പരിശീലനം

നൽകുന്നതിനു വേണ്ടി ജില്ലാതലത്തിലെങ്കിലും ഒരു സ്ഥിരം പരിശീലന കേന്ദ്രം ആരഭിക്കുകയും വേണം. വ്യവസായ സംരഭകർക്കുണ്ടാകുന്ന ആശങ്ക അകറ്റുന്നതിനും, വിജയകരമായി വ്യവസായം നടത്തിക്കൊണ്ടുപോകുന്ന വ്യവസായികളുമായി ആശയ വിനിമയം നടത്തുന്നതിന് പര്യാപ്തമായ രീതിയിൽ, വ്യവസായങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കുന്നതിന് പഠന യാത്രകൾ സംഘടിപ്പിക്കണം. പരിമിതമായ തോതിലെങ്കിലും നമ്മുടെ ഗ്രാമത്തിൽ വന്നു ചേരുന്ന വിദേശ പണം വ്യവസായങ്ങൾക്കു വേണ്ടി വിനിയോഗിക്കുന്നതിനുള്ള പ്രേരണയും ആ വ്യവസായത്തിന് പരിരക്ഷയും ഉറപ്പുവരുത്തണം. എല്ലാ ഉപഭോക്താക്കൾക്കും, സ്വന്തം ഗ്രാമത്തിലെ ഉല്പന്നങ്ങൾ പരമാവധി വാങ്ങുന്നതിനുള്ള പ്രേരണയും പ്രോത്സാഹനവും കൊടുക്കുകയും ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള പൊതുമാർക്കറ്റുകൾ ആരംഭിക്കുകയും വേണം. വളരെക്കുറച്ച് വിഭവശേഷി മാത്രമുള്ള നമ്മുടെ ഗ്രാമത്തിൽ ജനങ്ങൾ ഉണർന്ന് കർമ്മബോധരാകുകയും, ഐക്യത്തോടെ പ്രവർത്തിക്കുകയും ചെയ്താൽ വ്യവസായികമായി ഇന്നുള്ള ശോച്യാവസ്ഥ മാറ്റിയെടുക്കാൻ കഴിയുമെന്ന കാര്യത്തിൽ ആശങ്കവേണ്ട. അതിനുവേണ്ടിയുള്ള പ്രവർത്തനത്തിന് ഒത്തൊരുമിച്ച് തയ്യാറെടുക്കുക. വ്യാവസായികമായി നാം വിജയിക്കും.

"നാട്യ പ്രധാനം നഗരം ദരിദ്രം
നാട്ടിൻപുറം നന്മകളാൽ സമൃദ്ധം"

ഗതാഗതം

ഭൂവിഭാഗങ്ങളാൽ വേർതിരിക്കപ്പെട്ട വിഭിന്ന സംസ്കാരങ്ങളെ ഒത്തിണക്കുന്ന ഘടകമാണ് ഗതാഗതം. പ്രാചീന ഭൂപ്രകൃതിയുടെ പ്രത്യേകതകൊണ്ട് ആശയവിനിമയം നടത്തുന്നതിനും ദൈനംദിന ജീവിത സാഹചര്യങ്ങൾക്ക് അനുസൃതമായി ഭൂവിഭവങ്ങൾ എത്തിക്കുന്നതിനും, ഗതാഗതം അനിവാര്യമായിരുന്നു. കരീപ്രഗ്രാമപഞ്ചായത്തിൽ ഈ നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ, ആറുമുറിക്കട-നെടുമൺകാവ്, എഴുകോൺ - നെടുമൺകാവ് ഓടനാവട്ടം-നെടുമൺകാവ് എന്നിവ നടവഴികൾ ആയിരുന്നു. പ്രധാന സർക്കാർ ഓഫീസുകളായിരുന്ന കാഞ്ഞിരക്കോട് (കുണ്ടറ) സബ്-രജിസ്റ്റാർ ഓഫീസ്, കൊട്ടാരക്കര താലൂക്ക് ആഫീസ് - എന്നിവിടങ്ങളിൽ കാൽനടയായി സഞ്ചരിച്ചാണ് നമ്മുടെ പൂർവ്വികർ ദൈനംദിന ഔദ്യോഗിക കൃത്യങ്ങൾ നിർവഹിച്ചിരുന്നത്. കാളവണ്ടി സാധാരണ ജനവിഭാഗങ്ങളുടെ ചരക്ക് ഗതാഗതത്തിനും യാത്രയ്ക്കും ഉപയോഗിച്ചിരുന്നു. സമ്പന്നൻമാരുടെ വാഹനമായിരുന്നു അരവണ്ടി എന്ന വില്ലുവണ്ടി. എൺപതോളം വർഷങ്ങൾക്കു മുമ്പ് സമ്പന്നമായ മുസ്ലീം സമുദായങ്ങൾക്കിടയിൽ വിവാഹചടങ്ങുകൾക്ക് വരന് സഞ്ചരിക്കാൻ കുതിരയെ ഉപയോഗിച്ചിരുന്നു. (അവലബം - കാരണവ സംഗമം) ജനശക്തിയാണ് നാടിന്റെ ഭാവിയെ നിർണയിക്കുന്ന പ്രധാന ഘടകം. സംഘബോധത്തിന്റെ കരുത്തും വികസനോൻമുഖമായ മനസും ഒത്തൊരുമിച്ചവർ ആയിരുന്നു നമ്മുടെ പൂർവികർ. ഇതിന്റെ പരിണിതഫലമാണ് റോഡ് ശൃഖലയിൽ നമുക്കുണ്ടായ മാറ്റം. ആറുമുറിക്കട - നെടുമൺകാവ്, എഴുകോൺ - നെടുമൺകാവ്, നെടുമൺകാവ് - ഓടനാവട്ടം എന്നീ പ്രധാന റോഡുകൾ ജനപങ്കാളിത്തത്തോടെ നമ്മുടെ പൂർവ്വികർ സഞ്ചാരയോഗ്യമാക്കി തീർത്തു. വിവിധ ഏലകൾ, ആറ്, തോടുകൾ എന്നിവയുടെ ഇരുവശങ്ങളിലായി അവസാനിക്കുന്ന തരത്തിലായിരുന്നു പൂർവ്വികർ നിർമ്മിച്ച ആദ്യകാല റോഡുകൾ. കാലികമായി സർക്കാർ തലങ്ങളിൽ നിന്നു ലഭിച്ച ഫണ്ടുകൾ വിനിയോഗിച്ച് ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ പിൻകാലങ്ങളിൽ നൂതന റോഡ് ശൃംഖലയ്ക്ക് തുടക്കം കുറിച്ചു.

പഞ്ചായത്തിൽ വാഹന ഗതാഗത യോഗ്യമായ ആകെ റോഡുകളുടെ നീളം 182.8 കി.മി. ആണ്. പഞ്ചായത്ത് തല വിസ്തീർണ്ണ പ്രകാരം ശരാശരി 7.8 Sq. കി.മി. റോഡുകൾ ഉണ്ട്. ഗ്രാമപഞ്ചായത്തിൽ ആകെ ടാർചെയ്ത റോഡ് 48 കി. മി. ഉം മൺറോഡ് 81.41 കി. മി. ഉം ചരൽറോഡ് 53.83 കി.മി. ഉം ആണ്. ഒരു ച. കി. മി. വിസ്തീർണ്ണത്തിന് 2 കി. മി. അധികം ടാർ റോഡ് ഇല്ല എന്ന് വ്യക്തമാണ്. പഞ്ചായത്തിലെ മൊത്തം ജനസഖ്യയും ടാർറോഡിന്റെ നീളവും കണക്കിലെടുക്കുമ്പോൾ ഒരാൾക്ക് 1.78 മീറ്റർ ടാർ റോഡേയുള്ള എന്ന് കാണാം. കരീപ്ര ഗ്രാമപഞ്ചായത്തിലെ മൺറോഡുകൾ, ചരൽ റോഡുകൾ എന്നിവയുടെ എണ്ണം വാർഡ് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

വാർഡ് നമ്പർ	വാർഡ്	മൺറോഡ്	ചരൽറോഡ്
1.	തൃപ്പിലഴികം	21	13
2.	ഇടയ്ക്കിടം	8	12
3.	കടയ്ക്കോട്	9	9
4.	പ്ളാക്കോട്	20	-
5.	കുഴിമതിക്കാട്	20	9
6.	കരീപ്ര	14	4
7.	മടന്തകോട്	13	14
8.	കുടിക്കോട്	23	8
9.	വാക്കനാട്	19	20
10.	നെടുമൺകാവ്	18	19
11.	തളവൂക്കോണം	12	7

(അവലംബം പഞ്ചായത്ത് റോഡ് രജിസ്റ്റർ)

മൂന്ന് ബസ്സ് ടെർമിനലുകൾ ഉള്ള പഞ്ചായത്തിൽ സ്ഥിരം വെയിറ്റിഗ് ഷെഡ് ഒന്നേയുള്ളൂ നെടുമൺകാവ്, കരീപ്ര, കടയ്ക്കോട് എന്നിവ ബസ്സ് ടെർമിനലുകളാണ്. ഗ്രാമപഞ്ചായത്തിൽ കുഴിമതിക്കാട്ട് മാത്രമേ സ്ഥിര വെയിറ്റിഗ് ഷെഡ് ഉള്ളൂ. ഇടയ്ക്കിടം, ചൊവ്വള്ളൂർ, ഇ. എസ്. ഐ. കുരിശ്ശടിമുക്ക്, പി. എച്ച്. സി. ജഗ്ഷൻ, കുടിക്കോട്, പാലനിരപ്പ്, ആൽമാവ് മുക്ക് എന്നിവിടങ്ങളിൽ താത്ക്കാലിക വെയിറ്റിഗ് ഷെഡ്ഡുകൾ ഉണ്ട്. ഗ്രാമപഞ്ചായത്തിൽ ടാക്സി - ആട്ടോ സ്റ്റാൻറുകൾ ഇല്ല. ഈ ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്ന ഒരു ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് ഉൾപ്പെടെ 7, കെ. എസ്സ്,. ആർ. ടി. സി. ബസ്സ് സർവ്വീസുകളും 40 ൽ അധികം പ്രൈവറ്റു ബസ്സുകളും സർവ്വീസ് നടത്തുന്നുണ്ട്. ധാരാളം പുതിയ ബസ്സ് സർവ്വീസുകളുടെ അനിവാര്യത നിലനില്ക്കുന്നു. റോഡ് ശൃംഖല ഭേദപ്പെട്ടതാണെങ്കിലു റോഡുകളുടെ അവസ്ഥ ശോചനീയമാണ്. വർഷകാലത്ത് മിക്ക റോഡുകളിലു വെള്ളക്കെട്ട് അനുഭവപ്പെടുന്നു. ഓവു ചാലുകളും, കലുങ്കുകളും നിർമ്മിക്കാത്തതാണ് ഇതിനു കാരണം. ഗ്രാമപഞ്ചായത്തിലെ ടാർറോഡുകളുടെ ലിസ്റ്റ് പട്ടിക 1 ൽ ചേർത്തിരിക്കുന്നു. അവയിൽ പി. ഡബ്യൂ. ഡി റോഡിന് ഇരുവശങ്ങളിലുമുള്ള ഓടകൾ തെളിക്കാതിരിക്കുക, കാലാകാലങ്ങളിൽ മെയിൻറനൻസ് നടക്കാതിരിക്കുക, എന്നിവ മൂലം റോഡുകളുടെ സ്ഥിതി പരിതാപകരമാണ്. കൂടുതൽ റോഡുകളും റീടാർ ചെയ്യേണ്ടവയാണ്.

റോഡു നിർമ്മാണം

നിലവിലുള്ള ടാർ റോഡുകളുടെ ഗുണം നിലവാരമില്ലായ്മ, മികച്ച യാത്രാ സൗകര്യം ഇല്ലായ്മ, അപകടകാരണങ്ങളായ വളവുകൾ, റോഡിൻെറ വീതിക്കുറവ്, ഇരുവശങ്ങളിലും നടപ്പാത ഇല്ലായ്ക, കലുങ്കുകളുടെ അഭാവംമൂലമുള്ള വെള്ളക്കെട്ട്, എന്നിവ പരിഹരിക്കേണ്ടതാണ്.

പുതിയറോഡുകൾ

ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശങ്ങളിൽ ഭൂരിഭാഗവു നിലവിലുള്ള റോഡുകളുടെ വീതികൂട്ടൽ, മെറ്റൽ ചെയ്തു ടാർ ചെയ്യൽ തുടങ്ങിയവയാണ്. സഞ്ചാര യോഗ്യമല്ലാതെ ആയി തീർന്നിരിക്കുന്ന നിരവധി റോഡുകളുടെ അറ്റകുറ്റപണികൾ അനിവാര്യമാണ്. മൺറോഡുകളുടേയും ചരൽ റോഡുകളുടെയും ശോചനീയാവസ്ഥ സംബന്ധിച്ച് ഗ്രാമസഭകളിൽ നിരവധി പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. റോഡുകളുടെ വികസനമാണ് നാടിൻെറ വികസനം എന്ന ധാരണ ഗ്രാമസഭകളിലെ മുഴുവൻ ചർച്ചകളിലും നിഴലിക്കുന്നു. ഫണ്ടിൻെറ അപര്യാപ്തതയും കാലാകാലങ്ങളിൽ നടക്കേണ്ട അറ്റകുറ്റപണികളുടെ അഭാവവും റോഡുകളെക്കുറിച്ചുള്ള പരാതികൾക്ക് കാരണമാകുന്നു. പട്ടിക എ ൽ കൊടുത്തിരിക്കുന്ന റോഡുകൾ വാർഡ് അടിസ്ഥാനത്തിൽ മുൻഗണനാക്രമമനുസരിച്ച് ടാർ ചെയ്യേണ്ടതാണ്.

പുതിയ മൺറോഡ്

കരിപ്ര ഗ്രാമപഞ്ചായത്തിന്റെ റോഡ് രജിസ്റ്ററിൽപെടാത്തതും കഴിഞ്ഞ കാല ശ്രമദാനത്തിലൂടെ ആസൂത്രിതമായി നാം നേടിയ നേട്ടങ്ങളുടെ പട്ടികയിൽപെടുന്നതുമായ നിരവധി റോഡുകൾ പഞ്ചായത്തിൽ ഉടനീളം ഉണ്ട്. റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ടതും ഉൾപ്പെടുത്തേണ്ടതുമായ നിരവധി റോഡുകൾ വീതി കൂട്ടി മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ടവ പട്ടിക ബി. യിൽ വാർഡ് തിരിച്ച് മുൻഗണനാക്രമത്തിൽ ചേർത്തിട്ടുണ്ട്. പട്ടിക ഡി യിൽ ചേർത്തിരിക്കുന്ന റോഡുകൾ ഗതാഗതയോഗ്യമാക്കേണ്ടതാണ്.

ലിങ്ക് റോഡ്

പ്രാചീനകാലത്ത് ഏല, തോട് എന്നിവയുടെ ഇരുവശങ്ങളിലായി നിലനിന്നിരുന്ന റോഡുകൾ പിൽകാലങ്ങളിൽ ശാസ്ത്രസാങ്കേതിക മാർഗ്ഗങ്ങൾ ഉപയോഗിച്ച് ബന്ധിപ്പിച്ച് പാലങ്ങളും അനുബന്ധ റോഡുകളും ഉണ്ടായി. നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിലും ധാരാളം ലിങ്ക് റോഡുകളുടെ അനിവാര്യത നിലനില്ക്കുന്നു. നടപ്പാലങ്ങളും, കലുങ്കുകളും നിർമ്മിച്ച് മണ്ണു സംഭരിച്ച് നികത്തി പരസ്പരം ബന്ധിപ്പിച്ച് സഞ്ചാരയോഗ്യമാക്കേണ്ട റോഡുകളെ രണ്ടായി തരംതിരിച്ചിരിക്കുന്നു. 1. രണ്ടു ഗ്രാമ പഞ്ചായത്തുകൾ തമ്മിൽ ബന്ധിപ്പിക്കേണ്ടവ (പട്ടിക സി. 1.) 2. ഈ ഗ്രാമ പഞ്ചായത്തിലെ രണ്ടു റോഡുകളെ തമ്മിൽ ബന്ധിപ്പിക്കേണ്ടവ (പട്ടിക സി. 2)

റോഡുവികസനം

പഞ്ചായത്തിൽ വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്ന ഫണ്ടിന്റെ ഭൂരിഭാഗവും ചെലവഴിക്കപ്പെടുന്നത് പലപ്പോഴും റോഡുകളുടെ വികസനത്തിനാണ്. കൊല്ലം ചെങ്കോട്ട റോഡിനെയും, ദേശീയ പാതയേയും തമ്മിൽ ബന്ധിപ്പിക്കുന്നതും ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്നതുമായ എഴുകോൺ - നെടുമൺകാവ് - ചാത്തന്നൂർ റോഡ്. ഒരു മേജർ ഡിസ്ട്രിക്റ്റ് റോഡായി ഉയർത്തുന്നത് ഈ ഗ്രാമ പഞ്ചായത്തിന്റെ റോഡ് വികസനത്തിലെ പരമപ്രധാനമായ ഒന്നാണ്. പി. ഡബ്യൂ. ഡി. യ്ക്ക് കൈമാറിയ കരീപ്ര - കുഴിമതിക്കാട് - പി. കെ. പി. കവല റോഡ് വീതികൂട്ടി ടാർ ചെയ്യേണ്ടത് വളരെ അത്യാവശ്യമാണ്.

വിവിധതരം റോഡുകൾ

ചുരുങ്ങിയത് 3 മീറ്റർ വീതിയുള്ള ഇടവഴികളെ റോഡുകൾ എന്ന് വിളിക്കാം. ഇവ സർക്കാർ തലത്തിൽ പി. ഡബ്യൂ. ഡി റോഡുകളും പഞ്ചായത്ത് തലത്തിൽ ടാർറോഡുകൾ, മൺറോഡുകൾ, ചരൽ റോഡുകൾ എന്നിവകളായി വേർതിരിച്ചിരിക്കുന്നു.

പ്രശ്നങ്ങൾ

1. ഫണ്ടിന്റെ അപര്യപ്തത മൂലം കാലാകാലങ്ങളിൽ നടത്തേണ്ട അറ്റകുറ്റപണികളുടെ അഭാവം 2. വെള്ളക്കെട്ട് മാറ്റുന്നതിന് കലുങ്കുകൾ, ഓടകൾ, സംരക്ഷണഭിത്തികൾ എന്നിവ നിർമ്മിക്കാതിരിക്കൽ 3. മൺറോഡുകളിലെ മണ്ണൊലിപ്പ് തടയുന്നതിനുള്ള മാർഗ്ഗങ്ങൾ ശരിയായി അവലംബിക്കാതിരിക്കൽ. 4. റോഡു പുറമ്പോക്കുകൾ സ്വകാര്യ വ്യക്തികൾ കയ്യേറുന്നതുമൂലം റോഡുകൾക്കുണ്ടാകുന്ന വീതിക്കുറവ് 5. ആവശ്യാനുസരണം വേണ്ട ബസ്സ് സർവീസുകളുടെ അഭാവം 6. നിലവിലുള്ള ബസ്സ് സർവീസുകൾ മുടങ്ങുന്നതുമൂലമുള്ള ബുദ്ധിമുട്ട് 7. ലിങ്കുറോഡുകൾ അനിവാര്യമായവ, ഉണ്ടാകാത്തതുമൂലമുള്ള അസൗകര്യം 8. റോഡുകളിൽ സഞ്ചാര തടസ്സമായി നില്ക്കുന്ന ടെലിഫോൺ, ഇലക്ട്രിക് പോസ്റ്റുകൾ

സാദ്ധ്യതകൾ

1. പുതിയ ലിങ്ക് റോഡുകളുടെ നിർമ്മാണത്തിന് ഈ ഗ്രാമപഞ്ചായത്തിൽ കെ. ഐ. പി. കനാൽ നിർമ്മാണവുമായി ബന്ധപ്പെട്ട് നീക്കുന്ന മണ്ണ് താരതമ്യേന കുറഞ്ഞചെലവിൽ ഉപയോഗപ്പെടുത്താവുന്നതാണ്. 2. ഈ ഗ്രാമപപഞ്ചായത്തിലെ അജയ്യമായ ജനശക്തിയെ സംഘബോധത്തിലൂടെ കൂട്ടിച്ചേർത്ത് കർമ്മസമിതികളാക്കി രൂപാന്തരപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ വികസനസേനരൂപീകരിച്ച് കാലാകാലങ്ങളിൽ മൺറോഡുകളുടെ ഓടതെളിക്കൽ, മണ്ണൊലിപ്പ് തടയൽ എന്നിവയിൽ സേവനം നടത്തിക്കാവുന്നതാണ്. 3.

ഗുണഭോക്താക്കളുടെ സേവനം ഉറപ്പുവരുത്തി പുതിയറോഡുകളുടെ നിർമ്മാണം, നിലവിലുള്ള റോഡുകളുടെ വീതികൂട്ടൽ എന്നിവ നടത്താവുന്നതാണ്. 4. പുതിയ ബസ്സ് സർവ്വീസുകൾ ആരംഭിച്ച് യാത്രാക്ലേശം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. 5. നിലവിലുള്ള സർവ്വീസുകൾ ഷെഡ്യൂൾ അനുസരിച്ച് സർവ്വീസ് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കാവുന്നതാണ്. 6. ഗതാഗത തടസ്സമായി റോഡുകളിൽ നില്ക്കുന്ന ടെലിഫോൺ, ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്. 7. റോഡുകളുടെ നിർമ്മാണത്തിന് ആകെ വരുന്ന ചെലവിന്റെ 15 %മെങ്കിലു ശ്രമദാനദിനങ്ങളുടെ വിലയും പൊതു സഭാവനയും ചേർന്നതാകണം.

റോഡുഗതാഗതം

1. നെടുമൺകാവ്, കരീപ്ര, കുഴിമതിക്കാട്. കടയ്ക്കോട്, ഇടയ്ക്കിടം, എന്നിവിടങ്ങളിൽ ടാക്സി - ആട്ടോ സ്റ്റാൻഡുകൾ നിർമ്മിക്കുക. 2. പ്രധാന ബസ്സ് സ്റ്റോപ്പുകളിൽ ജനപങ്കാളിത്തത്തോടെ വെയിറ്റിഗ് ഷെഡ്ഡുകൾ നിർമ്മിക്കുക.

3. നിറുത്തൽ ചെയ്തിരിക്കുന്ന കെ. എസ്. ആർ. ടി. സി. ബസ്സ് സർവീസുകൾ

1. കൊല്ലം - ആറുമുറിക്കട - കുഴിമതിക്കാട് - നെടുമൺകാവ്, വെളിയം
2. കൊല്ലം - കരീപ്ര - നെടുമൺകാവ് - അയ്യനാംപൊയ്ക
3. കൊല്ലം - കുഴമതിക്കാട് - കരീപ്ര
4. കൊട്ടാരക്കര - പി. കെ. പി. കവല - ഊന്നിൻമൂട്
5. എഴുകോൺ - ചാത്തന്നൂർ - തിരുവനന്തപുരം (F.P)
6. കൊല്ലം - എഴുകോൺ - ഇടയ്ക്കിടം - ഓടനാവട്ടം - അഞ്ചൽ
7. കൊല്ലം - കരീപ്ര - നെടുമൺകാവ്
8. കൊട്ടാരക്കര - എഴുകോൺ - നെടുമൺകാവ് - കുരീപ്പള്ളി - പേരൂർ - കൊല്ലം എന്നീ സർവ്വീസുകൾ പുനരാരഭിക്കുക

4. ഭാഗികമായി സർവ്വീസ് നടത്തുന്ന എറണാകുളം - കൊല്ലം - കുണ്ടറ - നല്ലില - നെടുമൺകാവ് - വെളിയം - ആയൂർ - പാലോട് ഫാസ്റ്റ് പാസഞ്ചർ ഫുൾസർവ്വീസ് ആക്കുക.
5. കൊട്ടാരക്കര - ഇടയ്ക്കിടം - ചൊവ്വള്ളൂർ - കുണ്ടറ, കൊല്ലം കെ. എസ്. ആർ. ടി. സി സർവീസ് പുനസ്ഥാപിക്കുകയും കരീപ്ര പഞ്ചായത്ത് ഓഫീസ് ജംഗ്ഷൻ വരെ എത്തുന്ന സർവീസാക്കി ഷെഡ്യൂൾ സമയം ക്രമീകരിക്കുകയും ചെയ്യുക.
6. യാത്രാ സൗകര്യം ഉയർത്താൻ പുതുതായി ആരംഭിക്കേണ്ട ബസ്സ് സർവ്വീസുകൾ 1. നെടുമൺകാവ് - പാലനിരപ്പ് - ആറുമുറിക്കട - കുണ്ടറ - ചിറ്റുമല - ശാസ്താംകോട്ട - കരുനാഗപ്പള്ളി 2. നെടുമൺകാവ് - വാക്കനാട് - കരീപ്ര - കുഴിമതിക്കാട് ആറുമുറിക്കട - പള്ളിമുക്ക് - ഭരണിക്കാവ് - ശാസ്താംകോട്ട - കരുനാഗപ്പള്ളി 3. കൊട്ടാരക്കര - ഇടയ്ക്കിടം - ചൊവ്വള്ളൂർ - കരീപ്ര - കുഴിമതിക്കാട് - ആറുമുറിക്കട - ശാസ്താംകോട്ട - ഭരണിക്കാവ് 4. ചാത്തന്നൂർ - കൊട്ടിയം- കണ്ണനല്ലൂർ - പാലമുക്ക് - നല്ലില - ആൽമാവ്മുക്ക് - നെല്ലിമുക്ക് - കരീപ്ര - ഇടയ്ക്കിടം - കൊട്ടാരക്കര 5. കൊട്ടാരക്കര - ഇടയ്ക്കിടം - കോട്ടവിള - ഇലയം - വാക്കനാട് - നെടുമൺകാവ് - മിയ്യന്നൂർ - ചാത്തന്നൂർ വഴി - തിരുവനന്തപുരം (F.P.) 6. കരുനാഗപ്പള്ളി - ശാസ്താംകോട്ട പുത്തൂർ - എഴുകോൺ - ഇടയ്ക്കിടം - ഇലയം - നെടുമൺകാവ് - അഞ്ചൽ - മണ്ണൂർ - ചരിപ്പറമ്പ് - കടയ്ക്കൽ
7. കൊല്ലം - കേരളപുരം - പെരുമ്പുഴ - ആശുപത്രിമുക്ക് - പി. കെ. പി. കവല - കുഴിമതിക്കാട് - കരീപ്ര - ഇടയ്ക്കിടം - ഓടനാവട്ടം - കൊട്ടാരക്കര.
8. കൊല്ലം - കൊട്ടിയം - കണ്ണനല്ലൂർ - പുലിയില - ഇളവൂർ എൽ.പി.എസ്. കുടിക്കോട് - നെടുമൺകാവ് - കരീപ്ര - ഇടയ്ക്കിടം - നീലേശ്വരം - കൊട്ടാരക്കര
9. കൊട്ടാരക്കര - ഓടനാവട്ടം - കടയ്ക്കോട് - പ്ലാക്കോട് - കരീപ്ര - സുന്ദരിമുക്ക് - ഭരണിക്കാവ് - നെല്ലിമുക്ക് - ആൽമാവ്മുക്ക് - കരീപ്ര - പാലമുക്ക് - കണ്ണനല്ലൂർ - കൊല്ലം.

പട്ടിക - 1 പഞ്ചായത്തിലെ ടാർ റോഡുകൾ

നമ്പർ	റോഡ്	നീളം	വീതി.മീറ്റർ	ഉടമസ്ഥത
1	ആറുമുറിക്കട- നെടുമൺകാവ്	9.3	8	P.W.D
2.	എഴുകോൺ - നെടുമൺകാവ്	9.0	8	-
3.	നെടുമൺകാവ് - ഉളകോട്	3.6	8	-
4.	ഇടയ്ക്കിടം നടമേലതിൽ - കടയ്ക്കോട് ക്ഷേത്രം	3.5	8	
5.	ആറുമുറിക്കട - ചൊവ്വള്ളൂർ	2.9	8	-
6.	വാക്കനാട് - പ്ലാക്കോട്	1.6	8.5	-
7.	നെടുമൺകാവ് - മുഴിയിൽകടവ്	1.2	8	-
8.	ഇടയ്ക്കിടം കിണറുമുക്ക് - ഈലിയോട്	1.75	8	-
9.	കടയ്ക്കോട് കിണറുമുക്ക് - കടയ്ക്കോട് ക്ഷേത്രം	0.9	8	-
10.	കുഴിമതിക്കാട് - പി. കെ. പി. കവല	0.9	8	-
11.	നെടുമൺകാവ് - ശാസ്താംകടവ്	0.21	8	-
12.	കടയ്ക്കോട് ക്ഷേത്രം - പനയറമുകൾ - പ്ലാക്കോട് ചന്ത	4.6	9	Panchayat
13.	കിണറുമുക്ക് - ഇടവഴി വിളമുക്ക്	1.7	8	-
14.	പി. കെ. പി. കവല - ചെക്കാലമുക്ക്	1.4	8	-
15.	കുരിശ്ശടി - കോട്ടേക്കുന്ന്	1.1	8	-
16.	കുഴിമതിക്കാട് - കരീപ്ര	1.0	8	-
17.	ഇടയ്ക്കിടം മാർക്കറ്റ് - ഈലിയോട്	1.0	8	-
18.	കടയ്ക്കോട് കണിയാരുംകോട് - കട്ടൻകവർ - ചൂഴതിൽ	0.9	10	-
19.	മുല്ലശ്ശേരിമുക്ക് - അംബേദ്ക്കർ കോളനി	0.7	8	-
20.	ചെപ്രമുക്ക് - കുനൻവിളമുക്ക്	0.45	8	-
21.	കോട്ടവിള - അംബേദ്ക്കർകോളനി	0.4	6	-
22.	ഇടയ്ക്കിടം മാടൻചിറ - വിദ്യാപീഠം	0.25	8	-
23.	കുടിക്കോട് മുല്ലശ്ശേരിമുക്ക് - പാട്ടർകോണം	0.25	8	-
24	ആത്മാവ്മുക്ക് - നല്ലിലാറോഡ്	0.15	8	-

പട്ടിക എ

ടാർ ചെയ്യേണ്ട റോഡുകൾ (ദൂരം ബ്രാക്കറ്റിൽ കി.മി. യിൽ)

1. തൃപ്പിലഴികം

1. കാമ്പിയിൽ മുക്ക് - മുസ്ളീംപള്ളി 2. ബഥേൽ പള്ളി റോഡ്

2. ഇടയ്ക്കിടം

1. ഇടയ്ക്കിടം സാമിൽ - ഗുരുനാഥൻ മുകൾ റോഡുവരെ (1.1) 2. നടമേലതിൽ - പ്ലാവറ ഭാഗം (1.0)

3. കടയ്ക്കോട് 1. വട്ടവിളമുക്ക് - പനയറമുകൾ 2. പ്ലാക്കോട് മാർക്കറ്റ് - കടയ്ക്കോട് മാർക്കറ്റ് റോഡിൽ മാടൻ നട മുക്കിൽ നിന്നും കാഷ്യൂ ഫാക്ടറി വരെ (1.5) 3. വട്ടവിള മുക്ക് - ജയന്തി കോളനി (0.5) 4. മുല്ലശ്ശേരി - അംബേദ്ക്കർ കോളനി (0.5) 5. ശംഖുമുഖം - ഇലയം (0.8)

4. പ്ലാക്കോട്

1. റേഷൻകടമുക്ക് - ചിറക്കടവ് ക്ഷേത്രം - കാരിക്കൽ റോഡ് 2. ഇടയ്ക്കിടം തെക്കേമുക്ക് - കല്ലാർ ഹരിജൻ കോളനി

5. കുഴിമതിക്കാട്

1. എച്ച്. എസ്. എസ്. ജംഗ്ഷൻ - പ്ലാമൂട് (1.1) 2. കോഴിക്കാലംവിളമുക്ക് - പറമ്പിത്തറമുക്ക് (0.75)

6. കരീപ്ര

1. കരീപ്ര കുരിശുംമൂട് ഭരണിക്കാവ് - ചുരപൊയ്ക (1.4) 2. കരീപ്ര ഗവ.എൽ.പി.എസ്. മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് റോഡ്

7. മടന്തകോട്

1. ആയിരവല്ലി - നാലാംമൈൽ - പുന്നലം - ആത്മാവ് മുക്ക് സെനിത്തുമുക്ക് വഴി (2.2) 2. വയലാർ ജംഗ്. - ഖാദിബോർഡ് - പാലനിരപ്പ് (1.0)

8. കുടിക്കോട്

1. മുഴിക്കടവ് - പാട്ടർകോണം എം.എൽ.എ. റോഡ് 2. നാലാംമൈൽ - താഴയ്ക്കാട്ട് ഭാഗം 3. കുടിക്കോട് ഫാക്ടറി - വാക്കനാട് ക്ഷേത്രം

9. വാക്കനാട്

1. ഉളകോട് - ഇലയം 2. കൊമ്പൻമുക്ക്, ആശുപത്രിമുക്ക് - കളീക്കൽ 3. ഉളകോട് - കൽച്ചിറ റോഡ്

10. നെടുമൺകാവ്

1. ആശുപത്രിമുക്ക് - കൊമ്പൻമുക്ക് 2. പല്ലിക്കോട് - കൽചിറകടവ്റോഡ്

11. തളവുക്കോണം

1. കരീപ്ര എൻ. എസ്. എസ്. കരയോഗം - നെല്ലിമുക്ക് 2. അമ്മാച്ചൻ മുക്ക് - മൃഗാശുപത്രി - തളവുക്കോണം സി. എം. എ. ജംഗ് (0.5) 3. നെല്ലിമുക്ക് - പാട്ടുപുരയ്ക്കൽ 4. ആത്മാവ്മുക്ക് - ആറേകോണം റോഡ്. 5. സെനിത്ത്മുക്ക് - പാട്ടുപുരയ്ക്കൽ റോഡ്

പട്ടിക - ബി

വീതികൂട്ടി ടാർ ചെയ്യേണ്ട റോഡുകൾ

1. തൃപ്പിലഴികം 1. കാരിക്കൽ പള്ളിമുക്ക് - പോസ്റ്റോഫീസ് ജംഗ്ഷൻ (1.2)

2. ഇടയ്ക്കിടം

1. വിദ്യാപീഠം - എ. എം. ജംഗ്ഷൻ 2.2 2. മാറാട്ടുവിള ജംഗ്ഷൻ - തടത്തിൽ (1.1) 3. എ. എം. ജം. (കൊച്ചുവിള) - കോട്ടവിള ജംഗ്ഷൻ 4. മാവിള ജംഗ്ഷൻ - മുക്കാട്ടുവിള ഹരിജൻ കോളനി 5. ഇടയ്ക്കിടം ജംഗ്ഷനു വടക്കുള്ള പാലം വീതിക്കൂട്ടി പുതുക്കിപണിയണം

3. കടയക്കോട്

1. റേഷൻ കടമുക്ക് - ഗവ. എൽ. പി. എസ്. മുക്കാട്ടുവിളമുക്ക് (9.5) 2. ഗുരുമന്ദിരം - ശംഖുമുഖം ഭാഗം 3. വട്ടവിളമുക്ക് - കൊല്ലായിക്കോട് - പനയറമുകൾ റോഡ് 4. ശംഖുമുഖം - ഇലയം റോഡ്

4. പ്ലാക്കോട്

പൊയ്കയിൽ മുക്ക് - ചൂരക്കാട് ഭാഗം ബി.ടി.വി.എൽ.പി.എസ് - കുപ്പണഭാഗം 3. എൽ.പി.എസ് - ക്ഷേത്രം

5. കുഴിമതിക്കാട്

1. സായിപ്പുമുക്ക് - ശ്രീ കൃഷ്ണ സ്വാമി ക്ഷേത്രം - മുതിരവിളമുക്ക് 2. വടക്കേമണക്കാട്ട് ജം - മിൽമാ ജം 3. കാരിക്കൽ പള്ളിമുക്ക് - ഹരിജൻ കോളനി - മഠത്തിൽഭാഗം - വടക്കേമണക്കാട് മുക്ക്

6. കരീപ്ര

എൻ. എസ്. എസ്. കരയോഗം - കോയിപ്പുറത്തു വാതുക്കൽ

7. മടന്തകോട്

1. നടുക്കുന്ന് - പുന്നല കോളനി - നാലാംമൈൽ 2. മുളവൂക്കോണം - കടവിള ജംഗ്ഷൻ

8. കുടിക്കോട് 1. ഏറ്റുവായ്ക്കോട് - എൽ. പി. എസ്. മുല്ലേരിമഠം റോഡ് 2. കാളച്ചന്ത - മണ്ണാവീട് ഭാഗം റോഡ്

9. വാക്കനാട്

1. ജ്യോതി ജംഗ്ഷൻ - എച്ച്. എസ്. ജംഗ്ഷൻ 2. പി. എച്ച്. സി. ജംഗ്ഷൻ - കളീക്കൽ ഭാഗം റോഡ്

10. നെടുമൺകാവ്

ഈയ്യല്ലൂർ പാലം - നെടുമൺകാവ് വടക്കേ മുക്ക് - ഓടനാവട്ടം റോഡു വടക്കേമുക്ക് - തെക്കേമുക്ക് റോഡും വീതികൂട്ടി ടാർ ചെയ്ത് അപകടസാധ്യത ഒഴിവാക്കണം.

2. വഞ്ചിമുക്ക് - അറക്കടവ് 3. നെടുമൺകാവ് മാർക്കറ്റ് - യു. പി. എസ്. ഈയല്ലൂർ റോഡ് 4. നെടുമൺകാവ് - ശാസ്താംകടവ് പാലത്തിന്റെ ഇരുഭാഗവും ഉള്ള റോഡ് വശങ്ങൾ കെട്ടി ഉയർത്തി വീതികൂട്ടണം

11. തളവൂക്കോണം

1. പാണൻ പറമ്പ് ചപ്പാത്ത് - പാണൻ പറമ്പ് ക്ഷേത്രം

പട്ടിക സി. 1

പഞ്ചായത്തുകൾ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ്

നമ്പർ ലിങ്ക് റോഡുകളും പഞ്ചായത്തുകളും	നികത്തേണ്ട നീളം	വീതി M	കലുങ്ക്	പാലം
1. വൈരമൺമുക്ക്-വൈരമൺഏല-ഇടക്കോട് (എഴുകോൺ - കരീപ്ര)	300	4.5	3	1
2. മഠത്തിലഴികത്ത് ഏല - നെടുമ്പായിക്കുളം (എഴുകോൺ - കരീപ്ര)	300	8	2	1
3. പണയിൽവാതുക്കൽ - ഇടക്കോട് (എഴുകോൺ - കരീപ്ര)	200	5	2	-
4. കശുവണ്ടി ഫാക്ടറി - ചാമിളമുക്ക് വെളിയം - കരീപ്ര	250	6	2	-
5. പട്ടയത്തുകാല - സൊസൈറ്റിമുക്ക് കരീപ്ര - വെളിയം	300	5	2	1
6. ഉളകോട് - കൽച്ചിറ - താന്നിക്കമുക്ക് കരീപ്ര-വെളിയം	400	6	3	2
7. ആശുപത്രി മുക്ക് - കൊമ്പൻമുക്ക് പേഴുംക്കോണം - മണ്ണാവീട്ടിൽഭാഗം - മൊത്ത - മണ്ണാവീടാൻ - കുടിക്കോട് റോഡ്	2	6	3	1

പട്ടിക സി. 2

ഗ്രാമപഞ്ചായത്തിനുള്ളിലെ ലിങ്ക് റോഡുകൾ

നമ്പർ റോഡ് വാർഡ്നമ്പർ	നിലത്തേണ്ട	ദൂരം	വീതി	കലുങ്ക്	പാലം
1. കോട്ടേകുന്ന് - തേവരു പൊയ്ക അമ്പലം (I)	150	5	1	-	
2. മഠത്തിൽ ഭാഗത്തിന് കിഴക്ക് - പ്ലാങ്കാലമുക്ക് (II)	100	3	2	-	
3. മഠത്തി ഭാഗത്തിന് പടിഞ്ഞാറ് - പുന്നമേലതിൽ (II)	125	3	2	-	
4. പനവിള കിഴക്കതിൽ - ഇടവഴി വിളഭാഗം (II)	400	3	2	1	
5. പായ്ത്തല - വട്ടവിള (III)	100	5	3	1	
6. ഗവഃഎൽ.പി.എസ്. വട്ടവിളജംഗ്ഷൻ (III)	150	5	3	2	
7. കൊല്ലായിക്കോട് -ഗവഃഎൽ.പി.എസ്-കുന്നത്തഴികം(III)	150	5	3	2	
8. കടക്കോട് മാർക്കറ്റ് - ഗവഃ എൽപി.എസ്. ജയന്തികോളനി (III)	500	6	4	2	
9. കല്ലാർകോളനി - നല്ലൂർകോണം (IV)	250	5	3	1	
10. നല്ലൂർകോണം - ചൊവ്വള്ളൂർ (IV)	200	3	2	1	
11. കുപ്പണ - കരീപ്ര (IV)	250	5	3	1	
12. കോണത്ത് ഏല - ചാറവിളക്കട (IV)	200	5	2	1	
13. ഹരിജൻ കോളനി - വലിയ മഠഭാഗം (V)	250	4.5	2	1	
14. കുന്നിൻപുറം - ചുരുള ഏല - കോഴിക്കാലവിള(V)	150	4	2	-	
15. പ്ലാക്കോട് എൽ.പി.എസ്.കുപ്പണഭാഗം -ഇളിച്ചോട്ഇടവിള (VI)	100	6	2	-	
16. ഇളിച്ചോട് - വിളയിൽ ജം. കുന്നിൻവട്ടപാടംവഴി (VI)	400	6	3	1	
17. കൊട്ടയ്ക്കാട്ടുഭാഗം-മുളവൂക്കോണം (VII)	150	6	3	1	
18. പാലനിരപ്പ് - കോയിപ്പുറം - പുന്നല (VII)	150	6	2	1	
19. പെരുമറ്റ - കൈപ്പള്ളി (VII)	200	5	2	1	
20. കുടിക്കോട് ജ. മുളവൂരഴികം ഭാഗം (VIII)	135	8	3	-	
21. കാളചന്ത - മൂങ്ങോട് ഭാഗം (VIII)	100	6	1	-	
22. താഴക്കാട് - വാക്കനാട് (VIII)	150	3.5	2	-	
23. മണ്ണാംകടവ് - വാക്കനാട്	പാലം മാത്രം പണിയണം.				
24. മാടൻകടവ് - തരൂർഭാഗം മൃഗാശുപത്രി (IX)	100	6	2	2	
25. നെല്ലിവിളമുക്ക് - വാറൂർ - കളീലിൽ വാതുക്കൽ മുളവൂക്കോണം (IX)	50	4	2	-	
26. തോണ്ടക്കോണം - നെല്ലിവിളമുക്ക് (IX)	150	6	1	2	
27. എച്ച്.എസ്.ജം - കാഞ്ഞിരക്കോട് ഇടവടി-താഴക്കാട്ട് കാവ്-നാലാംമൈൽ (IX)	200	4	2	1	
28. ചൂരപൊയ്ക - പാണൻപറമ്പ് (XI)	200	4.5	2	2	
29. നെടുമൺകാവ് മാർക്കറ്റ് - കുടിക്കോട് ലക്ഷംവീട് കോളനിറോഡ്	200	5	5	1	
30. കരീപ്ര, എൽ.പി.എസ്. മിനി എസ്റ്റേറ്റ് ചേലയ്ക്കാട്ട് ഭാഗം, കാഞ്ഞിരംവിളമുക്ക്	150	5	2	-	

പട്ടിക - ഡി സഞ്ചാരയോഗ്യമാക്കേണ്ട ഇതര റോഡുകൾ

1. തൃപ്പിലഴികം

1. പണ്ടാരവിള ലിങ്ക് റോഡ് 2. ചെക്കിലതെക്കതിൽ .പണയിൽ ദിവാകരൻ വീട് 3. ചെക്കാലമുക്ക് - ചുരുളകുളം 4. മുസ്ളീം പള്ളി - ഇലഞ്ഞിമൂട് 5. വെള്ളക്കടപൊയ്ക - മുടിയിലഴികം 6. തടത്തിവിളമുക്ക് - പാലക്കോട് കട്ട കമ്പനി 7. കലമ്പോട്ടിവിള കോയിപ്രം 8. ലിറ്റിൽ ഫ്ലവർ സ്കൂൾ - തിരുവാങ്കോട്ട് റോഡ് 9. കാരിക്കൽ ചാപ്രാ - കോയിപ്രം 10. ചെക്കാലമുക്ക് സർവ്വീസ് സ്റ്റേഷൻ - പട്ടാണിമുക്ക് 11 ഇടയിലഴികം - മൈലത്തുമുക്ക്.

2. ഇടയ്ക്കടം

1. സബ്സെൻറർ - ഏല 2. തെറ്റിമുക്ക് അമ്പലം - താവൂർഏല 3. കണ്ണമ്പള്ളിൽ ജം - തെറ്റിക്കുന്നിൽ ഏല 4. ഒന്നാ മൈൽ കുറ്റി പുലിയൂർ പള്ളി ഏല 5. പാറവിള ജം. കുഴിവിള ഏല 6. മുകളുവിള - കുഴിവിള 7. പുന്നവിള മുക്ക് - ചൊവ്വള്ളൂർ ഏല 8. ആശാൻതുണ്ടിൽ - ഹരിജൻ കോളനി

3. കടയ്ക്കോട്

1. കൈക്കുളം ജം. എൽ.പി.എസ് 2. എൽ.പി.എസ്. കടയ്ക്കോട് മാർക്കറ്റ് 3. കിണറുമുക്ക് - ചെറുതലയ്ക്കൽ - കോട്ടവിള 4. ചുഴതിൽ കോളനി - അന്നൂർ 5. എച്ച്.എസ്. ജം - കടയ്ക്കോട് വടക്കേമുക്ക് 6. ചക്കോലി ഭാഗം - പോത്തൻപാറ 9. കിണറുമുക്ക് - കടയ്ക്കോട് എൽ.പി.എസ്. 10. ചിക്കോലി ഭാഗം - കാവ് റോഡ് 11. ഗുരുനാഥൻമുകൾ - കാവ്റോഡ് 12. ഇലയം - വേങ്കുഴി ഭാഗം 13. ചുഴതിൽ - കനാൽറോഡ് 14. ചെറുത്തലയ്ക്കൽ കോടവിള

4. പ്ലാക്കോട്

1. ആശാൻ അരവിന്ദൻവീട് - പുത്തോട് ഏല. 2. വിശ്വനാഥനുണ്ണിത്താൻ വീട് - പ്ലാക്കോട് ക്ഷേത്രം 3. പ്ലാക്കോട് ചൂരങ്കാട്ട് ഭാഗത്ത് നടപ്പാല 4. കോടവിള ജം. - കൊടിച്ചിറ - ഇ. എസ്. ഐ. റോഡ്. 5. ചൊവ്വള്ളൂർ എച്ച്. എസ്. - കല്ലൂർകോണം - കല്ലാർ 6. ചൊവ്വള്ളൂർ തങ്കപ്പൻപിള്ളവീട് - നല്ലൂർകോണം ഹരിജൻ കോളനി

5. കുഴിമതിക്കാട്

1. മിൽമാ ജംഗ്ഷൻ - ചുരുള ഏല 2. അലിമുക്ക് - കിടങ്ങിൽമുക്ക് 3. മാവില ഭാസ്ക്കരൻ ആചാരി വീട് - മഠത്തിൽ ഏല 4. മാവിലമുക്ക് - ചൂരപൊയ്ക 5. കിടങ്ങിൽമുക്ക് - ഇടിമുക്ക് ഷാപ്പ് ജം. 6. കൃഷ്ണശ്രീ - കുന്നിൻപുറം - ചുരുള ഏല 7. എ. കെ. ജി. മന്ദിരം - കലയത്തു ഭാഗം. 8. തെങ്ങുവിള മുക്ക് - ചുരുള ഏല 9. എച്ച്.എസ്.എസ്. എള്ളുവിളമുക്ക് - പി. കെ. പി. കവല റോഡ് 10. ചെല്ലപ്പാസ് ജം. - ചുരുള ഏല 10. കടൂർ മേലതിൽ മുക്ക് - മഠത്തിൽ ഏല 11. മുകളുവിളമുക്ക് - ചിറക്കടവ് ഏല 12. ഇടിമുക്ക് - മാവേലി തോട്ടംവാതുക്കൽ 13. ചെക്കാലമുക്ക് സർവ്വീസ് സ്റ്റേഷൻ - പള്ളിയാംവിള മുക്ക് 14. ചേനവിളമുക്ക് - മുതിരവിളമുക്ക്.

6. കരീപ്ര

1. മിനി എസ്റ്റേറ്റ് - ചൊവ്വള്ളൂർ എച്ച്. എസ്. 2. ആലമുക്ക് -കല്ലുപാടം 3. കശുവണ്ടി ഫാക്ടറിക്ക് തെക്ക് - ബഥേൽപള്ളി. 4. എൻ. എസ്. എസ്. കരയോഗം - കളീക്കൽ വാതുക്കൽ.

7. മടന്തക്കോട്

1. കൊട്ടയ്ക്കാട്ടുവാതുക്കൽ - മുളവൂർകോണ 2. നടുക്കുന്നിൽ - ഇലഞ്ഞിയിൽ വാതുക്കൽ 3. സെനിത്ത് മുക്ക് കുറ്ററ പ്ലാവിള മുക്ക് 4. ചാമവിള മുക്ക് - ചരിയിൽ ഭാഗം ഏലാ

8. കുടിക്കോട്

1. ഇളവൂർ എൽ. പി. എസ്. നെടുമൺകാവ് 2. കെ. വി. ഇഷ്ടികകമ്പനിക്ക് പടിഞ്ഞാറുഭാഗമുള്ള റോഡ് 3. കുടിക്കോട് - പാറക്കെട്ടറോഡ്

9. വാക്കനാട്

1. പി. ടി. സി. - ക്ഷേത്രം 2. ഇലയ മഗലത്ത് ഭാഗം - ഏല 3. വാക്കനാട് കാഷ്യൂഫാക്ടറിമുതൽ കിഴക്കോട്ടുള്ളറോഡ് 4. ഈയക്കുന്ന് - പള്ളി 5. പുലിപ്രാ ഭാഗം - പാലൂർഭാഗ 6. വായനശാല ജം - മടന്തകോട് ഏല 7. നെടുമൺകാവ് - ഓടനാവട്ടം റോഡിൽ വാക്കനാട് പല്ലിക്കോട് ഭാഗത്തുനിന്നു കിഴക്കോട്ട് പല്ലിക്കോട് ഏലയുടെ പടിഞ്ഞാറ് ഭാഗത്തു കൂടി വടക്കോട്ടുള്ള കോളനി വഴി.

10. നെടുമൺകാവ്

1. യു.പി.എസ് - ഈയല്ലൂർ പാലം 2. ചെപ്പറമുക്ക് - കരിക്കത്തിൽ ഭാഗം - പി. എച്ച്.സി 3. വടക്കേജംഗ്ഷൻ - ശാസ്താംകടവ് റോഡ് 4. വഞ്ചിമുക്ക് - പരമ്പര ക്ഷേത്രം 5. കൊമ്പൻമുക്ക് - പേഴുക്കോണം വയൽ 6. തുണ്ടുവിള - ആറുകടവ് 7. വടക്കേവിള ജം - പ്ലാകടവ് തോട്. 8. പുക്കുഞ്ഞിന്റെറ കട ജംഗ്ഷനു തെക്കുവശം - ചിറക്കുഴിചിററോഡ് 9. മാർക്കറ്റ് - യു. പി. എസ് 10. പെരുമണംവിള വീടു മുതൽ കിഴക്കോട്ട് - നെടുംകുഴിഭാഗം റോഡ് 1. പനവിളമുക്കിന് കിഴക്കുഭാഗത്തുള്ള വഴി - പൂവന്താനകടവ് റോഡ് 12. കൊമ്പൻമുക്കിന് വടക്ക് സതിമന്ദിര ഭാഗത്തുനിന്ന് കിഴക്കോട്ടുള്ള വഴി. 13. നെടുമൺകാവ് തെക്ക് വാലുതുണ്ടിൽ - പാലവിള 14. ആശാൻമുക്ക് - കടുവാക്കുഴിഭാഗം റോഡ് 15. വടക്കേവിളമുക്ക് - തെറ്റിമൺകര ഏലപാലവിളഭാഗം റോഡു 16. ആമ്പാടി മുക്ക് കുന്നത്തു ഭാഗം ഇടറോഡ്, 17. ശാസ്താംകടവ് നെടുംകുഴി ഭാഗം പി. എച്ച്. സി റോഡ്

11. തളവൂക്കോണം

1. തയ്യിൽ ഭാഗം - കൈപ്പറമ്പിൽ ഭാഗം - തടവിളമുക്ക് - പാട്ടുപുരയ്ക്കൽ ക്ഷേത്ര 2. മൃഗാശുപത്രി - പഞ്ചായത്ത് കുളം 3. മൃഗാശുപത്രി - കുളമാട ഏല 4. സന്തോഷ് ഭവൻ - ഹരിജൻ കോളനി - പാട്ടുപുരയ്ക്കൽ ക്ഷേത്ര 5. മൃഗാശുപത്രി - മാനങ്കരഭാഗം 6. ഭരണിക്കാവ് - താമരശ്ശേരി ഏല 7. ആൽമാവുമുക്ക് - ആറേങ്കോണം റോഡ് 7. എൻ. എസ്. എസ്. കരയോഗം - തുണ്ടത്തിൽ വീട് അയർക്കാട് ക്ഷേത്രം.

കുഴിവെട്ടി മൂടുക വേദനകൾ
കുതികൊൾക ശക്തിയിലേക്ക് നമ്മൾ

ഊർജ്ജം

അന്തരീക്ഷം ഭൂമിയുടെ രക്ഷാകവചമാണ്. സൂര്യനാണ് ഊർജ്ജത്തിന്റെ പ്രധാന ഉറവിടം. ആണവ ഊർജ്ജം ക്രിത്രിമ ഊർജ്ജവും, സൗരോർജ്ജം പ്രാകൃതിക ഊർജ്ജവുമാണ്. സൗരോർജ്ജം ആകെ തന്നെ ഭൗമോപരിതലത്തിൽ എത്തിച്ചേരുന്നില്ല. സൂര്യനിൽ നിന്നു പുറപ്പെടുന്ന എക്സ് - റേ, അൾട്രാ വയലറ്റ് തുടങ്ങിയ ശക്തിയേറിയ വികിരണങ്ങളെ അന്തരീക്ഷത്തിലെ ചില വാതകങ്ങൾ ആഗിരണം ചെയ്തും, മേഘങ്ങൾ സൂര്യ രശ്മികളുടെ ഒരു ഭാഗത്തെ ശൂന്യകാശത്ത് പ്രതിഫലിപ്പിച്ചും ഭൂമിയെ കഠിനമായ ചൂടിൽ നിന്ന് തടയുന്നതുമൂലം സമ്പൂർണ്ണ സൗരോർജ്ജം നമുക്ക് ലഭിക്കുന്നില്ല. നമ്മുടെ പഞ്ചായത്തിൽ പ്രധാനമായി ഉപയോഗ യോഗ്യമാക്കുന്ന ഊർജ്ജങ്ങൾ താപോർജ്ജം, പ്രകാശോർജ്ജം, യാന്ത്രികോർജ്ജം എന്നിവയാണ്. യാന്ത്രികോർജ്ജം, വൈദ്യുതി, പെട്രോൾ, ഡീസൽ എന്നിവയിൽ നിന്നുമാണ് ലഭിക്കുന്നത്. താപോർജ്ജം, പ്രകാശോർജ്ജം, എന്നിവയുടെ ലഭ്യത, വിവിധ ഇന്ധനങ്ങൾ, വൈദ്യുതി എന്നിവയെ ആശ്രയിച്ചുമാണ്. ഗാർഹികമായി ഗ്രാമപഞ്ചായത്തിൽ പാചകത്തിന് ഉപയോഗിക്കപ്പെടുന്ന പ്രധാന ഊർജ്ജസ്രോതസ്സ് വിറകാണ്. 50 %ത്തോള വീടുകളിൽ വിറകിനോടൊപ്പം മണ്ണെണ്ണ സ്റ്റൗവും ഉപയോഗിക്കുന്നു. ഗ്രാമപഞ്ചായത്തിൽ 5 % ത്തോളം വീടുകളിൽ പാചകവാതകം ഉപയോഗിക്കുന്നു. ഗ്രാമപഞ്ചായത്തിലെ മിക്കവാറും എല്ലാ പ്രദേശങ്ങളിലും വൈദ്യുതി ലഭിക്കുന്നുണ്ട്. എല്ലാ പ്രദേശങ്ങളിലും വോൾട്ടേജിന്റെ കുറവുണ്ട്. വൈദ്യുതി എത്താത്ത വീടുകൾ പഞ്ചായത്തിലുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ 19 എൽ. റ്റി. ട്രാൻസ്ഫോർമറുകൾ ഉണ്ട്. 5684 ഉപഭോക്താക്കളുള്ളതിൽ 91.5 % ഗാർഹിക ഉപഭോക്താക്കളാണ്. 5.8 % വ്യാവസായിക ഉപഭോക്താക്കളും 1.5 % വ്യാപാര ഉപഭോക്താക്കളും 1.2 % വ്യാവസായിക ഉപഭോക്താക്കളും ഉണ്ട്. ഗ്രാമപഞ്ചായത്തിൽ 4 മെർക്കുറി വേപ്പർ ലാബുകളും, 162 ട്യൂബുകളും, 814 ബൾബുകളും ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ പ്രകാശിപ്പിക്കുന്നതായാണ് കെ. എസ്. ഇ. ബി. കണക്ക്. 14 ഹരിജൻ കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്. തൻവർഷം 66 ഓർഡിനറി കണക്ഷനുകളു 24, ഒ.ടി.പി. കണക്ഷനുകളും 69, കണക്ഷനുകളും നൽകിയിട്ടുണ്ട്. നിരവധി വൈദ്യുത കണക്ഷനുകൾക്കുള്ള അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. (അവലബം കെ. എസ്.ഇ.ബി. കണക്കുകൾ) കെ. എസ്.ഇ.ബി. അധികൃതരുടെ കണക്ക് അനുസരിച്ച് ഗ്രാമപഞ്ചായത്തിലുള്ള 19 ട്രാൻസ്ഫോർമറുകളിൽ ഒന്നുപോലും അധികഭാരം വഹിക്കുന്നവയല്ല. വൈദ്യുതി ക്ഷാമം വളരെ കൂടുതൽ അനുഭവിക്കുന്ന ഒരു ഗ്രാമ പഞ്ചായത്താണ് കരീപ്ര. വിവിധ ഊർജ്ജസ്രോതസ്സുകളെക്കുറിച്ചും ഇന്ധനമിതവ്യയങ്ങളെക്കുറിച്ചും വൈദ്യുത ഊർജ്ജ പ്രസരണ നഷ്ടത്തെക്കുറിച്ചും സമഗ്രമായി നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1. പാചകത്തിന് ഉപയോഗിക്കുന്ന പ്രധാന ഇന്ധനമായ വിറകിന്റെ ലഭ്യതകുറവ് 2. പാചകത്തിന് ഉപയോഗിക്കുന്ന മണ്ണെണ്ണ ന്യായ വിലഷാപ്പുകൾ വഴി യഥാർത്ഥ റേഷൻ കാർഡുടമകൾക്ക് കൃത്യമായി ലഭിക്കാതിരിക്കൽ 3. മണ്ണെണ്ണ പെർമിറ്റുകൾ യഥാർത്ഥ ആവശ്യക്കാർക്ക് ലഭിക്കുന്നതിന് നിലവിലുള്ള ബുദ്ധിമുട്ടുകൾ 4. പൊതുമേഖലയിൽ ഗ്രാമപഞ്ചായത്തിൽ പാചക വാതക വിതരണ ഏജൻസിയുടെ അഭാവം 5. പാചക വാതകത്തിന് അപേക്ഷ സമർപ്പിച്ചാൽ ലഭ്യമാകുന്നതിനുള്ള കാല താമസം 6. ഇന്ധന ക്ഷമത കൂടിയ അടുപ്പുകൾ (ശാസ്ത്ര സാഹിത്യ പരിഷത്ത്. അനർട്ട് എന്നിവ തയ്യാർ ചെയ്തത്) ഉപയോഗിച്ച് ഇന്ധന

ലാഭം ഉണ്ടാക്കുവാനുള്ള ബോധവത്ക്കരണ നടപടികളുടെ അഭാവം. 7. ഗ്രാമപഞ്ചായത്തിൽ ഉപയോഗിക്കുന്ന വഴിവിളക്കുകൾ യഥാസമയം കത്തിക്കാതിരിക്കൽ. 8. വൈദ്യുതി പ്രസരണ രംഗത്തുള്ള ഊർജ്ജനഷ്ടം ഒഴിവാക്കാൻ, ലൈനുകളിലെ മരച്ചില്ലുകൾ, ഇതര തടസ്സങ്ങൾ എന്നിവ യഥാസമയം നീക്കം ചെയ്യാതിരിക്കൽ 9. ഗ്രാമപഞ്ചായത്തിലെ വഴിവിളക്കുകളിൽ കേടായ ബൾബുകൾ, ട്യൂബുകൾ എന്നിവ യഥാസമയം മാറ്റി സ്ഥാപിക്കാതിരിക്കൽ 10. കുറഞ്ഞ ഊർജ്ജം ഉപയോഗിച്ച് പാചകം ചെയ്യാവുന്ന പ്രഷർകുക്കർ സാർവ്വത്രികമായി ഉപയോഗിക്കാത്തത്. 11. പാചക ആവശ്യത്തിനും വെളിച്ചത്തിനുമായി, ധാരാളം സബ്സിഡികൾ ഉള്ള ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിച്ച്, ടി. ഊർജ്ജം ഉപയോഗിക്കുന്നത് സബന്ധിച്ചുള്ള ബോധവത്ക്കരണത്തിൻെറ അഭാവം. 12. അധിക ഭാരം വഹിക്കുന്ന ട്രാൻസ്ഫോർമർകൾ ഉയർത്തുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ ഇല്ലായ്ക. 13. 5684 ഉപഭോക്താക്കളുടെ കരീപ്ര ഗ്രാമപഞ്ചായത്തിലെ ആദ്യകാല കെ. എസ്. ഇ.ബി. സബ്എൻജിനീയർ ഓഫീസ് ആയ കുഴിമതിക്കാട് ഓഫീസ് ഒരു മേജർ സെക്ഷൻ ഓഫീസ് ആയി ഉയർത്താതിരിക്കുന്നതുമൂലം ഉപഭോക്താക്കൾക്കും, ജനപ്രതിനിധികൾക്കും, സാമൂഹിക പ്രവർത്തകർക്കു പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള ബുദ്ധിമുട്ട്.

ഗ്രാമസഭയിൽ ഉയർന്ന പൊതു ആവശ്യങ്ങൾ

1. ഗ്രാമപഞ്ചായത്തിൽ ഉടനീളം സ്ട്രീറ്റ് ലൈറ്റുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ പുതിയവ സ്ഥാപിക്കുക. 2. സ്ട്രീറ്റ് ലൈറ്റുകൾ സ്ഥിരമായി കത്തിക്കുക. 3. പ്രധാന കേന്ദ്രങ്ങളിൽ വേപ്പർലാംബുകളു ട്യൂബുകളും സ്ഥാപിക്കുക. 4. ജനപങ്കാളിത്തവും, കെ.എസ്.ഇ.ബി. ജീവനക്കാരുടെ കാര്യക്ഷമതയും കൂട്ടിയിണക്കി ലൈനുകളുടെ അറ്റകുറ്റപണികൾ യഥാസമയം ചെയ്യുക. 5. പുതിയ വൈദ്യുതി കണക്ഷനുകൾക്കുള്ള മുഴുവൻ അപേക്ഷകർക്കും കണക്ഷൻ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുക. 6. വ്യവസായിക ആവശ്യങ്ങൾക്ക് വൈദ്യുതി സൗജന്യനിരക്കിൽ വിതരണം ചെയ്യുക. 7. കാർഷിക ആവശ്യങ്ങൾക്കുള്ള വൈദ്യുതി കണക്ഷനുകൾ താമസം വിനാ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുക. 8. പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെ വരുമാനമുള്ള 500 കുടുബങ്ങൾക്ക് സൗജന്യമായി രണ്ടു പോയിൻറ് വയറിഗ് നടത്തി, വൈദ്യുതി ലാഭിക്കാനുള്ള നടപടികൾ സ്വീകരിക്കുക. 9. ഇടയ്ക്കിടം ഇലക്ട്രിസിറ്റി സബ് എൻജിനിയർ ഓഫിസിൽ ഒരു സ്ഥിരം കാഷ്യറെ നിയമിച്ച് മുഴുവൻ ദിവസ കളക്ഷൻ സെൻറർ ആക്കി ഉയർത്തിയും നൈറ്റ് ഡ്യൂട്ടിക്ക് സ്റ്റാഫിനെ നിയമിച്ചും പ്രദേശനിവാസികളുടെ ബുദ്ധിമുട്ടു ഒഴിവാക്കുക. 10 നെടുമൺകാവിൽ ഒരു കെ. എസ്. ഇ. ബി ഓവർസിയർ ഓഫീസ് ആരംഭിക്കുക.

സാദ്ധ്യതകൾ

1. പഞ്ചായത്തിൻെറ മിക്കവാറും പ്രദേശത്ത് വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും ഇനിയും ധാരാളം 3 ഫേസ്, സിംഗിൾ ഫെയ്സ് ലൈനുകൾ നീട്ടേണ്ടതുണ്ട്. 2. സ്ട്രീറ്റ് ലൈറ്റുകൾ യഥാസമയം കത്തിക്കുന്നതിനും അണയ്ക്കുന്നതിനും ലൈനുകളിൽ ടൈമറുകൾ ബന്ധിപ്പിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കുക. 3. പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളായ വാക്കനാട് വാർഡിലെ മാടൻമുകൾ (102 മീറ്റർ ഉയരം), ഇടയ്ക്കിടം വാർഡിലെ ഗുരുനാഥൻ മുകൾ, തൃപ്പിലഴികം വാർഡിലെ കോട്ടേക്കുന്ന് എന്നിവിടങ്ങളിൽ കാറ്റിൽനിന്ന് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള സാദ്ധ്യത പഠന വിധേയമാക്കുക. 4. ഗ്രാമപഞ്ചായത്തിൽ വ്യാപകമായി ബയോ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിനുള്ള ധനസഹായവും ബോധവൽക്കണവും നൽകുക. 5. പുകയില്ലാത്ത ഇന്ധനക്ഷമതയുള്ള അടുപ്പുകൾ പ്രചരിപ്പിക്കുകയും സൗജന്യനിരക്കിൽ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക. 6. സൗരോർജ്ജ വിളക്കുകൾ ഭവനങ്ങളിലും തെരുവുകളിലും സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുക. 7. വൈദ്യുതിയുടെ അനാവശ്യ ഉപയോഗങ്ങൾ ഒഴിവാക്കാനുള്ള ബോധവത്ക്കരണം നടത്തുക. 8. വിറകിൻെറ ദൗർലഭ്യം ഒഴിവാക്കാൻ ഗ്രാമപഞ്ചായത്തിലെ റോഡ് പുറമ്പോക്ക്, കനാൽ പുറമ്പോക്ക്, തരിശ് ഭൂമികൾ എന്നിവിടങ്ങളിൽ സാമൂഹ്യവനവൽക്കരണം നടത്തുക. 9. ഗ്രാമപഞ്ചായത്തിൽ പൊതു മേഖലയിൽ പാചക വാതക വിതരണകേന്ദ്രം ആരംഭിക്കുകയും വീട്ടമ്മമാരെ അതിൻെറ ഉപയോഗത്തിൽ ബോധവത്ക്കരിക്കുകയും ചെയ്യുക. 10. കാലപ്പഴക്കം ചെന്ന ട്രാൻസ്ഫോർമർകൾ മാറ്റി പുതിയവ സ്ഥാപിച്ചും ആവശ്യമുള്ളിടങ്ങളിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ചും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. 11. പഞ്ചായത്തുകൾ ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം (പഞ്ചായത്തുവക

സ്ഥാപനങ്ങളിലും സ്ട്രീറ്റ് ലൈറ്റുകൾ കത്തിക്കുന്ന വിവിധ ലൈനുകളിലും മീറ്ററുകൾ സ്ഥാപിച്ച്). വൈദ്യുത നിരക്ക് അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. 12. വഴിവിളക്കുകൾ കത്തിക്കുന്നതിനാവശ്യമായ ബൾബുകൾ, ട്യൂബുകൾ, മറ്റുപകരണങ്ങൾ വങ്ങി ഉപയോഗിക്കുന്നതിനും, സ്ഥാപിക്കുന്നതിനും, സംരക്ഷിക്കുന്നതിനുമുള്ള ചുമതല ഗ്രാമപഞ്ചായത്തുകൾക്ക് നൽകുക. 13. കെ. എസ്. ഇ. ബി. യുടെ പ്രവർത്തന കാര്യക്ഷമമാക്കി പൊതു ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കുക.

ട്രാൻസ്ഫോർമർ പുതുതായി സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കേണ്ട സ്ഥലങ്ങൾ

1. തൃപ്പിലഴികം 2. ഇടയ്ക്കിടം 1. ചൊവ്വള്ളൂർ മഹാദേവ ക്ഷേത്രം. 2. ഇടവഴിവിള ജഗ്ഷൻ
3. കടയ്ക്കോട് 1. കൊല്ലായിക്കോട് 4. പ്ലാക്കോട് 5. കുഴിമതിക്കാട് 1. മഠത്തിൽ ഭാഗം
6. കരീപ്ര 7. മടന്തക്കോട് 1. മുളവൂർ കോണം ഭാഗം 8. കുടിക്കോട് 1. നാലാംമൈൽ
9. വാക്കനാട് 1. ഇലയം ജംഗ്ഷൻ 10. നെടുമൺകാവ് 11. തളവൂക്കോണം - 1. പാട്ടുപുരയ്ക്കൽ ഏല. 2. അമ്മാച്ചൻ മുക്ക്

വൈദ്യുതി ലൈനുകൾ നീട്ടേണ്ട പ്രദേശങ്ങൾ

1. തൃപ്പിലഴികം

2. ഇടയ്ക്കിടം 1. മഠത്തിൽ ഭാഗം - കുന്നുവിളഭാഗം, 2. ഹെൽത്ത് സെൻറർ - ഏല. 3. എ. എം. ജം. മുതൽ പിണറ്റിൻമൂട് റോഡിൽ പഞ്ചായത്ത് അതിർത്തിവരെ. 4. കോട്ടവിള സ്കൂൾ മുതൽ വടക്കോട്ട് പഞ്ചായത്ത് അതിർത്തിവരെ

3. കടയ്ക്കോട് 1. കോട്ടവിള ജംഗ്ഷൻ - മുന്നൂർ അമ്പലം. 2. അംബേദ്കർ കോളനി - പുന്നല ഏരിയ 3. ജയന്തികോളനി പുന്നലഭാഗം 4. വട്ടവിളമുക്ക് - കൊല്ലായിക്കോട് കോളനി 5. വട്ടവിളമുക്ക് - പായ്ത്തല ഭാഗം

4. പ്ലാക്കോട് 1. കോട്ടവിള ആറാട്ടുമുകളിൽ - പാറവിളകട 3. ഇടയ്ക്കിടംഷാപ്പുമുക്ക് - കല്ലാർ കോളനി 3. കോട്ടവിള ചൂരക്കാട് ഭാഗം

5. കുഴിമതിക്കാട് 1. എള്ളുവിള ജംഗ്ഷൻ - പി. കെ. പി. കവല റോഡ്

6. കരീപ്ര 1. കുപ്പണ ജംഗ്ഷൻ - കരീപ്ര ഏല 2. കുപ്പണ ജംഗ്ഷൻ - മാടശ്ശേരി ഏല 3. കുപ്പണ ജംഗ്ഷൻ - മുളയറ ഏല

7. മടന്തക്കോട്

8. കുടിക്കോട് - 1. മുല്ലശ്ശേരി ജംഗ്ഷൻ - കെ. വി. ബ്രിക്സ് വരെ 2. ഏറ്റുവായിക്കോട്ടുനിന്ന് എ. എൽ. എ റോഡുവഴി നെടുമൺകാവ് റൂട്ടിൽ 800 മീറ്റർ നീളത്തിൽ 3. വാക്കനാട് അമ്പലം 4 സെൻറ് കോളനി

9. വാക്കനാട് - 1. ജോതിമുക്ക് - എച്ച്. എസ്. ജംഗ്. 2. മൃഗാശുപത്രി ജംഗ്. മുതൽ 100 മീറ്റർ പടിഞ്ഞാറോട്ട് 3. സൺഫുഡ് കശുവണ്ടി ഫാക്ടറി - എഴുകോൺ റോഡിലേയ്ക്ക് 700 മീ. 4. നെല്ലിവിളമുക്ക് - കളീൽലിൽവാതുക്കൽ റോഡ് 5. തോണ്ടകോണം - ഇലയം ഏലാ റോഡ് 6. കൊച്ചുവിളമുക്ക് പനമുട്ടിൽ റോഡ്

10. നെടുമൺകാവ്

11. തളവുക്കോണം - 1. സി. എം. എ. മൃഗാശുപത്രി 2. ഭരണിക്കാവ് - താമരശ്ശേരി ഏല 3. ഭരണിക്കാവ് കോട്ടൂർവീട് വാതുക്കൽ 4. പാറയിടുക്ക് കോളനി - പാട്ടുപുരയ്ക്കൽ.

വൈദ്യുതികരിക്കേണ്ട പൊതു സ്ഥാപനങ്ങൾ

1. തൃപ്പിലഴികം ഗവ.എൽ.പി.എസ് 2. ഇടയ്ക്കിടം ഗവ. എൽ. പി. എസ്. അംഗൻവാടി 3. കടയ്ക്കോട് ജയന്തികോളനി 2. ശംഖുമുഖം കോളനി 4. പ്ലാക്കോട് - 1. അഗൻവാടി 5. കുഴിമതിക്കാട് - ഗവ. എൽ. പി. എസ് 6. കരീപ്ര - 1. അഗ്രോ സർവ്വീസ് സെൻറർ 7. മടന്തക്കോട് - 1. ഖാദി ഭവൻ 2. കൃഷിഭവൻ 3. പി. എച്ച്. സി സബ്സെൻറർ 4. യുവധാരാസാസ്കാരിക നിലയം 5. കടപ്പാകോണം ഏലായുടെ തലച്ചിറയുടെ പമ്പ് ഹൗസ് 6. മുളവുക്കോണം അംഗനവാടിയുടെ മടന്തക്കോട് നാലാംമൈൽ അംഗനവാടി 8. കുടിക്കോട് - നാലു സെൻറ് കോളനി 9. വാക്കനാട് - 1. പനമൂട്ടിൽ നാലുസെൻറ് കോളനി. 2. ഉളകോട് അംഗൻവാടി. 3. വാക്കനാട് ഐ.സി.ഡി.സി. സബ്സെൻറർ 10. നെടുമൺകാവ് 11. തളവുക്കോണം - 1. അംഗൻവാടി

വൈദ്യുതികരിക്കേണ്ട ഹരിജൻ കോളനികൾ

1. തൃപ്പിലഴികം 2. ഇടയ്ക്കിടം - ആശാ തുണ്ടിൽ ഹരിജൻ കോളനി 3. കടയ്ക്കോട് 4. പ്ലാക്കോട് 1. നല്ലൂർകോണം, 2. കോട്ടവിളചൂരക്കാട് 3. കല്ലാർ കോളനി 5. കുഴിമതിക്കാട് - 1. ചുരുളഭാഗം ഹരിജൻ വീടുകൾ 6. കരീപ്ര 7. മടന്തക്കോട് 1. പുന്നലം കോളനി 2. നടുക്കുന്ന് കോളനിയിൽ കുറെ വീടുകൾ 9. കുടിക്കോട് - പാലവിള കോളനി 10. വാക്കനാട് - മുളങ്കുന്ന് കോളനി 2. ഇലയ കോളനിയിലെ മുളയറഭാഗം 10. നെടുമൺകാവ് - 1. തേരിയിൽ കോളനി 11. തളവുക്കോണം - 1. നടുക്കുന്ന് കോളനിയിലെ കുറെവീടുകൾ.

വേപ്പർലാമ്പ് സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

1. തൃപ്പിലഴിക - 1. ചെക്കാലമുക്ക് 2. കാരിക്കൽ ജഗ്ഷൻ 2. ഇടയ്ക്കിടം - 1. മാർക്കറ്റ് 2. എ. എം. ജംഗ്ഷൻ. 3. മാടൻനട ജ 4. നടമേലതിൽ ജംഗ് 3. കടയ്ക്കോട് - 1. കിണറുമുക്ക് 2. വട്ടവിള ജംഗ്ഷൻ. 3. കാഞ്ഞാറകുന്ന് മുക്ക് 4. പ്ലാക്കോട് - 1. ചന്തമുക്ക്. 2. ബി. റ്റി. വി. എൻ. പി. എസ്സ്. പ്ലാക്കോട്. 3. ചൊവ്വള്ളൂർ എച്ച്.എസ്. ജംഗ്. 5. കുഴിമതിക്കാട് - എച്ച്.എസ്.എസ്. ജംഗ്ഷൻ. 2. സായിപ്പുമുക്ക്. 3. ചന്തമുക്ക് (ഇടിമുക്ക്) 4. ചൂരപൊയ്ക ജംഗ്. 6. കരീപ്ര . കാഷ്യൂഫാക്ടറി ജംഗ്. 2. എൽ.പി.എസ്. ജംഗ് 7. മടന്തക്കോട് - 1. ആലുംമൂട് 2. നടുക്കുന്ന് 3. പുന്നലം, 4. പാലനിരപ്പ് 5. കുടിക്കോട് - 1. കുടിക്കോട് ജംഗ്. 9. വാക്കനാട് - വായനശാല ജംഗ്ഷൻ 2. ഇലയം ജഗ്ഷൻ 3. എച്ച്. എസ്. ജംഗ്. 4. ഉളകോട് ജംഗ് 10. നെടുമൺകാവ് - 1. വഞ്ചിമുക്ക്. 2. ആശുപത്രിമുക്ക്. 3. കൊമ്പൻ മുക്ക് 11. തളവുക്കോണം - 1. നെല്ലിമുക്ക് ജംഗ്ഷൻ. 2. ആത്മാവുമുക്ക് 3. സി. എം. എ. ജംഗ്ഷൻ

പാർപ്പിടം

ഒരു ജനതയുടെ അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നാണ് പാർപ്പിടം. തല ചായ്ക്കാനൊരിടം എന്ന സ്വപ്നമില്ലാത്ത മനുഷ്യർ തന്നെ കാണുകയില്ല. പാർപ്പിട നിർമ്മാണ രംഗത്ത് വിപ്ലവം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന സംസ്ഥാനമാണ് നമ്മുടേത്. സ്വന്തമായി ഒരു വീട്, അതിന്റെ ചുറ്റുപാടുകൾ...കേരളീയന്റെ മാത്രം തനത് രീതിയാണ്. കാലാവസ്ഥയ്ക്ക് അനുയോജ്യമായ കൊച്ചുവീടുകൾ എന്ന ലാളിത്യമാർന്ന രീതിക്ക് വിരുദ്ധമായി വൻ കോൺക്രീറ്റ് സൗധങ്ങൾ നമ്മുടെ നാട്ടിലെങ്ങും ഉയർന്നുകൊണ്ടിരിക്കുന്നു. പ്രസന്നവും, പ്രശാന്തവും, അനുഗ്രഹീതവുമായ, കാലാവസ്ഥ നിറഞ്ഞു നില്ക്കുന്ന ഈ ഗ്രാമത്തിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളാണ് കൂടുതലുള്ളത്. ഇവിടുത്തെ പ്രധാന സ്ഥലങ്ങളിലെല്ലാം കോൺക്രീറ്റ് മന്ദിരങ്ങളുടെ നീണ്ട നിരകൾ ദർശിക്കാൻ കഴിയും. നഗരത്തിന്റേതായ ആഡ്യത്യങ്ങൾ ഈ ഗ്രാമത്തിലും കടന്നുവരുവാൻ തുടങ്ങിയിട്ടുണ്ട്. അതിന്റെ ചിഹ്നങ്ങളെന്നനിലയിൽ ധാരാളം ധനം ദുർവ്യയം ചെയത വലിയ സൗധങ്ങൾ ഇവിടെയും ഉയർന്നുവന്നിട്ടുണ്ട്. പാർപ്പിടത്തിന്റെ വലുപ്പവും അതിലെ പോഷ് സൗകര്യങ്ങളുമാണ് ഒരാളുടെ അന്തസ്സിന്റെ അടയാളമെന്ന മിഥ്യാബോധത്തിനടിമപ്പെട്ടുപോയവരുടെ കാലത്തിലൂടെയാണ് നാം കടന്നു പൊയ്ക്കൊണ്ടിരിക്കുന്നത്. സമ്പന്നരിലും, വിദേശപണം ഒഴുകിയെത്തുന്നവരുടെയും മാത്രം രീതിയായിരുന്നു ആദ്യകാലങ്ങളിൽ വലിയഭവനം എന്ന സങ്കല്പം. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള സമസ്തവിഭാഗം ജനങ്ങളുടേയും പിന്നോക്ക വിഭാഗങ്ങളുടെയും സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ക്രിയാത്മക പ്രവർത്തനങ്ങളാണ് സാമൂഹ്യക്ഷേമംകൊണ്ട് ലക്ഷ്യമാക്കുന്നത്. പ്രധാനമായും നാലുതരത്തിലുള്ള ക്ഷേമപ്രവർത്തനങ്ങളാണ് ഈ രംഗത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. സംഘടിത - അസംഘടിത തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികൾ, പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള ക്ഷേമ പദ്ധതികൾ, ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കു വേണ്ടിയുള്ള ക്ഷേമ പദ്ധതികൾ, വനിതകൾക്കായുള്ള ക്ഷേമപദ്ധതികൾ എന്നിവയാണ് അവ. കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായങ്ങളും മറ്റ് ആനുകൂല്യങ്ങളു അതാത് വിഭാഗത്തിനായുണ്ടാക്കിയിട്ടുള്ള ഏജൻസികൾ വഴിയാണ് വിതരണം ചെയ്യുന്നതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും. പാർപ്പിടത്തെ സബന്ധിക്കുന്ന ഒരു പാരമ്പര്യ സങ്കല്പം നമുക്കുണ്ട്. തനതായ ഒരു വാസ്തു ശില്പവും നമുക്കുണ്ട്. മനുഷ്യന്റെ മാനസികവും, ശാരീരുകവുമായ ആരോഗ്യത്തിനും, ഉല്ലാസത്തിനും പാർപ്പിടങ്ങൾക്ക് വലിയ സ്ഥാനമുണ്ട്. വൃത്തിഹീനമായ വലിയ വീടുകളേക്കാൾ എന്നും നല്ലത് വൃത്തിയുള്ള കൊച്ചു വീടുകൾ തന്നെയാണ്. സൂര്യപ്രകാശവും, ശുദ്ധവായുവും ലഭിക്കുന്ന തരത്തിൽ ധാരാളം വാതായനങ്ങളുള്ള വീടുകൾ നമ്മുടെ പാരമ്പര്യ സമ്പത്തായിരുന്നു. പൈതൃക രൂപങ്ങളായിരുന്നു. വൃത്തിയുള്ളതും, മനോഹരവുമായ പരിസരവും പാർപ്പിടങ്ങളുടെ കൂടെപ്പിറപ്പാണ്. ശുദ്ധജല ലഭ്യത പാർപ്പിടത്തിന്റെ മറ്റൊരു അനിവാര്യതയാണ്. ഗ്രാമങ്ങളിൽ പാർപ്പിടത്തോടൊപ്പം കിണർ സൗകര്യവും ഉണ്ടാക്കുന്നുണ്ട്. ഈ ഗ്രാമത്തിൽ ബഹുഭൂരിപക്ഷം വീടുകൾക്കു സ്വന്തമായി കിണറുള്ളതായി കാണാം. ഈ ഗ്രാമത്തിലെ പാർപ്പിടങ്ങൾ വൈവിദ്ധ്യ സ്വഭാവത്തോടു കൂടിയവയാണ്. ഓലമേഞ്ഞ ഗൃഹങ്ങൾ, ഓട് മേഞ്ഞ ഗൃഹങ്ങൾ, കോൺക്രീറ്റ് ഗൃഹങ്ങൾ എന്നിങ്ങനെ ഇവിടുത്തെ ഗൃഹങ്ങളെ പ്രധാനമായും വിഭജിക്കാം. ഓലമേഞ്ഞ ഗൃഹങ്ങളുടെ എണ്ണം താരതമ്യേന കുറവാണ്. വിവിധ സാമൂഹ്യക്ഷേമ പദ്ധതികളിലൂടെ സാധാരണക്കാരായ ജനങ്ങളുടെ പാർപ്പിട് സൗകര്യങ്ങൾക്ക് ഏറെ മാറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളത്കൊണ്ടുണ്ടായ ഒരു നേട്ടം കൂടിയാണിത്. പതിനൊന്ന് വാർഡുകൾ ഉൾക്കൊള്ളുന്ന കരീപ്ര പഞ്ചായത്ത് പാർപ്പിടരംഗത്ത് വൈവിദ്ധ്യമാർന്ന

നിലവാരം പുലർത്തുന്നു. പഞ്ചായത്തിലെ രണ്ടു വാർഡുകളിൽ താരതമ്യേന കോൺക്രീറ്റ് വീടുകൾ ഉൾക്കൊള്ളുമ്പോൾ മറ്റ് വാർഡുകളിൽ ബഹു ഭൂരിപക്ഷവും ഓടിട്ടതോ, ഓലമേഞ്ഞതോ ആണ്. കരീപ്ര പഞ്ചായത്തിനെ സബന്ധിച്ചിടത്തോളവും ഭൂരിപക്ഷം ജനങ്ങളും കാർഷിക രംഗത്തും കശുവണ്ടി മേഖലയിലും തൊഴിൽ ചെയ്യുന്നവരും ചെറുകിട കർഷകരുമാണ്. അതുകൊണ്ടു തന്നെ പഞ്ചായത്തിൽ കൂടുതലും ഓടിട്ട ഇടത്തര വീടുകളും കുടിലുകളുമാണ്. ഇതിന് അൽപം വ്യത്യസ്ഥത പുലർത്തുന്നത് വിദേശപണത്തിന്റെ സ്വാധീനമുള്ള തൃപ്പലഴികം, നെടുമൺകാവ് വാർഡുകളിലാണ്. പഞ്ചായത്തിലെ 7475 വീടുകളിൽ 1895 വീടുകൾ കോൺക്രീറ്റ് മേൽക്കുരയുള്ളതും, 3158 എണ്ണ ഓടിട്ട ഇടത്തരം വീടുകളും 2422 വീടുകൾ ഓലമേഞ്ഞവയുമാണ്. ഇതിൽ 917 വീടുകൾ മൊസൈക്, കടപ്പ, എന്നിവ കൊണ്ടും, 3833 വീടുകൾ സിമൻറ് കൊണ്ടും 2725 വീടുകൾ ചാണകം മെഴുകിയും തീർത്ത തറകളുള്ളവയാണ്. സർക്കാർ തലത്തിൽ അനുവദിക്കുന്ന വീടുകൾ നിർമ്മിക്കുന്നതോടൊപ്പം, കുളിമുറി, കക്കൂസ്, പുകയില്ലാത്തടുപ്പ്, വൈദ്യുതികരണം എന്നിവയ്ക്കുള്ള ധനസഹായം നൽകുന്നു. ഇത്തരത്തിലുള്ള വീടുകൾ നിർമ്മിക്കുമ്പോൾ ഇടത്തട്ടുകാരെ ഒഴിവാക്കി ഗുണഭോക്താവിനെ കൊണ്ടു തന്നെ പണിയുന്നതിന് പ്രത്യേകം ശ്രദ്ധചെലുത്തണം. ഭൂരഹിത ഭവന രഹിത കുടുബങ്ങളെ കണ്ടെത്തി അവരെ പുനരധിവസിപ്പിക്കുന്നതിന് ഭൂമിവാങ്ങി വീടുവച്ചു നൽകണം. പഞ്ചായത്തിൽ വാസയോഗ്യമല്ലാത്തതും, വീടില്ലാത്തതുമായി 2500 കുടുബങ്ങൾ ഉണ്ട്.

വീടുകളുടെ തരം തിരിച്ച് പട്ടിക വാർഡുതലത്തിൽ (പട്ടിക - 1)

അവലംബം 1996 ഡിസംബർ 8 വരെയുള്ള
പഞ്ചായത്ത് കെട്ടിട നികുതി അസസ്മെൻറ് രജിസ്റ്റർ

വാർഡ്	ടെറസ്സ്	ഓട്	ഓല
1	260	305	128
2	178	292	286
3	120	342	331
4	135	278	201
5	214	274	185
6	120	214	172
7	85	318	188
8	196	285	158
9	152	281	391
10	2352	288	251
11	103	281	131
ആകെ	1895	3158	2422

ഇന്ന് നേരിടുന്ന പ്രശ്നങ്ങൾ

അദ്ധ്വാനത്തിൽ നിന്നുള്ള മുഴുവൻ വരുമാനവും കൂടാതെ വൻതുകകൾ കടപ്പെടുത്തിയും വലിയ വീടുകൾ വയ്കുന്ന അനാരോഗ്യകരമായ പ്രവണത ചിലരിലെങ്കിലും കാണുമ്പോൾ, കിടപ്പാടം വയ്ക്കാൻ യാതൊരു മാർഗ്ഗവുമില്ലാത്തവരാണ് ബഹുഭൂരിപക്ഷവും.

പ്രശ്നങ്ങൾ

1. കെട്ടിടനിർമ്മാണതൊഴിലാളികളുടെ കുറവ് 2. കൂലിക്കൂടുതൽ 3. കെട്ടിടനിർമ്മാണ സാമഗ്രികളുടെ അമിതമായ വിലവർദ്ധന 4. നിലം നികത്തി കെട്ടിടം പണിയാനുള്ള പ്രവണത വർദ്ധിച്ചു വരുന്നത്. 5. ചിലവു

കുറഞ്ഞ ഭവന നിർമ്മാണത്തിന്റെ സാങ്കേതികതകളെപറ്റിയുള്ള അജ്ഞത 6. നിലവിലുള്ള ലക്ഷം വീടുകോളനികളുടെ ശോച്യാവസ്ഥ 7. കാലാകാലങ്ങളിൽ സാധനങ്ങൾക്കും കൂലിയ്ക്കും ഉണ്ടാകുന്ന വർദ്ധനവ് അനുസരിച്ച് ഭവനധനസഹായ പദ്ധതിയുടെ തുകയിൽ വർദ്ധനവ് ഉണ്ടാകുന്നില്ല.

വിവിധ ഭവന പദ്ധതികൾ (ഭവന ലഭ്യത)

അവലംബം (ബ്ളോക്ക്, പഞ്ചായത്ത് രജിസ്റ്റർ)

പദ്ധതികൾ

വർഷം	M.W.S.	I.AY.	J.R.Y. 20 %	Untied	JRY
1990-91	13	2	-	-	11
91-92	-	5	-	5	17
92-93	-	17	-	-	6
93-94	9	5	6	5	8
94-95	9	10	-	4	1
95-96	-	32	-	-	6
ആകെ	31	71	6	14	49

1995-96 ൽ പദ്ധതി ഐ.എ.വൈ പ്രകാരം അനുവദിച്ച വീടുകളിൽ 18 എണ്ണം പട്ടിക ജാതിയിൽപ്പെട്ടവർക്കും 14 എണ്ണം മറ്റുള്ളവർക്കും ലഭിക്കുകയുണ്ടായി. 1995 - 96 മുതലാണ് പട്ടിക ജാതിക്കാർക്കൊഴിച്ചുള്ളവർക്ക് ഐ.എ.വൈ സ്കീം അനുസരിച്ച് വീടു ലഭിച്ചുതുടങ്ങിയത്.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ ഭൂരഹിത ഭവനരഹിത വിഭാഗങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഭൂമിവാങ്ങി വീടുവച്ചും, ഭൂമി ഉള്ളവരിൽ വീടില്ലാത്തവർക്ക് വീടും നൽകണം. 2. പഞ്ചായത്ത് തലത്തിൽ ഭവനനിർമ്മാണ സഹകരണസംഘം രൂപീകരിക്കണം. എഞ്ചിനീയർ മുതൽ ലേബർവരെയുള്ളവരെ സംഘത്തിലൂടെ വിതരണം ചെയ്യണം 3. കെട്ടിട നിർമ്മാണ സാമഗ്രികൾ സർക്കാർ സഹകരണ ഏജൻസികളിലൂടെ നൽകാൻ സംവിധാനം ഏർപ്പെടുത്തണം. 4. കുടിലുകളുടെ സ്ഥാനത്ത് ഇടത്തരം വീടുകൾ വയ്ക്കുന്നതിന് അതാത് കുടിലുകളിൽ താമസിക്കുന്നവരിൽ നിന്നും ചെറുനിക്ഷേപങ്ങൾ സ്വീകരിച്ച് ആവശ്യമായ തുക ഒന്നായി നൽകുന്നതിനായി ബാംങ്കിഗ് പദ്ധതി ആവിഷ്ക്കരിക്കണം. വിവിധ ഏജൻസികളിൽ നിന്നും പ്രസ്തുത വിഭാഗക്കാർക്ക് സഹായധനം നൽകുകയും ചെയ്യണം. 5. സർക്കാർ നൽകുന്ന വിവിധ സാമ്പത്തിക പദ്ധതികളിലൂടെയും നിക്ഷേപ സമാഹരണത്തിലൂടെയും പാവപ്പെട്ടവർക്കു വീടു വച്ചു നൽകണം. 6. മൂന്നുലക്ഷം രൂപയിലധികം നിർമ്മാണചിലവ് വേണ്ടി വരുന്ന വീടുകൾക്ക്, നിർമ്മാണ ചെലവിന്റെ ഒരു ശതമാനം അധികനികുതി ഈടാക്കാൻ പഞ്ചായത്തിനെ അനുവദിക്കുകയും ആ തുക പ്രത്യേക അക്കൗണ്ടിൽ ഉൾപ്പെടുത്തി, ഭവനരഹിതർക്കും മറ്റും വീടിനുവേണ്ടിയുള്ള സാമ്പത്തിക സഹായം നൽകണം. 7. സന്നദ്ധ സംഘടനകളിലൂടെ സഹായം സമാഹരിച്ച് അവശ ജനവിഭാഗങ്ങൾക്ക് ഇടത്തരം വീടുകൾവയ്ക്കുന്നതിന് സഹായം നൽകണം. 8. രൂപീകരിക്കുന്ന ഭവന നിർമ്മാണ സഹകരണസംഘം വഴി അംഗങ്ങളുടെ വീടുനിർമ്മാണം പൂർത്തിയാക്കുന്നു എന്ന് ഉറപ്പുവരുത്തണം. 9. സർക്കാരിന്റെ വിവിധ സ്കീമുകളിലൂടെ നൽകുന്ന ഭവനനിർമ്മാണ സഹായത്തിന്റെ തോത് കാലാനുസൃതമായി വർദ്ധിപ്പിക്കണം. 10. സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക്, ഭൂമി വാങ്ങി നൽകുന്ന പദ്ധതിപ്രകാരം, അതതു വാർഡുകളിൽ ഭൂമി വാങ്ങി നൽകണം. സാമൂഹികവും തൊഴിൽപരവുമായ സൗകര്യം കൂടി കണക്കിലെടുത്ത്. 11. സാമ്പത്തിക

പിന്നോക്കാവസ്ഥയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ധനസഹായം നൽകണം. 12. കുഴിമതിക്കാട് ഹരിജൻ കോളനിക്ക് പടിഞ്ഞാറു ഭാഗത്ത് ഹൗസിംഗ് കോളനി സ്ഥാപിക്കാൻ സൗകര്യമുണ്ട്. 13. പാവപ്പെട്ടവരുടെ വൈദ്യുതീകരിക്കാത്ത വീടുകൾ എല്ലാം വൈദ്യുതീകരിക്കുന്നതിന് ധനസഹായം നൽകണം. 14. നിലവിലുള്ള എല്ലാ പട്ടികജാതി കോളനികളിലെ കുടുബങ്ങൾക്ക് വീടും, വൈദ്യുതിയും, വഴിയും, വെള്ളവും നൽകണം. 15. പുതിയ വീടുകൾ അനുവദിക്കുന്നതു വരെ ഓലകെട്ടിയ അർഹതയുള്ള എല്ലാ വീടുകൾക്കും കെട്ടിമേച്ചിൽ ഗ്രാൻറ് അനുവദിക്കണം. 16. സർക്കാർ തലത്തിൽ നൂറു ശതമാനം ഗ്രാന്റോടുകൂടി അനുവദിക്കുന്ന ഭൂമിയും വീടും കുറഞ്ഞത് 12 വർഷത്തേയ്ക്കെങ്കിലും അന്യർക്ക് വില്ക്കാൻ പാടില്ലാത്തതും അങ്ങനെ വിൽക്കേണ്ട പ്രത്യേക സാഹചര്യമുണ്ടായാൽ ആയതിന് പഞ്ചായത്ത് കമ്മിറ്റിയുടെ പ്രത്യേക അനുവാദം വാങ്ങേണ്ടതും, അതിന് വിപരീതമായി പ്രവർത്തിക്കുന്നവരുടെ പേരിൽ കർക്കശമായ നിയമ നടപടികൾ സ്വീകരിച്ച് അനുവദിച്ചു കൊടുത്ത തുക പലിശ സഹിതം ഈടാക്കേണ്ടതുമാണ്. കഴിഞ്ഞ ഗ്രാമസഭകളിൽ ഉയർന്നു വന്ന നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ, വരുന്ന അഞ്ചു വർഷക്കാലം കൊണ്ട് ഭവനരഹിതരായ ഒറ്റയാൾപോലും ഇല്ലാത്ത പഞ്ചായത്ത് എന്ന ലക്ഷ്യത്തിനായി നമുക്ക് കൂട്ടായി യത്നിക്കാം.

സാമൂഹ്യക്ഷേമം

സാമൂഹിക സേവനരംഗത്തെ രണ്ടുതരം പദ്ധതികളാണ് ഇന്ന് നടപ്പിലാക്കികൊണ്ടിരിക്കുന്നത്. തൊഴിലാളി കുടുംബങ്ങൾക്കു വേണ്ടി പൂർണ്ണമായ സഹായം നൽകുന്ന സർക്കാർ പദ്ധതികളും, തൊഴിലാളി മുതലാളി സഹായത്തോടെ നടപ്പിലാക്കുന്ന ക്ഷേമനിധി പദ്ധതികളുമാണ് അവ.

മുകളിൽ പറഞ്ഞ പദ്ധതികൾക്ക് പുറമേ പട്ടിക ജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി തൃശ്ശൂർ ആസ്ഥാനമാക്കി പട്ടികജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷനും, തിരുവനന്തപുരം ആസ്ഥാനമാക്കി വനിതാ വികസനകോർപ്പറേഷനും, പിന്നോക്കാവസ്ഥയിലുള്ള മറ്റു കുടുംബങ്ങളുടെ ഉദ്ധാരണത്തിനായി വിവിധ പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. എന്നാൽ ഇത്തരം പദ്ധതികളെക്കുറിച്ച് അർഹരായ ഉപഭോക്താക്കളുടെ അജ്ഞത പലപ്പോഴും ഇവ കരസ്ഥമാക്കുന്നതിന് അവരെ കഴിയാതെയാക്കുകയും തൽപരകക്ഷികൾ ഇവ ചൂഷണം ചെയ്യുകയും ചെയ്യുന്നു. പട്ടിക ജാതി പട്ടിക വർഗ്ഗകോർപ്പറേഷൻ മുഖാന്തിര മുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും, വനിതാ വികസനക്കോർപ്പറേഷന്റെ യാതൊരു ആനുകൂല്യങ്ങളും ആർക്കും ലഭിച്ചിട്ടില്ല. വി. ഇ. ഒ. മാർ വഴി പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ആവശ്യമായ നിർദ്ദേശങ്ങൾ സഹിതം താഴെ ചേർക്കുന്നു.

സർവ്വേ റിപ്പോർട്ട് അനുബന്ധം - 11

ഐ.ആർ. ഡി. പി. സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിവരം

വാർഡ് നമ്പർ	സർവ്വേപ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC / ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC / ST കുടുംബങ്ങൾ	സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
1	2	3	4	5	6	7
I	157	21	4	1	3	154
II	267	15	13	4	2	265
III	374	60	16	12	9	365
IV	166	34	18	9	7	159
V	111	13	5	3	2	108
VI	188	50	8	4	3	185
VII	267	51	14	9	8	259
VIII	225	28	5	3	3	222
IX	404	80	12	7	7	397
X	301	9	3	1	1	300
XI	148	20	8	3	4	145
ആകെ	2608	381	106	56	49	2559

അവലംബം - സർവ്വേപ്രകാരം കണ്ടെത്തിയ 2608 കുടുംബങ്ങളിൽ 381 കുടുംബങ്ങൾ പട്ടിക ജാതിയിൽപെട്ട വരാണ്. നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച 106 കുടുംബങ്ങളിൽ 56 കുടുംബങ്ങൾ പട്ടിക ജാതിക്കാരാണ്. സഹായംലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തിയവർ 49 ഉം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ 2559 ഉം ആണ്. വായ്പ അനുവദിക്കുന്ന കാര്യത്തിൽ ബാങ്കുകൾ ഗുണഭോക്താക്കളോട് നിസ്സഹകരണ മനോഭാവമാണ് കാട്ടുന്നത്. നിലവിലുള്ള നിയമം ഭേദഗതിചെയ്ത് ദാരിദ്ര്യരേഖയുടെ പരിധി ഉയർത്തണം.

കരീപ്ര പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളവും ദേശസാൽകൃത ബാങ്കുകളുടെ ശാഖകൾ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിനു പുറത്തു പ്രവർത്തിക്കുന്ന ദേശസാൽകൃത ബാങ്കുകളെയാണ് ഈ പദ്ധതികൾക്കായി ചുമതലപ്പെടുത്തിയിരിക്കുന്നത്. ബാങ്കുകൾ തുടങ്ങുന്നതിന് കൂടുതൽ സാദ്ധ്യതയുള്ള തൃപ്പിലഴികം, കുഴിമതിക്കാട്, നെടുമൺകാവ് വാർഡുകളിൽ ഒരു ദേശസാൽകൃത ബാങ്കിന്റെ ശാഖ പ്രവർത്തിക്കുന്നത് നല്ലതായിരിക്കും. കൂടാതെ സഹകരണ മേഖലയ്ക്ക് കൂടുതൽ ഫണ്ട് അനുവദിച്ചു കൊണ്ട് ജില്ലാ സഹകരണബാങ്കിന്റെ ഒരു ശാഖകൂടി തുടങ്ങി ആവശ്യക്കാർക്ക് പരമാവധി സഹായങ്ങൾ ചെയ്തു കൊടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം.

ഡി. ഡബ്യൂ. സി. ആർ. എ

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനുവേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് ഡി. ഡബ്യൂ. സി. ആർ. എ

പട്ടിക - 2

വർഷം	സ്കീമുകളുടെ എണ്ണം	വായ്പ രൂപ	സബ്സിഡി
1995-96	1	81, 000	38, 000

ഈ ഒരൊറ്റ സ്കീം പ്രകാരം ഒൻപത് സ്ത്രീകൾക്ക് ഇതിന്റെ ഗുണം ലഭിച്ചിട്ടുണ്ട്. ഗുണഭോക്താക്കളിൽ ഒരാൾക്ക് ഐ.ആർ.ഡി. പി. പദ്ധതി പ്രകാരം ധനസാഹം ലഭിച്ചതിനാൽ ടി ആളെ ഒഴിവാക്കിയിട്ടുണ്ട് (2-നാം വാർഡിലെ തുന്നൽ കേന്ദ്രം) കൂടാതെ പഞ്ചായത്തിലെ മറ്റ് എല്ലാ വാർഡുകളിലും ഒന്നോ അതിലധികമോ ഡി. ഡബ്യൂ. സി. ആർ. എ. യൂണിറ്റ് തുടങ്ങി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കേണ്ടത് ആണ്. ഈ പദ്ധതി പ്രകാരം അനുവദിക്കുന്ന തുന്നൽ കേന്ദ്രത്തിൽ കൂടി സ്കൂൾ അംഗൻവാടി തുടങ്ങിയ സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ആവശ്യമായ യൂണിഫോം തുന്നികൊടുത്താൽ യൂണിറ്റിനെ ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ സാധിക്കുകയും, അതുവഴി ഗുണഭോക്താക്കൾക്ക് വരുമാന മാർഗ്ഗം ഉണ്ടാകുന്നതുമാണ്. കൂടാതെ മറ്റ് കാര്യങ്ങൾക്ക് ആയി അനുവദിക്കുന്ന യൂണിറ്റുകളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പ്രത്യേകം വിപണികൾ കണ്ടെത്തണം.

ഈ പദ്ധതി പ്രകാരം കൂടുതൽ തുന്നൽ കേന്ദ്രങ്ങൾ അനുവദിച്ച് കൊടുക്കുകയാണെങ്കിൽ യൂണിഫോം നിർബന്ധമായിട്ടുള്ള പഞ്ചായത്തിലെ സ്കൂളുകളിലെ കുട്ടികൾക്ക് വസ്ത്രം തുന്നിക്കൊടുക്കുന്ന ജോലി ഈ സെൻററുകളെ ഏല്പിക്കാവുന്നതും, അതുമൂലം സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യതയും വരുമാനവും വർദ്ധിക്കുന്നതും ആണ്.

ട്രൈസം പദ്ധതികൾ

പതിനെട്ടു മുതൽ മുപ്പത്തഞ്ച് വരെയുള്ള പ്രായപരിധിയിൽ ഉൾപ്പെടുന്നവർക്ക് സ്വയം തൊഴിൽ പരിശീലനം നല്കുന്ന പദ്ധതിയാണ് ട്രൈസം. ഈ പദ്ധതിപ്രകാരം കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി പഞ്ചായത്തിൽ പതിനാറു പേർക്ക് സഹായം ലഭിച്ചിട്ടുണ്ട്.

പട്ടിക - 3

വാർഡ് നമ്പർ	പരിശീലന വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ട് എത്തിയവരുടെ എണ്ണം	ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ	അവശേഷിക്കുന്നവർ
I	പ്ലംബിംഗ്	2	2	-	-
	ആട്ടോ റിപ്പയർ	1	-	-	-
IV	പ്ലംബിംഗ്	2	-	1	1
	വെൽഡിംഗ്	1	-	1	-
	പ്രിൻറിംഗ്	2	-	1	1
V	സ്പ്രേപെയിൻറിംഗ്	1	-	1	-
	വീവിംഗ്	1	-	1	-
	ഇലക്ട്രീഷ്യൻ	1	-	1	-
VI	വയർമെൻ	1	1	-	-
VIII	ഹോംഅപ്ലയൻസ്	1	1	-	-
	ഒ. ലവൽ കംപ്യൂട്ടർ	1	-	-	1
	ഓർണമെൻറൽ ഗാർഡൻ മേക്കിംഗ്	2	-	-	-
	ആകെ	16	4	6	3

ഈ പദ്ധതി പ്രകാരം നാളിതുവരെ പരിശീലനം ലഭിച്ച പതിനാറ് പേരിൽ നാല് പേർ സ്വയം തൊഴിൽ കണ്ടെത്തിയിട്ടുണ്ട്. കൂടുതൽ ആൾക്കാരെ ഈ പദ്ധതിയിലേക്ക് ആകർഷിക്കേണ്ടിയിരിക്കുന്നു. ഇത്തരം പരിശീലനം ലഭിക്കുന്നവർക്ക് സ്റ്റൈഫൻറ് ലഭിക്കുന്നെങ്കിലും അത് തീരെ കുറവാണ്. സ്റ്റൈഫൻറ് കൂട്ടി കൊടുക്കണം. പരിശീലനം ലഭിക്കുന്നവർക്ക് തൊഴിൽ സാദ്ധ്യത കണ്ടെത്തുകയും, കൂടുതൽ ആളുകൾക്ക് പരിശീലനം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. കൂടുതൽ പരിശീലനം ലഭിക്കേണ്ടവരെ കണ്ടെത്താൻ യുവജന സംഘടനകളുടെ സഹായം ലഭ്യമാക്കണം. പരിശീലകരെ കണ്ടെത്തുന്നതിന് നിലവിലുള്ള ഉപാധികൾക്കും മാറ്റമുണ്ടാകേണ്ടതാണ്.

ടൂൾകിറ്റ്

ഗ്രാമീണ തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ്. ഈ പദ്ധതി പ്രകാരം പഞ്ചായത്തിൽ അഞ്ചുപേർക്ക് മാത്രമാണ് പ്രയോജനം ലഭിച്ചിട്ടുള്ളത്. ഈ പദ്ധതിയെക്കുറിച്ച് ഗ്രാമത്തിലെ ജനത പൂർണ്ണമായും അജ്ഞരാണ്.

Year	Nos	Grant
95-96	5	2500 / per head

സി. ആർ. എസ്. പി

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുന്നതിന് ധനസഹായം നല്കുന്ന പദ്ധതിയാണ് സി. ആർ. എസ്. പി. ഈ പദ്ധതി പ്രകാരം വളരെകുറച്ച് ആളുകൾക്ക് മാത്രമേ ഗുണം ലഭിച്ചിട്ടുള്ളൂ. പഞ്ചായത്തിലെ ആരോഗ്യ പരിപാലനത്തിന് ഏറ്റവും അത്യാന്താപേക്ഷിതുമായ ആയ ഈ പദ്ധതിക്ക് ഏകദേശം 1500 ൽ കൂടുതൽ ആവശ്യക്കാർ ഇനിയും അവശേഷിക്കുന്നു.

YEAR	CRSP LATRINE	CD LATRINE		JRY
93-94	11	6	90-91	25
94-95	15	5	94-95 Untied	5
95-96	15	Nil	95-96 Sep.	83
			94-95	13

വില്ലേജ് ആഫീസ് മുഖേനയുള്ള ക്ഷേമ പദ്ധതികൾ

സാമൂഹിക സേവന രംഗത്തെ റവന്യൂ വകുപ്പ് മുഖാന്തിരമുള്ള പദ്ധതിയാണ് ഇവ. ഇതിൽ പ്രധാനമായിട്ടുള്ളത് വിധവാ പെൻഷൻ, വികലാംഗപെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, അവശകലാകാര സാഹിത്യ പെൻഷൻ, ക്ഷയരോഗിപെൻഷൻ മുതലായവയാണ്. ഈ പെൻഷൻ തുക കാലാനുസൃതമായി വർദ്ധിപ്പിക്കണം.

വിധവാപെൻഷൻ

അർഹരായ മുഴുവൻ ആൾക്കാർക്കും ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. ഇത് ലഭിക്കുന്നതിന് ഉള്ള അശാസ്ത്രീയമായ നിബന്ധനകൾ മാറ്റേണ്ടതാണ്. വിധവാ പെൻഷന്റെ ആനുകൂല്യം ലഭിക്കുന്നവർ പഞ്ചായത്തിൽ 117 പേർ ആണ്. എന്നാൽ ഇനിയും അർഹരായവർക്ക് ഈ സഹായധനം ലഭിക്കേണ്ടിയിരിക്കുന്നു.

വികലാംഗ പെൻഷൻ

ഈപദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് നല്കുന്നതിന് നിലവിലുള്ള ബുദ്ധിമുട്ട് പരിഹരിക്കേണ്ടതുണ്ട്.

കർഷകതൊഴിലാളി പെൻഷൻ

60 വയസ് കഴിഞ്ഞ കർഷക തൊഴിലാളികൾക്കുള്ള പെൻഷൻ പദ്ധതിയാണ് ഇത്. ഇതിന്റെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നല്കുകയും അവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതും ആകുന്നു. പഞ്ചായത്തിൽ 100 പേർക്ക് ഈ പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്നു. അർഹരായവരുടെ എണ്ണം ഇതിന്റെ പതിൻമടങ്ങ് ആണ്.

വാർദ്ധക്യകാല പെൻഷൻ

പഞ്ചായത്തിൽ വാർദ്ധക്യം ബാധിച്ച് കഷ്ടത അനുഭവിക്കുന്ന ആളുകൾ ധാരാളം ഉണ്ട്. എങ്കിലും ഈ പദ്ധതിയുടെ ഗുണം എല്ലാവർക്കും കിട്ടുന്നില്ല. 41 പേർക്ക് മാത്രമേ ഈ പെൻഷൻ ലഭിക്കുന്നുള്ളൂ. നിലവിലുള്ള മാനദണ്ഡത്തിൽ മാറ്റം വരുത്തി അർഹതയുള്ള എല്ലാ ആൾക്കാരെയും ഈ പദ്ധതിയുടെ കീഴിൽ കൊണ്ട് വന്ന് ധനസഹായം നല്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണം. കൂടാതെ പഞ്ചായത്തിൽ വൃദ്ധ മന്ദിരങ്ങൾ സ്ഥാപിക്കുകയും ഇവരെ സംരക്ഷിയ്ക്കേണ്ടതുമാണ്.

അവശ കലാകാര - സാഹിത്യകാര പെൻഷൻ

അവശ കലാകാരൻമാർ ഈ പഞ്ചായത്തിൽ ധാരാളം ഉണ്ടെങ്കിലും രണ്ട് പേർക്ക് മാത്രമാണ് ഈ പദ്ധതിയുടെ ഗുണം ലഭിക്കുന്നത്. ശേഷിക്കുന്ന അർഹതയുള്ള ആൾക്കാരെ കണ്ടെത്തി അവർക്ക് പെൻഷൻ അനുവദിച്ച് കൊടുക്കണം.

ക്ഷയരോഗിപെൻഷൻ

ഈ രോഗത്തിന് വിധേയമായവരെ അടിയന്തിരമായി കണ്ടെത്തി വിദഗദ്ധ ചികിത്സ നല്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ എല്ലാ രോഗികൾക്കും ഈ പദ്ധതിയുടെ ഗുണം ലഭിക്കുന്നില്ല. കേവലം 17 പേർക്കാണ് പെൻഷൻ ലഭിക്കുന്നതാണ്. ഗുരുതരമായി രോഗം ബാധിച്ച എല്ലാ ആൾക്കാർക്കും പെൻഷൻ നല്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

തൊഴിലില്ലായ്മ വേതനം

ഈ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഇന്നുള്ള മാനദണ്ഡം കാലോചിതമല്ല. അനർഹരായ പലരും ഈ ആനുകൂല്യം നേടുമ്പോൾ അർഹരായവർക്ക് കിട്ടാതെയും വരുന്നു. തൊഴിൽ, വരുമാനം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് നല്കുന്നതിൽ ധാരാളം ക്രിത്രിമങ്ങൾ ഈ പദ്ധതിയിൽ നടക്കുന്നുണ്ട്. ഇത് അടിയന്തിരമായി പരിഹരിച്ച് അർഹരായവർക്ക് മാത്രം ഈ പദ്ധതിയുടെ ഗുണം ലഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണം. ഈ പദ്ധതി പ്രകാരം 260 പുരുഷൻന്മാരും, 457 സ്ത്രീകളും ഉൾപ്പെടെ പഞ്ചായത്തിൽ 717 പേർക്ക് ആനുകൂല്യം ലഭിക്കുന്നുണ്ട്. ഇവർക്ക് പ്രതിമാസം ആകെ 57360 രൂപയും ഒരു വർഷം 6, 88, 320 രൂപയും നല്കുന്നു.

അംഗൻവാടികൾ

ചെറു പ്രായത്തിൽ തന്നെ വിദ്യാഭ്യാസത്തിൽ ആഭിമുഖ്യം വളർത്താനും, അവരെ ശുചിത്വമുള്ള പരിസരവുമായി ഇണക്കാനും, ബുദ്ധിവികസനം ത്വരിതപ്പെടുത്തുവാനും ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയാണ് ഇത്. പോഷകാഹാരം നല്കുന്നതിനോട് ഒപ്പം മുലയൂട്ടുന്ന അമ്മമാരെ ആരോഗ്യ സംരക്ഷണരീതികൾ പരിശീലിപ്പിക്കുന്നതിനും, ഈ കേന്ദ്രങ്ങൾ ശ്രദ്ധിക്കുന്നുണ്ട്.

ഈ പഞ്ചായത്തിൽ 25 അംഗൻവാടികൾ അനുവദിച്ചിട്ടുണ്ടെങ്കിലും ഇപ്പോൾ 6 എണ്ണം മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. 19 എണ്ണത്തിന്റെ ആസ്ഥാനങ്ങൾ ഇതേവരെ തീരുമാനിച്ചിട്ടില്ല. അംഗൻവാടികളിൽ പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തത ജീവനക്കാരിലും കുട്ടികളിലും അസ്വസ്ഥതയുളവാക്കുന്നുണ്ട്. കളിപ്പാട്ടങ്ങൾ ഇതേവരെ വിതരണം ചെയ്തിട്ടില്ല. നിലവിലുള്ള 6 അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടെങ്കിലും ഇതേവരെ അറ്റകുറ്റപണികൾ നടന്നിട്ടില്ല. ഒരു അംഗൻവാടിയിൽ, ഹെൽപ്പർ, വർക്കർ എന്നീ രണ്ട് പേർ ജോലി നോക്കുന്നു. ഇവർക്ക് ജോലി ഭാരം വളരെ കൂടുതലാണെങ്കിലും സർക്കാർ ജീവനക്കാർക്ക് കിട്ടുന്ന ആനുകൂല്യങ്ങളെല്ലാം ലഭിക്കുന്നില്ല. ഇതിന് ഒക്കെ പരിഹാരമാർഗ്ഗമായി ചില നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും അംഗൻവാടികൾ അനുവദിക്കണം
2. സൗകര്യപ്രദമായ സ്ഥലത്ത് അംഗൻവാടികൾക്ക് സ്ഥിരം കെട്ടിടങ്ങൾ പണിയണം.
3. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തണം.
4. കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ നടത്തണം. ഫർണിച്ചർ, കളിക്കോപ്പുകൾ, പാത്രങ്ങൾ എന്നിവ വിതരണം ചെയ്യണം. ഡി. ഡ്ബ്യൂ. സി. ആർ. എ പദ്ധതിക്ക് വകകൊള്ളിച്ചിട്ടുള്ള തുകയുടെ ഒരു നിശ്ചിത ശതമാനം ഇതിന് വേണ്ടി ചെലവാക്കാവുന്നതാണ്.
5. കുട്ടികൾക്ക് യൂണിഫോം വിതരണം ചെയ്യണം, ഇരിപ്പിട സൗകര്യം ഉണ്ടാക്കണം.
6. കെട്ടിടം വൈദ്യുതീകരിക്കണം.
7. കുട്ടികൾക്ക് നല്കുന്ന ഭക്ഷണത്തിന്റെ തുക വർദ്ധിപ്പിക്കണം.

8. അംഗൻവാടികളുടെ പ്രാഥമിക സൗകര്യങ്ങളുടെ അഭാവം ഒഴിവാക്കണം.
9. ശുചിത്വം പാലിക്കാൻ കർശന നിർദ്ദേശങ്ങൾ കൊടുക്കണം.
10. മാസത്തിൽ ഒരിക്കൽ പഞ്ചായത്തിലെ ബന്ധപ്പെട്ട ഡോക്ടർമാരെ കൊണ്ട് കുട്ടികൾക്ക് മെഡിക്കൽ പരിശോധന നടത്തണം.
11. പായ്, തലയിണ, ബെഡ്ഷീറ്റ് മുതലായവ വിതരണം ചെയ്യണം
12. രക്ഷകർത്താക്കളുടെ യോഗം വിളിച്ച് അവരവരുടെ കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ ധരിപ്പിക്കണം. കൂടാതെ ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് അംഗൻ വാടികളുടെ പ്രവർത്തനം സുഗമമാക്കണം.
13. തുടർച്ചയായി വരാതിരിക്കുന്ന കുട്ടുകളുടെ വീടുകൾ സന്ദർശിച്ച് കുട്ടികളെ കൂട്ടികൊണ്ട് വരുവാൻ ജീവനക്കാർ താല്പര്യം എടുക്കണം.

ക്ഷേമനിധികളെ സംബന്ധിക്കുന്ന വിവരങ്ങൾ

കയർതൊഴിലാളി ക്ഷേമനിധി

ഈ പഞ്ചായത്തിൽ കയർ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ ഇല്ല.

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി

ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ ഈ പദ്ധതിയെക്കുറിച്ചുള്ള അജ്ഞതകാരണം എല്ലാവരും അംഗങ്ങളായിട്ടില്ല. എല്ലാ തൊഴിലാളികളെയും ഈ ക്ഷേമനിധിയിൽ അംഗങ്ങളാക്കുകയും ഇവരെ നഷ്ടപരിഹാര കരാറിൽ ഏർപ്പെടുത്തുകയും വണം. ഇവർ കഠിനാദ്ധ്വനികളാകയാൽ വളരെ വേഗം അനാരോഗ്യം ബാധിക്കുന്നവരുമാണ്. ഇവരുടെ പെൻഷൻ തുക വർദ്ധിപ്പിക്കണം. 142 തൊഴിലാളികൾ (138 + 4) ഈ മേഖലയിൽ പണി എടുക്കുന്നുണ്ട്.

ആഭരണ തൊഴിലാളിക്ഷേമനിധി

ഈ പഞ്ചായത്തിലെ ആഭരണതൊഴിലാളികളെയെല്ലാം ക്ഷേമനിധിയിൽ അംഗങ്ങളാക്കണം.

കൈത്തൊഴിലാളി - വിഗദ്ധത്തൊഴിലാളി ക്ഷേമനിധി

ഈ പദ്ധതിയിൽ പണിയെടുക്കുന്ന തൊഴിലാളികൾ എല്ലാവരും ക്ഷേമനിധി അംഗത്വം സ്വീകരിച്ചിട്ടില്ല. സന്നദ്ധ സംഘടനകൾ, മുഖേനയുള്ള ബോധവൽക്കരണം ഈ മേഖലയിൽ ആവശ്യമാണ്. കൂടാതെ ഇതിന് പഞ്ചായത്തു തലത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് ഈ ചുമതല ഏൽപ്പിക്കാവുന്നതാണ്.

തുന്നൽപ്പണിക്കാർ, ബാർബർമാർ, കൊല്ലന്മാർ, മരം അറപ്പുകാർ, മരംകയറ്റക്കാർ, ബീഡിത്തൊഴിലാളികൾ, വാച്ച്, സൈക്കിൾ റിപ്പയർമാർ, തേങ്ങാവെട്ടി ഉണക്കുന്നവർ, ഫോട്ടോ ഗ്രാഫർമാർ, മൺചട്ടി നിർമ്മിക്കുന്നവർ, കരിനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവർ, കിണർ കുഴിപ്പുകാർ, ചുടുകട്ട നിർമ്മാണത്തൊഴിലാളികൾ, ചുമട്ടുതൊഴിലാളികൾ തുടങ്ങിയവർ ഈ പദ്ധതിയിൻ കീഴിൽ വരുന്നതാണ്. മുകളിൽ പറഞ്ഞിരിക്കുന്ന തൊഴിലുകൾ എതെങ്കിലും ഈ പദ്ധതിയിൽ വരുന്നില്ലെന്നു കണ്ടാൽ അവ കൂടി ഈ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഈ പഞ്ചായത്തിൽ പാറപണിചെയ്യുന്നവർ 78 / (57 + 21) കുടിൽ വ്യവസായം നടത്തുന്നവർ 43 (28 + 15) മറ്റു തൊഴിൽശാലകളിൽ പോകുന്നവർ 873 (456 + 417) കച്ചവടം, വ്യവസായം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവർ 614 (570 + 44) മറ്റു സേവനതുറകളിൽ ഏർപ്പെട്ടിരിക്കുന്നവർ 1336 (840 + 496) ഭാഗിക തൊഴിലുള്ളവർ 2837 (1047 + 1790) ഉണ്ട്. കൂടാതെ തൊഴിൽ ഇല്ലാത്തവർ 17512 (6764 + 10748) പേരും ഉണ്ട്.

പൂകൃഷി

ഗ്രാമത്തിലെ തൊഴിലില്ലാത്ത വനിതകളുടെ ജീവിതനിലവാരം മെച്ചമാക്കുവാൻ പൂ കൃഷികൊണ്ട് സാധിക്കും. മറ്റു കൃഷികൾക്കെല്ലാം സർക്കാരിൽനിന്ന് വേണ്ടതിലധികം സഹായങ്ങൾ കർഷകർക്ക് ലഭി

ക്കുമ്പോൾ, പൂ കൃഷിക്കു വേണ്ടത്ര പ്രോൽസാഹനം ലഭിക്കുന്നില്ല. ഇന്ന് കേരളത്തിലെത്തുന്ന പുഷ്പങ്ങളുടെ 95 % തമിഴ്നാട്ടിൽ നിന്നാണ്. എന്നാൽ അൽപം അദ്ധ്വാനിക്കുവാൻ സന്മനസ്സ് ഉണ്ടായാൽ ഇവിടെത്തന്നെ നമുക്ക് ആവശ്യമായ പുഷ്പങ്ങൾ ഉൽപ്പാദിപ്പിക്കാൻ സാധിക്കും.

പൊതുവിതരണം

പഞ്ചായത്തിലാകെ 19 റേഷൻ ഷാപ്പുകൾ പ്രവർത്തിച്ചു വരുന്നു. ഇതിൽ 6166 കാർഡ് ഉടമകളും 25385 ഗുണഭോക്താക്കളുമുണ്ട്. ഈ ഡിപ്പോകൾ മുഖേന പ്രതിവർഷം 3287 കിൻറൽ അരിയും 4560 കിൻറൽ ഗോതമ്പും, 68 കിൻറൽ റവയും, 1596 കിൻറൽ മൈദയും, 1371 കിൻറൽ പഞ്ചസാരയും വിതരണം ചെയ്തു വരുന്നു. കൂടാതെ 236 മണ്ണെണ്ണ പെർമിറ്റുകൾ വഴി പ്രതിവർഷം 26488 ലിറ്റർ മണ്ണെണ്ണയും, കാർഡുകൾ വഴി 2, 27, 472 ലിറ്റർ മണ്ണെണ്ണയും വിതരണം ചെയ്തു വരുന്നുണ്ട്. പൊതുവിതരണ രംഗത്ത് പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകളോ, സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളോ നിലവില്ല. എന്നാൽ ഓണം മുതലായ വിശേഷ ദിവസങ്ങളിൽ സിവിൽ സപ്ലൈസിൽ നിന്നും കിട്ടുന്ന ഉല്പന്നങ്ങൾ കുഴിമതിക്കാട് വനിതാ സഹകരണസംഘം വഴിയും കരീപ്ര സർവ്വീസ് സഹകരണ ബാങ്ക് വഴിയും വിതരണം ചെയ്യുന്നുണ്ട്. പഞ്ചായത്തിൽ ഒരു മാവേലിസ്റ്റോറിൻെറ ആവശ്യം അത്യാന്താപേക്ഷിതമാണ്. അതുമൂലം വിലക്കയറ്റം പിടിച്ചു നിർത്താനും സാധാരണക്കാരന് ന്യായവിലയ്ക്കു സാധനങ്ങൾ നല്കുവാനും കഴിയും. കൂടാതെ സഹകരണ സംഘം വഴി ഓണം,. വിഷു, റംസാൻ, ക്രിസ്തുമസ്, തുടങ്ങിയ വിശേഷ ദിവസങ്ങളിൽ ചന്തകൾ നടത്തണം.

ഈ മേഖലയിൽ അടിക്കടി ഉണ്ടാകുന്ന ആവലാതികൾക്ക് പരിഹാരം കാണുവാൻ റേഷൻഷാപ്പുകളുടെ പൂർണ്ണമായ അധികാരം പഞ്ചായത്തിന് വിട്ടുകൊടുക്കണം. റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്തു തലത്തിൽ സ്വീകരിച്ച് അവയ്ക്കു പരിഹാരം കാണാൻ നടപടികൾ സ്വീകരിക്കണം. ഈ രംഗത്ത് ജനങ്ങളെ ബോധവൽക്കരിക്കാൻ പഞ്ചായത്തിൽ ഉപഭോക്തൃസംരക്ഷണ സമിതി രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്.

ധനസഹായങ്ങൾ

അത്യാവശ്യ സന്ദർഭങ്ങളിൽ ചികിത്സ, മരണാനന്തര ചടങ്ങുകൾ തുടങ്ങിയ ചിലവുകൾക്ക് പഞ്ചായത്തിലെ പാവപ്പെട്ടവർക്ക് ധനസഹായം നൽകണം. മിശ്ര വിവാഹം മൂലം ദുരിതമനുഭവിക്കുന്നവർക്ക്5000 രൂപ ധനസഹായമായി അനുവദിക്കണം. നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹ ആവശ്യങ്ങൾക്ക് പരമാവധി 10, 000 രുപ വീതം ധനസഹായം നൽകണം. യുവതികളിൽ സാമൂഹിക നേതൃത്വവും, സംഘടനാശക്തിയും വളർത്തുന്നതിന് മഹിളാ സമാജങ്ങൾ രൂപീകരിച്ച് പ്രവർത്തനം നടത്തുന്നതിന് ധനസഹായം നൽകുന്നു. പരമാവധി 5000 രൂപയാണ് ധനസഹായമായി നൽകുന്നത്. പരമ്പരാഗത തൊഴിൽ അഭ്യസിച്ചിട്ടുള്ളവർക്ക് അവരുടെ തൊഴിൽ തുടർന്നും നടത്തിക്കൊണ്ട് പോകുന്നതിനുള്ള ധനസഹായം നൽകണം.

ചില പ്രധാന വായ്പാ പദ്ധതികൾ

1. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് മാർജിൻ മണി സ്കീം
2. വിദേശ രാജ്യങ്ങളിൽ തൊഴിൽ സമ്പാദിക്കുന്നതിനുള്ള വായ്പ.
3. വിവിധ ഭവനിർമ്മാണ പദ്ധതികൾ
4. വാഹന വായ്പാ പദ്ധതികൾ ഓട്ടോറിക്ഷാ, ലോറി, ബസ്സ്, കാർ, ജീപ്പ്, ടെമ്പോ.
5. കൃഷിഭൂമിവാങ്ങുന്നതിന് വായ്പ
6. ദശീയ സാമൂഹ്യ സഹായ പദ്ധതി

പാവപ്പെട്ടവർക്ക് നിയമസഹായം

പാവപ്പെട്ടവർക്ക് നിയമസഹായവും ഉപദേശവും നൽകുന്നതിനും, അവരുടെ കേസുകൾ നടത്തുന്നതിനും 1978- മുതൽ ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്തിലെ ഏതെങ്കിലും മുൻസിഫ് കോടതിയിലോ മജിസ്ട്രേറ്റ് കോടയിതിയിലോ ജില്ലാ കോടതിയിലോ ലാൻഡ് ട്രൈബൂണിലോ നിലവിലുള്ള എല്ലാ കേസുകൾക്കും നടപടികൾക്കും പാവപ്പെട്ടവർക്ക് നിയമസഹായം നൽകുന്നതാണ്. കേരള സംസ്ഥാ

നത്ത് സ്ഥിരതാമസക്കാരും എല്ലാ മാർഗ്ഗങ്ങളിലും കൂടി ശരാശരി മാസവരുമാനം 400 രൂപയിൽ കവിയാത്തവ രുമായ പാവപ്പെട്ടവർക്ക് പ്രസ്തുത പദ്ധതി പ്രകാരമുള്ള സഹായത്തിന് അർഹതയുണ്ടായിരിക്കും. വരുമാനപ രിധിയ്ക്കുള്ളിലുള്ള പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്കും, പാപ്പർ വ്യവഹാരം, അപ്പീൽ എന്നിവ കൊടുത്ത വർക്കും സൗജന്യ നിയമസഹായത്തിന് അർഹതയുണ്ട്.

നിയമസഹായത്തിനു വേണ്ടിയുള്ള അപേക്ഷ ബന്ധപ്പെട്ട കോടതി സ്ഥിതി ചെയ്യുന്ന താലൂക്കിലെ തഹസീൽദാർക്ക് മാസവരുമാനം സംബന്ധിച്ച ഒരു സത്യവാങ്മൂലം സഹിതം സമർപ്പിക്കാവുന്നതാണ്.

നിയമസഹായത്തിനും അർഹരാണെന്നു തോന്നുന്നപക്ഷം ബന്ധപ്പെട്ട ഗവൺമെൻറ് പ്ലീഡറോട് അപേക്ഷകനുവേണ്ടി ഹാജരായി കേസു നടത്താനും നിയമോപദേശം നൽകാനും തഹസീൽദാർമാർ നിർദ്ദേ ശിക്കേണ്ടതുമാണ്. നിയമസഹായത്തിനു അപേക്ഷ ലഭിച്ച തീയതി മുതൽ 15 ദിവസത്തിനകം അപേക്ഷകന് മറുപടി തഹസീൽദാർ നൽകേണ്ടതാണ്.

ഇത്തരം കേസുകൾ ഇപ്പോൾ കൈകാര്യം ചെയ്യുന്നത് റവന്യൂവകുപ്പാണ്. കേസുകളുടെ സുഗമമായ നടത്തിപ്പിന് റവന്യൂവകുപ്പിൽ നിന്നും ഈ അധികാരം പഞ്ചായത്തിലേക്ക് മാറ്റിക്കിട്ടുന്നതിനു ആവശ്യമായ നടപടികൾ പഞ്ചായത്ത് അടിയന്തിരമായി സ്വീകരിക്കണം.

വാർഡ് തല ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള മറ്റ് ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. തൃപ്പിലഴികം ആൽത്തറമുക്കിലുള്ള പുറമ്പോക്ക് ഭൂമിയിൽ ഒരു ലൈബ്രറിയും റ്റി. വി. സെറ്റും സ്ഥാപിക്കണം. ആയതിന് ഇപ്പോൾ അടിത്തറ കെട്ടിയിട്ടുണ്ട്.
2. പഞ്ചായത്തിലെ കിണറുകളുടെ കഴുത്ത് കെട്ടുക മുതലായ അറ്റകുറ്റപണികൾ നടത്തണം.
3. നിലം നികത്തി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന പ്രവണത ഇല്ലാതാക്കണം.
4. ചൊവ്വള്ളൂർ ചുമട് താങ്ങി ജംഗ്ഷനിൽ സർക്കാർ വക ഒന്നര സെൻറ് സ്ഥലത്ത് പോസ്റ്റാഫീസിന് ഒരു കെട്ടിടം നിർമ്മിക്കണം.
5. പ്ലാക്കോട് വാർഡിൽ പഞ്ചായത്ത് വക ഒന്നര സെൻറ് സ്ഥലത്ത് ലൈബ്രറിയും റ്റി. വി. യും സ്ഥാപിക്കണം.
6. കല്ലാർ നല്ലൂർകോണം കോളനിയിൽ ഒരു ലൈബ്രറിയും റ്റി. വി. റേഡിയോ സെറ്റും സ്ഥാപിക്കണം.
7. പ്ലാക്കോട് വാർഡിൽ ആഴ്ച ചന്ത ആരംഭിച്ച് പഞ്ചായത്ത് ഏറ്റെടുക്കണം
8. എല്ലാ വാർഡുകളിലും മഹിളാ സമാജങ്ങൾ വേണം.
9. കരീപ്ര മാർക്കറ്റ് പ്രവൃത്തിക്കുന്ന സ്ഥലം സ്വാകാര്യ വ്യക്തിയുടെ പക്കൽ നിന്നും ഏറ്റെടുത്ത് പൊതുസ്വാത്താക്കണം.
10. ഇ. എസ്. ഐ. ആശുപത്രി ജംഗ്ഷനിൽ ഒരു വെയിറ്റിംഗ് ഷൈഡ് സ്ഥാപിക്കണം.
11. കൺസ്യൂമർ സ്റ്റോർ - മാവേലിസ്റ്റോർ എന്നിവ എല്ലാ വാർഡിലും സ്ഥാപിക്കണം.
12. നിലവിലുള്ള വായന ശാലകൾക്ക് സ്ഥിരം കെട്ടിടങ്ങൾ പണിയണം.
13. തളവുക്കോണം പാണൻ പറമ്പ് ഭാഗം കോളനി ആയി പ്രഖ്യാപിക്കണം.
14. വിവധ പെൻഷൻ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമസഭകളിൽ നിക്ഷിപ്തമാക്കണം.
15. സർക്കാർ അംഗീകാരം ലഭിക്കാത്ത പട്ടികജാതി സങ്കേതങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
16. ഇലയം കോളനിയിൽ ലൈബ്രറിയും, റ്റി. വി. സെറ്റും സ്ഥാപിക്കണം.
17. കരീപ്രയിൽ ഒരു പോസ്റ്റ് ആഫീസ് സ്ഥാപിക്കണം.
18. വഴിവിളക്കുകളുടെ എണ്ണം കൂട്ടുകയും എല്ലാം പ്രകാശിപ്പിക്കുവാൻ ശ്രദ്ധിക്കുകയും ചെയ്യണം.
19. പുളിമൂട് ഭാഗത്ത് വയലിൽ കൂടി വഴിവിളക്കു് വേണം.
20. മാവേലിക്കര കടവിൽ കുളിക്കടവ് നിർമ്മിക്കണം
21. ഇടക്കിടം വാർഡിൽ രണ്ടംഗനവാടികൾകൂടി അനുവദിക്കണം.

അംഗൻവാടികളുടെ വിവരങ്ങൾ

ക്രമ നമ്പർ	വാർഡ്	എണ്ണം	അംഗൻ വാടി നമ്പർ	കുട്ടികളുടെ എണ്ണം	കെട്ടിടം ഉള്ളത്	സ്ഥലം	സ്ഥലം	സ്ഥലം ഇല്ലാത്തത്	കളിപ്പാട്ടം ഉള്ളത്	കളിപ്പാട്ടം ഇല്ലാത്തത്	സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തത്
1	2	1	11	56	1	-	1	-	-	1	-
2	4	1	16	60	1	-	1	-	-	1	-
3	7	1	12	80	1	-	1	-	-	1	-
4	9	2	28	146	2	-	2	-	-	2	-
5	11	1	14	64	1	-	1	-	-	1	-
ആകെ		6		335	6	-	6	-	-	6	-

സംസ്കാരം

പ്രൗഢമായ ഒരു ചരിത്ര പശ്ചാത്തലത്തിന്റെ നിറവ് പഴയ തെക്കൻ തിരുവിതാംകൂറിലെ ഈ ഗ്രാമത്തിനില്ല : എങ്കിലും രാജഭരണവുമായി ചരിത്ര ബന്ധം കാണാം. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ഭരണകാലത്ത് വിവരശേഖരണത്തിനും പ്രമാണങ്ങൾ ചമയ്ക്കുന്നതിനും പനയോല ശേഖരിക്കാനുമായി പഴയ കന്യാകുമാരി ജില്ലയിൽ നിന്നു പനകയറുന്നതിൽ വൈദഗ്ദ്ധ്യം നേടിയ ഏതാനും കുടുംബങ്ങളെ ഇവിടെ കുടിപാർപ്പിച്ചിരുന്നു. പനകളുടെ കേന്ദ്രമായിരുന്ന ഈ ഗ്രാമത്തിന്റെ ഹൃദയഭാഗത്തിന് പനംതോപ്പ് എന്ന പേര് ഇന്നും നിലനില്ക്കുന്നു. നമ്മുടെ സാംസ്കാരിക ചരിത്രത്തിൽ ക്ഷേത്രങ്ങൾക്ക് വളരയെധികം സ്ഥാനമുണ്ടല്ലോ. 25 ൽപരം ക്ഷേത്രങ്ങൾ ഈ ഗ്രാമത്തിൽത്തന്നെയുണ്ട്. ഇവിടുത്തെ ബ്രാഹ്മണ മഠങ്ങളിലെ ആനകളെ ഉപയോഗിച്ച് ക്ഷേത്രങ്ങളിലെ ഉത്സവത്തോടനുബന്ധിച്ച് പറയിടീൽ ചടങ്ങ് നടത്തിയിരുന്നു. അങ്ങനെ കരിയും പറയും കൊണ്ട് പ്രസിദ്ധമായ ഈ ഗ്രാമം കരീപ്രയായി എന്ന ഐതിഹ്യം ഗ്രാമപ്പഴമയായി ഇന്നും പ്രചാരത്തിലുണ്ട്. കേരളത്തിന്റെ തനതു കലയായി ലോകമെങ്ങും അറിയപ്പെടുന്ന കഥകളിയുടെ ഉപജ്ഞാതാവായ കൊട്ടാരക്കര തമ്പുരാന്റെ മഹിമയുൾക്കൊണ്ട ഇളയിടത്തു സ്വരൂപത്തിൽപെട്ടിരുന്ന ഈ ഗ്രാമത്തിന് കഥകളി, ഓട്ടൻതുള്ളൽ, മുടിയാട്ടം, ശാസ്താംപാട്ട്, കാക്കാരിശ്ശി നാടകം, കഥാപ്രസംഗം, വിൽപാട്ട് തുടങ്ങിയ കലാരൂപങ്ങളിൽ അനുഗൃഹീത കലാകാരന്മാരെ സംഭാവന നൽകാൻ കഴിഞ്ഞിട്ടുണ്ട്. കരീപ്ര ശ്രീകൃഷ്ണവിലാസം കഥകളിയോഗം സ്ഥാപിച്ച പപ്പുപണിക്കർ, കൊച്ചുപിള്ളയാശാൻ, വേലുപ്പണിക്കർ, വാസുപിള്ളയാശാൻ തുടങ്ങിയവർ മൺമറഞ്ഞുപോയ കഥകളി പ്രതിഭകളായിരുന്നു. ഇന്നും ആ പാരമ്പര്യം ഈ നാട് കാത്ത് സൂക്ഷിക്കുന്നുണ്ട്. സർവ്വ ശ്രീ. രാമചന്ദ്രനുണ്ണിത്താൻ, പ്ലാക്കോട് ശശി, ചന്ദ്രൻ, പത്മനാഭൻ, കലാമണ്ഡലം കൊച്ചു കുട്ടൻ, വേണുകുമാർ, പ്ലാക്കോട് ദാമോദരൻപിള്ള, പ്രഭാകരൻ തുടങ്ങിയവർ കഥകളിലോകത്തെ ഇന്നത്തെ പ്രശസ്ത കലാകാരൻമാരാണ്. നാദസ്വരവിദ്വാൻ വാഴവിള കുഞ്ഞുപിള്ള ഭാഗവതർ, പാണൻപറമ്പ് സുകുമാരൻ ഭാഗവതർ തുടങ്ങിയവർ ഇന്നു നമുക്ക് മധുരസ്മരണകളാണ്. പ്രചാരം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പ്രാചീന കലകളിലൊന്നായ ഓട്ടൻതുള്ളലിലൂടെ നിരവധിപേരുടെ ഗുരുസ്ഥാനമാർജ്ജിച്ച ശ്രീ. ഗോപാലപിള്ള, മാധവൻപിള്ള തുടങ്ങിയവർ മൺമറഞ്ഞുപോയെങ്കിലും അവരുടെ ജീവിതകഥ ഈ ഗ്രാമസംസ്കൃതിയുടെ പരിവേഷമാണ്. സംഗീതലോകത്തെ നിറഞ്ഞുനിൽക്കുന്ന പ്രൊഫ. ഗോപാലകൃഷ്ണൻ, പ്രൊഫ. രാധാകൃഷ്ണൻ തുടങ്ങിയവർ ഈ ദേശത്തിന്റെ സഭാവനകളാണ്. കഥാപ്രസംഗ ലോകത്ത് ഏറെ ശ്രദ്ധേയനായ ശ്രീ. കടയ്ക്കോട് വിശ്വംഭരൻ ഈ ഗ്രാമത്തിന്റെ സൃഷ്ടിയാണ്. പരേതരായ മടന്തകോട് എൻ. സി. പിള്ള, വാക്കനാട് പി. വി. ദേവ് എന്നിവർ കഥാപ്രസംഗലോകത്ത് അറിയപ്പെട്ടിരുന്നവരായിരുന്നു. ശ്രീ. വാക്കനാട് നാഗപ്പൻ, വാക്കനാട് തുളസി, കുഴിമതിക്കാട് എം. എ. ഓമന എന്നിവർ കഥാപ്രസംഗരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ചവരാണ്. 1960 കളിൽ മലയാള കവിതയിൽ ശ്രദ്ധേയനായിത്തീർന്ന അന്തരിച്ച കരീപ്ര വിക്രമൻനായർ ഈ ഗ്രാമത്തിന്റെ മാണിക്യമുത്തായിരുന്നു. കലാരംഗത്തും, രാഷ്ട്രീയരംഗത്തും ശ്രദ്ധേയനായ കൊട്ടറ ഗോപാലകൃഷ്ണൻ, പ്രശസ്ത സ്റ്റേജ് നടൻ എം. എസ്. രവി, വിൽപ്പാട്ട് വിദഗ്ദ്ധൻ കരീപ്ര കരുണാകരൻ പിള്ള തുടങ്ങിയവരെയും ഈ സന്ദർഭത്തിൽ സ്മരിക്കുന്നു. പാശ്ചാത്യകലകളോടുള്ള അതിരുകവിഞ്ഞ ആവേശം നാടൻ കലാരൂപങ്ങളുടെ പ്രചാരത്തിനും പുരോഗതിക്കും തടസ്സമായി. ഈ ഗ്രാമത്തിന്റെ സംസ്കൃതിയെ പൂർണമായും ഉൾക്കൊണ്ട സീതകളി, തലയാട്ടംകളി, കമ്പടികളി, തുടങ്ങിയ നാടൻ കലാരൂപങ്ങളും, കൊടിയിറങ്ങിയതിനുശേഷവും ഉൽസവം നടത്തുന്ന തിരുവിതാകൂറിലെ ഏക ക്ഷേത്രമായ നെടുമൺകാവ് ശ്രീ. ശാസ്താക്ഷേത്രവുമായി ബന്ധപ്പെട്ട് നടത്തിയിരുന്ന

അതിപുരാതനമായിരുന്ന പടയണിയും പുതിയതലമുറയ്ക്ക് കേട്ടുകേൾവി മാത്രമായി. ശാസ്താംപാട്ട്, വിൽപ്പാട്ട് തുടങ്ങിയ സംഗീതകലകളും ഇന്ന് വെറും ഓർമ്മകൾ മാത്രമായി അവശേഷിക്കുന്നു. ഒരു മനുഷ്യന്റെ പ്രവർത്തനമേഖലയുടെ വിവിധ തലങ്ങൾ സംസ്കാരരൂപീകരണത്തിൽ വലിയ പങ്ക് വഹിക്കുന്നു. ഇന്ന് നാം തിരിഞ്ഞു നോക്കുമ്പോൾ വിവിധങ്ങളായ സ്രോതസ്സുകൾ ഈ ഗ്രാമത്തിന്റെ സാസ്കാരിക അഭിവൃദ്ധിയെ എങ്ങനെ പരിപോഷിപ്പിച്ചു എന്ന് കണ്ടെത്താനാകും. അവയിൽ പ്രഥമ സ്ഥാനം വിദ്യാഭ്യാസത്തിനു തന്നെയാണ്. ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഈ ഗ്രാമത്തിൽ നടക്കുന്നുണ്ട്. അറിവിന്റെ ആദ്യാക്ഷരങ്ങൾ പകർന്നു തന്നിരുന്ന കുടിപ്പള്ളികൂടങ്ങൾ ഇന്ന് മൺമറഞ്ഞു പോയെങ്കിലും ഈ ഗ്രാമത്തിന്റെ സാമൂഹിക പരിവർത്തനത്തിൽ അതുല്യമായ സ്ഥാനം ഈ സ്ഥാപനങ്ങൾക്കുണ്ട്. നെഴ്സറി തലം മുതൽ ഹയർസെക്കൻററി തലം വരെയുള്ള വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്ന 39 ൽപരം ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഗ്രാമത്തിൽ നിലവിലുണ്ട്. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് രൂപ കൊണ്ട ഗ്രന്ഥശാലകൾക്കും വായനശാലകൾക്കും നമ്മുടെ സംസ്കാരവുമായി അഭേദ്യമായ ബന്ധമുണ്ട്. കൊട്ടാരക്കര താലൂക്കിൽ ആദ്യംരൂപം കൊണ്ട രണ്ടാമത്തെ വായനശാല ഈ ഗ്രാമത്തിന് അവകാശപ്പെട്ടതാണ്. 1935 ൽ ഇടയ്ക്കിടത്ത് പാലക്കുന്നിൽ ശ്രീ രാമന്റെ നേതൃത്വത്തിൽ സ്ഥാപിച്ച് വിജ്ഞാനോദയ വായനശാലയാണ് ഈ ഗ്രാമത്തിലെ ആദ്യത്തെ വായനശാല. ഈ സ്ഥാപനത്തിന് ആദ്യകാലങ്ങളിൽ ഉണ്ടായിരുന്ന സ്വകാര്യസ്വഭാവം ഇന്ന് പൂർണ്ണമായും മാറിക്കഴിഞ്ഞു. സാസ്കാരിക നവോത്ഥാനത്തിന്റെ ഭാഗമായി അരനൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ ഈ ഗ്രാമത്തിന്റെ പല ഭാഗങ്ങളിലും ഗ്രന്ഥശാലകളും വായനശാലകളും രൂപം കൊണ്ടെങ്കിലും അവയിൽ പലതിന്റേയും ഇന്നത്തെ പ്രവർത്തനങ്ങളും, അവസ്ഥയും ശൈലിയും ഒന്നു പരിശോധിച്ചാൽ നമ്മുടെ സാസ്കാരിക ജീർണ്ണത എവിടെ എത്തിനില്ക്കുന്നു എന്ന് മനസ്സിലാക്കാൻ കഴിയും. ഇവയുടെ ശോചനീയാവസ്ഥയുടെ കാരണങ്ങൾ ഗ്രാമസഭാറിപ്പോർട്ടുകളിൽ കാണാൻ കഴിയും. ഗ്രന്ഥശാലാ പ്രസ്ഥാനങ്ങളുടെ ആവേകരമായ പ്രവർത്തനങ്ങൾ നടന്ന ആദ്യകാല ഘട്ടങ്ങളിൽ തികച്ചും ജനകീയ മുന്നേറ്റത്തിലൂടെ സ്ഥാപിച്ച വാക്കനാട് സുജനപ്രിയ വായനശാലയാണ് ഈ ഗ്രാമത്തിലെ രണ്ടാമത്തെ വായനശാല. പഞ്ചായത്തു പ്രസിഡൻറായിരുന്ന ശ്രീ. കെ. കുഞ്ഞുരാമൻ പിള്ളയുടെ നേതൃത്വത്തിൽ 1943-ൽ സ്ഥാപിച്ച ഈ വായനശാലയ്ക്ക് സ്വന്തമായി കെട്ടിടം ഉണ്ടെങ്കിലും ഇപ്പോഴത്തെ പ്രവർത്തനം തൃപ്തികരമല്ല. കുടിയ്ക്കോട് ഗാന്ധിസ്മാരക വായനശാലയും,. കുഴിമതിക്കാട് ദേശ സേവിനി ഗ്രന്ഥശാലയും ഇന്ന് പ്രവർത്തന രഹിതമാണ്. ആദ്യകാലങ്ങളിൽ ഈ വായനശാലകളുമായി ബന്ധപ്പെട്ട് ചർച്ചാക്ലാസ്സുകളും, സെമിനാറുകളും, വയോജന വിദ്യാഭ്യാസ ക്ലാസ്സുകളുമൊക്കെ നടത്തിയിരുന്നു. 1946- ൽ കരീപ്രയിൽ സ്ഥാപിച്ച നേതാജീ യുവജന സംഘം ആൻറ് വായനശാലയും, 1949 - ൽ മടന്തക്കോട് സ്ഥാപിച്ച വിജ്ഞാനപോഷിണി ഗ്രന്ഥശാലയും സ്വന്തമായി കെട്ടിടം നിർമ്മിച്ച്, പരിമിതികളെ അതിജീവിച്ച് ഇപ്പോഴും പ്രവർത്തിക്കുന്നു. 1962 - ൽ നെല്ലിമുക്കിൽ സ്ഥാപിച്ച സ്വാതന്ത്ര്യസമര സ്മാരക വായനശാലയും നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. സ്വന്തമായി ഒരു പഴയ കെട്ടിടമാണ് ഉള്ളത്. മാഗസിൻ ക്ലബ്ബ്, മ്യൂസിക് ക്ലബ്ബ്, ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, ജനവിദ്യാകേന്ദ്രം തുടങ്ങിയ അനുബന്ധ കേന്ദ്രങ്ങളും ഇവിടെ വിജയകരമായി പ്രവർത്തിക്കുന്നു. ഈ ഗ്രാമത്തിലെ പ്ലാക്കോട്, നെടുമൺകാവ് വാർഡുകളിൽ ഇപ്പോഴും വായനശാലയോ ഗ്രന്ഥശാലയോ ഇല്ല. തൃപ്പിലഴികം, കടയ്ക്കോട് തുടങ്ങിയ സ്ഥലങ്ങളിലും സ്വന്തമായ സ്ഥലത്തോടുകൂടി വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകൾ ഉണ്ട്. കൂടുതൽ വിവരങ്ങൾ പട്ടിക - 1ൽ സൂചിപ്പിക്കുന്നു. ഗ്രന്ഥശാലകളും വായനശാലകളുംപോലെ സാസ്കാരിക നവോത്ഥാനത്തിന് വഴി ഒരുക്കിയ പ്രസ്ഥാനങ്ങളാണ്, ഈ നാട്ടിലെ കായിക - കലാ സമിതികളും വനിതാ സമാജങ്ങളും. നിരവധി കലാ സമിതികൾ രൂപം കൊള്ളുകയും അകാലമൃത്യു വരിക്കുകയും ചെയ്തിട്ടുള്ള ഈ ഗ്രാമത്തിൽ അസൂയാവഹമായ പ്രവർത്തനങ്ങൾ നടത്തുന്ന പല സമിതികളും ഇന്ന് പ്രവർത്തിക്കുന്നുണ്ട്. പുതുതായി രൂപം കൊണ്ടവയടക്ക 32 സംഘടനകൾ ഈ ഗ്രാമത്തിന്റെ സാസ്കാരിക പ്രവർത്തനങ്ങളെ പരിപോഷിപ്പിക്കുന്നു. സ്വന്തമായി സ്ഥലം ഉള്ള മടന്തകോട് യുവധാരാ സാസ്കാരിക സമിതിയുടെ മേൽനോട്ടത്തിൽ ഒരു അമച്വർ നാടകസമിതി പ്രവർത്തിക്കുന്നുണ്ട്. നാടകമെന്ന മാധ്യമത്തെ ഗൗരവമായി വീക്ഷിക്കുന്ന ഒരു സംഘം ചെറുപ്പക്കാർ നേതൃത്വം കൊടുത്തിരുന്ന കുഴിമതിക്കാട് ചേതനാ കലാ സാസ്കാരിക സമിതി, കരീപ്രയിലെ സെഞ്ചറി സാംസ്കാരിക സമിതി, ഭഗത്സിങ്ങ് ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, നെടുമൺകാവിലെ ആദർശ് സാസ്കാരിക സമിതി, നെല്ലിമുക്കിലെ ഹശ്മി സാസ്കാരിക സമിതി എന്നിവ വളരെ പ്രസിദ്ധമായ നിലയിൽ പ്രവർത്തിച്ചിരുന്ന കലാസമിതികളായിരുന്നു. ഇന്ന് ഇവയിൽ മിക്കതിന്റേയും പ്രവർത്തനം മന്ദഗതിയിലാണ്. ഇലയം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ജനതാ തീയറ്റേഴ്സ് പഞ്ചായത്തിന്റെ സഹായത്തോടുകൂടി കെട്ടിടം നിർമ്മിച്ച് പ്രവർത്തിക്കുന്ന

ഒരു സാംസ്കാരിക സ്ഥാപനമാണ്. 1983 ൽ പ്രവർത്തനം ആരംഭിച്ച നെടുമൺകാവിലെ ആദർശ് ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് വളരെ കൂടുതൽ കാലം നാടകോത്സവങ്ങളും മറ്റും സംഘടിപ്പിച്ച് ഈ ഗ്രാമത്തിൽ വളരെ ശ്രദ്ധേയമായ രീതിയിൽ പ്രവർത്തനം നടത്തിയിരുന്നെങ്കിലും ഇന്ന് അതും നിശ്ചലാവസ്ഥയിലാണ്. ഇടയ്ക്കിടം ആശാൻ മെമ്മോറിയൽ ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് സ്വന്തമായി കെട്ടിടം നിർമ്മിച്ച് ഇപ്പോഴും പ്രവർത്തിക്കുന്നു. ഇപ്പോൾ രജതജൂബിലി ആഘോഷിക്കുന്ന തളവുക്കോണം സി. എം. എ പോലുള്ള സ്ഥാപനങ്ങളും ഈ നാട്ടിൽ പ്രവർത്തിക്കുന്നുണ്ട് എന്നത് അഭിമാനകരമാണ്. കുഴിമതിക്കാട് കേന്ദ്രമായി രണ്ട് ഫൈൻ ആർട്സ് സൊസൈറ്റികൾ വളരെ നല്ല രീതിയിൽ പ്രവർത്തനം നടത്തുന്നുണ്ട്. ഗ്രാമീണരുടെ കലാസ്വാദന താല്പര്യത്തെ പോഷിപ്പിക്കുവാനുള്ള ശ്രമങ്ങൾ ഈ സൊസൈറ്റികൾ നടത്തിക്കൊണ്ടിരിക്കുന്നു. കുഴമതിക്കാട്ട് തനിമ ആഡിറ്റോറിയം പഞ്ചായത്തിലെ സാസ്കാരിക പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടിയിട്ടുണ്ട്. കുഴിപ്രയിലുള്ള എം. എൻ സാസ്കാരിക നിലയം പഞ്ചായത്തിൻെറ ചുമതലയിൽ പ്രവർത്തിക്കുന്നു. ഇതിനോടനുബന്ധിച്ച് ഗ്രന്ഥശാലയും വായനശാലയും പ്രവർത്തിക്കുന്നുണ്ട്. സ്വന്തമായി കെട്ടിടം ഇല്ലാത്ത വളരെ അധികം സാംസ്കാരിക സ്ഥാപനങ്ങൾ ഈ ഗ്രാമത്തിൽ ഉണ്ട്. മടന്തകോട് യുവധാരാ, ഇടയ്ക്കിടം കലാലയാ, അനശ്വര, ഹാശ്മി, ശക്തിആർട്സ്, ദേശാഭിമാനി ആർടട്സ് ആൻറ് സ്പോർട്ട്സ് തുടങ്ങിയവ അവയിൽ ചിലത് മാത്രമാണ്. സിനിമ എന്ന മാധ്യമത്തിന് സാസ്കാരിക മണ്ഡലത്തിൽ അതുല്യമായ സ്വാധീനം ചെലുത്താൻ കഴിയുന്നുണ്ട്. സിനിമ സാമൂഹ്യപുരോഗതിക്ക് എന്ന ലക്ഷ്യത്തോടു കൂടി ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റിയുടെ അംഗീകാരത്തിൽ പ്രവർത്തിക്കുന്ന കൊല്ലം ജില്ലയിലെ രണ്ട് ഫിലിം സൊസൈറ്റികളിൽ ഒന്ന് നമ്മുടെ ഗ്രാമത്തിൽ വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. സ്വന്തമായി സ്ഥലവും പ്രൊജക്റ്ററും ഉള്ള, മടന്തകോട് കേന്ദ്രമായി പ്രവർത്തിക്കുന്ന തക്ഷശില ഫിലിം സൊസൈറ്റിയുടെ ആവിർഭാവം ഈ ഗ്രാമത്തിൻെറ സാംസ്കാരിക പ്രവർത്തനത്തിന് പുതിയ ഒരു മാനം കണ്ടെത്തിയിരിക്കുകയാണ്. ശാസ്ത്രവും സാഹിത്യവും സംസ്കാരത്തിൻെറ പ്രധാനഘടകങ്ങളാണ് എന്നുള്ളതിൻെറ തെളിവാണല്ലോ ശാസ്ത്ര സാഹിത്യപരിഷത്തിനെപോലുള്ള സംഘടനകളുടെ വളർച്ച. മനുഷ്യൻെറ വിവിധപ്രവർത്തനമേഖലകളിൽ ശാസ്ത്രത്തിനും സാഹിത്യത്തിനും എങ്ങനെ കടന്നു ചെല്ലാൻ കഴിയും എന്നുള്ളതിൻെറ തെളിവാണ് ശാസ്ത്രസാഹിത്യപരിഷത്തിൻെറ യൂണിറ്റുകൾ ഈ ഗ്രാമത്തിൻെറ മിക്ക ഭാഗങ്ങളിലും വളരെ ക്രിയാത്മകമായി പ്രവർത്തിക്കുന്നുണ്ട്. ഈ ഗ്രാമത്തിലെ ഭൂരിഭാഗം ജനങ്ങളും ഹൈന്ദവരാണെങ്കിലും ക്രൈസ്തവരും മുസ്ലീങ്ങളും നല്ലൊരു ശതമാനമുണ്ട്. എല്ലാ മതവിഭാഗങ്ങളിലുപെടുന്ന ജനങ്ങൾ ഇടകലർന്നു ജീവിക്കുന്നതിനാൽ ഒരു വർഗ്ഗീയ സംഘട്ടനവും ഈ ഗ്രാമത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല. സാമുദായിക സൗഹൃദം പൂർണ്ണമായും നിലനിൽക്കുന്ന ഈ ഗ്രാമം ഇന്നും അതിൽ അഭിമാനം കൊള്ളുന്നു. ശക്തമായ അടിത്തറ ഉള്ള പല രാഷ്ട്രീയ പാർട്ടികളും ഈ ഗ്രാമത്തിൽ ഉണ്ട്. വലുതും ചെറുതുമായ 10 ഓളം രാഷ്ട്രീയ പാർട്ടികൾ ഈ ഗ്രാമത്തിൽ പ്രവർത്തിക്കുന്നു. ഇവയുടെ യുവജനവിഭാഗങ്ങളും നിലവിലുണ്ട്.

പൊതുപ്രശ്നങ്ങളും നിർദ്ദേശങ്ങളും

പ്രശ്നങ്ങൾ

പ്ലാക്കോട്, നെടുമൺകാവ് വാർഡുകളിൽ ഗ്രന്ഥശാലകളോ വായനശാലകളോ ഇല്ല.

രണ്ടാംഘട്ട സക്ഷരതാ പ്രവർത്തനം നിർജ്ജീവാവസ്ഥയിലാണ്. നവ സാക്ഷരതർക്കായി പ്രവർത്തിക്കുന്ന ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തനരഹിതമാണ്.

ഇന്ന് ലോവർ പ്രൈമറി വിദ്യാലയങ്ങളിൽ പാഠ്യേതര ഗ്രന്ഥശേഖരങ്ങൾ ഇല്ല. പാഠ്യേതര വായനയ്ക്ക് വേണ്ടത്ര പ്രോത്സാഹനമില്ല.

കലാസാഹിത്യാഭിരുചിയുള്ള വിദ്യാർത്ഥികൾക്ക് അവരുടെ സർഗ്ഗഭാവന വളർത്തുന്നതിനാവശ്യമായ സാഹചര്യങ്ങൾ ഇല്ല.

പഞ്ചായത്തിലെ സാസ്കാരിക പ്രവർത്തനങ്ങൾക്ക് ഏകീകൃത സ്വഭാവം ഇല്ല.

വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും കോ-ഓർഡിനേഷൻ കമ്മിറ്റി ഇല്ല.

സ്ത്രീകൾ സാംസ്കാരിക പ്രവർത്തനരംഗത്ത് വളരെ പിന്നിൽ നിൽക്കുന്നു.

നാടൻ സംഘങ്ങളുടെയും കഥകളി യോഗങ്ങളുടെയും നിർജ്ജീവാവസ്ഥ ഈ രംഗത്തെ ഒരു പ്രധാന പ്രശ്നമാണ്.

പരമ്പരാഗത കലകളായ പടയണി, കമ്പടികളി, വിൽപ്പാട്ട് തുടങ്ങിയ കലാരൂപങ്ങൾക്ക് പ്രോത്സാഹനം നൽകാത്തതിനാൽ നാശോന്മുഖമായിരിക്കുന്നു.

സാസ്കാരിക പ്രവർത്തനങ്ങൾ വാർഡുതലങ്ങളിൽ സംഘടിപ്പിക്കുന്നതിനുള്ള അസൗകര്യങ്ങൾ

നിർദ്ദേശങ്ങൾ

വായനശാലകളോ ഗ്രന്ഥശാലകളോ ഇല്ലാത്ത വാർഡുകളിൽ അവ സ്ഥാപിക്കുകയും ഗ്രന്ഥ പാരായണോത്സുകതയുടെ പരിപോഷണത്തിനും സാഹിത്യ പുരോഗതിക്കും നിലവിലുള്ള ഗ്രന്ഥശാനകളുടേയും വായനശാലകളുടേയും സെക്രട്ടറിമാരേയും ജനപ്രതിനിധികളേയും ഉൾപ്പെടുത്തി ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ച് ഇവയുടെ ഓരോ മാസത്തേയും പ്രവർത്തനങ്ങൾ വിലയിരുത്തി പ്രോത്സാഹന നൽകുകയും വേണം.

പഞ്ചായത്തിലെ എല്ലാ സാംസ്കാരിക സമിതികളേയും അഫിലിയേറ്റ് ചെയ്തുകൊണ്ട് പഞ്ചായത്ത് വികസന സമിതിയുടെ നേതൃത്വത്തിൽ ഒരു കലാ സാംസ്കാരിക സമിതി രൂപീകരിക്കുകയും ഓരോ സമിതികളുടെയും പ്രവർത്തനം വിലയിരുത്തി വേണ്ട നിർദ്ദേശങ്ങളും പ്രോത്സാഹനവും നൽകുകയും വേണം. സാമൂഹികമുന്നേറ്റം ലക്ഷ്യമാക്കി ചലനാത്മകവും ലക്ഷ്യാധിഷ്ഠിതവുമായ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഗുണപരമായ നേതൃത്വം നൽകുക എന്നതായിരിക്കണം ഇതിന്റെ ലക്ഷ്യം.

എല്ലാ ക്ലബ്ബുകളിലും വായനശാലകളിലും പത്രമാസികകൾ നിർബന്ധമായും വരുത്തണം. യുവാക്കളുടെ സർഗ്ഗസൃഷ്ടിയെ പ്രോത്സാഹിപ്പിക്കുവാൻ ഓരോ കയ്യെഴുത്തുമാസികയും തുടങ്ങുക.

സ്വന്തമായി വസ്തു ഉള്ള എല്ലാ സാസ്കാരിക സ്ഥാപനങ്ങൾക്കും കെട്ടിടം നിർമ്മിക്കാൻ സഹായം നൽകണം.

സംഗീതത്തിനും വാദ്യോപകരണങ്ങൾക്കു പരിശീലനം നൽകുന്നതിന് ഒരു സംഗീത വിദ്യാപീഠം സ്ഥാപിക്കുകയും, പഞ്ചായത്തിലെ വിദഗ്ദ്ധരായ കലാകാരന്മാരുടെ സേവനം ഇതിനായി പ്രയോജന പ്പെടുത്തുകയും വേണം.

വനിതകളുടെയും ദുർബല വിഭാഗങ്ങളുടെയും സാമൂഹിക പുരോഗതി ഉറപ്പു വരുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് രൂപ നൽകണം.

പഞ്ചായത്തു തലത്തിൽ കലാ സാഹിത്യ മത്സരങ്ങൾ സംഘടിപ്പിച്ച് യുവജനങ്ങളുടെ സർഗ്ഗവാസനയെ പ്രോത്സാഹിപ്പിക്കുകയും, കേരളോത്സവം, ഓണാഘോഷം തുടങ്ങിയ പരിപാടികൾ ജന പങ്കാളിത്തത്തോടും അർഹമായ പ്രാധാന്യത്തോടുംകൂടി നടത്തുകയും വേണം.

FFSI. യോട് അഫിലിയേറ്റ് ചെയ്ത് മടന്തകോട് കേന്ദ്രമായി പ്രവർത്തിക്കുന്ന തക്ഷശിലാ ഫിലിം സൊസൈറ്റിയുടെ പ്രവർത്തനം പഞ്ചായത്തിലുടനീളം വ്യാപിപ്പിക്കുന്നതിനാവശ്യമായ സഹായ സഹകരണങ്ങൾ നൽകണം.

പ്രവർത്തനം നിലച്ചുകിടക്കുന്ന റേഡിയോ പാർക്കുകൾ ടി. വി. കിയോസ്ക്കുകളാക്കി മാറ്റണം.

ഗ്രാമ സഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങളും നിർദ്ദേശങ്ങളും വാർഡ് തിരിച്ച് കൊടുക്കുന്നു.

1. തൃപ്പിലഴികം

1950 ൽ രൂപ കൊണ്ട ഒരു ഗ്രന്ഥശാല തൃപ്പിലഴികം വാർഡിൽ വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. രാജാറാംമോഹൻറായ് ഫൗണ്ടേഷന്റെ ഗ്രാൻറ് ലഭിക്കുന്ന ഈ പഞ്ചായത്തിൽ ഏക ഗ്രന്ഥശാലയാണിത്. ബ്രദേഴ്സ് ബാലജനസഖ്യം, ജെൻസ് സാസ്കാരിക സമിതി തുടങ്ങിയ സാസ്കാരിക സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങൾക്ക് ഓരോ റ്റി. വി. സെറ്റ് നൽകണം.

2. ഇടയ്ക്കിടം

പഞ്ചായത്തിൽ ആദ്യം രൂപം കൊണ്ട വിഞ്ജാനോദയ വായനശാലയ്ക്ക് സ്വന്തമായി കെട്ടിടം ഉണ്ടെങ്കിലും ആവശ്യത്തിന് ഫർണീച്ചറും മറ്റ് സ്പോർട്ട്സ് ഉപകരണങ്ങളും ഇല്ല. ഒരു റ്റി. വി. സെറ്റ് സ്ഥാപിക്കണം.

കലാലയ, അനശ്വര, അനുപമ തുടങ്ങിയ ക്ലബ്ബുകൾക്ക് കെട്ടിടം നിർമ്മിക്കാൻ ധനസഹായം നൽകണം. റേഡിയോ, പാർക്കിനായി സംഭാവന നൽകിയിട്ടുള്ള സ്ഥലത്ത് ഒരു റേഡിയോയും, റ്റി. വി. സെറ്റും സ്ഥാപിക്കണം. കുട്ടികളുടെയും മുതിർന്നവരുടെയും കായിക വികസനത്തിന് മിനിസ്റ്റേഡിയം നിർമ്മിക്കണം.

3. കടയ്ക്കോട്

ജവഹർ യുവജന വായനശാല ഒരു റഫറൽ ഗ്രന്ഥശാല ആക്കി ഉയർത്തണം. വായന ശാലയോടനുബന്ധിച്ച് ഒരു റ്റി. വി. സെറ്റ് സ്ഥാപിക്കണം. ജനതാ തീയറ്റേഴ്സിന്റെ കെട്ടിടം പണി പൂർത്തിയാകുന്ന മുറയ്ക്ക് ഒരു ടി. വി. സെറ്റ് സ്ഥാപിക്കണം. ചുഴതിൽ കോളനിയിൽ റ്റി. വി. സെറ്റ് സ്ഥാപിക്കണം. ദേശാഭിമാനി ബാലജനസഖ്യം ആൻറ് റേഡിയോ ക്ലബ്ബിന് കെട്ടിട നിർമ്മിക്കാൻ സഹായവും, റേഡിയോസെറ്റും നൽകണം. യുവധാരാ ക്ലബിന് ഫർണിച്ചർ നൽകണം. ദേശാഭിമാനി കലാ സാംസ്കാരിക സമിതിയ്ക്ക് കെട്ടിടം നിർമ്മിക്കാൻ സഹായിക്കണം. അംബേദ്ക്കർ സാംസ്കാരിക നിലയം സ്ഥാപിക്കണം.

4. പ്ലാക്കോട്

വായനശാലയോ ഗ്രന്ഥശാലയോ ഇല്ലാത്ത ഇവിടെ പൊതുജനങ്ങൾ വാങ്ങി നൽകിയ 1 ½ സെൻറ് സ്ഥലത്ത് ഗ്രന്ഥശാല രൂപീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഇവിടെ ഒരു റ്റി. വി. കിയോസ്ക് സ്ഥാപിക്കണം. കല്ലാർ ഹരിജൻ കോളനിയിൽ റ്റി. വി. കിയോസ്ക് സ്ഥാപിക്കണം.

5. കുഴിമതിക്കാട്

എ. കെ. ജി. സാംസ്കാരിക നിലയത്തിന്റേയും ഗ്രന്ഥശാലയുടെയും പ്രവർത്തനം ഉടൻ ആരഭിക്കണം. നിലവിലുള്ള ക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.

6. കരീപ്ര

പഞ്ചായത്ത് നേരിട്ട് നടത്തുന്ന എം. എൻ. സാംസ്കാരിക സമിതിയുടെ ഗ്രന്ഥശാലയുടേയും പ്രവർത്തനം കൂടുതൽ വിപുലമാക്കണം. കരീപ്ര നേതാജി വായന ശാലയ്ക്ക് ആവശ്യമായ ഫർണിച്ചർ നൽകണം. പ്രവർത്തനരഹിതമായി കിടക്കുന്ന ഭഗത്സിങ്ങ്, സെഞ്ചറി സാസ്കാരിക സമിതികളുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കണം.

7. മടന്തകോട്

വായനശാല പുതുക്കി പണിയാൻ സഹായം നൽകണം. റ്റി. വി. സെറ്റ് സ്ഥാപിക്കണം. പാല നിരപ്പിലെ റേഡിയോ പാർക്കിൽ റ്റി. വി. സെറ്റ് സ്ഥാപിക്കുക. സെനിത്ത്മുക്ക് റ്റി. വി. കേന്ദ്രം പ്രവർത്തന ക്ഷമമാക്കണം. സ്വന്തമായി സ്ഥലമുള്ള യുവധാരാ സാംസ്കാരിക സമിതിയ്ക്ക് കെട്ടിടം നിർമ്മിക്കാൻ സഹായിക്കണം. സ്വന്തമായി സ്ഥലം ഉള്ള ഫിലിം സൊസൈറ്റിക്ക് പ്രദർശനഹാളും കെട്ടിടവും നിർമ്മിക്കാൻ സഹായം നൽകുക. ഇതിനോടനുബന്ധിച്ച് റ്റി. വി. ക്ലബ്ബ് സ്ഥാപിക്കുന്നതിനവശ്യമായ ഫർണിച്ചർ നൽകണം.

8. കുടിക്കോട്

പണിപൂർത്തിയാക്കാൻ കഴിയാതെ കിടക്കുന്ന പബ്ലിക്ക് ലൈബ്രറി ആൻറ് റീഡിഗ് റൂമിന്റെ കെട്ടിടം പണി പൂർത്തിയാക്കാൻ സഹായിക്കണം. ഗാന്ധി സ്മാരക വായനശാലയുടെയും പ്രവർത്തനം പുനരുജ്ജീവിപ്പിക്കണം. റേഡിയോ പാർക്ക് പുനരുദ്ധരിക്കുകയും റ്റി. വി. സെറ്റ് സ്ഥാപിക്കുകയും വേണം. ക്ലബ്ബുകളുടെ പ്രവർത്തനം സജീവമാക്കണം. പഞ്ചായത്തുവക സ്ഥലത്ത് കമ്മ്യൂണിറ്റി ഹാൾ സ്ഥാപിച്ച് വോട്ടവകാശം നടത്തുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം.

9. വാക്കനാട്

സുജനപ്രിയ വായനശാലയുടെ പ്രവർത്തനം സജീവമാക്കണം. മുടങ്ങികിടക്കുന്ന ഗ്രാൻറ് ലഭ്യമാക്കണം. കെട്ടിടം പുതിക്കപെണിയുകയും ഫർണിച്ചറും, റെഡിയോയും റ്റി. വി. സെറ്റും സ്ഥാപിക്കുകയും വേണം.

ബാപ്പുജി വായനശാലയ്ക്ക് കെട്ടിടം നിർമ്മിക്കാൻ സഹായിക്കണം. കോളനികളിൽ റ്റി. വി. സെറ്റ് സ്ഥാപിക്കണം.

10. നെടുമൺകാവ്

നെടുമൺകാവിൽ ഗ്രന്ഥശാലാ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. പോസ്റ്റോഫീസുനോട് ചേർന്ന് കിടക്കുന്ന സ്ഥലത്ത് റ്റി. വി. സെൻറർ സ്ഥാപിക്കണം. ആദർശ്, പ്രതിഭ എന്നീ ക്ലബ്ബുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സഹായം നൽകണം. സ്റ്റേജിന് മേൽക്കൂര നിർമ്മിച്ച് സഹായിക്കണം. സകൂളിനോടനുബന്ധിച്ച് കമ്മ്യൂണിറ്റി ഹാൾ പണിയണം. നെടുമൺകാവിൽ മിനിസ്റ്റേഡിയം പണിയണം.

11. തളവൂക്കോണം

ജനങ്ങൾക്ക് ഒത്തുകൂടി സാസ്കാരിക പ്രവർത്തനം നടത്തുന്നതിനോ, ഗ്രാമസഭ കൂടുന്നതിനോ, വോട്ടവകാശം രേഖപ്പെടുത്തുന്നതിനോ പറ്റിയ പൊതുസ്ഥാപനങ്ങൾ ഒന്നും ഇല്ല. അതുകൊണ്ട് ഇവിടെ ഒരു കമ്മ്യൂണിറ്റി ഹാൾ പണിയണം. സ്ഥലം ലഭ്യമാണ്. നിരവധി സാസ്കാരിക പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്ന സ്വാതന്ത്യസമരസ്മാരക വായനശാലയുടെ കെട്ടിടത്തിൻെറ സ്ഥലപരിമിതിയും കാലപഴക്കവും കണക്കിലെടുത്ത്, ജനവിദ്യാകേന്ദ്രവും മറ്റ് ക്ലബുകളും പ്രവർത്തിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങളോടുകൂടിയ കെട്ടിടം നിർമ്മിക്കുവാൻ ധനസഹായം നൽകണം. ഇതിനോടനുബന്ധിച്ച് ചിത്രകല അഭ്യസിപ്പിക്കുന്നതിന് ഒരു ചിത്രകലാലയം തുടങ്ങണം. ഇതിനുള്ള വിദഗ്ദ്ധൻമാരെ ഇവിടെ നിന്നും ലഭ്യമാണ്. വായനശാലയ്ക്ക് ഒരു റ്റി. വി. സെറ്റും സ്പോർട്ട്സ് ഉപകരണങ്ങളും ഫർണിച്ചറും നൽകണം. സ്വന്തമായ കെട്ടിടത്തോടുകൂടിയ സി. എം. എ. യ്ക്ക് സ്പോർട്സ് ഉപകരണങ്ങൾ ലഭ്യമാക്കണം. ഇതിനോടനുബന്ധിച്ച് ഒരു വായനശാലരൂപീകരിക്കണം. റ്റി. വി. സെറ്റും ഫർണിച്ചറും നൽകണം. പാണൻപറമ്പിലും, ഭരണിക്കാവിലും പാറയിടുക്കിലും ഓരോ റ്റി. വി. സെറ്റുകൾ സ്ഥാപിക്കണം. ചൂരപ്പൊയ്ക റേഡിയോ പാർക്കിൽ റ്റി. വി. സെറ്റും റേഡിയോയും സ്ഥാപിക്കണം.

സാംസ്കാരിക ബോധം വളർത്തുന്നതിന് തുടർച്ചയായ സെമിനാറുകളും ചർച്ചാ ക്ലാസ്സുകളും മറ്റ് സാംസ്കാരിക പരിപാടികളും വാർഡുകൾ തോറും സംഘടിപ്പിക്കുന്നു.

കായികരംഗം

കായികലോകത്തിന് മികച്ച താരങ്ങളെ സംഭാവന നൽകാൻ കഴിഞ്ഞിട്ടില്ലെങ്കിലും ജില്ലാ യൂണിവേഴ്സിറ്റി തലങ്ങളിൽ മികച്ച താരങ്ങളെ വളർത്തിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗ്രാമത്തിലെ ക്ലബ്ബുകളുടെ പ്രവർത്തനത്തിന് ഈ രംഗത്ത് വളരെ അധികം സംഭാവന നൽകാൻ കഴിഞ്ഞിട്ടുണ്ട്. കായിക രംഗത്ത് വളരെ പിന്നിൽ നിൽക്കുന്ന ഈ ഗ്രാമം ഇത്തരത്തിലുള്ള ക്ലബ്ബുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് കായികരംഗം ശക്തമാക്കണം. അതിനാവശ്യമായ ഒരു സ്റ്റേഡിയത്തിൻെറ അഭാവം വളരെ വലുതാണ്. സർക്കാർ നടപ്പാക്കുന്ന കായിക പദ്ധതികൾക്ക് വേണ്ട പ്രധാന്യം നൽകി സ്കൂൾ, പഞ്ചായത്തു തലത്തിൽ നടപ്പാക്കാൻ കഴിയാതെ പോയി എന്നുള്ളതാണ് ഒരു പ്രധാന കാരണം. ഇതിന് ഒരു പരിഹാരം കണ്ട് കായിക രംഗത്ത് അഭിവൃദ്ധിനേടാൻ കഴിയണം.

അർപ്പണബോധമുള്ള കായിക പ്രതിഭകളെ കണ്ടെത്തുക
പഞ്ചായത്തു തലത്തിൽ ഒരു കേന്ദ്രകലാ കായിക സമിതി രൂപീകരിക്കുക
ആധുനിക സൗകര്യങ്ങളോടുകൂടിയ സ്റ്റേഡിയവും ട്രാക്കുകളും നിർമ്മിക്കുക
അവധിക്കാല കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും പഞ്ചായത്ത് തലത്തിൽ കോച്ചിനെ നിയമിക്കുകയും ചെയ്യുക.
ചെറുപ്രായത്തിൽ തന്നെ കായികപ്രതിഭകളെ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകണം.
എല്ലാ വിദ്യാലയങ്ങളിലെയും കായിക പരിശീലനം ശക്തമാക്കണം.

സംസ്കാരം മനുഷ്യരുടെ ജന്മ വാസനകളെ സാമൂഹിക പ്രചോദനങ്ങളാക്കി മാറ്റുകയും, ജനതയെ കർത്തവ്യനിരതരാക്കി ജീവിത സാക്ഷാത്കാരത്തിന് പ്രാപ്തരാക്കുകയും ചെയ്യണം. കേരളത്തിൻെറ സാമൂഹിക വികാസത്തിലും സാസ്കാരിക നവോത്ഥാനത്തിലും ഏറ്റവും വലിയ പങ്കുവഹിക്കുന്ന ഗ്രന്ഥശാലകളേയും കലാസാംസ്കാരിക സമിതികളേയും ഈ നാടിൻെറ ദീപസ്തംഭങ്ങളാക്കി മാറ്റാൻ കഴിയട്ടെ.

ഗ്രന്ഥശാലകളെ സംബന്ധിക്കുന്ന വിവരങ്ങൾ (വാർഡ് തിരിച്ച്)

വാർഡ്	പേര്	സ്ഥാപിത വർഷം	കെട്ടിടത്തിന്റെ	നില വിലുള്ള	പുസ്തകങ്ങളുടെ	പ്രതിമാസ പുസ്തകം	അനുബന്ധ പ്രവർത്തനങ്ങൾ	സർക്കാർ ഗ്രാൻറ്	മറ്റ് നിർദ്ദേശങ്ങൾ
1	തൃപ്പിലഴികം ഗ്രന്ഥശാല	1950	ഉണ്ട്	500	1250	300			ഫർണീച്ചർ നൽകണം,ടി.വി. സെറ്റ് സ്ഥാപിക്കണ
2.	വിജ്ഞാനോദയം വായനശാല ആൻറ് ഗ്രന്ഥശാല	1935	ഉണ്ട്	723	3497	300		ഉണ്ട്	ഫർണീച്ചർ വേണം, ടി.വി. സെറ്റ് വേണം. പത്രങ്ങൾ വേണം. റിക്രിയേഷൻക്ലാസ്സ്തുടങ്ങണ
3.	ജവഹർ യുവജന വായനശാല (പബ്ലിക് ലൈബ്രറി)	1950	ഉണ്ട്					ഉണ്ട്	ഫർണീച്ചർ സ്പോർട്ട്സ് ഉപകരണങ്ങൾ, ടി.വി സെറ്റ് എന്നിവ ആവശ്യമുണ്ട്
4.	ഇല്ല								ലഭ്യമായ ഒന്നര സെൻറ് സ്ഥലത്ത് പുതിയ വായനശാല സ്ഥാപിക്കണം.
5.	എ.കെ.ജി. സാംസ്ക്കാരിക കേന്ദ്രം		ഉണ്ട്						എ.കെ.ജി. സാംസ്ക്കാരിക കേന്ദ്രത്തിനോടു ചേർന്നു പ്രവർത്തനം ആരംഭിക്കുന്ന വായനശാല യ്ക്ക് വേണ്ട ഫർണീച്ചറും മറ്റും നൽകണം.
6.	1. നേതാജി യുവജനസംഘം ആൻറ് വായനശാല 2. എം.എൻ. സാംസ്ക്കാരിക നിലയം ആൻറ് ഗ്രന്ഥശാല.	1946	ഉണ്ട്	530	4100	750	നേതാജിയുവജനസംഘം സാംസ്ക്കാരിക സമിതിയുടെ പ്രവർത്തനം.	ഉണ്ട്	പത്രങ്ങൾ നൽകുക. ഫർണീച്ചർ ആവശ്യമുണ്ട്.
7.	വിജ്ഞാനപോഷണി ഗ്രന്ഥശാല ആൻറ് വായനശാല	1949	ഉണ്ട്	525	3965	660		ഉണ്ട്	കെട്ടിടം പുതുക്കി പണിയാൻ സഹായിക്കണം ടി.വി. സെറ്റ് സ്ഥാപിക്കണം.
8.	ഗാന്ധി സ്മാരക വായനശാല പബ്ലിക് ലൈബ്രറി ആൻറ് റീഡിംങ്റൂം		ഇല്ല ഇല്ല					ഇല്ല ഇല്ല	കെട്ടിടം പണിയാൻ സഹായിക്കണം കെട്ടിടം പൂർത്തികരിക്കാൻ സഹായിക്കണം.
9.	സുജനപ്രിയ വായനശാല ആൻറ് ഗ്രന്ഥശാല	1943	ഉണ്ട്	1234	500	8642	കുട്ടികളെ നിലത്തെഴുത്തു് പഠിപ്പിക്കുന്നു.	ഇല്ല	കെട്ടിടം പുതുക്കിപണിഞ്ഞ് പ്രവർത്തനം സജീവ മാക്കണം. ടി.വി. സെറ്റു സ്ഥാപിക്കണം കൂടുതൽ ഫർണീച്ചർ വേണം
	ബാപ്പുജീ വായനശാല ആൻറ് ഗ്രന്ഥശാല	1976	ഇല്ല				പ്രവർത്തനം ഭാഗീകം	ഉണ്ട്	സ്വന്തമായി വസ്തുഉണ്ട്. കെട്ടിടം പണിയാൻ സഹായിക്കണം.
10	വായനശാല ഇല്ല								ലഭ്യമായ സ്ഥലത്തു് വായനശാല രൂപികരണ പ്രവർത്തനം നടത്തണം. കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സഹായം ലഭിക്കണം
11	സ്വതന്ത്ര്യസമര സ്മാരക വായനശാല	1962	ഉണ്ട്	648	900	4232	മാഗസിൻ ക്ലബ്ബ് ജനവിദ്യാ കേന്ദ്രം മ്യൂസിക് ക്ലബ്ബ് - വിവിധ സ്ഥലങ്ങളിൽ പ്രോഗ്രാം നടത്തിവരുന്നു. പഠനം പാൽപ്പായസം സൗജന്യ വെക്കേഷൻ ക്ലാസുകൾ ആർട്ട്സ്സു ക്ലബ്ബ് സ്പോർട്സ് ക്ലബ്ബ്	ഉണ്ട്	കാലപഴക്കംചെന്ന ഇടുങ്ങിയ കെട്ടിടം പുതുക്കി പണിത് ജനവിദ്യാകേന്ദ്രം, മാഗസിൻ ക്ലബ്ബ് തുടങ്ങിയവയുടെ പ്രവർത്തനം വിപുലമാക്കാൻ സഹായിക്കണം. പഞ്ചായത്തു ചിലവിൽ പത്രങ്ങൾ നൽകണം. ടി.വി. സെറ്റ് സ്ഥാപിക്കുക. ആവശ്യമായ ഫർണീച്ചർ നൽകുക.

പട്ടിക - 2

നിലവിലുള്ള സാംസ്കാരിക സ്ഥാപനങ്ങൾ

വാർഡ്	പേര്	സ്ഥാപിത വർഷം	പ്രവർത്തനരീതി	സ്ഥലം	ആവശ്യങ്ങൾ
1 തൃപ്പിലഴികം	ഇൻഡ്യ ആർട്ട്സ് ആൻഡ് സ്പോർട്സ് ബ്രദേഴ്സ് ബാലജനസംഖ്യം	 1980 1975	കലാസാംസ്കാരിക പ്രവർത്തനം	ഉണ്ട് -	കെട്ടിടം മെയിൻറനൻസ്ചെയ്യണം
2 ഇടയ്ക്കിടം	ആശാൻ മെമ്മോറിയൽ ആർട്ട്സ് ക്ലബ്ബ് കലാലയ ആർട്ട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബ് അനശ്വര ആനുപമ	1973 1989 1984 --	കുട്ടികളുടെ കലാസാംസ്കാരിക പ്രവർത്തനം - - - -	ഉണ്ട് ഉണ്ട് ഇല്ല ഇല്ല	കെട്ടിടം മെയിൻറനൻസ് ചെയ്യണം ഫർണീച്ചർ, പത്രം, കലാകായികഉപകരണങ്ങൾ കെട്ടിടം പണിയണം
3 കടയ്ക്കോട്	ദേശാഭിമാനി കലാ സാംസ്കാരിക സമിതി യുവധാരാ ക്ലബ്ബ് അംബേദ്കർ സാംസ്കാരിക നിലയം ദേശാഭിമാനി ബാലജനസംഘം ആൻറ് റേഡിയോ ക്ലബ്ബ് ജനതാ തീയറ്റേഴ്സ്	 1982 1987 1980	 കുട്ടികളുടെ കലാസാംസ്കാരിക പ്രവർത്തനങ്ങൾ തീയറ്റർ നാടകങ്ങളുടെ അവതരണം, സാമൂഹിക പ്രവർത്തനം	 ഉണ്ട് ഉണ്ട്	 കെട്ടിടം പണിയണം കെട്ടിടം പണിയണം കെട്ടിടം പൂർത്തിയാക്കാൻ സഹായിക്കണം ടി. വി. സെറ്റ് വേണം
4 പ്ലാക്കോട്					
5 കുഴിമതിക്കാട്	ഫൈൻ ആർട്ട്സ് സൊസൈറ്റി (ഫാസ്) സ്വാതി ഫൈൻആർട്സ് കൾച്ചറൽ സൊസൈറ്റി	1995 1995	കലാ-സാംസ്കാരിക അവബോധനം -	ഇല്ല ഇല്ല	കെട്ടിടവും ഫർണിച്ചറും ആവശ്യം ഉണ്ട് -
6 കരിപ്ര	നേതാജി യുവജനസംഘം സാരംഗി വികാസ് സെഞ്ചറി സാംസ്കാരിക സമിതി എം.എൻ.സാംസ്കാരികനിലയം	1949 1992 1993 	സാംസ്കാരിക പ്രവർത്തനം കലാ കായിക പ്രവർത്തനം - നാടക പ്രവർത്തനം സാംസ്കാരിക പ്രവർത്തനം	ഉണ്ട് ഇല്ല ഇല്ല ഇല്ല ഉണ്ട്	കായിക ഉപകരണങ്ങൾ,ഫർണിച്ചർ കെട്ടിടം ഇല്ല -പ്രവർത്തനം പുനരുജ്ജീവിപ്പിക്കണം പ്രവത്തനങ്ങൾ വിപുലീകരിക്കാൻ ആവശ്യമായ സഹായം നൽകണം
7 മടന്തകോട്	യുവധാരാ സാംസ്കാരിക സമിതി തരംഗിണി ആർട്ട്സ് &സ്പോർട് ഫീനീക്സ് തക്ഷശിലാ ഫിലിം സൊസൈറ്റി വയലാർ ആർട്ട്സ് &സ്പോർട്സ്	1982 1995 	കലാ സാംസ്കാരികപ്രവർത്തനം തെരുവുനാടകങ്ങൾ കലാകായിക പ്രവർത്തനം സിനിമ എന്ന മാദ്ധ്യമത്തെക്കുറിച്ചുള്ള ബോധവൽക്കരണവും, പ്രദർശനവും	ഉണ്ട് ഇല്ല ഉണ്ട്	കെട്ടിടം പണിയാൻ സഹായിക്കണം - കെട്ടിടം പണിയാൻ സഹായിക്കണം ഒരു പ്രദർശന ഹാളും,ടി.വി.ക്യണ് സ്ഥാപിക്കാൻ ടി.വി. നൽകണം
8 കുടിയ്ക്കോട്	വോൾഗാ സ്പോർട്സ് &ആർട്സ് ഗാന്ധിജി സ്പോർട്സ് &ആർട്സ്		കലാ കായിക പ്രവർത്തനം	ഇല്ല ഇല്ല	
9 വാക്കനാട്	സെവൻ ആർട്സ് &സ്പോർട്സ് ശക്തി ആർട്സ് ഉളകോട് പൗരസമിതി		കലാ കായിക പ്രവർത്തനങ്ങൾ	ഇല്ല	
10 നെടുമൺകാവ്	ആദർശ് ആർട്സ് ക്ലബ് പ്രതിഭാ ആർട്സ് സ്പോർട്	1983 1988	നാടകകലയുടെ പ്രോത്സാഹനം നാടകോത്സവങ്ങൾ സംഘടിപ്പിക്കുക സാംസ്കാരിക പ്രവർത്തനം	ഇല്ല ഇല്ല	കെട്ടിടം പണിയാൻ സഹായിക്കണം
11 തളവുകോണം	സി.എം.എ ഹാശ്മി സാംസ്കാരിക സമിതി	1972	കലാകായിക പ്രവർത്തനങ്ങൾ അമേച്ചർ നാടക പ്രവർത്തനം തെരുവ് നാടകം	ഉണ്ട് ഇല്ല	ടി.വി.സെറ്റ് നൽകുക, കായിക ഉപകരണങ്ങൾ നൽകുക

വനിതാക്ഷേമം

മാനവ ചരിത്രത്തിലെ അതി പ്രധാനമായ ഒരദ്ധ്യായമാണ് വനിതകളുടെ സാമൂഹിക സാംസ്കാരിക ചരിത്രം. സാമൂഹിക - സാംസ്കാരിക രംഗങ്ങളിൽ ആദ്യകാലം മുതൽ തന്നെ സ്ത്രീകൾ മുൻനിരയിൽ വന്നിട്ടുണ്ട്. ഭാരതീയ വനിതകളുടെ ആദ്യകാല ചരിത്രം പരിശോധിച്ചാൽ അത് വ്യക്തമാകും. ലോക സമൂഹത്തിൽ ഭാരതീയ വനിതകൾ എക്കാലവും ആദരിക്കപ്പെട്ടിരുന്നു.

കേരളത്തിലെ വനിതകളെ സംബന്ധിച്ചിടത്തോളം കുടുംബജോലി മാത്രം നോക്കുന്നവർ എന്നൊരു ധാരണ പരക്കെ ഉണ്ടായിരുന്നു. സ്ത്രീകൾക്ക് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നു വരുവാൻ അനവധി പരീക്ഷണങ്ങൾക്ക് വിധയമാകേണ്ടിവന്നിട്ടുണ്ട്. സംസാരസ്വാതന്ത്ര്യം പോലുമില്ലാതെ പുരുഷന്റെ ആജ്ഞാനുവർത്തികളായി കഴിയേണ്ട ഒരു സ്ഥിതിവിശേഷം നിലനിന്നിരുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. ആദ്യകാലങ്ങളിൽ സ്ത്രീകൾ പോലും കേവല - നഗ്നത മാത്രം മറച്ചിരുന്നു. ഈ വസ്ത്രധാരണ രീതിയും സാമുദായികാടിസ്ഥാനത്തിൽ മുന്നോക്കക്കാർക്കു മാത്രമുള്ളതായിരുന്നു. ഈഴവരാദി പിന്നോക്കക്കാർക്ക് അതിനുള്ള അർഹതയും ഉണ്ടായിരുന്നില്ല. ഈ ഉച്ചനീചത്വങ്ങൾക്കെതിരെ പടപൊരുതിയ മഹാന്മാരിൽ പ്രധാനികളാണ് ശ്രീനാരായണഗുരുസ്വാമി, ശ്രീ. അയ്യങ്കാളി തുടങ്ങിയവർ.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭഘട്ടത്തിൽ, കുടിപ്പള്ളിക്കുടത്തിലൂടെ കഷ്ടിച്ച് അക്ഷരജ്ഞാനം മാത്രമുണ്ടായിരുന്ന ഒരു വർഗമായിരുന്നു സ്ത്രീകൾ. അക്ഷരാഭ്യാസംപോലും പാപമാണെന്ന് വിശ്വസിച്ചിരുന്ന ഒരു തലമുറയായിരുന്നു അന്നത്തേത്. സ്ത്രീകൾ ഇന്നനുഭവിക്കുന്ന, പൂർണ്ണമല്ലെങ്കിൽ പോലുമുള്ള സ്വാതന്ത്ര്യത്തിൽ പുരോഗമന പ്രസ്ഥാനങ്ങളുടെയും വി. ടി. ഭട്ടതിരിപ്പാട്. ചന്തുമേനോൻ തുടങ്ങിയ കലാപകാരികളായ എഴുത്തുകാരുടെയും പ്രക്ഷോഭ ചിന്തകൾക്ക് വലിയ സ്ഥാനമുണ്ടായിരുന്നു. സാർവത്രിക വിദ്യാഭ്യാസം നിലവിൽ വന്നതോടെ സ്ത്രീകളും വിദ്യാഭ്യാസത്തിൽ താൽപര്യം കാണിച്ചു തുടങ്ങി. ഇന്ന് വിദ്യാഭ്യാസത്തിൽ സ്ത്രീകളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ തൊഴിലില്ലായ്മ ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത് സ്ത്രീകളിലാണ്. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് വനിതാ പരിശീലന കേന്ദ്രങ്ങളുടെ അഭാവത്താൽ തൊഴിൽ സാദ്ധ്യത തുലോം വിരളമാണ്.

സ്വാതന്ത്ര്യസമരകാലത്ത് പ്രക്ഷോഭരംഗങ്ങളിലും സാമൂഹ്യരംഗങ്ങളിലും സ്ത്രീ പങ്കാളിത്തം നന്നെ കുറവായിരുന്നു. നമ്മുടെ പഞ്ചായത്തിലെ സ്ഥിതിയും വ്യത്യസ്തമായിരുന്നില്ല. സാമൂഹ്യരംഗത്ത് പ്രവർത്തിക്കാൻ മുന്നോട്ടുവന്ന ആദ്യത്തെ നോമിനേറ്റഡ് പഞ്ചായത്ത് അംഗങ്ങൾ ശ്രീമതി. കുടിക്കോട് സുരഭിക്കുട്ടിയും, കരീപ്ര മങ്കാട്ട് ചെല്ലമ്മയും ആയിരുന്നു. ആദ്യമായി തെരഞ്ഞെടുക്കപ്പെട്ട വനിതാമെമ്പർ ശ്രീമതി. തളവൂക്കോണം ലക്ഷ്മിക്കുട്ടി അമ്മയാണ്. സാംസ്കാരിക രംഗത്തും ഈ ഗ്രാമത്തിലെ വനിതകൾ വ്യക്തിത്വം തെളിയിച്ചിട്ടുണ്ട്. കഥാപ്രസംഗത്തിൽ കുഴിമതിക്കാട് എം. എ. ഓമനയും കഥകളിയിൽ ശ്രീമതി. കരീപ്ര ദേവകി അമ്മയും ഈ പഞ്ചായത്തിലെ വനിതാ കലാപ്രതിഭകളാണ്.

തൊഴിൽമേഖലകളിലെ സ്ത്രീപുരുഷാന്തരം കാണിക്കുന്ന പട്ടിക

പട്ടിക - 1

തൊഴിൽമേഖല	സ്ത്രീകളുടെ എണ്ണം	പുരുഷന്മാരുടെ എണ്ണം
കർഷകത്തൊഴിലാളി	147	1101
കശുവണ്ടി	3390	69
മൃഗസംരക്ഷണം	14	144
ചെറുകിട വ്യവസായം	103	45
കെട്ടിടനിർമ്മാണം	24	138
കരിങ്കൽമേഖല	200	50
വ്യാപാരം	44	570
വിദ്യാഭ്യാസം	176	65
സർവീസ് മേഖല		
മറ്റുള്ളവ	490	840

മേൽകൊടുത്തിട്ടുള്ള പട്ടികയിൽ നിന്നും, നമ്മുടെ പഞ്ചായത്തിലെ സ്ത്രീതൊഴിലാളികളുടെ എണ്ണം ചില മേഖലകളിൽ കൂടുതലുണ്ട്. എങ്കിലും അഭ്യസ്ഥവിദ്യരായ സ്ത്രീകളുടെ തൊഴിൽ സാദ്ധ്യത വിദ്യാഭ്യാസ മേഖലയിലൊഴിച്ചാൽ കാർഷികമേഖലയിലും വ്യവസായ മേഖലയിലും പുരുഷന്മാരെ അപേക്ഷിച്ച് വളരെക്കുറവാണ്. ഈ പിന്നോക്കാവസ്ഥ മറ്റ് രംഗങ്ങളിലും നിഴലിച്ചു കാണുന്നു.

കർഷകത്തൊഴിലാളി രംഗത്ത് വനിതകൾക്ക് വർഷത്തിൽ 50-55 ദിവസത്തെ പണി മാത്രമേ ലഭിക്കുകയുള്ളൂ. അതുകൊണ്ട് ആ തൊഴിലിനെ മാത്രം ആശ്രയിച്ചു ജീവിക്കാൻ കഴിയാത്തതിനാൽ കുറെക്കൂടി ജോലിസാദ്ധ്യതയുള്ള കശുവണ്ടി മേഖലയിൽ വനിതകൾ താൽപര്യംകാണിച്ചു. എന്നാൽ ആ രംഗത്തും കൂടുതൽ ദിവസം ജോലികളില്ലാത്ത സാഹചര്യമുണ്ടായപ്പോൾ വനിതകൾക്ക് പാറപ്പണികളിലും കെട്ടിടനിർമ്മാണത്തൊഴിലിലും വ്യാപരിക്കേണ്ടിവന്നു. കാർഷികരംഗത്ത് അപ്പോൾ സ്ത്രീതൊഴിലാളികളുടെ ദൗർലഭ്യം അനുഭവപ്പെടാൻ തുടങ്ങി. ഈ രംഗത്ത് പട്ടികജാതി - പട്ടികവർഗ്ഗ സ്ത്രീകൾ കാണിക്കുന്ന താൽപര്യം മറ്റു സമുദായത്തിലെ സ്ത്രീകൾ കാണിക്കുന്നുമില്ല. അഭ്യസ്ഥവിദ്യരായ സ്ത്രീകൾ കൂടുതൽ പണിയെടുക്കുന്നത് വിദ്യാഭ്യാസ മേഖലയിൽ മാത്രമാണ്. മറ്റു സേവനമേഖലകളിലൊന്നും സ്ത്രീ പങ്കാളിത്തം കാര്യമായി വർദ്ധിക്കുന്നില്ല. സഹകരണ മേഖലയുടെ ഗുണം സ്വയം തൊഴിൽ നേടാൻ സാദ്ധ്യതകൾ ഏറെയുണ്ടെങ്കിലും അതിനെക്കുറിച്ചുള്ള അജ്ഞാനക്കുറവും സാമ്പത്തിക ഞെരുക്കവും പുതിയ പുതിയ തൊഴിൽ സംരഭങ്ങളെ തടഞ്ഞുനിർത്തുന്നു.

1991 ലെ സെൻസസ് കണക്ക് പ്രകാരം കരീപ്ര പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ (26, 717) 13, 732 വനിതകളാണുള്ളത്. അതായത് പുരുഷന്മാരെ അപേക്ഷിച്ച് 747 സ്ത്രീകൾ കൂടുതലാണ്. ആറു വയസ്സിനു താഴെയുള്ള കുട്ടികളിലും ഈ അന്തരം നിലനിൽക്കുന്നു. ഇന്ന്, വിദ്യാഭ്യാസ നിലവാരത്തിലും കലാ-സാംസ്കാരിക രംഗങ്ങളിലും മുൻനിരയിൽ നിൽക്കുന്നത് പെൺകുട്ടികളാണ്. ജനസംഖ്യയിൽ കൂടുതലുള്ള സ്ത്രീകൾ എന്ന നിലയിൽ തൊഴിലിന്റെ പങ്കാളിത്തത്തിന് കൂടുതൽ അർഹതയുണ്ടെങ്കിലും അതു ലഭിക്കുന്നില്ല. തൊഴിലെടുക്കുന്ന മേഖലകളിൽ വനിതകൾക്ക് കൂലിക്കുറവ് അനുഭവപ്പെടുന്നു. അത് അവരുടെ സാമ്പത്തിക സുരക്ഷിതത്വത്തെ സാരമായി ബാധിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ 15 വനിതാ സമാജങ്ങൾ പ്രവർത്തിച്ചിരുന്നെങ്കിലും ഇപ്പോൾ മിക്കതിനേറെയും പ്രവർത്തനങ്ങൾ നിർജ്ജീവമാണ്. കുഴിമതിക്കാട് വാർഡിൽ ഒരു വനിതാ കൺസ്യൂമർ സ്റ്റോറും ഡബ്യൂ.ഐ.പി.യുടെ ഒരു ഫ്ലവറിംഗ് യൂണിറ്റും ഉണ്ട്. ഇടയ്ക്കിടം വാർഡിൽ പുതുതായി ആരംഭിച്ച ഒരു ഡി. ഡബ്ലൂ.സി. ആർ. എ. യൂണിറ്റും (കീർത്തി റെഡിമെയ്ഡ് ഗാർമെൻറ്സ്) കൂടാതെ കടയ്ക്കോട് വാർഡിൽ ഡബ്ലൂ.ഐ.പിയുടെ ഒരു മിഠായി നിർമ്മാണ യൂണിറ്റും (സായി മിൽക്ക് പ്രോഡക്ട്) മന്ദഗതിയിലെങ്കിലും പ്രവർത്തിക്കുന്നുണ്ട്.

1000 പേർക്ക് ഒരു അംഗനവാടി എന്ന ഐ.സി.ഡി.എസ് ന്റെ ലക്ഷ്യം അനുസരിച്ച് ഈ ഗ്രാമത്തിൽ അംഗൻവാടികൾ അനുവദിച്ചിട്ടുണ്ടെങ്കിലും 6 എണ്ണമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ. 19 എണ്ണത്തിന്റെ സ്ഥലനിർണ്ണയം ഇതുവരെ ചെയ്തിട്ടില്ല. മടന്തകോട്, ഉളകോട്, മുളവൂർക്കോണം, നെല്ലിമുക്ക്, പ്ലാക്കോട്, ഇടയ്ക്കിടം എന്നിവിടങ്ങളിലാണ് ഇപ്പോൾ അംഗനവാടികൾ പ്രവർത്തിക്കുന്നത്.

സ്ത്രീധനത്തിന്റെ പേരിൽ കഷ്ടത അനുഭവിക്കുന്ന വനിതകൾ നമ്മുടെ നാട്ടിൽ ധാരാളമുണ്ട്. എന്നാൽ സ്ത്രീപീഡനക്കേസുകൾ വളരെ കുറച്ചു മാത്രം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളൂ. മദ്യപാനികളായ ഭർത്താക്കൻമാരുടെ പീഡനം അനുഭവിക്കുന്ന സ്ത്രീകളും കുറവല്ല. 160 വീടുകളിൽ സ്ത്രീകളാണ് കുടുംബനാഥകൾ. പെൻഷൻ ലഭിക്കുന്ന 117 വിധവകളും ധാരാളം അംഗവൈകല്യമുള്ള സ്ത്രീകളും ഉണ്ട്. ആഹാരത്തിനും കുട്ടികളെ വളർത്തുന്നതിനും വരെ ബുദ്ധിമുട്ടനുഭവിക്കുന്ന സ്ത്രീകളുമുണ്ട്. തൊഴിലെടുക്കുന്നവരുടെ കുട്ടികളുടെ സംരക്ഷണത്തിനുള്ള സൗകര്യങ്ങളൊന്നുമില്ല. സ്ത്രീകൾ പൊതുവേ ആരോഗ്യപരമായി പിന്നിലാണ്. കശുവണ്ടി മേഖലയിലും പാറപ്പണിയിലും ഏർപ്പെട്ടിരിക്കുന്ന വനിതകൾ 40 വയസ് ആകുമ്പോഴേക്കും തൊഴിൽ ജന്യരോഗങ്ങളാൽ അവശരാകുന്നു. സ്ഥിരമായി പാറപ്പണിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സിലിക്കോസിസ് എന്ന രോഗം പിടിപെടുന്നു. ഇത് ക്രമേണ ക്യാൻസർ ആയി മാറിയിട്ടുണ്ട്.

1990 ലെ സാക്ഷരതാ യഞ്ജം ഒരു പരിധിവരെ വനിതകളുടെ സാമൂഹിക - സാംസ്കാരിക രംഗത്തെ വളർച്ചയ്ക്ക് സഹായിച്ചിട്ടുണ്ട്. സ്ത്രീകളിൽ അവകാശബോധം വളർത്താൻ ഇതു സഹായിച്ചു. വനിതകളെ നിന്ദിക്കുകയും അപകീർത്തിപ്പെടുത്തുകയും ചെയ്യുന്ന ഒരു പ്രവണത ധാരാളമായി ഉണ്ടായിരുന്നു. സാക്ഷരതാ പ്രവർത്തനത്തിന് അതിന് ഒരു പരിധി വരെ തടയിടാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും ഇന്നും കുറച്ചൊക്കെ നിലനിൽക്കുന്നുമുണ്ട്.

സാമ്പത്തിക ബുദ്ധിമുട്ടുകാരണം വിവാഹം എന്ന സ്വപ്നം പൂവണിയാതെ പോകുന്ന ധാരാളം സ്ത്രീകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അവർക്ക് കഴിയുന്ന ധനസഹായം നൽകണം.

സ്ത്രീ അമ്മയാണ്, ഭാര്യയാണ്, കുടുംബിനിയാണ്, സാമൂഹ്യപ്രവർത്തകയാണ്, ഭരണകാര്യം നോക്കുന്നവളാണ്. ജനസംഖ്യയിൽ കൂടുതലുള്ള ഈ വർഗ്ഗത്തെ പ്രത്യേകം കണക്കിലെടുത്ത് പൊതു രംഗത്ത് സ്ത്രീകൾക്ക് ഇപ്പോഴുള്ള 3ന് ഒന്ന് സംവരണം എന്നത് 2ന് ഒന്ന് ആക്കി വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്. തദ്ദേശ സ്വയംഭരണ രംഗത്തുള്ള സംവരണം എല്ലാം രംഗങ്ങളിലും വർദ്ധിപ്പിക്കണം.

പൊതുപ്രശ്നങ്ങൾ

സ്ത്രീകളുടെ തൊഴിലില്ലായ്മ വളരെ രൂക്ഷമാണ്. വേതന നിരക്കിലും വിവേചനം നിലനില്ക്കുന്നു. സ്ത്രീകൾ മാത്രം പണിയെടുക്കുന്ന മേഖലകളിൽ കൂലിനിരക്ക് വളരെ കുറവാണ്. ഉദാ - കശുവണ്ടി, തീപ്പെട്ടി വ്യവസായം, പാറപ്പണി, ഖാദിയൂണിറ്റ് മുതലായവ

വിവിധ മേഖലകളിലുള്ള വേതനനിരക്ക്

പട്ടിക 2

തൊഴിൽ മേഖല	വേതനനിരക്ക്	
	സ്ത്രീകൾ	പുരുഷന്മാർ
കർഷകത്തൊഴിലാളി	60	90
നിർമ്മാണത്തൊഴിലാളി	75	100
കരിങ്കൽ മേഖല	30-40	100
കശുവണ്ടി	35-40	ഇല്ല
തീപ്പെട്ടി നിർമ്മാണം	20-30	ഇല്ല
ഖാദിമേഖല	30-35	ഇല്ല

വനിതാ മേഖലയിൽ ധാരാളം തൊഴിൽ സംരംഭങ്ങൾ ഉണ്ടാകണം. പൊതുജീവിതത്തിലും പല ഉത്തരവാദിത്വമേഖലകളിലും ജോലികൾ നിർവഹിക്കാൻ വനിതകൾ വിമുഖത കാണിക്കുന്നു. ഉത്തരവാദിത്വങ്ങൾ അവരെ ഏല്പിക്കാനുള്ള താല്പര്യക്കുറവ് പുരുഷന്മാരുടെ ഭാഗത്തും നിലനിൽക്കുന്നു. സർക്കാർ നിരോധിച്ചെങ്കിലും സ്ത്രീധന വ്യവസ്ഥ ഇവിടെയും നിലനില്ക്കുന്നു. ഇതിൽ സ്ത്രീകളും പങ്കാളികളാണ്. സ്വത്ത് സമ്പാദിക്കാനുള്ള അമിത താൽപര്യം വനിതകളിൽ നിലനിൽക്കുന്നു. സമ്പത്തിന്റെ പേരിലുള്ള കുടുംബ കലഹങ്ങളും ഉണ്ട്.

കുടുംബഭദ്രതയ്ക്കും തലമുറകളുടെ അസ്വസ്ഥതയ്ക്കും ആരോഗ്യത്തിനും ഹാനികരമായി മാറുന്നതിനാൽ മദ്യനിരോധനം ഫലപ്രദമായി നടപ്പാക്കണം. വ്യക്തികളുടേയും സഹകരണ മേഖലയുടേതുമായ ചെറുകിട വ്യവസായങ്ങൾ ധാരാളമില്ലാത്തതിനാൽ ജീവിതത്തിൽ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. വനിതകൾക്കായി കൂടുതൽ തൊഴിൽ സംരംഭങ്ങൾ ഉണ്ടാകണം. അംഗനവാടികളുടെയും മാതൃശിശുസംരക്ഷണ കേന്ദ്രങ്ങളുടെയും, വനിതാസമാജങ്ങളുടെയും കുറവ്, ബോധവൽക്കരണത്തേയും പോഷകാഹാരക്കുറവിനേയും ദാരിദ്ര്യത്തേയും പ്രദാനം ചെയ്യുന്നു. ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത വനിതകളേയും സമൂഹത്തേയും ബാധിക്കുന്നു.

ആവശ്യങ്ങൾ

1. തൊഴിൽ മേഖലയിൽ സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കണം.
2. വനിതകളുടെ ആരോഗ്യപരിപാലനം ഉറപ്പുവരുത്തണം
3. പൊതു പ്രവർത്തന രംഗത്ത് വനിതാ പങ്കാളിത്തം വർദ്ധിപ്പിക്കണം.
4. പച്ചക്കറികൃഷിക്ക് സമഗ്രവികസനം ഉറപ്പുവരുത്തുക
5. എല്ലാ വാർഡുകളിലും വനിതാ സമാജങ്ങൾ സ്ഥാപിക്കുകയും പ്രവർത്തനം ഊർജ്ജസ്വലമാക്കുകയും ചെയ്യണം.
6. കശുവണ്ടിത്തൊഴിലാളികളുടെ തൊഴിൽ ദിവസങ്ങൾ വർദ്ധിപ്പിക്കുകയും ക്ഷേമപ്രവർത്തനങ്ങൾ ഫലപ്രദമാക്കുകയും ചെയ്യണം.
7. കാർഷിക രംഗത്ത് സ്ത്രീ തൊഴിലാളികളുടെ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുക.
8. മദ്യം പൂർണമായി നിരോധിക്കുക
9. കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് നിലവിലുള്ള സബ്സിഡികൾ വർദ്ധിപ്പിക്കുക
10. കോഴിവളർത്തൽ യൂണിറ്റുകൾ വർദ്ധിപ്പിക്കുക.
11. പുഷ്പഫലകൃഷി നമ്മുടെ പഞ്ചായത്തിൽ സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കുക
12. പാചകാവശ്യത്തിനുള്ള മണ്ണെണ്ണ പെർമിറ്റുകൾ ആവശ്യാനുസരണം വർദ്ധിപ്പിക്കുക.
13. ഗോബർഗ്യാസ് പ്ലാൻറുകൾക്കുള്ള സബ്സിഡി വർദ്ധിപ്പിച്ച് ഊർജ്ജക്ഷാമം പരിഹരിക്കുക.
14. പാചകഗ്യാസിന്റെ വിതരണം ത്വരിതപ്പെടുത്തുക
15. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം വർദ്ധിപ്പിക്കുക.
16. സ്ത്രീകൾ അമിതമായ സ്വർണ്ണഭ്രമം ഉപേക്ഷിക്കുക.
17. സ്ത്രീധനത്തിനെതിരായ ബോധവൽക്കരണം നടത്തുക
18. വിവാഹപ്രായം കഴിഞ്ഞു നിൽക്കുന്ന നിർദ്ധനരായ സ്ത്രീകൾക്ക് വിവാഹം നടത്തുന്നതിന് ധനസഹായം നൽകുക.
19. വനിതകളിൽ സമ്പാദ്യശീലം വളർത്താൻ ശ്രദ്ധിക്കണം
20. അർഹരായ എല്ലാവർക്കും വിവിധ പെൻഷൻ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തണം.

വാർഡുതലത്തിലുള്ള ആവശ്യങ്ങൾ

തൃപ്പിലഴികം

വാർഡിൽ ഒരു വനിതാ സമാജം വേണം

ഇടയ്ക്കിടം

പി. എച്ച്. എസ്സ്. സി. യുടെ പ്രവർത്തനം വിപുലപ്പെടുത്തണം. ഗവഃഎൽ.പി.എസിൽ പ്രീ-പ്രൈമറി അനുവദിക്കണം.

കടയ്ക്കോട്

ശിശുമന്ദിരത്തിന്റെ പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കണം. വനിതാ കൺസ്യൂമർ സ്റ്റോർ, മാവേലി സ്റ്റോർ എന്നിവ സ്ഥാപിക്കണം. പടിഞ്ഞാറ്റിൻകര കേന്ദ്രീകരിച്ച് വനിതാസമാജം സ്ഥാപിക്കണം. ശശ്മാനത്തിന് വേണ്ടി അനുവദിച്ച് വെറുതെകിടക്കുന്ന സ്ഥലം വനിതകൾക്ക് പച്ചക്കറികൃഷി ആരംഭിക്കാൻ അനുവദിക്കണം. അതിന്റെ ലാഭവിഹിതം നിർധനരായ കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്.

പ്ളാക്കോട്

പഞ്ചായത്തു വക 1 ½ സെന്റ് ഭൂമിയിൽ ഒരു വനിതാ സമാജമോ വായനശാലയോ ഉണ്ടാകണം. പ്രിയദർശിനി മഹിളാ സമാജത്തിൽ പ്രവർത്തിക്കുന്ന അംഗനവാടി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി നടത്തണം.

കുഴിമതിക്കാട്

ഒരു പി. എച്ച്. സി ആരംഭിക്കണം. വനിതാ സമാജം സ്ഥാപിക്കണം.

കരീപ്ര

വനിതാ സംരഭങ്ങൾക്ക് മുൻതൂക്കം നൽകുക, പൊതുപ്രവർത്തന രംഗത്ത് പങ്കാളിത്തം ഉറപ്പാക്കുക.

മടന്തകോട്

വനിതകൾക്ക് ഒരു കൺസ്യൂമർ സ്റ്റോർ ആവശ്യമാണ്. ഡി. ഡ്ബ്യൂ. സി. ആർ. എ, ഡബ്ലൂ. ഐ.പി. എന്നീ പദ്ധതി പ്രകാരം ചെറുകിട വ്യവസായങ്ങൾ ആരംഭിക്കണം. കൃഷിഭവന്റെ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടത്തിൽ ഒരു വനിതാ ട്രെയിനിംഗ് സെൻറർ അനുവദിക്കുക.

കുടിക്കോട്

ക്ഷീരസഹകരണസംഘം, അംഗനവാടി, ക്രെഷേസെൻറർ, തയ്യൽപരിശീലനകേന്ദ്രങ്ങൾ, പപ്പടവ്യവസായം എന്നിവ ആരംഭിക്കണം

വാക്കനാട്

അംഗനവാടികൾ, ക്രെഷേസെൻറർ, കെൽട്രോണിന്റെ ഒരു വനിതാ യൂണിറ്റ് എന്നിവ ഉണ്ടാകണം.

നെടുമൺകാവ്

ഫുഡ്പ്രോസസിംഗ് സെൻറർവേണം, പി. എച്ച്. സി. 24 മണിക്കൂർ പ്രവർത്തനം ഉറപ്പുവരുത്തുക.

തളവൂർക്കോണം

വനിതാസമാജം രൂപീകരിക്കുക, ഒരു വനിതാ ഗാർമെൻറ്സ് സെൻറർ അനുവദിക്കുക.

സാദ്ധ്യതകൾ

വനിതകളുടെ തൊഴിൽ സംരംഭങ്ങൾ ഉറപ്പുവരുത്തുന്നതിനും സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുന്നതിനും ഉള്ള ധാരാളം സാധ്യതകൾ നമ്മുടെ നാട്ടിൽ ഉണ്ട്.

1. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സഹകരണ സംഘങ്ങൾ, കറിപൗഡർ യൂണിറ്റുകൾ, ഗാർമെൻറ് യൂണിറ്റുകൾ എന്നിവ സംഘടിപ്പിക്കുന്നതിന് പുറമേ ആട് വളർത്തൽ, കാലിവളർത്തൽ, കോഴിവളർത്തൽ എന്നിവയ്ക്ക് പ്രാധാന്യം നൽകാവുന്നതാണ്.

2. വ്യവസായികാടിസ്ഥാനത്തിൽ പച്ചക്കറികൃഷി, പുഷ്പഫലകൃഷി, കൂൺകൃഷി, കാർഷിക നഴ്സറികൾ എന്നിവ കൃഷിഭവൻെറ സഹായത്തോടെ നടപ്പിൽ വരുത്തുക വഴി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാവുന്നതാണ്.

3. പൊതുരംഗങ്ങളിലും സാമൂഹിക സാംസ്കാരിക രംഗങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്. അതിനായി വിവധ മേഖലകളെകുറിച്ച് ബോധവത്ക്കരിക്കുന്നതിന് വേണ്ടി സെമിനാറുകൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കണം.

4. പഞ്ചായത്തിൽ നിലവിലുള്ള വനിതാസമാജങ്ങളുടെ പ്രവർത്തനം പുനരുദ്ധരിക്കുന്നതുമൂലം സാമൂഹ്യ. സാമ്പത്തിക സാംസ്കാരിക രംഗങ്ങളിലുള്ള പിന്നോക്കാവസ്ഥ പരിഹരിക്കാൻ കഴിയും.

5. ദേശസാൽകൃത ബാങ്കുകളുടെ സഹായത്തോടെ എസ്. എച്ച്.ജി ഗ്രൂപ്പുകൾ സംഘടിപ്പിക്കുക. ഇത് വനിതകളിൽ സമ്പാദ്യശീലം വളർത്താൻ സഹായകമാകും.

സഹകരണമേഖല

കടത്തിൽ ജനിച്ച്, കടത്തിൽ വളർന്ന്, കടം തന്നെ പിൻതലമുറക്കാർക്ക് ഭാഗിച്ചു കൊടുത്തുകൊണ്ട് മരണമടയുന്നവരാണ് ഇന്ത്യൻ കർഷകർ എന്നൊരു ചൊല്ലുണ്ട്. തിരുവിതാംകൂറിൽ ആദ്യമായി ഒരു സഹകരണ നിയമം നടപ്പിലായത് ശ്രീ. രാജഗോപാലാചാരി ദിവാനായിരുന്ന കാലത്താണ്. അതിവൃഷ്ടി, അനാവൃഷ്ടി, ജാതിബാധകൾ, ദേശീയവും വൈദേശീകവുമായ ചൂഷണങ്ങൾ തുടങ്ങി വിവിധ കാരണങ്ങളിൽ ഋണബാദ്ധ്യതയിൽ പെട്ടു നട്ടം തിരിഞ്ഞ കൃഷിക്കാർക്കും, സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ആളുകൾക്കും ഈ സഹകരണനിയമം ഒരനുഗ്രഹമായി. ലോകത്തിലെ തന്നെ ഏറ്റവും വിപുലമായ സഹകരണ പ്രസ്ഥാനമാണ് ഇന്ത്യയിലേത്. ഏതാണ്ട് 72000 കോടി രൂപാ പ്രവർത്തന മൂലധനവും 32,503,000 സഹകരണസംഘങ്ങളും 1640 ലക്ഷം അംഗങ്ങളും ഇന്ന് ഈ പ്രസ്ഥാനത്തിനുണ്ട്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ കാതലായ അദ്ധ്വാനവും, സഹകരണവും മൂലം മനുഷ്യന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഈ പ്രസ്ഥാനം ഉപയുക്തമാണ്. മനുഷ്യചേതന അദമ്യമായ പ്രവർത്തനത്തിന്റെ ഫലമായി നേടിയ സ്വാതന്ത്ര്യം സമത്വാധിഷ്ഠിതമായ ഒരു സാമൂഹിക ക്രമത്തിൽ കൂടിയേ സംരക്ഷിക്കുവാൻ കഴിയുവെന്ന ബോധം ഇതിന്റെ വളർച്ചയെ ത്വരിതപ്പെടുത്തി.

തിരുവിതാംകൂറിലും കൊച്ചിയിലും രണ്ട് വ്യത്യസ്ഥ സഹകരണ നിയമങ്ങളാണ് നിലവിലുള്ളത്. 1956 നവംബർ 1 ന് കേരള സംസ്ഥാനം ഉടലെടുത്തപ്പോൾ തിരുവിതാംകൂറിലേയും കൊച്ചിയിലേയും വ്യത്യസ്ഥ നിയമങ്ങൾ പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നു. അത് പരിഹരിക്കുന്നതിനായി 1963 ൽ ശ്രീ. ആർ. ശങ്കർ മുഖ്യ മന്ത്രിയായിരുന്നപ്പോൾ ഒരു ബിൽ അവതരിപ്പിച്ചെങ്കിലും മന്ത്രിസഭാ പതനം ബില്ലിനെ ചാപിള്ളയാക്കി മാറ്റി. അതിനുശേഷം ശ്രീ. പി. ആർ. കുറുപ്പ് സഹകരണ മന്ത്രിയായപ്പോൾ ഒരു സഹകരണനിയമം നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കി. ഈ നിയമത്തിന് 1969 ഏപ്രിൽ 5-ാം തീയതി പ്രാബല്യത്തിൽ വരികയും ചെയ്തു. ഇന്ന് കേരളത്തിൽ 14000 സഹകരണസംഘങ്ങളും ഒരു കോടിയിലധികം സഹകാരികളും 181 കോടി രൂപ മൂലധനവുമുണ്ട്. കേരള സംസ്ഥാന രൂപീകരണത്തിന് തൊട്ടു മുമ്പ് കരീപ്ര പഞ്ചായത്തിലെ ഗ്രാമീണരുടെ കാർഷികവും കാർഷികേതരവുമായ സംരംഭങ്ങളെ സഹായിക്കാൻ, അന്ന് നിലവിലിരുന്ന സഹകരണ നിയമമനുസരിച്ച് 1955 ൽ കരിപ്ര ആസ്ഥാനമാക്കി തൃപ്പിലഴികം പഞ്ചായത്ത് വിവിധോദ്ദേശ സർവ്വീസ് സഹകരണസംഘം എന്ന പേരിൽ ഒരു ക്രഡിറ്റ് സംഘം കരീപ്ര പഞ്ചായത്തിൽ സ്ഥാപിതമായി. എല്ലാവർക്കും വേണ്ടി ഒരുവൻ, ഒരുവനുവേണ്ടി എല്ലാ വരും എന്ന ദർശനത്തിൽ 51 അംഗങ്ങളെ ഉൾപ്പെടുത്തി പഞ്ചായത്ത് പ്രസിഡൻറായിരുന്ന ശ്രീ. കെ. കുഞ്ഞുരാമൻ പിള്ളയുടെ നേതൃത്വത്തിൽ പാലൂർ തങ്കപ്പൻ പിള്ള, എൻ. രാമൻ, എ. ശ്രീധരൻ, ജി. ലൂക്കോസ് എന്നിവരുൾപ്പെട്ട ഏതാനും പേർ ചേർന്നാണ് ആദ്യകാല പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിരുന്നത് അന്ന് സഹകരണ പ്രസ്ഥാനത്തിന് വേണ്ടത്ര വേരോട്ടം ഇല്ലാതിരുന്നതിനാൽ പ്രവർത്തനം വളരെ ദുഷ്ക്കരമായിരുന്നു. എങ്കിലും സഹകരണസംഘം പ്രസിഡൻറുമാരായി പ്രവർത്തിച്ച ശ്രീമാൻമാർ. എൻ. വിജയൻ, കടുർ മേലതിൽ, പി. ജനാർദ്ദനൻപിള്ള, എൻ. നാരായണനുണ്ണി, കെ. കേശവപിള്ള എന്നിവരുടെ നേതൃത്വത്തിലുള്ള ഭരണസമിതി കാലാകാലങ്ങളിൽ സഹകാരികളെയാകെ ഏകോപിപ്പിച്ച് ത്യാഗോജ്ജ്വലമായി പ്രവർത്തിച്ച് പ്രശസ്തമായ ഒരു സാമ്പത്തിക സ്ഥാപനമായി ഈ സഹകരണ സംഘത്തെ വളർത്തിയെടുത്തു.

സംഘം പ്രവർത്തനം ആരംഭിച്ചകാലത്ത് ഈ പ്രദേശത്തെ ഒരു പ്രധാനപ്പെട്ട കൈത്തൊഴിലായിരുന്ന

പനയോല നെയ്ത്തിൽ ഏർപ്പെട്ടിരുന്നവർക്ക് വായ്പ നൽകി സംഘത്തിന്റെ ചുമതലയിൽ അവരുടെ ഉൽപ്പന്നങ്ങളായ പായ, തടുക്ക് എന്നിവ ശേഖരിച്ച് വിറ്റുവന്നിരുന്നു. കൂടാതെ വിദഗ്ദ്ധരായ തൊഴിലാളികളെ തെക്കൻ തിരുവിതാംകൂറിൽ നിന്നും വരുത്തി പനയിൽ നിന്നും ശേഖരിച്ച അക്കാനി ഉപയോഗിച്ച് കരുപ്പോട്ടി നിർമ്മാണവും ആരംഭിച്ചിരുന്നു. എന്നാൽ ഈ സംരംഭം വേണ്ടത്ര ഫലപ്രദമാകാതിരുന്നതിനാൽ മുന്നോട്ടു കൊണ്ടു പോകാനായില്ല. ഇക്കാലഘട്ടത്തിൽ സഹകാരികളുടെ എണ്ണവും പിരിഞ്ഞടഞ്ഞ മൂലധനവും വർദ്ധിച്ചതനുസരിച്ച് കെട്ടുതെങ്ങുവ്യവസ്ഥയിൽ അംഗങ്ങളായ കർഷകർക്ക് വായ്പ നൽകുന്ന പദ്ധതി ആരംഭിച്ചു. അതോടൊപ്പം കർഷകരുടെ അഭിവൃദ്ധി ലക്ഷ്യമാക്കി അവർക്കാവശ്യമായ വളം, കാർഷികോപകരണങ്ങൾ തുടങ്ങിയവ വിതരണം ചെയ്യുന്ന പ്രവർത്തനങ്ങളിലും സംഘം ഏർപ്പെട്ടു.

ഇതേ കാലത്തു തന്നെ സഹകരണമേഖലയിൽ സെനിത്തുമുക്ക് കേന്ദ്രമാക്കി സ്ഥാപിതമായ ഒരു സംഘമാണ് ദേവീവിലാസം ഹരിജൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി-പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ജനവിഭാഗങ്ങളുടെ പുരോഗതി ലക്ഷ്യമാക്കി ഗവൺമെൻറു സഹായത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ 1001 പേർ അംഗങ്ങളായുണ്ട്. ആദ്യകാലത്ത് വിവിധ ആവശ്യങ്ങൾക്ക് അംഗങ്ങൾക്ക് വായ്പ നൽകുകയും മാവേലിസ്റ്റോർ പ്രവർത്തിപ്പിക്കുകയും ചെയ്തു വന്നു. എന്നാൽ സാമ്പത്തിക ക്രമക്കേടുമൂലം പ്രവർത്തനം സ്തംഭിക്കുവാനിടയായി. കുറച്ചുകാലത്തിനു ശേഷം പ്രസ്തുത സംഘം പുനരുദ്ധരിച്ച് കൺസ്യൂമർസ്റ്റോർ, ഓണച്ചന്ത എന്നിവ നടത്തിവന്നത് പരിസരവാസികൾക്കാകെ ഉപകാരപ്രദമായി. കൃഷിഭവൻ വഴി നല്കിയ ട്രില്ലർ പ്രദേശത്തുള്ള കൃഷിക്കാർക്ക് ഏറ്റവും സഹായകരമാകുകയും ചെയ്തിരുന്നു. സംഘത്തിന്റെ ചുമതലയിൽ മെറ്റലടിയും നടത്തിയിരുന്നത് കുറച്ചുപേർക്ക് തൊഴിലിനും പര്യാപ്തമായിരുന്നു. അല്പകാലമായി പ്രവർത്തനങ്ങൾ നിലച്ചമട്ടാണ്.

ഖാദി ബോർഡിന്റെ സഹായത്താൽ നെടുമൺകാവ് കേന്ദ്രമാക്കി ഒരു മൺകലനിർമ്മാണ സഹകരണസംഘം വ്യവസായികാടിസ്ഥാനത്തിൽ സ്ഥാപിച്ച് പ്രവർത്തിപ്പിച്ചിരുന്നു. സംഘാടകരുടെ കെടുകാര്യസ്ഥത മൂലം പ്രസ്തുത സ്ഥാപനം നാശമടഞ്ഞു.

ഈ പഞ്ചായത്തിൽ ഒരു വനിതാ സഹകരണസംഘം കുഴിമതിക്കാട് ആസ്ഥാനമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിന്റെ പേരിൽ നിത്യോപയോഗ സാധനങ്ങളുടെ വ്യാപാരം നടക്കുന്നുണ്ടെങ്കിലും അതിനൊരു ജനകീയ സ്വഭാവം ഇന്നില്ല.

കരീപ്ര പഞ്ചായത്ത് കൺസ്യൂമർ സഹകരണ സംഘം 147 അംഗങ്ങളെ ചേർത്ത് 1988 ൽ നെടുമൺകാവിൽ സ്ഥാപിതമായി. അംഗങ്ങളിൽ നിന്ന് സംഭരിച്ച ഓഹരിത്തുക മൂലധനമാക്കി പ്രവർത്തനം ആരംഭിച്ചു. അഭ്യുദയകാംക്ഷികളുടെ സഹായത്തോടുകൂടി ഓണച്ചന്തയും കൺസ്യൂമർ സ്റ്റോറും നടത്തിവന്നു. പഞ്ചായത്തിലെ പ്രധാന വ്യാപാരകേന്ദ്രമായ നെടുമൺകാവിൽ നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം ഒരു പരിധിയോളം നിയന്ത്രിക്കുന്നതിന് ഈ പ്രവർത്തനം ഒരു പ്രേരകശക്തിയായിരുന്നു. എന്നാൽ പ്രവർത്തന മൂലധനമോ ഗ്രാന്റോ ഗവൺമെൻറിൽ നിന്നോ ഇതര സ്ഥാപനങ്ങളിൽ നിന്നോ ലഭിക്കാതിരുന്നതിനാൽ ഈ സഹകരണസ്ഥാപനം നിശ്ചേഷ്ഠമായി.

സെറിക്കൾച്ചർ

ഖാദിബോർഡിന്റെ ചുമതലയിൽ കൊല്ലം ജില്ലയിൽ മൾബറി കൃഷി ആരംഭിച്ചു. അതിന്റെ ഭാഗമായി കരീപ്ര മടന്തകോടു വാർഡുകളിൽ മൾബറി നേഴ്സറി പ്രവർത്തിപ്പിക്കുകയും 1990-ൽ സ്ഥാപിതമായ കരീപ്ര പഞ്ചായത്ത് സെറിക്കൾച്ചർ സൊസൈറ്റിയിലെ ഏതാനും അംഗങ്ങൾ സഹകരണബാങ്കിൽ നിന്നുമുള്ള വായ്പ ഉപയോഗിച്ച് മൾബറിച്ചെടി കൃഷിചെയ്യുകയുണ്ടായി. നാലഞ്ചുപേർ പട്ടുനൂൽ പുഴു വളർത്തി കൊക്കൂൺ ഉൽപ്പാദിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ കൃഷിയാകെ നഷ്ടമാകുകയും പ്രവർത്തനം പൂർണ്ണമായി നില്ക്കുകയും ചെയ്തു.

അതുപോലെ ഖാദിബോർഡിന്റെ സഹായത്താൽ സഹകരണ സംഘം സ്ഥാപിച്ചുകൊണ്ട് ഈ പഞ്ചായത്തിൽ തേനീച്ച വളർത്തൽ ഒരു കുടിൽ വ്യവസായമായി നടത്തിവന്നിരുന്നു. അതും ഇന്ന് നാമാവശേഷമായിരിക്കുന്നു.

ഇടയ്ക്കിടം കേന്ദ്രമായി 1954 ൽ രൂപീകൃതമായ ഗ്രാമോദ്ധാരണ സഹകരണസംഘം കൃഷിക്കാർക്ക് വായ്പ, വളം, എന്നിവ വിതരണം ചെയ്തുകൊണ്ട് പ്രവർത്തിച്ചിരുന്നു. രണ്ടു ദശകക്കാലത്തെ പ്രവർത്തനത്തിനുശേഷം സാമ്പത്തിക ക്രമക്കേടിനെ തുടർന്ന് വ്യവഹാരത്തിൽപ്പെട്ട് പ്രസ്തുത സംഘം ലിക്വിഡേറ്റ് ചെയ്യപ്പെ

ടുകയുണ്ടായി.

പനയോല നെയ്ത്തു സഹകരണസംഘം

തിരുവിതാംകൂറിൽ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ഭരണകാലത്ത് കച്ചേരികളിൽ പ്രമാണങ്ങൾ എഴുതി രജിസ്റ്റർ ചെയ്യുന്നതിനും മറ്റുമായി ആവശ്യമായ പനയോലയ്ക്കുവേണ്ടി ഈ പ്രദേശത്ത് കരിമ്പനകൾ നട്ടുവളർത്തുന്നതിന് പരിചയസമ്പന്നരായ ആളുകളെ തെക്കൻതിരുവിതാംകൂറിൽനിന്ന് കൂട്ടിക്കൊണ്ടുവന്ന് ഭൂമിക രമൊഴിവായികൊടുത്ത് ഇവിടെ പാർപ്പിച്ചിരുന്നു. എഴുത്താവശ്യത്തിന് കടലാസ് ഉപയോഗിച്ചുതുടങ്ങിയ പിൽക്കാ ലത്ത്, ഇന്നാട്ടിൽ സുലഭമായിരുന്ന പനയോലകൊണ്ട് പായ്, തടുക്ക്, എന്നിവ നെയ്യുന്നത് ഇവിടെ ഒരു പ്രധാനകൈത്തൊഴിലായി വളർന്നു. കരീപ്ര, മടന്തകോട്, പ്ലാക്കോട് എന്നീ വാർഡുകളിൽ ധാരാളം ആളുകൾ ഈ തൊഴിലിൽ ഏർപ്പെട്ടു. ഈ വ്യവസായത്തിന്റെ അഭിവൃദ്ധി ലക്ഷ്യമാക്കി സഹകരണസംഘം സ്ഥാപിച്ച് നെയ്ത്തുകാരിൽ നിന്ന് ഉൽപ്പന്നങ്ങൾ ശേഖരിച്ച് വിറ്റു വന്നു. ഗവൺമെന്റിൽ നിന്ന് കടമായോ ഗ്രാന്റായോ സാമ്പത്തിക സഹായം ലഭിക്കാതെ വന്നതിനാൽ സംഘം പ്രവർത്തനരഹിതമായിരിക്കുകയാണ്.

കൊട്ടാരക്കര ബ്ലോക്ക് കാഷ്യൂ ആൻറ് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി രജിസ്റ്റർ നമ്പർ 11 / 70 ന്റെ ബ്രാഞ്ച് കടയ്ക്കോട് വാർഡിൽ സ്ഥാപിതമായിട്ടുണ്ട്. എന്നാൽ അത് പ്രവർത്തിക്കുന്നില്ല.

കുടിക്കോട് ആസ്ഥാനമായി ഒരു കൈത്തറി നെയ്ത്തു സഹകരണ സംഘം സ്ഥാപിക്കപ്പെട്ടിരുന്നു. പ്രദേശത്തുള്ള ഏതാനും ആളുകൾ ഇതിൽ അംഗങ്ങളാകുകയും കൈത്തറി നെയ്ത്ത് ഒരു തൊഴിലായി സ്വീകരിക്കുകയു ചെയ്തിരുന്നു. സംഘത്തിന്റെ ചുമതലയിൽ നെയ്ത്തുകാർക്ക് ആവശ്യമുള്ള ഉപകരണങ്ങളും മറ്റും വിതരണം ചെയ്യുകയും അവരുടെ ഉൽപ്പന്നങ്ങൾ ശേഖരിച്ച് വില്ക്കുകയും ചെയ്തിരുന്നു. പൊതുവായി ബാധിച്ച പ്രതിസന്ധിയുടെ ഭാഗമായി സഹകരണസംഘം പ്രവർത്തനരഹിതമായി ലിക്വിഡേറ്റു ചെയ്യപ്പെട്ടു.

കരീപ്ര പഞ്ചായത്തിൽ വിവിധ മേഖലകളിലായി 17 സംഘങ്ങൾ പ്രവർത്തിച്ചിരുന്നു. അവയിൽ മൂന്നെണ്ണം രണ്ടു ദശകങ്ങൾക്കുമുമ്പ് പൂർണ്ണമായി പ്രവർത്തനരഹിതമായി. തേനീച്ച വളർത്തൽ സഹകരണസംഘവും, നെടുമൺകാവിലെ കൺസ്യൂമർ സൊസൈറ്റിയും, പനയോല നെയ്ത്തു സഹകരണസംഘവും ഇപ്പോൾ പ്രവ ർത്തനത്തിലില്ല. ജില്ലാ - താലൂക്ക് തലങ്ങളിൽ പ്രവർത്തിക്കുന്ന പല സംഘങ്ങളുടെയും പരിധിയിൽ ഈ പഞ്ചായത്തും ഉൾപ്പെടുന്നതാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളുടെ ഇനം തിരിച്ചുള്ള പട്ടിക അന്യത്ര ചേർക്കുന്നു.

സഹകരണമേഖല ഇന്ന്

ഒരു ചെറിയ വാടകമുറിയിൽ ആരംഭിച്ച തൃപ്പിലഴികം വിവിധോദ്ദേശ സഹകരണസംഘത്തിന് രൂപത്തിലും ഉള്ളടക്കത്തിലും ഉണ്ടായ മാറ്റം അതിവേഗത്തിലായിരുന്നു. ഇന്ന് സ്വന്തം സ്ഥലത്തു നിർമ്മിച്ചിട്ടുള്ള രണ്ടു നില കെട്ടിടത്തിൽ കരീപ്ര പഞ്ചായത്ത് സർവ്വീസ് സഹകരണബാങ്ക് എന്ന പേരിൽ നാടിന്റെ ആശാകേന്ദ്രമായ ഒരു ബഹുജനപ്രസ്ഥാനമായി സംഘം വളർന്നിരിക്കുന്നു. വിവിധ ഇനങ്ങളിൽ വായ്പാ വിതരണം, സ്വർണ്ണപ്പണയ വായ്പ, ബാങ്കിംഗ്, ചിട്ടികൾ, കൺസ്യൂമർ വിഭാഗം തുടങ്ങിയ പ്രവർത്തനമേഖല വളറെ വിപുലമായി സഹകാരികൾക്കും ബഹുജനങ്ങൾക്കും ഉപകാരപ്രദമായി പ്രവർത്തിക്കുന്നു. കരീപ്ര പഞ്ചായത്തിൽ ആകെയുള്ള 5599 കുടുംബങ്ങളിൽ 3500 കുടുംബങ്ങളിൽ നിന്നും 11725 അംഗങ്ങളും 15 ലക്ഷത്തിലധികം രൂപാ പിരിഞ്ഞ ടഞ്ഞ മൂലധനവും വിവിധ ഇനങ്ങളിലായി 3 കോടി രൂപാ നിക്ഷേപവും ഈ സ്ഥാപനത്തിനുണ്ട്. ഇതിന്റെ ഭാഗമായി നെടുമൺകാവിൽ നിത്യോപയോഗ സാധനങ്ങൾ, തുണിത്തരങ്ങൾ, സിമൻറ്, വളം മുതലായവ വില്പന നടത്തുന്ന ഡിപ്പോകളും പ്രവർത്തിച്ചുവരുന്നു. ബാങ്കിൽ ഇപ്പോൾ 21 ജീവനക്കാർ ജോലിചെയ്യുന്നു.

പട്ടിക - 1

കാർഷിക വായ്പാസംഘങ്ങൾ

സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഓഹരി മൂലധനം	കടം	നിക്ഷേപം	വായ്പകൾ കാർഷികം	വായ്പകൾ കാർഷികേതരം	ലാഭമോ നഷ്ടമോ നഷ്ടം	ജീവനക്കാർ
കരീപ്ര പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം ന.3827	1955	കരീപ്ര പഞ്ചായത്ത്	11725	14,49,021	26,46,321	2,99,06,563	17280031	18924885	46,53,236 (നഷ്ടം)	21

ക്ഷീരോൽപാദക സഹകരണസംഘങ്ങൾ

പഞ്ചായത്ത് അതിർത്തിക്കുള്ളിൽ 5 ക്ഷീരോത്പാദക സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. 1989 ൽ സ്ഥാപിതമായ കടയ്ക്കോട് ക്ഷീരോത്പാദക സംഘം കടയ്ക്കോട്, ഇടയ്ക്കിടം, പ്ലാക്കോട് എന്നീ വാർഡുകളുടെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്നു. പ്രതിദിനം 225 ലിറ്റർ പാൽ ശേഖരിക്കുന്നുണ്ട്. സംഘം കൂടുതൽ വിപുലീകരിക്കാവുന്നതാണ്.

കുഴമതിക്കാട് ക്ഷീര വ്യവസായ സംഘത്തിൽ 137 പേർ അംഗങ്ങളായുണ്ട്. തൃപ്പിലഴികം, കുഴിമതിക്കാട് എന്നീ വാർഡുകളുടെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്നു. പ്രതിദിനം 225 ലിറ്റർ പാൽ സംഭരിക്കുന്നുണ്ട്. നിലവിലുള്ള അംഗങ്ങൾക്ക് നല്ല ഇനം പശുക്കളെ വിതരണം ചെയ്തും അംഗങ്ങളെ ചേർത്തും ശേഷി വർദ്ധിപ്പിക്കണം. പാൽ സംഘത്തിൽ നല്കുന്നവർക്ക് യഥാകാലം അഗംത്വം കൊടുക്കേണ്ടതാണ്.

മടന്തകോട്, തളവൂക്കോണം വാർഡുകളുടെ പരിധിക്കുള്ളിലാണ് മടന്തകോട് ക്ഷീരോത്പാദക സംഘം പ്രവർത്തിക്കുന്നത്. ഇവിടെ പ്രതിദിനം 200 ലിറ്റർ പാൽ ശേഖരിക്കുന്നു. സംഘത്തിന്റെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കണം.

നെടുമൺകാവ്, വാക്കനാട്, വാർഡുകളുടെ പരിധിയിൽ പ്രവർത്തിക്കുന്ന വാക്കനാട് ക്ഷീരോത്പാദക സംഘത്തിന്റെ ഇപ്പോഴത്തെ സംഭരണശേഷി 130 ലിറ്ററാണ്. സംഘം പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം.

അടുത്ത നാളുകളിൽ ഉദ്ഘാടനം ചെയ്യപ്പെട്ടതാണ് കരീപ്ര ക്ഷീരോത്പാദക സഹകരണസംഘം. പ്രതിദിനം 80 ലിറ്റർ പാൽ സംഭരിക്കുന്നു. പ്രവർത്തനത്തിനുള്ള മേഖല പരിമിതമാണ്.

പട്ടിക - 2

ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ

സംഘത്തിന്റെ പേര്	സ്ഥാപന വർഷം	പ്രവർത്തന പരിധി	അംഗങ്ങളുടെ എണ്ണം	ജീവനക്കാരുടെ എണ്ണം	ഓഹരി മൂലധനം	പ്രതിദിനം ശേഖരിക്കുന്ന പാൽ ലിറ്റർ
കടയ്ക്കോട് ക്ഷീരോത്പാദക സഹകരണസംഘം	1989	കടയ്ക്കോട് ഇടയ്ക്കിടം പ്ലാക്കോട്	247	2	2470	225
കുഴിമതിക്കാട് ക്ഷീരോത്പാദക സഹകരണസംഘം	1991	കുഴിമതിക്കാട് തൃപ്പിലഴികം	137	2	1370	225
പാദകസഹകരണസംഘം	1993	മടന്തക്കോട്	191	2	1910	200
മടന്തകോട്ക്ഷീരോത്പാദക സഹകരണസംഘം	1994	തളവൂകോണം വാക്കനാട് നെടുമൺകാവ്	130	2	1300	130
കരീപ്ര ക്ഷീരോത്പാദക സഹകരണ സംഘം	1996	കരീപ്ര	80	2	800	80

സ്കൂൾ സഹകരണ സംഘങ്ങൾ

കരീപ്ര പഞ്ചായത്തിന്റെ പരിധിയിൽ 4 ഹൈസ്കൂളുകളിലും 2 യു. പി. സ്കൂളുകളിലുമായി 6 സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. വാക്കനാട്, കുഴിമതിക്കാട് ഹൈസ്കൂളുകളിൽ സഹകരണസംഘങ്ങൾ വഴി പാഠപുസ്തകങ്ങൾ, നോട്ടുബുക്കുകൾ, പേപ്പർ, കുട്ടികൾക്കാവശ്യമായ സ്റ്റേഷനറി സാധനങ്ങൾ എന്നിവ വിതരണം ചെയ്യുന്നു. മറ്റു സ്കൂളുകളിലെ സഹകരണസംഘങ്ങൾ വഴി പാഠപുസ്തകങ്ങൾ മാത്രമേ ഇപ്പോൾ വിതരണം ചെയ്യുന്നുള്ളു. വിദ്യാർത്ഥികൾക്കാവശ്യമായ യൂണിഫോമുകൾ, സ്റ്റേഷനറി സാധനങ്ങൾ എന്നിവയും സഹകരണസംഘങ്ങൾ വഴി വിതരണം ചെയ്യണം. എല്ലാ വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും ഈ സംഘങ്ങളിൽ അംഗങ്ങൾ ആക്കേണ്ടതും സെക്രട്ടറി എന്ന നിലയിൽ കൂടുതൽ ജോലി ചെയ്തു വരുന്ന അദ്ധ്യപകന് പ്രത്യേക അലവൻസും അദ്ധ്യാപകജോലിയിൽ ഇളവും അനുവദിക്കേണ്ടതാണ്.

പട്ടിക - 3.

ഉപഭോക്തൃ സഹകരണ സംഘങ്ങൾ

സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തനപരിധി	വ്യക്തി അംഗത്വം	ഓഹരിമൂലധനം
കരീപ്ര പഞ്ചായത്ത് കൺസ്യൂമർ സഹകരണസംഘം	1988	കരീപ്ര പഞ്ചായത്ത്	147	13147.80
ദേവിവിലാസം ഹരിജൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി	1957	കരീപ്ര പഞ്ചായത്ത്	1001	1001
കുഴിമതിക്കാട് ഗവഃഹൈസ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി	1958	കുഴിമതിക്കാട് ഹൈസ്കൂൾ	7785	15000
സെൻറ്ജോർജ്ജ് എച്ച്.എസ്. ചൊവ്വള്ളൂർ	1968	ചൊവ്വള്ളൂർ എച്ച്.എസ്.	1871	2783
ഗവഃഹൈസ്കൂൾ വാക്കനാട്	1976	വാക്കനാട് ഹൈസ്കൂൾ	2230	13057
ശ്രീനാരായണഗുരു സംസ്കൃത ഹൈസ്കൂൾ സഹകരണസംഘം	1984	സംസ്കൃത ഹൈകൂൾ	20	500
മടന്തകോട് അപ്പർ പ്രൈമറി സ്കൂൾ സഹകരണ സംഘം	1985	മടന്തകോട് സ്കൂൾ	554	1105
ഗവഃയു.പി. സ്കൂൾ നെടുമൺകാവ്	1986	നെടുമൺകാവ് യു.പി.സ്കൂൾ	1171	1852

വനിതാ സഹകരണസംഘങ്ങൾ

കുഴിമതിക്കാട് ആസ്ഥാനമായി ഒരു സംഘം 1982 ൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വ്യാപാരം നടത്തിവരുന്നു.

പട്ടിക - 4

വനിതാ സഹകരണ സംഘം

സംഘത്തിന്റെ പേര്	സ്ഥാപന വർഷം	പ്രവർത്തന പരിധി	അംഗങ്ങളുടെ എണ്ണം	ഓഹരി മൂലധനം
കരീപ്ര പഞ്ചായത്ത് വനിതാ കോ-ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ നമ്പർ ക്യു. 845	1982	കരീപ്ര പഞ്ചായത്ത്	126	10000

കേരവികസന സമിതി

കരീപ്ര പഞ്ചായത്തിലെ കേര സംരക്ഷണവും വികസനവും ലക്ഷ്യമാക്കി ഈ അടുത്ത കാലത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു സ്ഥാപനമാണ് കേരവികസന സമിതി കാര്യക്ഷമമായ പ്രവർത്തനം ഇനിയും ആരംഭിച്ചിട്ടില്ല. ഇതിന് 2200 അംഗങ്ങളും 30000 ത്തിലധികം പിരിഞ്ഞടഞ്ഞ മൂലധനവുമുണ്ട്. ഇത് ഒരു സഹക രണസംഘമായി രൂപാന്തരപ്പെടുത്തി ഫലപ്രദവും വ്യാപകവുമായ പ്രവർത്തനം നടത്തുന്നതിനുള്ള സാഹചര്യം നിലവിലുണ്ട്.

വിവിധ മേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

കാർഷിക മേഖല

1. പഞ്ചായത്തിലെ കാർഷികവും കാർഷികേതരവുമായ മുഴുവൻ വായ്പയും കരീപ്ര സഹകരണ ബാങ്കാണ് നല്കുന്നത്.

2. ബാങ്കു കർഷകരെ സംബന്ധിച്ച പൂർണ്ണ വിവരങ്ങളോടു കൂടിയ ലാൻറു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുകയും അതനുസരിച്ച്, ഓരോ വർഷത്തേയ്ക്കും ആവശ്യമായ വായ്പത്തുക തിട്ടപ്പെടുത്തുകയും ചെയ്യുക.

3. ഓരോ കർഷകനും ഒരു വർഷത്തേക്ക് ആവശ്യമായ കാർഷിക വായ്പ വർഷാംരംഭത്തിനു മുമ്പുതന്നെ പാസ്സാക്കി കർഷകർക്ക് ക്രെഡിറ്റു കാർഡു സമ്പ്രദായം നടപ്പിലാക്കുക.

4. കാർഷികാവശ്യത്തിനായി നബാർഡിൽ നിന്നും കൺസഷനൽ ഫിനാൻസ് കൃത്യമായി അനുവദിച്ചു കിട്ടുന്ന തിന് നടപടി എടുക്കുക.

5. കാർഷികോൽപ്പന്നങ്ങൾ സംഭരിക്കാനും ലാഭകരമായി വിറ്റഴിക്കാനുമുള്ള സംവിധാനങ്ങൾ ഉണ്ടാക്കുക.

6. കരീപ്ര സർവ്വീസ് സഹകരണബാങ്കിന് നെടുമൺകാവ്, തൃപ്പിലഴികം, ഇടയ്ക്കിടം, വാർഡുകളിൽ ഓരോ ബ്രാഞ്ചുവീതം സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

7. നെൽകൃഷി ലാഭകരമല്ലാത്തതിനാൽ പാടശേഖരങ്ങൾ നികത്തി കെട്ടിട നിർമ്മാണത്തിനും തോട്ടവിള കൃഷി ചെയ്യുന്നതിനുമായി ഉപയോഗിച്ചു വരുന്നു. നെൽകൃഷിക്ക് ഇന്നു നൽകിവരുന്ന സബ്സിഡി നാമമാത്രമാണ്. സബ്സിഡി ഒരു ഹെക്റ്ററിന് കുറഞ്ഞത് 1500 രൂ., നല്കുകയും മേൽത്തരം വിത്ത്, വളം, കീടനാശിനി, ട്രാക്റ്റർ, ട്രില്ലർ, കൊയ്ത്ത് - മെതിയന്ത്രങ്ങൾ എന്നിവയും, കർഷകർക്ക് ലഭ്യമാക്കണം. ഇതിനായി വിവിധ പാട ശേഖരങ്ങൾ കേന്ദ്രീകരിച്ച് ഗ്രൂപ്പുഫാമിംഗ് സഹകരണസംഘങ്ങൾ രൂപീകരിക്കേണ്ടതാണ്. അത്തരം ഒമ്പതു

സംഘങ്ങൾ പഞ്ചായത്തിൽ രൂപീകരിക്കാവുന്നതാണ്.

8. ദീർഘകാല വായ്പ നൽകിവരുന്ന കാർഷിക ഗ്രാമവികസന ബാങ്കുകളുടെ വായ്പാ വിതരണ സംവിധാനം ലളിതമാക്കണം.

ക്ഷീര വ്യവസായ സംഘങ്ങൾ

ഈ പഞ്ചായത്തിൽ ഇപ്പോൾ 5 ക്ഷീരോല്പാദക സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു. നെടുമൺകാവ്, തൃപ്പിലഴികം, കുടിക്കോട്, ഇടയ്ക്കിടം എന്നീ വാർഡുകളിൽ കൂടി ക്ഷീര വ്യവസായ സഹകരണസംഘങ്ങൾ സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കണം. ചൊവ്വള്ളൂർ കേന്ദ്രമായി പ്ലാക്കോട് വാർഡിൽ ഒരു ക്ഷീരവ്യവസായ സംഘം ആരംഭിക്കണമെന്ന് അവിടെകൂടിയ ഗ്രാമസഭ ആവശ്യപ്പെട്ടിട്ടുണ്ട്. ആ നിർദ്ദേശവും പരിഗണിക്കേണ്ടതാണ്. പുൽകൃഷിനടത്തുന്നതിന് ഗ്രാൻറുനൽകുക, സബ്സിഡി റേറ്റിൽ കാലിത്തീറ്റ ലഭ്യമാക്കുക, കന്നുകാലികളുടെ സംരക്ഷണത്തിനായി മൃഗസംരക്ഷണ ഉദ്യോഗസ്ഥരുടെ സേവനം തക്കസമയത്ത് ലഭ്യമാക്കുക., നല്ലയിനം പശുക്കളെ വിതരണം ചെയ്യുക, ക്ഷീരവ്യവസായ സംഘങ്ങളിൽ അർഹരായ കൂടുതൽ അംഗങ്ങളെ ചേർക്കുക, തുടങ്ങിയ നടപടികൾ സ്വീകരിച്ച് പാലിൻെറ ഉൽപാദനം വർദ്ധിപ്പിച്ച്, വരുന്ന അഞ്ചുവർഷത്തിനുള്ളിൽ ഓരോ സംഘത്തിലും 1000 ലിറ്റർ പാൽവീതം സംഭരിക്കുന്നതിന് കഴിയുന്ന രീതിയിൽ ശേഷി ഉയർത്തണം. സംഘങ്ങൾ പ്രതിദിനം ശേഖരിക്കുന്ന പാലിൽ പഞ്ചായത്തിലെ ഉപഭോഗം കഴിഞ്ഞ് ബാക്കികേടുകൂടാതെ സൂക്ഷിക്കാനും സംസ്കരിക്കാനും സംഘങ്ങളിൽ സൗകര്യം ഉണ്ടാക്കണം. അതിനാവശ്യമായ മൂലധനം ബന്ധപ്പെട്ട സ്ഥാപനത്തിൽനിന്ന് അനുവദിച്ചുനൽകണം. ക്ഷീരോത്പാദക സംഘങ്ങൾ സ്വന്തമായി വാങ്ങിയിട്ടുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

കൺസ്യൂമർ മേഖല

ഇപ്പോൾ പ്രവർത്തന രഹിതമായിട്ടുള്ള കരീപ്ര പഞ്ചായത്ത് കൺസ്യൂമർ സഹകരണസംഘം ഫലപ്രദമായി നടത്തുന്നതിനുവേണ്ടി, ഒരു പെയിഡ് സെക്രട്ടറിയെ നിയമിക്കുകയും ആവശ്യമായപ്രവർത്തനമൂലധനം ലഭ്യമാകുകയും ചെയ്യുക. സെക്രട്ടറിയുടെ ശമ്പളം മൂന്നുവർഷമെങ്കിലും ഗ്രാൻറായി നല്കണം. കൺസ്യൂമർ സ്റ്റോറിൻെറ പ്രവർത്തനം സുഗമമായി നടത്തുന്നതിന് മാവേലി സ്റ്റോറുകൾ നടത്തുന്ന രീതി അവലംബിക്കണം.

വനിതാ സഹകരണ സംഘം

വനിതകളുടെ തൊഴിൽ സൗകര്യം മെച്ചപ്പെടുത്തുന്നതിനു വേണ്ടി കരീപ്ര കേന്ദ്രമാക്കി പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള ഒരു വനിതാ സഹകരണസംഘം രജിസ്റ്റർ ചെയ്തു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. വനിതകൾക്ക് വിവിധ ഇനം തൊഴിലുകളിൽ പരിശീലനം നല്കുന്നതിനുള്ള ഏർപ്പാടുണ്ടാക്കണം. തൊഴിൽ ലഭ്യതക്കനുസരിച്ച് വാർഡുകളിൽ വനിതാ സഹകരണസംഘങ്ങൾ ഉണ്ടാകണമെന്നുള്ള ആവശ്യം ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുള്ളത് പരിഗണിക്കേണ്ടതാണ്.

കോഴിവളർത്തൽ സഹകരണ സംഘം

കേരളത്തിലെ ആവശ്യത്തിനുള്ള വലിയൊരു ഭാഗം ഇറച്ചിക്കോഴി, കോഴിമുട്ട എന്നിവ മറ്റു സംസ്ഥാനങ്ങളിൽ നിന്നാണ് ഇറക്കുമതിചെയ്യുന്നത്. കരീപ്ര പഞ്ചായത്തിൽ സ്വയം തൊഴിൽ എന്ന നിലയിൽ 60 ഇറച്ചി കോഴി വളർത്തൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. മുമ്പ് പ്രവർത്തിച്ചിരുന്ന 25 യൂണിറ്റുകൾ വേറെയുമുണ്ട്. ഈ തൊഴിൽ ഇപ്പോൾ നഷ്ടത്തിലാണ് നടന്ന് വരുന്നത്. കോഴിത്തീറ്റയുടെ അടിക്കടിയുള്ള വിലക്കയറ്റവും, അന്യസംസ്ഥാനങ്ങളിൽ നിന്ന് ഗുണം കുറഞ്ഞ ഇറച്ചികോഴി ഇറക്കുമതി ചെയ്യുന്നതുമാണ് ഈ ദുഃസ്ഥിതിക്ക് പ്രധാന കാരണങ്ങൾ. ഈ തൊഴിൽ ലാഭകരമായി നിലനിർത്തുന്നതിന് ചില അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

1. ഇറച്ചിക്കോഴി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന മുഴുവൻ ആളുകളെയും ഉൾപ്പെടുത്തി പഞ്ചായത്തടിസ്ഥാനത്തിൽ ഒരു കോഴി വളർത്തൽ സഹകരണസംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്തണം.

2. പ്രസ്തുത സഹകരണസംഘത്തിന്റെ പ്രവർത്തനത്തിനാവശ്യമായ മൂലധനവും ഗ്രാൻറും ലഭ്യമാക്കണം.

3. കോഴിക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനവും വിതരണവും നടത്തുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.

4. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ഇറച്ചിവില്പനയുള്ള ബൂത്തുകൾ മിൽമാബൂത്തുകളുടെ മാതൃകയിൽ സ്ഥാപിക്കുക.

5. സബ്സിഡിറേറ്റിൽ കോഴിത്തീറ്റ ലഭ്യമാക്കുക, രോഗപ്രതിരോധത്തിനാവശ്യമായ മരുന്നുകളും വിറ്റാമിനുകളും ആവശ്യാനുസരണം മിതമായ വിലയ്ക്ക് ലഭ്യമാക്കുക.

6. കോഴി ഇറച്ചി സംസ്കരിച്ച് വിദേശ രാജ്യങ്ങളിൽ അയക്കുന്നതിനുള്ള സൗകര്യങ്ങൾ ഗവൺമെൻറിന്റെ ഭാഗത്തുനിന്ന് പ്രസ്തുത സംഘത്തിന് ലഭ്യമാക്കണം.

7. അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇറച്ചിക്കോഴി ഇറക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുക, ഇറക്കുമതി വ്യവസ്ഥാപിത മാർഗ്ഗത്തിലൂടാണെന്ന് ഉറപ്പുവരുത്തുക.

8. കോഴികളുടെ രോഗപ്രതിരോധത്തെപ്പറ്റിയും രോഗങ്ങളെക്കുറിച്ചും നല്ല ധാരണയുള്ള ഒരു വെറ്റിനറി ഡോക്ടറെ ഈ പഞ്ചായത്തിലുള്ള വെറ്റിനറി ആശുപത്രിയിൽ നിയമിക്കുക.

സെറികൾച്ചറൽ സംഘം

കരീപ്ര പഞ്ചായത്തിൽ രൂപീകരിച്ചു പ്രവർത്തിച്ചുവന്ന കരീപ്ര പഞ്ചായത്ത് സെറിക്കൾച്ചറൽ സഹകരണ സംഘത്തിന്റെ മേൽനോട്ടത്തിൽ ഏതാനും അംഗങ്ങൾ മൾബറിച്ചെടി നട്ടുവളർത്തുകയും പട്ടുനൂൽ പുഴുവളർത്തി കൊക്കൂൺ ഉൽപാദിപ്പിക്കുകയും ചെയ്തിരുന്നു. കൊല്ലം ജില്ലാ ഖാദി ബോർഡിലെ സെറിക്കൾച്ചർ വിഭാഗത്തിന്റെ ഉപദേശവും നിർദ്ദേശവും അനുസരിച്ച് വായ്പ എടുത്താണ് പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. ഈ സംരംഭം ഇന്നു പൂർണ്ണമായി പരാജയപ്പെട്ടിരിക്കുന്നു. കൃഷിക്കാർ നിർമ്മിച്ച ഷെഡ്ഡുകളും ഉപകരണങ്ങളും നശിച്ചു. സെറിക്കൾച്ചർ വായ്പ എടുത്തിട്ടുള്ള കർഷകരെ സഹായിക്കാൻ നടപടി ഉണ്ടാകണം. ടി വായ്പകൾക്ക് ഇതുവരെയുള്ള പലിശ ഇളവു ചെയ്യുക. 97 ഏപ്രിൽ മുതൽ കുറഞ്ഞ പലിശ ഈടാക്കി 5 വാർഷിക തവണകളായി കുടിശ്ശിക അടപ്പിക്കുന്നതിനുള്ള ഏർപ്പാടുണ്ടാക്കുക. ഗ്രാൻറ് അനുവദിക്കുക, തുടങ്ങിയ നടപടികൾ സ്വീകരിക്കണം.

പട്ടിക ജാതി - പട്ടിക വർഗ്ഗ സഹകരണസംഘം

സാമാന്യം നന്നായി പ്രവർത്തിച്ചു വന്ന ദേവീ വിലാസം ഹരിജൻ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഈ പഞ്ചായത്തിലെ പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിന് ഒരളവോളം സഹായകമായിരുന്നു. മൂലധനത്തിന്റെ കുറവ്, ഭരണപരമായ വീഴ്ചകൾ തുടങ്ങി പല കാരണങ്ങളാൽ പ്രസ്തുത സംഘം പ്രവർത്തന മാന്ദ്യത്തിലാണ്. ഇതു കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ഉടനടി സ്വീകരിക്കണം.

1. സംഘത്തിനു മുഴുവൻ സമയം ജോലിചെയ്യുന്ന ഒരു പെയിഡ് സെക്രട്ടറിയെ നിയമിക്കണം.
2. പ്രവർത്തന മൂലധനത്തിനാവശ്യമായ തുക ഗവൺമെൻറിൽ നിന്നും അനുവദിച്ചു നല്കണം.

3. സെക്രട്ടറി, മറ്റു ജീവനക്കാർ എന്നിവർക്കുള്ള ശമ്പളത്തുക ഗ്രാൻറായി അനുവദിക്കണം.

കേരവികസന സംഘം

പഞ്ചായത്ത് അടിസ്ഥാനത്തിൽ തെങ്ങുകൃഷി സംരക്ഷിക്കാനും വികസിപ്പിക്കാനും സഹായകരമായ

നിലയിൽ കരീപ്ര കേന്ദ്രമാക്കി രജിസ്റ്റർ ചെയ്തിട്ടുള്ള കേര വികസന സമിതി ഒരു സഹകരണ സംഘമായി രൂപാന്തരപ്പെടുത്തണം. ഇപ്പോൾ 2200 അംഗങ്ങളും 30000 ൽ അധികം രൂപാ പിരിഞ്ഞടഞ്ഞ മൂലധനവുമുണ്ട്. കേരകർഷകർക്ക് പ്രയോജനപ്രദമായ രീതിയിൽ കേരവികസന സഹകരണസംഘമായി പ്രവർത്തിപ്പിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണം.

1. തെങ്ങിന് ആവശ്യമുള്ള വളവും, രോഗപ്രതിരോധത്തിനുള്ള മരുന്നുകളും സബ്സിഡി റേറ്റിൽ കർഷകർക്കു നല്കുക.
2. പുതിയതായി തെങ്ങു കൃഷിചെയ്യുന്നതിനും, നിലവിലുള്ള തെങ്ങുകളുടെ സംരക്ഷണത്തിനും വേണ്ടി ദീർഘകാലവായ്പ അനുവദിക്കുക.
3. സംഘത്തിന്റെ ചുമതലയിൽ നേഴ്സറികൾ രൂപീകരിച്ച് അത്യുല്പാന ശേഷിയുള്ള തെങ്ങിൻ തൈകൾ വിതരണം ചെയ്യുക.
4. കൃഷിക്കാരിൽ നിന്നും നാളീകേരം ശേഖരിച്ചു വില്ക്കുക.
5. നാളീകേരം ഉപയോഗിച്ച് ഉല്പാദിപ്പിക്കാവുന്ന ഉൽപ്പനങ്ങൾ രുചികരമായും ആകർഷകമായും നിർമ്മിച്ച് വിപണനം നടത്തുക.
6. നാളീകേരം ഇടുന്നതിനും സ്പ്രേയിംഗിനും തയാറുള്ള യുവാക്കളെ തെരഞ്ഞെടുത്ത് ആവശ്യമായ പരിശീലനം നല്കുക.
7. വാർഡുകൾ തോറും കായിക ശേഷിയുള്ള യുവാക്കളുടെ സന്നദ്ധസംഘം രൂപീകരിക്കുകയും തെങ്ങു സംരക്ഷണവുമായി ബന്ധപ്പെട്ടജോലികൾ അവരെ ഏല്പിക്കുകയും ചെയ്യുക. കൃഷിക്കാരനു വഹിക്കാവുന്ന രീതിയിലുള്ള പ്രതിഫലം ഇവർക്കു നിശ്ചയിക്കണം. ക്ഷേമനിധി, പ്രോവിഡൻറ്ഫണ്ട് തുടങ്ങിയ ആനുകൂല്യങ്ങൾ ഗവൺമെൻറു നല്കണം.

ലേബർ കോൺട്രാക്റ്റ് സഹകരണസംഘം

അസംഘടിത മേഖലയിൽ പണിയെടുക്കുന്ന ധാരാളം തൊഴിലാളികൾ പഞ്ചായത്തിലുണ്ട്. ഇവർക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ലേബർ കോൺട്രാക്റ്റ് സംഘം രൂപീകരിച്ച് പ്രവർത്തിപ്പിക്കണം. പഞ്ചായത്ത് നേരിട്ടുനടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഈ സംഘം മുഖേന നടത്താവുന്നതാണ്. കാർഷിക മേഖലയിലെ തൊഴിലുകളും ഇവരെ ഉപയോഗിച്ചു നടത്തുന്നപക്ഷം ഇവിടെയുള്ള കൃഷിക്കാർക്ക് വളരെ സഹായമാകും.

തൊഴിൽ സാദ്ധ്യതകൾ

നിർദ്ദിഷ്ട പഞ്ചായത്ത് വനിതാ സഹകരണ സംഘത്തിന്റെ കീഴിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, നോട്ടുബുക്ക്, അച്ചാർ, കറിപൗഡർ എന്നിവയുടെ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. തന്മൂലം 50 വനിതകൾക്കെങ്കിലും തൊഴിൽ ലഭ്യമാകും.

വനിതാ സംഘത്തിന്റെ ചുമതലയിൽ ഒരു കൺസ്യൂമർ വിഭാഗം പ്രവർത്തിപ്പിച്ചാൽ 4 പേർക്കു തൊഴിൽ ലഭിക്കും.

കരീപ്ര സഹകരണബാങ്കിന്റെ ചുമതലയിൽ മൂന്നു ബ്രാഞ്ചുകൾ തുടങ്ങുകയും പ്രവർത്തനമേഖല വിപുലീകരിക്കുകയും ചെയ്താൽ 15 പേർക്കെങ്കിലും അധികമായി തൊഴിൽ ലഭ്യമാക്കുന്നതാണ്. കരീപ്ര പഞ്ചായത്ത് കൺസ്യൂമർ സഹകരണ സംഘം പ്രവർത്തിപ്പിച്ചാൽ 5 പേർക്കെങ്കിലും തൊഴിൽ ലഭിക്കുന്നതാണ്. ദേവി വിലാസം ഹരിജാൻ സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കിയാൽ 10 പേർക്ക് തൊഴിൽ സൗകര്യമുണ്ടാകും.

നിർദ്ദീഷ്ട കോഴി വളർത്തൽ സഹകരണ സംഘം മൂലം 5 പേർക്ക് നേരിട്ട് തൊഴിൽ കിട്ടും. കോഴി വളർത്തൽ യൂണിറ്റുകളുടെ പ്രവർത്തനം ലാഭകരമാക്കിയാൽ 150 പേർക്ക് തൊഴിൽ ഉറപ്പാകും. 9 ഗ്രൂപ്പുഫാമിംഗ് സഹകരണസംഘങ്ങൾ പ്രവർത്തനം തുടങ്ങുകവഴി 27 പേർക്ക് തൊഴിൽ ലഭിക്കുന്നതാണ്.

നിർദ്ദിഷട കേര വികസന സഹകരണ സംഘം കാര്യക്ഷമമായി നടത്തിയാൽ പല വിധത്തിൽ പ്രത്യക്ഷമായും പരോക്ഷമായും 100 ഓളം തൊഴിൽ സാധ്യതകൾ ഉണ്ട്. പുതുതായി നിർദ്ദേശിച്ചിട്ടുള്ള 4, ക്ഷീര വ്യവസായ സഹകരണസംഘങ്ങൾ പ്രവർത്തിച്ചാൽ 8 പേർക്ക് തൊഴിൽ ലഭിക്കുന്നതാണ്.

ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘങ്ങൾ വഴി 150 പേർക്ക് പ്രത്യക്ഷമായും അത്രയും പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാകും. ഖാദിഗ്രാമവ്യവസായ സഹകരണസംഘങ്ങൾ രൂപീകരിച്ച് ഓല മെടച്ചിൽ, പാനെയ്ത്ത്, പനയോല ഉപയോഗിച്ച് വിശറി, വട്ടി., കൗതുക വസ്തുക്കൾ തുടങ്ങിയവ നിർമ്മിക്കുകയും, ഫർണിച്ചർ, ശില്പവേലകൾ മുതലായവ ഉണ്ടാക്കുകയും ചെയ്യാവുന്നതാണ്.

ലേബർ കോൺട്രാക്റ്റ് സഹകരണസംഘത്തിന്റെ പ്രവർത്തനംമൂലം ഈ പഞ്ചായത്ത് വാർഡുകളിൽ പെട്ട 110 പേർക്കെങ്കിലും തൊഴിൽ സൗകര്യം ഉണ്ടാകും.

സഹകരണ സംഘങ്ങളുടെ രൂപീകരണത്തിനും നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സഹായിക്കത്തക്കവിധം സഹകാരികളിൽ നിന്നും ഒരു വിദഗദ്ധസമിതി രൂപീകരിച്ച് സഹകരണസംഘങ്ങൾക്കാവശ്യമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും ലഭ്യമാക്കാവുന്നതാണ്.

സഹകരണരംഗത്തെ വിവിധ മേഖലകളിലെ വികസനത്തിനാവശ്യമായി ഈ പഞ്ചായത്തിൽ മൊത്തം 5 കോടി രൂപാ പ്രതീക്ഷിക്കുന്നു. ഇത്രയും തുക മുതൽ മുടക്കുക വഴി 600 പേർക്ക് പ്രത്യക്ഷമായും 400 പേർക്കു പരോക്ഷമായും തൊഴിലും ഈ പഞ്ചായത്തിലെ 5599 കുടുംബങ്ങൾക്ക് സാമ്പത്തികാഭിവൃദ്ധിയും ഉണ്ടാകുന്നതാണ്. ഗ്രാമസ്വരാജ് എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് ഒരു വലിയ പങ്ക് സഹകരണപ്രസ്ഥാനത്തിന്റെ വളർച്ച വഴി സാധിക്കുന്നതാണ്. കരീപ്ര പഞ്ചായത്തിലെ 11 ഗ്രാമസഭകൾ ചർച്ചചെയ്തു സമർപ്പിച്ച ഗ്രാമസഭാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സ്ഥലത്തെ സഹകാരികളുമായി ചർച്ചചെയ്ത് ക്രോഡീകരിച്ച നിർദ്ദേശങ്ങളിലൂടെയും തയ്യാറാക്കിയിട്ടുള്ളതാണ് ഈ രേഖ.

സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനം മുകളിൽ നിർദ്ദേശിച്ച രൂപത്തിലും ഭാവത്തിലും നടപ്പിലാക്കുക വഴി കരീപ്ര പഞ്ചായത്തിലെ കാർഷിക രംഗത്തും തൊഴിൽ രംഗത്തും സമൂലമായ മാറ്റം വരുത്തുവാൻ സാധിക്കുന്നതാണ്.

ഗ്രാമങ്ങളുടെ സാമ്പത്തിക - സാമൂഹിക - സാംസ്കാരിക വികസനത്തിന് നിർണ്ണായകമായ പങ്കു വഹിക്കാൻ കഴിയുന്ന പ്രസ്ഥാനം എന്ന നിലയിൽ കരീപ്ര പഞ്ചായത്തിൽ സഹകരണ രംഗത്ത് ഇതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ചുള്ള പഠന റിപ്പോർട്ട് ചർച്ചചെയ്ത് മുൻഗണന നിശ്ചയിച്ച് നടപ്പിലാക്കിയാൽ ഈ ഗ്രാമത്തിലെ വിവിധ പ്രശ്നങ്ങൾ സഹകരണത്തിലൂടെ ഉയർച്ചയിലെത്തുക തന്നെ ചെയ്യും.

പട്ടികജാതി - പട്ടിക വർഗ്ഗ ക്ഷേമം

ഫ്യൂഡൽ പ്രഭുത്വത്തിന്റെ നിക്ഷിപ്ത താല്പര്യങ്ങളാൽ നിർമ്മിക്കപ്പെട്ട ആ സാമൂഹ്യ ക്രമമായിരുന്നു ഭൂതകാലത്തിൽ നമുക്കുണ്ടായിരുന്നത്. ആ കാലത്ത് നിലനിന്ന ജാതീയമായ നീചത്വത്തിന്റെ പേരിൽ ജീവിതത്തിന്റെ പുറമ്പോക്കുകളിൽ ജീവിക്കുവാൻ വിധിക്കപ്പെട്ടവരായിരുന്നു നമ്മുടെ നാട്ടിലെ പട്ടികജാതി വർഗ്ഗ വിഭാഗങ്ങൾ. കൊന്നും കൊലവിളിച്ചും തിന്നും സുഖിച്ചും കഴിഞ്ഞിരുന്ന ജന്മിവർഗ്ഗം. സന്ധ്യവരെ അധ്വാനിച്ച് അത്താഴപട്ടിണി കിടന്നിരുന്ന കുടിയാന്മാർ. അടിയാൻമാർക്ക് നൽകുന്ന ആഹാരം കരിക്കാടി എന്ന പേരിലറിയപ്പെട്ടിരുന്നു. ജന്മിഗൃഹത്തിന്റെ വടക്കേമുറ്റത്ത് മണ്ണിൽ കുഴികുത്തി അതിൽ ഇലവച്ച് തീണ്ടാപ്പാടകലെ നിൽക്കണം. അടുക്കളക്കാരി കരിക്കാടി വീഴ്ത്തിപ്പോയാൽ അടിയാൻ ഓടിച്ചെന്നു കുടിക്കണം. ഇവർക്ക് സംസാരിക്കാൻ അവകാശമില്ലായിരുന്നു. ഞാൻ എന്നു പറയരുത്. അടിയൻ എന്നേ പറയാവൂ. ജന്മിവർഗ്ഗത്തിനെ തമ്പ്രാക്കൻമാർ എന്നേ വിളിക്കാമായിരുന്നുള്ളൂ. ഇവരെ ജന്മിമാർ കുഴിയൻ എന്നും കുഴിയത്തി എന്നു മാണ് വിളിച്ചിരുന്നത്. ഓണത്തിന് താഴ്ന്ന ജാതിക്കാർ ജന്മിമാർക്ക് കടനാൾ കൊടുക്കണമെന്ന് നിർബന്ധമുണ്ടായിരുന്നു. പൊതുവഴിയിലൂടെ നടക്കാനും, സ്ത്രീകൾക്ക് മാറു മറയ്ക്കാനും, അമ്പലങ്ങളിൽ ആരാധന നടത്താനുമുള്ള സ്വാതന്ത്ര്യം നിഷേധിച്ചിരുന്നു. പഴമക്കാരുടെ അനുഭവങ്ങളിലും ഓർമ്മകളിലും അക്കാലം ഇങ്ങനെയൊക്കെയായിരുന്നു.

രാജ്യത്താകമാനമുണ്ടായ നവോത്ഥാനത്തിന്റെ ഭാഗമായി ഈ ജനവിഭാഗത്തിനും മാറ്റത്തിന്റെ മാധുര്യം അനുഭവിക്കാൻ കഴിഞ്ഞു. സാമൂഹ്യമായും സാമ്പത്തികമായും അടിച്ചമർത്തപ്പെട്ടിരുന്ന ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൂട്ടികൊണ്ടുപോരുന്നതിനും സ്വാതന്ത്ര്യത്തിന്റെ വെളിച്ചം നുകരാൻ അവസരം ഉണ്ടാക്കുന്നതിനും സഹായിച്ച ഘടകങ്ങൾ പലതുമുണ്ട്. പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും, സാമൂഹ്യ സംഘടനകളുടെയും, നവോത്ഥാനനായകൻമാരുടെയും ത്യാഗോജ്ജലമായ പ്രവർത്തനങ്ങൾ ഈ മാറ്റത്തിന്റെ പിന്നിലെ ശക്തി സ്രോതസ്സുകളായിരുന്നു. അടിച്ചമർത്തലിന്റെയും അടിമത്വത്തിന്റെയും പാതാളക്കുഴികളിൽ നിന്നും ഇവർക്ക് മോചനം നേടിക്കൊടുക്കുവാൻ ശ്രമിച്ചവരിൽ ചിരസ്മരണീയരാണ് ശ്രീനാരായണഗുരു, അയ്യൻങ്കാളി, കെ. കേളപ്പൻ, എ. കെ. ഗോപാലൻ, പി. കൃഷ്ണപിള്ള തുടങ്ങിയവർ.

ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് വളക്കൂറുള്ള ഈ മണ്ണിൽ അവരുടെ സഹായത്തോടെ ജാതിപ്രമാണികളുടെയും ഭൂവുടമകളുടെയും കൊടിയചൂഷണത്തിൽ നിന്ന് ഈ വിഭാഗങ്ങൾ മോചനം നേടിയെങ്കിലും വിവിധ പ്രദേശങ്ങളിൽ ജാതീയമായ പ്രശ്നങ്ങളും ചൂഷണങ്ങളും ഇന്നും നിലനില്ക്കുന്നുണ്ട്. സാമൂഹ്യ സാമ്പത്തിക രംഗത്ത് പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗക്കാർ വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല., പഞ്ചായത്തിലാകെ 29 കോളനികളിലും, ഒറ്റപ്പെട്ടും 1070 കുടുംബങ്ങളിലായി 5015 അംഗങ്ങളുണ്ട്. കടയ്ക്കോട്, വാക്കനാട്, വാർഡുകളിലാണ് കൂടുതലായി ഈ വിഭാഗക്കാർ താമസിക്കുന്നത്. വിദ്യാഭ്യാസത്തിന്റെ അഭാവം കൊണ്ട് സർക്കാർ നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളെ സംബന്ധിച്ച് യഥാർത്ഥ വിവരങ്ങൾ യഥാസമയം ഇവർ അറിയാതെപോയതുകൊണ്ട് ആനുകൂല്യങ്ങൾ വേണ്ടവിധം ഉപയോഗപ്പെടുത്താൻ ഇവർക്ക് കഴിഞ്ഞില്ല. ഇവരെ സാമ്പത്തികമായും, സാംസ്കാരികമായും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് നയിക്കാനാകും വിധമുള്ള വികസന പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നല്കേണ്ടത്.

പാർപ്പിടം

ഇവരുടെ പാർപ്പിട പ്രശ്നം പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധി വരെ വിജയത്തിലെത്തിയിട്ടുണ്ട്. പഞ്ചായത്തിലാകെയുള്ള 1070 കുടുംബങ്ങളിൽ 810 കുടുംബങ്ങൾക്ക് സർക്കാർ ഏജൻസികളിൽ നിന്ന് തന്നെ വീടുകൾ ലഭിച്ചിട്ടുണ്ട്. 35 കുടുംബങ്ങൾക്ക് നാലുസെൻറ് വീതം ഭൂമി ലഭിച്ചിട്ടുണ്ട്. 84 കുടുംബങ്ങൾ കുടിലുകളിൽ താമസിക്കുന്നു. 361 വീടുകൾക്ക് കക്കൂസില്ല. 364 വീടുകൾ വൈദ്യുതീകരിക്കേണ്ടതുണ്ട്. നാലുസെൻറ് കോളനികളിൽ താമസിക്കുന്ന 35 കുടുംബങ്ങൾക്ക് വീടുകൾ ലഭ്യമാക്കേണ്ടതുണ്ട്. വിവിധ വകുപ്പുകളിൽ നിന്നും വായ്പയെടുത്ത് കടക്കെണിയിൽപ്പെട്ടവരും ഭൂമിയുടെ രേഖകൾ മറ്റ് ആഫിസുകളിൽ അകപ്പെട്ടതിനാൽ ആനുകൂല്യങ്ങൾ നഷ്ടപ്പെട്ടവരുമുണ്ട്. നിർമ്മാണങ്ങൾക്ക് ലഭിച്ച തുകയുടെ കുറവുകാരണം പലതും പകുതിഘട്ടത്തിലെത്തി നില്ക്കുന്നവയുമുണ്ട്. ആനുകൂല്യങ്ങളായി കിട്ടുന്ന തുക യഥാർത്ഥ കാര്യങ്ങൾക്ക് ഉപയോഗിക്കാതെ ദുർവിനിയോഗം നടത്തുന്നസ്ഥിതിയും കാണാൻ കഴിയും. മുൻകാലങ്ങളിൽ സർക്കാർ നല്കിയ വീടുകളിൽ പലതും ജീർണാവസ്ഥയിലാണ്. പൊതുവിൽ ഇവരുടെ പാർപ്പിട സൗകര്യങ്ങൾ ഇനിയും ബഹുദൂരം മുന്നോട്ടുപോകേണ്ടിയിരിക്കുന്നു.

കോളനികളിലെ കുടിവെള്ള പ്രശ്നം

മുഴുവൻ കുടുംബങ്ങൾക്കും കിണറുകളില്ല. കോളനികൾ കേന്ദ്രീകരിച്ചുള്ള പൊതുകിണറുകൾ മിക്കതും വേനലിൽവറ്റുന്നവയാണ്. സ്വകാര്യ കിണറുകളിൽ ഭൂരിഭാഗവും വറ്റുന്നവയാണ്. വിവിധ വകുപ്പുകൾ നല്കുന്ന തുകയുടെ അപര്യാപ്തതകാരണം പൂർത്തിയാവാത്ത കിണറുകളുണ്ട്. മുഴുവൻ കോളനികളിലും കുഴൽവെള്ള പദ്ധതി എത്തിയിട്ടില്ല. കോളനികളിലും, ഒറ്റപ്പെട്ട പ്രദേശങ്ങളിലുമുള്ള കുഴൽകിണറുകൾ പ്രവർത്തനരഹിതമാണ്. പ്രവർത്തനക്ഷമമായതിലെ ജലം തന്നെ ഉപയോഗശൂന്യമാണ്. പഞ്ചായത്തിലെ നീരുറവകൾ പ്രയോജനപ്പെടുത്തി കോളനികളിലേയും മറ്റ് പ്രദേശങ്ങളിലെയും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള ഒരു പദ്ധതി രൂപീകരിക്കേണ്ടതുണ്ട്.

തൊഴിൽ

ഭൂരിഭാഗവും കാർഷികമേഖലയെ ആശ്രയിച്ചാണ് കഴിയുന്നതെങ്കിലും സ്ത്രീകളിൽ ബഹുഭൂരിപക്ഷംപേരും കശുവണ്ടി മേഖലയിൽ പണിയെടുക്കുന്നവരാണ്. കാർഷിക മേഖലയിലുണ്ടായ തകർച്ചയും, കശുവണ്ടി മേഖലയിലെ തൊഴിൽ ദിനങ്ങളുടെ കുറവും ഭൂരിഭാഗത്തെയും ദാരിദ്ര്യത്തിൻെറ വക്കിലെത്തിച്ചിരിക്കുന്നു. ആയതിനാൽ കുറച്ചധികം ആളുകൾ കൂടുതൽ തൊഴിൽ ആനുകൂല്യങ്ങളില്ലാത്തതും അപകടകരവുമായ മേഖലകളിലേക്ക് പോകാൻ നിർബന്ധിതരായിത്തീർന്നിട്ടുണ്ട്.

കാർഷിക മേഖലയിൽ 55 രൂപ സ്ത്രീകൾക്കും, 75 രൂപ പുരുഷൻമാർക്കും ദിവസക്കൂലി ലഭിക്കുന്നു. നെൽകൃഷിയുമായി ബന്ധപ്പെട്ട് സ്ത്രീ തൊഴിലാളികളുടെ ദൗർലഭ്യം കൂടുതലായി നിലനില്ക്കുന്നു. പട്ടിക ജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പരമ്പരാഗത തൊഴിലുകളായിരുന്ന പായ, കുട്ട, വട്ടി, പരമ്പ് എന്നിവയുടെ നിർമ്മാണം നിലച്ചമട്ടാണ്. അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ് ഇതിനൊരു കാരണമാണ്. ഇവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും, മറ്റ് വിഭാഗങ്ങളിലെ സാമ്പത്തിക മുന്നേറ്റങ്ങൾക്കൊപ്പം പിടിച്ചു നില്ക്കാനും ഇവർക്കായി പുതിയ തൊഴിൽ സംരംഭങ്ങൾ തുടങ്ങേണ്ടത് അത്യന്താപേക്ഷിതമാണ്. പഞ്ചായത്തിൽ ഈ വിഭാഗത്തിൽ 590 കശുവണ്ടിതൊഴിലാളികളുണ്ട്. 55 പേർ സർക്കാർ ജോലിക്കാരാണ്.

ആരോഗ്യം

പ്രകൃതിദത്തസാദ്ധ്യതകളും ജൈവപരമായ ഗുണങ്ങളുമുണ്ടായിരുന്ന മുൻകാലങ്ങളിൽ നല്ല ഒരു ആരോഗ്യ സമൂഹമായിരുന്നു ഇക്കൂട്ടർ. ജീവൻെറ ആണിക്കല്ലായ ആരോഗ്യകാര്യങ്ങളിൽ നല്ല നിലയിലുള്ള ശ്രദ്ധ ഇപ്പോഴില്ല. ശുചിത്വമില്ലായ്മ പോഷകക്കുറവ്, മദ്യപാനം എന്നിവ ആരോഗ്യപ്രശ്നങ്ങളുയർത്തുന്നു. അതുമൂലം ഈ വിഭാഗത്തിൽ രോഗികളുടെ എണ്ണം വർദ്ധിക്കുന്ന അവസ്ഥയാണ്. കോളനികളിലായും ഒറ്റപ്പെട്ടും 17 ക്ഷയരോഗികളും, 3 ക്യാൻസർരോഗികളും ഉണ്ട്. ഈ വിഭാഗത്തെ രോഗവിമുക്തമാക്കാൻ ബോധവൽക്കരണ ക്ലാസ്സുകളും, ആരോഗ്യ കേന്ദ്രങ്ങളും സ്ഥാപിക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. പഴയ തലമുറയിലിനിയും സാക്ഷരതയുടെ ആവശ്യകത നിലനില്ക്കുന്നു. പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചിട്ടില്ലാത്തവർ പുത്തൻ തലമുറയിലുമുണ്ട്. എസ്.എസ്.എൽ.സി. യ്ക്ക് ശേഷം തുടർന്ന് പഠിക്കുന്നതിന് കൂടുതൽ ശ്രദ്ധചെലുത്തുന്നില്ല. കുടുംബ പ്രാരാബ്ദങ്ങളും, രക്ഷിതാക്കളുടെ അശ്രദ്ധയുമാണ് ഇതിന് കാരണം.

വിദ്യാഭ്യാസത്തിന്റെ അപര്യാപ്തതകൊണ്ട് ആനുകൂല്യങ്ങളെ സംബന്ധിച്ച് യാതൊരറിവും ഇവർക്കില്ല. ഉപരിപഠനം നടത്തുന്നവർ മറ്റു സമുദായങ്ങളെ അപേക്ഷിച്ച് നന്നേ കുറവാണ്. പഞ്ചായത്തിലാകെ 433 ആൺകുട്ടികളും 414 പെൺകുട്ടികളും ഉൾപ്പെടെ 847 കുട്ടികൾ ഇപ്പോൾ പഠിക്കുന്നുണ്ട്. അവലംബം പട്ടിക 9.1 കുട്ടികളെ സംബന്ധിച്ച വിവരം. ഇതിൽ തോറ്റു പഠിക്കുന്നവർ 108 ഉം പഠനം നിർത്തിയവർ 22 പേരുമാണ്. എസ്. എസ്. എൽ. സി ജയിച്ചവർ 236 പേരുമുണ്ട്. ഈ രംഗത്ത് കൂടുതൽ ശ്രദ്ധച്ചെലുത്തുന്ന തരത്തിൽ, പുതിയ സാഹചര്യമുപയോഗിക്കാൻ വേണ്ടുന്ന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതുണ്ട്.

കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ - 1996

ആകെ കുട്ടികൾ	ആൺകുട്ടികൾ	പെൺകുട്ടികൾ	തോറ്റ്പഠിക്കുന്നവർ	പഠനംനിർത്തിയവർ
844	433	411	108	22

അവലംബം പട്ടിക 9.1 കുട്ടികളെ സംബന്ധിച്ച വിവരം

വാക്കനാട് വാർഡിലെ തേരിയിൽ കോളനി, മടന്തക്കോട് നടുക്കുന്ന് ഐ.എച്ച്.ഡി.പി. കോളനി - എന്നിവിടങ്ങളിൽ നിന്നും, കുട്ടികൾ സ്കൂളിൽ പോകുന്നതിൽ വിമുഖത കാട്ടുന്നു. രക്ഷിതാക്കൾ കാര്യമായി ശ്രദ്ധിക്കുന്നുമില്ല. സാമ്പത്തികബുദ്ധിമുട്ടും, കുടുംബ സൗകര്യമില്ലായ്മയുമാണ് ഇവർ പറയുന്ന കാരണം.

കോളനികളെ സംബന്ധിച്ച വിവരം
ആകെ കോളനികൾ - 29 (അവംലംബംപഠനപര്യടനം)
പട്ടിക. ബി

വാർഡ്	കോളനികളുടെ പേര്	എണ്ണം
1. തൃപ്പിലഴികം	കോട്ടേകുന്ന്	ഒന്ന്
2. ഇടയ്ക്കിടം	കിണറുമുക്ക്, നടമേലതിൽ ഭാഗം	രണ്ട്
3. കടയ്ക്കോട്	ചുഴതിൽ, അംബേദ്കർ, ജയന്തി, ശംഖുമുഖം, കൊല്ലായിക്കോട്	അഞ്ച്
4. പ്ലാക്കോട്	കല്ലാർചുരക്കാട്, കണിയാംകോണം	രണ്ട്
5. കുഴിമതിക്കാട്	കുഴിമതിക്കാട്, ചുരുള	രണ്ട്
6. കരീപ്ര	മേനാംചിറ, ലക്ഷംവീട്	രണ്ട്
7. മടന്തകോട്	നടുക്കുന്ന്, പുന്നലം	രണ്ട്
8. കുടിക്കോട്	ലക്ഷംവീട്, നാലുസെൻറ്, പനവിള	മൂന്ന്
9. വാക്കനാട്	ഇലയം, മണ്ണറ, തോണ്ടകോണം, ഈയ്യക്കുന്ന് മൊട്ടപൊയ്ക, മുളംമുന്നിൽ, തേരിയിൽ, ലക്ഷംവീട്	എട്ട്
10. നെടുമൺകാവ്	കോളനിയായില്ല, ഒറ്റപ്പെട്ട് 25 കുടുംബങ്ങൾ	
11. തളവൂക്കോണം	പാണൻപറമ്പ്, പാറയിടുക്കിൽ	രണ്ട്

ആവശ്യങ്ങൾ പൊതുവിൽ

1. വിദ്യാഭ്യാസ പുരോഗതി കൈവരിക്കേണ്ടതുണ്ട്.
2. പട്ടികജാതി - പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ, പഠനത്തിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കാൻ ശ്രദ്ധിക്കണം
3. സ്വന്തമായി എല്ലാ കുടുംബങ്ങൾക്കും വീടുണ്ടാകണം.
4. മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിക്കണം
5. കോളനികളിൽ നിലനിൽക്കുന്ന കുടിവെള്ളക്ഷാമവും, പോഷകാഹാരത്തിന്റെ കുറവും പരിഹരിക്കണം.
6. മദ്യപാനാസക്തിയും, രോഗികളുടെ എണ്ണവും വർദ്ധിക്കാതിരിക്കാൻ ശ്രദ്ധചെലുത്തണം.
7. കോളനികളുമായി ബന്ധപ്പെട്ട് ആശുപത്രികളോ, ആരോഗ്യ കേന്ദ്രങ്ങളോ ഉണ്ടാക്കുവാൻ ശ്രമിക്കണം.
8. തൊഴിൽ സംരംഭങ്ങളുണ്ടാക്കി സാമ്പത്തികാടിത്തറ ഭദ്രമാക്കണം.
9. അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും, ചെറുതായെങ്കിലും നിലനില്ക്കുന്നതുകൊണ്ട് ബോധവത്ക്കരണത്തിന് കൂടുതൽ പ്രാധാന്യം കൊടുക്കണം.
10. കോളനി റോഡുകൾ സഞ്ചാരയോഗ്യമാക്കണം.
11. നാലുസെൻറ് കോളനി നിവാസികൾക്ക് പട്ടയം നല്കണം.
12. വൈദ്യുതീകരിക്കാത്ത കോളനികൾ, വൈദ്യുതീകരിക്കണം.

ഗ്രാമസഭകളിൽ ഉയർന്നുവന്ന ആവശ്യങ്ങളുടെ പൊതുവിലുള്ള രൂപമിതാണ്.

സാദ്ധ്യതകൾ, പരിഹാരങ്ങൾ

സാമൂഹികപരമായ ഉയർച്ചയ്ക്ക് നിർബന്ധിത വിദ്യാഭ്യാസ ക്രമം നടപ്പിലാക്കുക

ആവശ്യമുള്ള അംഗനവാടികളെ സംബന്ധിച്ച് പട്ടിക
പട്ടിക. സി

വാർഡ്	അംഗനവാടികൾ വേണ്ടുന്ന കോളനികളുടെ പേര്	എണ്ണം
തൃപ്പിലഴികം	കോട്ടേകുന്ന്	01
ഇടയ്ക്കിടം	നടമേലതിൽ ഭാഗം, കിണറുമുക്ക്	02
കടയ്ക്കോട്	ചൂഴതിൽ, കോട്ടവിള അംബേദ്ക്കർ കോളനി ജയന്തികോളനി	03
പ്ലാക്കോട്	കല്ലാർ, കണിയാംകോണം	02
കുഴിമതിക്കാട്	കുഴിമതിക്കാട്, ചുരുള	02
കരീപ്ര	മേനാംചിറ, ലക്ഷംവീട്	02
മടന്തക്കോട്	പുന്നലം, നടുക്കുന്ന്	02
വാക്കനാട്	മണ്ണറ, ഇലയം, തേരിയിൽ	03
നെടുമൺകാവ്	നെടുംകുഴിഭാഗം	01
കുടിക്കോട്	എൻ.എസ്.നഗർ, പാലവിള, ലക്ഷംവീട്	03
തളവൂക്കോണം	പാണൻപറമ്പ്, പാറയിടുക്ക്	02
	ആകെ	23

പട്ടിക സി. പ്രകാരം അംഗൻവാടികളും, മാതൃശിശുസംരക്ഷണ കേന്ദ്രങ്ങളും സ്ഥാപിച്ചാൽ ആരോഗ്യകാര്യങ്ങളിൽ ഗുണനിലവാരമുണ്ടാക്കാം.

കോളനികളിലെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിൽ പുരോഗതി കൈവരിക്കാൻ കോച്ചിംഗ് ക്ലാസ്സുകൾ ഉപകരിക്കും.

പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ കേന്ദ്രത്തിന്റെ സ്ഥാപിക്കലിലൂടെ സാങ്കേതിക പരിജ്ഞാനത്തിൽ ഇവരെ ഉയർത്തിയെടുക്കാം.

കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തി, തൊഴിൽ സാധ്യത വർദ്ധിപ്പിക്കാം.

പായ, പനമ്പ്, കുട്ട, വട്ടി എന്നിവയുടെ നിർമ്മാണം സഹകരണാടിസ്ഥാനത്തിൽ കുടിൽ വ്യവസായങ്ങളാക്കാൻ കഴിയുന്ന തരത്തിൽ ഇവയുടെ അസംസ്കൃത വസ്തുക്കൾ ഇവിടെ നിന്ന് സംഭരിക്കാം.

കോളനികളിൽ സഹകരണസംഘങ്ങൾ രൂപീകരിച്ച് മെഴുകുതിരി നിർമ്മാണകേന്ദ്രം, ചന്ദനത്തിരി നിർമ്മാണ കേന്ദ്രം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റ്, കറിപൗഡർ യൂണിറ്റ്. അച്ചാർ യൂണിറ്റ് എന്നിവയ്ക്കുള്ള സഹായങ്ങൾ നല്കിയാൽ ഒരു പരിധിവരെയുള്ള ഇക്കൂട്ടരുടെ സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കാൻ കഴിയും.

കോളനികളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സർക്കാർ
ഏജൻസികൾ നടപ്പിലാക്കുന്ന കുഴൽവെള്ള പദ്ധതി പട്ടിക ഡി ക്രമത്തിൽ വിപുലീകരിക്കേണ്ടതാണ്.

പട്ടിക - ഡി

വാർഡ്	പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടുന്ന കോളനികളും, ഒറ്റപ്പെട്ട പ്രദേശങ്ങളും	ടാപ്പുകളുടെ എണ്ണം	കുഴൽ കിണറുകൾ
തൃപ്പിലഴികം	കോട്ടേക്കുന്ന്	03	വേണ്ട
ഇടയ്ക്കിടം	കിണറുമുക്ക്	02	1
കടയ്ക്കോട്	ജയന്തികോളനി-2		
	അംബേദ്കർകോളനി, കൊല്ലായിക്കോട്		
	2 ചുഴതിൽ - 3	8	2
പ്ലാക്കോട്	കണിയാംകോണം - 2, കുപ്പണഭാഗം - 2	04	1
കുഴിമതിക്കാട്	ചുരുള	02	1
കരീപ്ര	ലക്ഷംവീട് - 3, മേനാംചിറ-2	05	1
മടന്തക്കോട്	നടുക്കുന്ന്	02	2
വാക്കനാട്	ഇലയം-3, തേരിയിൽ-2, മണ്ണറ-2, പനമുട്ടിൽ	8	2
കുടിക്കോട്	പാലവിള-2, നാലുസെൻറ്-2,ലക്ഷംവീട്-2	06	2
നെടുമൺകാവ്	പി.എച്ച്.സി. ഭാഗം	01	1
തളവുകോണം	പാണൻപറമ്പ്-2, വാഴവിള-3, പാറയിടുക്ക്-3	08	2
		ആകെ 48	ആകെ 45

3-ാം വാർഡിലെ അംബേദ്ക്കർ, ജയന്തി, ശംഖുമുഖം, 4-ാം വാർഡിലെ കല്ലാർ, 9-ാം വാർഡിലെ ഇലയം, മണ്ണറ,. തേരിയിൽ, തോണ്ടംകോണം, ഈയ്യക്കുന്ന്, പനമൂട്ടിൽ എന്നീ കോളനികളിലെ വീടുകൾ വൈദ്യുതികരിക്കേണ്ടതുണ്ട്.

തളവൂകോണം വാർഡിൽ, പാണൻപറമ്പ് കേന്ദ്രമാക്കി ഒരു വാദ്യോപകരണ പഠന കേന്ദ്രം സ്ഥാപിക്കണം.

കടയ്ക്കോട്, ഇടയ്ക്കിടം, വാക്കനാട്, മടന്തക്കോട്, കരീപ്ര, കുഴിമതിക്കാട്, തളവൂക്കോണം വാർഡുകൾ കേന്ദ്രീകരിച്ച് കിടത്തി ചികിൽസാ സൗകര്യങ്ങളോടുള്ള ആയൂർവേദ ആശുപത്രിയോ ഹോമിയോ ആശുപത്രിയോ സ്ഥാപിക്കണം.

കടയ്ക്കോട് വാർഡിലെ അംബേദ്ക്കർ കോളനിയിലുള്ള കൂട്ടായ വീടുകൾ വിഭജിച്ച് ഒറ്റവീടുകളാക്കുക.

നാലുസെൻറ് കോളനികളിലെ ഭവന രഹിതർക്ക് വീടുകൾ നിർമ്മിച്ചു നല്കണം.

കോളനികളിൽ റ്റി. വി. കിയോസ്ക് സ്ഥാപിക്കണം.

കോളനികളിലേക്കുള്ള റോഡുകൾ സഞ്ചാരയോഗ്യമാക്കണം.

അംബേദ്ക്കർ കോളനി - ജയന്തിക്കോളനി വഴി കടയ്ക്കോട് ഗവഃഎൽ.പി.എസിലേക്കുള്ള റോഡ് ആവശ്യമാണ്.

ഈ വിഭാഗങ്ങൾക്കിടയിലുള്ള മദ്യപാനാസക്തി കുറയ്ക്കാൻ ബോധവൽക്കരണക്ലാസ്സുകൾ നടത്തുകയും, മദ്യ നിരോധനം ശക്തമാക്കുകയും വേണം.

കരീപ്ര വാർഡിലുള്ള കാർഷിക സേവാകേന്ദ്രത്തിൻെറ പ്രവർത്തനം എത്രയും കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

കോളനി യുവാക്കളെ സംഘടിപ്പിച്ച്, സൊസൈറ്റിയുണ്ടാക്കി റബ്ബർ സംസ്ക്കരണ ഫാക്ടറിയോ, അനുബന്ധ തൊഴിൽ സംരംഭമോ തുടങ്ങാൻ സർക്കാർ സഹായം നല്കണം.

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന ഭൂരഹിത - ഭവനരഹിത പുനരധിവാസ പദ്ധതി പഞ്ചായത്തിൽ കാര്യക്ഷമമാക്കുക.

1-ാം വാർഡിൽ നിലവിലുള്ള ഹെൽത്ത് സെൻററിൽ ഡോക്ടർ, നഴ്സ്, എന്നിവരെ നിയമിച്ച് പ്രവർത്തനം കാര്യക്ഷമമാക്കണം, തയ്യൽ സ്കൂൾ വേണം.

കോളനിനിവാസികൾക്ക് ഉഴവുമാടുകളേയും, ആടുമാടുകളേയും വിതരണം നടത്തണം. പച്ചക്കറികൃഷിക്ക് ധനസഹായം നല്കണം.

2-ാം വാർഡിൽ കോഴി വളർത്തൽ യൂണിറ്റ്, പായനെയ്ത്ത് കേന്ദ്രം, ആടുവളർത്തൽ കേന്ദ്രം, എന്നിവ സഹകരണാടിസ്ഥാനത്തിൽ തുടങ്ങുവാനുള്ള ധനസഹായം നല്കണം. സാംസ്കാരിക നിലയം വേണം.

പുഴതിൽ കോളനിയിൽ ഉൾപ്പെടാത്ത 15 വീടുകൾ കൂടി അവിടെയുണ്ട്. ഉൾപ്പെടുത്തണം. പദ്ധതി പ്രകാരമുള്ള വീടുകളുടെ അറ്റകുറ്റപ്പണി നടത്തണം. അംബേദ്ക്കർ കോളനിയോടു ചേർന്നുള്ള രാജീവ് ദശലക്ഷ പദ്ധതി പ്രകാരമുള്ള വീടുകൾ കോളനി നിവാസികൾക്ക് സൗജന്യമായി നല്കണം. പഞ്ചായത്തിലാകെയുള്ള ഹരിജനങ്ങൾക്ക് ഇതിൻെറ ഗുണം ലഭിക്കും.

3-ാം വാർഡിൽ തന്നെയുള്ള അംബേദ്ക്കർ കോളനിയിൽ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി സ്ഥാപിക്കുന്നതിനായി കൊല്ലം മെഡിക്കൽ ആഫീസർ ശുപാർശചെയ്ത പ്രൈമറി ഹെൽത്ത് സെൻറർ സ്ഥാപിക്കണം.

4-ാം വാർഡിൽ - അംഗൻവാടി വേണം. കോളനി കേന്ദ്രീകരിച്ച് ട്യൂഷൻ സെൻറർ തുടങ്ങണം. വായനശാലവേണം. അതിനായി ഒന്നര സെൻറ് വസ്തു പഞ്ചായത്ത് വകയായിട്ടുണ്ട്.

5-ാം വാർഡിൽ - കോളനികളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കണം. തയ്യൽ കേന്ദ്രം, വ്യവസായ യൂണിറ്റ് എന്നിവ ആവശ്യമാണ്. കരീപ്രയിൽ സ്ഥാപിതമായ കാർഷിക സേവാ കേന്ദ്രത്തിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുക.

6-ാം വാർഡിൽ കോളനി റോഡ് ടാർ ചെയ്യണം. കുടിവെള്ള ക്ഷാമം പരിഹരിക്കണം. ആഗ്രോ സർവ്വീസ് സെൻറർ വേണം.

7-ാം വാർഡിൽ കുടിവെള്ള ക്ഷാമം പരിഹരിക്കണം. റോഡുകൾ സഞ്ചാരയോഗ്യമാക്കണം. സാംസ്കാരിക കേന്ദ്രവും, റ്റി. വി. കിയോസ്ക്കുകളും വേണം. ചാരായ നിരോധനം ശക്തമാക്കണം.

8-ാം വാർഡിൽ പരമ്പരാഗത തൊഴിലാളികളായിരുന്ന പായ, പനമ്പ്, കുട്ട, വട്ടി എന്നിവയുടെ നിർമ്മാണം നല്ല നിലയിലാക്കാൻ അസംകൃത സാധനങ്ങളും അതിനുവേണ്ടുന്ന ധനസഹായവുംനല്കണം. ചന്ദനതിരി, മെഴുകുതിരി, സോപ്പ്, എന്നിവയുടെ നിർമ്മാണ യൂണിറ്റുകൾ തുടങ്ങണം. റോഡുകൾ സഞ്ചാരയോഗ്യമാക്കണം. കുടിവെള്ള ക്ഷാമം പരിഹരിക്കണം.

9-ാം വാർഡിൽ കോളനികൾ വൈദ്യുതീകരിക്കണം ജാതിപരമായ ഉച്ചനീചത്വം നിലനില്ക്കുന്നു. പരിഹരിക്കണം. ഇലയം കോളനി - ഉളകോട് റോഡ് ടാർ ചെയ്യണം.

10 -ാം വാർഡിൽ കുടിവെള്ള ക്ഷാമം പരിഹരിക്കണം. മെഴുകുതിരി, നെയ്ത്ത് സഹകരണസംഘവും, പച്ചക്കറി ഉൽപ്പാദന യൂണിറ്റും സംഘടിപ്പിക്കണം.

11 -ാം വാർഡിൽ പാണൻപറമ്പ് കോളനിയിൽ ഒരു വാദ്യോപകരണ പഠനകേന്ദ്രം സ്ഥാപിക്കണം. (ചെണ്ട. മദ്ദളം, തകില്) കുടിവെള്ള ക്ഷാമം പരിഹരിക്കണം. വനിതാ വ്യവസായ യൂണിറ്റ് വേണം. നഴ്സറി, റ്റി.വി. കിയോസ്ക് എന്നിവ വേണം. പാണൻ പറമ്പ് ലിങ്ക് റോഡ് വികസിപ്പിക്കണം.

മേൽപ്പറഞ്ഞ പൊതുവിലുള്ള പ്രശ്നങ്ങൾക്ക് മുൻഗണനാക്രമത്തിൽ സാധ്യമാകാൻ വേണ്ടുന്ന നടപടി സ്വീകരിക്കാൻ അഭ്യർത്ഥിക്കുന്നു.

വിഭവസമാഹരണം

ഒരു രാജ്യത്തെ ജനങ്ങൾക്ക് പൊതുവായും പ്രാദേശികമായും വ്യക്തിപരമായും നിരവധി സാമൂഹ്യ - സാമ്പത്തിക പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടിവരുന്നു. അവ എല്ലാം പരിഹരിക്കാൻ ഒരു സർക്കാരിന് സാദ്ധ്യമല്ല. ആവശ്യങ്ങൾ നിർവഹിക്കാൻ വേണ്ടത്ര വിഭവങ്ങളില്ലാത്തതാണ് പ്രധാന പ്രശ്നം. അതിനാണ് പദ്ധതികൾ ആസൂത്രണ ചെയ്ത് മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പിലാക്കാൻ ശ്രമിക്കുന്നത്. പദ്ധതികൾ നടപ്പിലാക്കുന്നതിന് വിഭവ സമാഹരണം സുപ്രധാന പങ്കു വഹിക്കുന്നു. വിഭവ സമാഹരണത്തെപറ്റി ചിന്തിക്കുമ്പോൾ പ്രധാനമായും മൂന്ന് ഉപാധികളാണ് ഉള്ളത്, അവ മാനവ വിഭവ ശേഷി, പ്രകൃതി വിഭവശേഷി സാമ്പത്തിക വിഭവശേഷി എന്നിവയാണ്. അടിസ്ഥാനപരമായി വിഭവ സമാഹരണ സ്രോതസ്സ് ഇവയാണെങ്കിലും കൂടുതൽ ഇനങ്ങളിലേയ്ക്ക് ഇവ വ്യാപിക്കുന്നു. അവ അദ്ധ്വാനശേഷി, സാങ്കേതിക ശേഷി, സേവന ശേഷി, കാർഷിക വിഭവശേഷി, വാതകം, എണ്ണ, ഖനി, മണ്ണ്, ജലം, ഉത്പാദനം, പ്രകൃതി വിഭവശേഷി, വ്യവസായ ശേഷി തുടങ്ങിയവയാണ്. കരീപ്ര ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം മേൽപ്പറഞ്ഞ ആദ്യത്തെ മൂന്ന് ഉപാധികളാണ് പരിശോധിക്കുന്നത്. കരീപ്ര ഗ്രാമപഞ്ചായത്തിൽ മാനവവിഭവ ശേഷിയിൽ അദ്ധ്വാനശേഷിയാണ് മുഖ്യഘടകം. ഈ പഞ്ചായത്തിൽ കായികശക്തിയുള്ള, നിസ്വാർത്ഥ സേവനം ചെയ്യാൻ തയാറുള്ള നിരവധി യുവജനങ്ങൾ ഉണ്ട്. ഒരു വാർഡിൽ ഒരു വർഷം 50 പേരുടെ സേവനം 10 ദിവസം ക്രമത്തിൽ പതിനൊന്നുവാർഡിലും കൂടി 5500 പേരുടെ അദ്ധ്വാനശേഷി സംഭരിക്കുവാൻ കഴിയും. ആ രീതിയിൽ തന്നെ ഒരു വർഷം 3,30,000 രൂപയുടെ വരുമാനം ഉണ്ടാക്കാൻ കഴിയും. പ്രകൃതി വിഭവശേഷിയെപറ്റി ഇവിടെ പ്രതിപാദിക്കുന്നില്ല. അവ മുൻഅദ്ധ്യായങ്ങളിൽ വിശദീകരിച്ചിട്ടുണ്ട്. സാമ്പത്തിക വിഭവശേഷി പരിഗണിക്കുമ്പോൾ പ്രധാനമായും ഈ ഗ്രാമപഞ്ചായത്തിന്റെ വരവു-ചെലവു കണക്കുകളാണ് വിലയിരുത്തുന്നത്. 1994 - 95 ൽ കരീപ്ര ഗ്രാമപഞ്ചായത്തിലെ വരവു ചെലവു കണക്കിന്റെ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക - 1

(അവലംബം - പഞ്ചായത്ത് രജിസ്റ്റർ)

വരവ്		ചെലവ്	
ഇനം	തുക	ഇനം	തുക
ചന്ത, സ്റ്റാൾലേലം	112257	എസ്റ്റാബ്ളിഷ്മെൻറ്	427859
കെട്ടിടനികുതി	185423	പൊതുമരാമത്ത്	416023
ഗ്രാൻറ്	104434	പലിശവായ്പ	14715
ഉപാധിരഹിതഫണ്ട്	267510	പലവക	416023
ഭൂക്രയവിക്രയനികുതി	230490		
ലൈസൻസ് ഫീ	3517		
തൊഴിൽകരം	100814		
പലവക	28552		

മേൽ പ്രസ്താവിച്ച പട്ടികയിൽ നിന്നും എസ്റ്റാബ്ലിഷ്മെൻറ് ചെലവ് മൊത്തം വരവിൻെറ 40.6 % ആണ്. പൊതുമരാമത്ത് ചെലവ്, മൊത്ത വരുമാനത്തിൻെറ 38.7 % ആണ്. രണ്ടു വിഭാഗത്തിലും കൂടി ചെലവായത് ആകെ വരവിൻെറ 79.3 % ആണ്. സാമ്പത്തിക മേഖല പരിശോധിക്കുമ്പോൾ കരീപ്ര സർവ്വീസ് സഹകരണബാങ്ക് വിഭവ സമാഹരണത്തിന് ഒരു നല്ല പങ്ക് വഹിക്കുന്നുണ്ട്. പഞ്ചായത്തിലെ ജനസംഖ്യയുടെ 46 % പേർ ഇതിലെ അംഗങ്ങളാണ്. ഒരംഗം ശരാശരി 1760 രൂപയുടെ വായ്പ എടുത്തിരിക്കുന്നു. ഒരു കുടുംബത്തിന് ശരാശരി 3450 രൂപ വായ്പ ലഭിച്ചിട്ടുണ്ട്. പക്ഷേ വായ്പ തുക മിക്കതും ലക്ഷ്യം വിട്ടാണ് ചെലവഴിക്കുന്നത്. ബാങ്കിൻെറ നിക്ഷേപം വർദ്ധിപ്പിച്ച് ജനങ്ങളുടെ കാർഷികവും കാർഷികേതരവുമായ ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നതിന് ശ്രമം നടത്തേണ്ടതുണ്ട്. പ്രസ്തുത സഹകരണബാങ്ക് വ്യവസായ രംഗത്തുകൂടി ശ്രദ്ധചെലുത്തുന്നത് നന്നായിരിക്കും.

പട്ടിക -2

കരീപ്ര സർവീസ് സഹകരണ ബാങ്കിലെ നിക്ഷേപം വായ്പ ഇവ സംബന്ധിച്ച് വിവരം 1995

(അവലംബം ബാങ്ക് രജിസ്റ്റർ)

അംഗീകൃത ഓഹരി മൂലധനം	2025000.00
പിരിഞ്ഞടഞ്ഞ ഓഹരിമൂലധനം	1499021.00
സർക്കാർ ഓഹരി	96000.00
ആകെ അംഗങ്ങൾ	11725.00
പരമാവധിവായ്പ എടുക്കാവുന്ന തുക	6 കോടി
പൊതുജനങ്ങളിൽ നിന്ന് നിക്ഷേപം (സ്ഥിരം)	32,54,015.00
ഹ്രസ്വം	2,67,52,548.00
നൽകിയ വായ്പകൾ. എസ്.ടി.	31165.00
എം.ടി	6,52,187.00
എൽ.ടി	10,44,651.00
മറ്റുള്ളവ	1,80,24,885.00

കരീപ്ര ഗ്രാമപഞ്ചായത്തതൃത്തിയിൽ ദേശ സാത്കൃത ബാങ്കുകൾ ഇല്ല. ഈ പഞ്ചായത്തിലെ ജനങ്ങളുടെ നിക്ഷേപങ്ങളിൽ പകുതിയലധികവും പഞ്ചായത്തിന് പുറത്തുള്ള ദേശസാത്കൃത ബാങ്കുകളിലും മറ്റ് അനൗപചാരിക സാമ്പത്തിക സ്ഥാപനങ്ങളിലുമാണ്. നിക്ഷേപിക്കുന്നത്. ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് പ്രസ്തുത നിക്ഷേപങ്ങളുടെ ഒരു നേരിയ അംശം മാത്രമേ വായ്പയായി ലഭിക്കുന്നുള്ളു. ബാങ്ക് അധികൃതരുടെ താല്പര്യക്കുറവും, ആവശ്യക്കാർക്ക് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ സങ്കീർണ്ണതയുമാണ് കാരണം. കരീപ്ര ഗ്രാമപഞ്ചായത്തിൽ ഏഴ് അനൗപചാരിക ബാങ്കിംഗ് സ്ഥാപനങ്ങൾ ഉണ്ട്. അവിടെ അമിത പലിശയാണ് വായ്പകൾക്ക് ഈടാക്കുന്നത്. അവയ്ക്ക് പുറമെ സ്വകാര്യപണമിടപാടുകാർ അമിതപലിശയ്ക്ക് പണം വായ്പ കൊടുക്കുന്നുണ്ട്. രജിസ്റ്റർ ചെയ്തുള്ള ചിട്ടികളും രജിസ്റ്റർ ചെയ്യാത്ത ചിട്ടികളും ഈ പഞ്ചായത്തിൽ ധാരാളം ഉണ്ട്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൻെറ വരുമാനത്തിൽ മുഖ്യപങ്കു എസ്റ്റാബ്ലിഷ്മെൻറിനും പൊതുമരാമത്ത് പണിക്കും ചെലവാക്കുന്നു. 2. പൊതുമരാമത്ത് പണികളിൽ ഇടനിലക്കാരുടെ ലാഭക്കൊതി 3. ദേശസാത്കൃത ബാങ്കുകളിൽ നിന്നും വേണ്ടത്ര വായ്പാസൗകര്യം ലഭിക്കുന്നില്ല. 4. എടുക്കുന്ന വായ്പകൾ ലക്ഷ്യംവിട്ടു ചെലവഴിക്കുന്നു. 5. അനൗപചാരിക ധനകാര്യസ്ഥാപനങ്ങളുടെ കടുത്ത പലിശ നിരക്ക്. 6. ചിട്ടി മുന്നാളന്മാർ വേണ്ടത്ര

ഈടുകൊടുക്കാതെ രജിസ്റ്റർ ചെയ്തു ചിട്ടി നടത്തുന്നു. 7. രജിസ്റ്റർ ചെയ്യാതെയുള്ള ചിട്ടി നടത്തിപ്പ് 8. പണം നിക്ഷേപിക്കാൻ കഴിവുള്ളവരിൽ നല്ലൊരു ഭാഗം ആളുകൾ കരീപ്ര സർവ്വീസ് ബാങ്കിൽ പണം നിക്ഷേപിക്കുന്നില്ല. 9. വായ്പകളിൽ മേലുള്ള വർദ്ധിപ്പിച്ച പലിശ നിരക്ക് 10. ദേശസാൽകൃത ബാങ്കുകളിൽ നിലവിലുള്ള വായ്പാ നടപടി ക്രമങ്ങളുടെ സങ്കീർണ്ണത.

സാദ്ധ്യതകൾ.

1. പൊതുമരാമത്ത് പണിയിൽ നിന്നും ഇടനിലക്കാരെ ഒഴിവാക്കി, ഗുണഭോക്താക്കളുടെ മുൻകയ്യോടെ പണി നടത്തണം. 2. ദേശസാത്കൃത ബാങ്കിൽ നിന്നും ആവശ്യക്കാർക്ക് വേണ്ടത്ര വായ്പ ലഭിക്കാൻ നടപടികൾ സ്വീകരിക്കണം. വായ്പ ലഭിക്കാനുള്ള നടപടി ക്രമങ്ങളെപ്പറ്റി ആവശ്യക്കാരെ ബോധവാന്മാരാക്കാൻ ബാങ്ക് അധികൃതരും പഞ്ചായത്ത് സമിതിയും ഗുണഭോക്താക്കളും ഒരുമിച്ചിരുന്നു വായ്പാ സൗകര്യങ്ങളുടെ ലഭ്യതയെപ്പറ്റി വിശദീകരിക്കണം. 3. വായ്പത്തുക ലക്ഷ്യം വിട്ടു ചെലവാക്കുന്നതിനെ കർശനമായി നിയന്ത്രിക്കാൻ ബാങ്ക് അധികൃതർ ശ്രദ്ധിക്കണം. 4. സ്വയം തൊഴിൽ സംബന്ധമായ യൂണിറ്റുകൾക്ക് സാമ്പത്തികമായ സഹായം ലഭ്യമാക്കുന്നതിന് പ്രധാനമായും കണക്കാക്കേണ്ട വസ്തുതയാണ് അതാത് യൂണിറ്റുകളുടെ നിലനിൽപ്പിനും വളർച്ചയ്ക്കും ആവശ്യമായ പ്രൊട്ടക്ഷൻ സ്റ്റേജ് എന്ന ഘടകം. ഈ ഘട്ടം കാര്യക്ഷമമാക്കാൻ ആവശ്യമായ സഹായ സഹകരണങ്ങൾ ഔദ്യോഗികമായ തലത്തിൽ ഉറപ്പുവരുത്താൻ ജനകീയ ആസൂത്രണ സമിതി വഴി സാദ്ധ്യമാക്കണം. 5. പഞ്ചായത്ത് തലത്തിൽ പുതിയ നികുതിയിനങ്ങൾ പരിഗണിച്ച് വിഭവ സമാഹരണം നടത്തണം. താഴെപ്പറയുന്ന ഇനങ്ങളിലുള്ള നിധി ശേഖരിച്ച് ഒരു ആരോഗ്യക്ഷേമപദ്ധതിക്ക് രൂപം കൊടുക്കണം. നിരാലംബരായ വൃദ്ധജനങ്ങൾക്കും രോഗാതുരർക്കും മുൻഗണന കൊടുക്കണം.

1. ഇരുചക്ര വാഹനം (സൈക്കിൾ ഒഴികെ)	രൂ 25.00
2. ആട്ടോ ഒന്നിന്	50.00
3. കാർ, ജീപ്പ്	100.00
4. മിനിലോറി, ടെമ്പോ ഒന്നിന്	150.00
5. ബസ്, ലോറി	250.00
6. 2 ലക്ഷം രൂപ മുതൽ 3 ലക്ഷം വരെ രൂപ മുടക്കിപണിയുന്ന കെട്ടിടങ്ങൾക്ക് മുടക്കുമുതലിന്റെ	0.5 %
7. 3 ലക്ഷം മുതൽ 5 ലക്ഷം വരെ	1 %
8. 5 ലക്ഷത്തിന് മുകളിൽ	1.25 %
9. കളർ ടി. വി. കേബിൾ ടി. വി. ഒന്നിന്	50 രൂ
10. നാടൻ വളർത്തുനായ്ക്കൾക്ക് 5 രൂപയും മേൽത്തരം വളർത്തുനായ്ക്കൾക്ക് 25 രൂപയും	

6. പഞ്ചായത്തതൃത്തിയിലുള്ള പാറകഖാറികളും മറ്റും ഗ്രാമപഞ്ചായത്തിന്റെ പൂർണ്ണമായ നിയന്ത്രണത്തിലാക്കണം. 7. നെടുമൺകാവ് മാർക്കറ്റിൽ ഒരു കംഫർട്ട് സ്റ്റേഷൻ സ്ഥാപിച്ച് കോൺട്രാക്റ്റ് വ്യവസ്ഥയിൽ ഫീസ് ഈടാക്കണം. 8. ഉദാരമതികളിൽ നിന്നും സംഭാവനകൾ സ്വീകരിച്ച് ഒരു പഞ്ചായത്ത് ദുരിതാശ്വാസ നിധി രൂപീകരിക്കണം. (മേൽപ്പറഞ്ഞ നിധി രൂപികരിക്കാൻ വേണ്ട നിയമനടപടികൾ സംസ്ഥാന ഗവൺമെൻറ് സ്വീകരിക്കേണ്ടതാണ്.)